പി.കെ. ആര്യൻ
നമ്പൂതിരി



# നാലുകെട്ടിൽ നിന്നു നാട്ടിലേക്ക്

P. K.
[illegible] Namboothiri

Sri
Bhattapadar

KOTT_AYAM PUBLIC LIBRARY
KOTTAYAM.

988

# നാലുകെട്ടിൽനിന്നു നാട്ടിലേയ്ക്കു്

# NALUKETTILNINNU NATTILEKKU

[A Survey of Social Reforms]

By

**P. K. ARYAN NAMBUDIRI**

*First Impression—September 1969*
*Five Hundred Copies*

**Distributors:**
**THE MANGALODAYAM (Private) LIMITED,**
**TRICHUR.**

**Price: Rs. 4—00**

Printed at the Mangalodayam Press, Trichur.

# നാലുകെട്ടിൽനിന്നു നാട്ടിലേയ്ക്കു്

(സാമൂഹ്യപരിഷ്കാരവലോകനം)

KOTTAYAM PUBLIC LIBRARY
76909
KOTTAYAM.

ഗ്രന്ഥകർത്താവു്:

## പി. കെ. ആര്യൻനമ്പൂതിരി

വിതരണം:

**മംഗളോദയം (പ്രൈവററ്) ലിമിററഡ്,**
**തൃശ്ശിവപേരൂർ.**


**1145/1969**

ഒന്നാംപതിപ്പു്
1969 സെപ്തംബർ
കോപ്പി 500

M
301·153

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്.

വില:
നാലുറപ്പിക



കുഞ്ഞൻനമ്പൂതിരിപ്പാട്ട്

ചിററൂർ

കുഞ്ഞൻനമ്പൂതിരിപ്പാട്

അവർകൾക്ക്

# ഗ്രന്ഥകാരൻെറ കുറിപ്പ്

പ്രപഞ്ചപ്രകൃതി ഹരംപിടിപ്പിക്കുന്നതാണ്. യന്ത്രസദൃശം നേരംതെററാതെ പുഞ്ചിരിപൊഴിക്കുന്ന പ്രഭാതങ്ങൾ, ഉച്ചസ്ഥനായ സഹസ്രകിരണൻെറ ഉഗ്രമായ കരസ്പർശമേററു പരിതപ്തമായി പൊട്ടിച്ചിതറുന്ന മധ്യാഹ്നങ്ങൾ, വിഷാദവിധുരതയോടെ പരാഭവത്തിൻെറ പടുകുഴിയലേയ്ക്കെന്നപോലെ പശ്ചിമാബ്ധിയിലേയ്ക്കു തളൎന്നുവീഴുന്ന സായംസന്ധ്യകൾ, മുന്തിരിക്കുലനിറച്ച സുവൎണ്ണത്തളികയുമായി എത്തുന്ന വാസന്തരാവുകൾ, പുൽകളിലും പുഴുക്കളിലും സ്പന്ദിക്കുന്ന ജീവസ്ഫുരണങ്ങൾ—പ്രപഞ്ചഘടനയെക്കുറിച്ചുള്ള മനുഷ്യൻെറ അജ്ഞതയുടെ പ്രഖ്യാപനങ്ങളാണോ ഇതെല്ലാം? സ്ഫടികപ്പൊടികളും പാറക്കഷണങ്ങളും നിറഞ്ഞതെന്നു പറയുന്ന ചന്ദ്രോപരിതലത്തിൽ കാൽകുത്തിയ മനുഷ്യൻെറ ശാസ്ത്രീയചിന്തയും യുക്തിബോധവും അതിൻെറ മൂലം തുരന്നെടുത്തേയ്ക്കാം. കാരണത്തിൻെറ മൂലബിന്ദു പിന്നെയും അവശേഷിക്കുമോ? അതോ, സൎപ്പരജ്ജുന്യായേന ഇതെല്ലാം മിഥ്യയാണെന്നുണ്ടോ? അറിഞ്ഞുകൂടാ.

അതീതകാലത്തു കൊഴിഞ്ഞുവീണ യുഗങ്ങളുടെ 'അജന്ത'കളിൽനിന്നും 'എല്ലോറ'കളിൽനിന്നും പ്രചോദനമുൾക്കൊണ്ടു 'അനന്തമജ്ഞാതമവൎണ്ണനീയ'മായ പ്രപഞ്ചരഹസ്യത്തിൻെറ കാരണങ്ങൾ ചൂഴ്ന്നെടുക്കുവാൻ മനുഷ്യൻെറ ശാസ്ത്രീയബോധം വിശ്രമരഹിതമായി ഒരുവശത്തു യത്നിക്കുമ്പോൾ മറുവശം വിചിത്രമാണ്. അമൃതനിഷ്യന്ദിയായ ജീവിതചഷകം മൊത്തിക്കുടിക്കാനുള്ള ഉത്കടമായ അഭിനിവേശം പടുത്തുയൎത്തിയ വൎണ്ണോജ്ജ്വലസങ്കല്പങ്ങൾ പ്രാതികൂല്യങ്ങളും പ്രതീക്ഷാഭംഗങ്ങളും ആ ചഷകത്തെ തട്ടിത്തെറിപ്പിക്കുന്നതുമൂലം സംഭവിക്കുന്ന അഭിശപ്താനുഭൂതികൾ—അങ്ങനെ ഊരാക്കുടുക്കുകളുടെ നടുവിൽ വീൎപ്പുമുട്ടുകയാണ് മനുഷ്യൻ.

ചന്ദ്രനിൽ കാൽകുത്തിയ മനുഷ്യൻ പ്രപഞ്ചത്തോളം വികസിക്കാൻ പരിപാടികൾ ആസൂത്രണംചെയ്തുവരുന്ന ഈ ഘട്ടത്തിൽ, 'ക്ഷോണീകോണശതാംശ'മെന്നു വിശേഷിപ്പിക്കാവുന്ന കേരളത്തിലെ ഒരു ന്യൂനപക്ഷമായ നമ്പൂതിരിയുടെ ചരിത്രം വിവരിക്കാൻ സാഹസം കാണിച്ചതു് ഏതു ചെറിയ കാര്യത്തിനും അതിന്റേതായ പ്രാധാന്യമുണ്ടെന്ന ബോധത്തോടുകൂടിയാണു്. ഇരുപതാംനൂററാണ്ടിന്റെ ഇതിഹാസം വിസ്മയകരമാണു്. അതിൽ അത്രയൊന്നും അറിയപ്പെടാത്ത നമ്പൂതിരിസമുദായത്തിന്റെ അമ്പതു വർഷത്തെ വളർച്ചയുടെയും വികാസത്തിന്റെയും കഥയാണു് ഇവിടെ പരാമർശിച്ചിട്ടുള്ളതു്. ആ പരിണാമപ്രക്രിയയ്ക്കു സഹായകമായിത്തീർന്ന ഘടകങ്ങളെയും അതിനു പിന്നിൽ വർത്തിച്ചിരുന്ന വ്യക്തികളെയും സംഭാവനകളെയും വിലയിരുത്താനാണിതിൽ ശ്രമിച്ചിട്ടുള്ളതു്. ചരിത്രാംശത്തോടൊപ്പം വിമർശനാത്മകമായി മൂല്യനിർദ്ധാരണംചെയ്യാനും യത്നിച്ചിട്ടുണ്ടു്. സ്വന്തം വീക്ഷണം അതിൽ പ്രതിഫലിച്ചിട്ടുണ്ടാവാം. അതു സ്വാഭാവികമാണല്ലോ. പൂർണ്ണമാണെന്നവകാശപ്പെടുന്നില്ല. എന്നാൽ സത്യസന്ധത പാലിച്ചിട്ടുണ്ടു്. ചരിത്രാംശത്തിനു വർണ്ണശബളിമയിയററിയ ഏതെങ്കിലും സംഭവങ്ങളോ വ്യക്തികളോ ഇതിൽ നിറം മങ്ങിയിട്ടുണ്ടോ? ആരെങ്കിലും ഏതെങ്കിലുംവിധത്തിൽ വിസ്മൃതരോ തിരസ്കൃതരോ ആയിട്ടുണ്ടോ? അറിഞ്ഞുകൂടാ. അറിഞ്ഞുകൊണ്ടില്ല. പക്ഷപാതവുമില്ല. പരിവർത്തനത്തിന്റേതായ ഘട്ടത്തിൽ ദൂരവ്യാപകമായ ഫലമുളവാക്കിയ പ്രവർത്തനങ്ങൾക്കു് അനന്തരകാലത്തിന്റെ ഉത്കർഷത്തിന്റെ വെളിച്ചത്തിൽ പ്രാമുഖ്യം കല്പിച്ചിട്ടുണ്ടു്. ചരിത്രപശ്ചാത്തലത്തിൽ അതിൽ പ്രമുഖമായ പങ്കു വഹിച്ച ഒരു വ്യക്തിയുടെ പ്രവർത്തനങ്ങളെ കൂടുതൽ തെളിവോടെ പ്രകാശിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടു്. തന്മൂലം സ്വാഭാവികമായ ചില പരിമിതികളുണ്ടു്. തുല്യപ്രാധാന്യമുള്ളവരെ അവഗണിച്ചതായി തോന്നാം. ഒരു പ്രത്യേകസന്ദർഭത്തിൽ, പ്രമുഖനായ ഒരു വ്യക്തിയെ സ്പർശിച്ചെഴുതിയതാണു് എന്നതാണ

തിന്നു കാരണം. അതിനുവേണ്ടി ഏതെങ്കിലും സംഭവത്തെയോ വ്യക്തികളെയോ ബോധപൂർവ്വം അവഗണിച്ചിട്ടില്ല.

നമ്പൂതിരി എവിടെയായിരുന്നു? ഇന്നെവിടെയെത്തി? അവിശ്വസനീയമാംവിധം നമ്പൂതിരിയുടെ മുഖച്ഛായ മാറിയിട്ടുണ്ട്. ഇന്നത്തെ നിലയിലേയ്ക്കുള്ള ത്വരിതപ്രയാണത്തിൽ പ്രതിബന്ധസഹസ്രങ്ങളുമായി ഏറ്റുമുട്ടേണ്ടിവന്നിട്ടുണ്ട്. ആശയപരമായ സംഘട്ടനങ്ങളും സമന്വയങ്ങളും തുടന്ന് അനിവാര്യമായ പരിവർത്തനങ്ങളും സംഭവിച്ചു. രാഷ്ട്രീയവും സാമൂഹ്യവുമായ ചലനങ്ങളും ഈ പ്രക്രിയയുടെ പോഷകഘടകങ്ങളായി.

ഭൂതകാലത്തിന്റെ അടിത്തറയിൽ ഉറച്ചുനിന്ന്, വരുന്ന തലമുറയുടെ ഉത്കർഷത്തിൽ ദത്തദൃഷ്ടികളായി, വർത്തമാനകാലത്തിൽ വരുത്തിയിട്ടുള്ള വ്യതിയാനങ്ങളാണ് ശാശ്വതപരിവർത്തനങ്ങൾ. ചരിത്രാംശത്തിൽനിന്ന് അത്തരം പ്രവണതകളെ വിവേചിച്ച് അവലോകനം ചെയ്തിരിക്കയാണിതിൽ. ആ അടിസ്ഥാനത്തിൽ പ്രവർത്തിച്ച നിസ്സ്വാർത്ഥനായ ഒരു വ്യക്തിയുടെ—ചിററർ കുഞ്ഞൻനമ്പൂതിരിപ്പാടിന്റെ—പ്രവർത്തനങ്ങളും.

കർമ്മവ്യഗ്രനായ കുഞ്ഞൻനമ്പൂതിരിപ്പാടിന്ന് ഈ സെപ്തംബർ 13-ാംനു- അറുപതുവയസ്സു തികയുകയാണ്. ഈ പ്രത്യേകസന്ദർഭത്തിൽ ഇത്തരം ഒരു സംരംഭത്തിന്നുമതിന്നതിന്റെ ഔചിത്യത്തെ സഹൃദയർ അംഗീകരിക്കുമെന്ന് എനിക്കു പൂർണ്ണ വിശ്വാസമുണ്ട്. കുഞ്ഞൻനമ്പൂതിരിപ്പാടിന്റെ അതീതകാലപ്രവർത്തനങ്ങളും നമ്പൂതിരിയുടെ—യോഗക്ഷേമസഭയുടെ—പുരോയാനചരിത്രവും തമ്മിൽ വേർതിരിക്കുക വിഷമമാണ്. സ്വന്തം പിതാവു തുടങ്ങിവെച്ച പ്രവർത്തനത്തിന്റെ ഉത്തരവാദിത്വം ഏറെറടുത്തുകൊണ്ടു രംഗത്തു വന്ന കുഞ്ഞൻനമ്പൂതിരിപ്പാടിന്റെ പ്രവർത്തനചരിത്രം ഒരതിർത്തിവരെ യോഗക്ഷേമസഭയുടെ ചരിത്രംതന്നെയാണ്; മറിച്ചും.

ഇതിന്നാവശ്യമായ വിവരങ്ങൾ തന്നു പലരും എന്നെ സഹായിച്ചിട്ടുണ്ട്. കുറേ സ്വാനുഭാവങ്ങളും. സഹായിച്ചിട്ടുള്ള വ്യക്തികളുടെ പട്ടിക നീണ്ടതാണ്. എങ്കിലും ഈ ഗ്രന്ഥത്തിന്നൊരവതാരികയെഴുതി എന്നെ ഋണബദ്ധനാക്കിയ സി. കെ. നമ്പൂതിരിയെ ഒന്നാമതായി അനുസ്മരിക്കാതിരിക്കാൻ വയ്യാ. ആധുനികവിദ്യാഭ്യാസം നേടിയ നമ്പൂതിരിമാരിൽ വലിയൊരുവിഭാഗത്തിൻെറ മാസ്റ്ററായ അദ്ദേഹം സമുദായപ്രവത്തനചരിത്രത്തിൻെറ മുക്കാൽ അംശത്തിലും സ്വയം പങ്കാളിയായിരുന്നിട്ടുള്ള ആളാണ്. പി. എസ്. കേശവൻനമ്പൂതിരി (ബി. എ. ബി. എൽ–റിട്ട: ജഡ്ജ്)യും ഈ സംരംഭത്തിൽ എന്നെ സഹായിച്ചിട്ടുണ്ട്. എൻ. എം. ദാമോദരൻനമ്പൂതിരി (റിട്ട: ഹെഡ്മാസ്റ്റർ-നമ്പൂതിരിവിദ്യാലയം) യുടെ സഹായവും അഗണ്യമാക്കാവുന്നതല്ല. വടക്കുംഭാഗത്തു് ആഢ്യൻ വിഷ്ണുനമ്പൂതിരിപ്പാടിനേയും (എരൂർ-തൃപ്പൂണിത്തുറ) ഈ അവസരത്തിൽ ഞാൻ സ്മരിക്കുന്നു. ഇനിയുമുണ്ടു് പലരും. അവരോടെല്ലാം എനിക്കു് അകൈതവമായ കൃതജ്ഞതയുണ്ടു്.

എൻെറ ഈ എളിയ പരിശ്രമത്തിന്നംഗീകാരം നല്കുന്നതിൽ കുഞ്ഞൻനമ്പൂതിരിപ്പാട്ട് ആദ്യം സ്വല്പം വൈമുഖ്യം പ്രകടിപ്പിച്ചുവെങ്കിലും തുടന്നുണ്ടായ എൻെറ അഭ്യത്ഥന കൈക്കൊണ്ടു് ഇതിന്നംഗീകാരം നല്കിയതിൽ അദ്ദേഹത്തോടു് എനിക്കുള്ള തീരാത്ത കടപ്പാടു് ഇവിടെ കുറിക്കട്ടെ.

സമുദായത്തിന്നു മറക്കാനോ മറയ്ക്കാനോ വയ്യാത്തത്ര കടപ്പാടുണ്ടു് കുഞ്ഞൻനമ്പൂതിരിപ്പാടിനോടു്—യുവതലമുറയ്ക്കു പ്രത്യേകിച്ചും. സഹൃദയനും സജ്ജനസവ്വമാന്യനും സവ്വോപരി ഔദാര്യനിധിയുമായ കുഞ്ഞൻനമ്പൂതിരിപ്പാടു് അശീതിയിലെത്തിയ ഈ സുദിനത്തിൽ "സ്വസ്തി, ആയുഷ്മാൻ ഭവ, സൗമ്യ!" എന്നാശംസിക്കുന്നതോടൊപ്പം ഈ എളിയ ഉപഹാരം ആ കമ്മബദ്ധമായ കരങ്ങളിൽ അപ്പിക്കുകയും ചെയ്തുകൊള്ളുന്നു!

—പി. കെ. ആര്യൻനമ്പൂതിരി

# അവതാരിക

സത്കമ്മത്തിന്നു സഹായിക്കുന്നതും സുകൃതമാകുന്നു. അതിൻെറ പൗരോഹിത്യം വഹിക്കുന്നതു പിന്നെ പറയേണ്ടതുമില്ലല്ലോ. മാത്രമല്ല ലോപം, ക്രമവിരോധം, അനവധാനത, തെററു മുതലായവകൊണ്ടുണ്ടാകുന്ന ദുഷ്കൃത്യത്തിൻെറ പങ്ക് ടി. പുരോഹിതനും പേറേണ്ടിവരും. കമ്മവും ദേവതയും യജമാനനും പുരോഹിതൻെറ പരിചയത്തിൽ പെട്ടതായിരിക്കണം. അത്തരത്തിലുള്ള പുരോഹിതനെ തെരഞ്ഞെടുക്കാതെ വല്ല മുട്ടശാന്തിക്കാരുടെയും കൈ പിടിച്ചു കമ്മം നടത്തിയാൽ ഫലം വിപരീതമായിത്തീരുവാനും വിരോധമില്ല. പ്രതിപാദ്യവും നായകനും ഗ്രന്ഥകാരനുമെനിക്കു പരിചയപ്പെട്ടതാകകൊണ്ടാണ് സാഹിത്യകാരനല്ലാത്ത ഞാനീ സാഹസത്തിന്നു സമ്മതിച്ചതു്.

ഇരുപതാംനൂററാണ്ടിൻെറ പൂവ്വാദ്ധത്തിലെ കേരളമാണ് പുസ്തകത്തിലെ പ്രതിപാദ്യം. ആ കാലം സാമുദായികവും രാഷ്ട്രീയവും മതപരവും ധനപരവും സാഹിത്യപരവുമായി കേരളത്തിൻെറ മുഖച്ഛായ ആകെ മാററിമറിക്കുവാൻ വെമ്പൽകൊള്ളുന്നതായിരുന്നു. കേരളീയഹിന്ദുസമുദായത്തിൻെറ കെട്ടിൽ ബന്ധം കുറഞ്ഞ 'ചോമ്മാരെ' സ്വതന്ത്രമായി ക്ഷേത്രവും വിശ്വാസവും സൃഷ്ടിച്ചു പരിഷ്കരിക്കുവാൻ ആചാര്യസ്ഥാനം വഹിച്ച ശ്രീനാരായണഗുരുസ്വാമികളുടെ ജീവിതകാലം അതായിരുന്നു. പുതുപുലരിയുടെ കാററടിച്ചിട്ടും കണ്ണു തുറക്കാതെ സമുദായാചാരസൗധത്തിൻെറ മുകൾത്തട്ടിൽ കൊട്ടിയടച്ചുകിടന്നു വീപ്പുമുട്ടിയിരുന്ന നമ്പൂതിരിസമുദായത്തിൻെറ കണ്ണു തുറപ്പിക്കുവാൻ ശ്രമിച്ച യോഗക്ഷേമസഭയുടെ ജനനവും മറെറാരു കാലത്തല്ല. നായർസവ്വീസ്സൊസൈററി, എസ്. എൻ. ഡി. പി. യോഗം മുതലായ സാമുദായികസ്ഥാപനങ്ങളും ക്രമത്തിൽ ഉണ്ടായിത്തുട

ങ്ങി അക്കാലത്തു്. കേരളത്തിൽ ഇന്ത്യൻനേഷണൽകോൺഗ്രസ്സിൻെറ കാററു വീശിത്തുടങ്ങിയതും ഇക്കാലത്തുതന്നെ. തൃശ്ശൂരെ കൃസ്ത്യൻലഹളയും മലബാറിലെ മാപ്പിളലഹളയും ഇക്കാലത്തുതന്നെയാണുണ്ടായതു്. ജന്മി-കുടിയാൻനിയമങ്ങൾ, ദേവസ്വംനിയമങ്ങൾ, വിവാഹനിയമങ്ങൾ, കുട്ടംബാവകാശനിയമങ്ങൾ, തളിക്ഷേത്രറോഡ്സത്യാഗ്രഹം, വൈക്കം സത്യാഗ്രഹം, ഗുരുവായൂർക്ഷേത്രസത്യാഗ്രഹം, തിരുവിതാംകൂർക്ഷേത്രപ്രവേശവിളംബരം മുതലായ നിയമകാര്യങ്ങളെല്ലാം ഈ കാലഘട്ടത്തിൻെറ സന്തതികളാണു്. മലയാളഭാഷയിൽ സമുദായപരിഷ്കരണാശയമുള്ള നോവലുകളും കവിതകളും നാടകങ്ങളും ഈ കാലത്താണുദിച്ചുപൊങ്ങിത്തുടങ്ങിയതു്. ഇക്കാലത്തു ജീവിച്ചവൻ പിന്തിരിഞ്ഞിരിക്കാത്തപക്ഷം പരിഷ്കാരിയാകാതെ സാധ്യമല്ല.

ശ്രീ. കുറൂർ ദാമോദരൻ(ഉണ്ണി)നമ്പൂതിരിപ്പാടിൻെറ ജീവിതകാലവും ഇതിൻെറ തുടക്കത്തിലാണു്. അദ്ദേഹം പാലക്കാട്ടു താലൂക്കുബോർഡിലും മലബാർഡിസ്ട്രിക്ട്ബോർഡിലും മെമ്പറായിരുന്നു. ഇന്ത്യൻനേഷണൽകോൺഗ്രസ്സിൻെറ ശാഖ എന്ന നിലയ്ക്കുള്ള മലബാർജില്ലാ കോൺഫ്രൻസിൻെറ യോഗങ്ങളിൽ പ്രമേയാവതാരകാനുവാദകന്മാരുടെ നിലയ്ക്കു പ്രസംഗം നടത്തിയിരുന്നു അദ്ദേഹം. ഇന്ത്യൻനാഷണൽകോൺഗ്രസ്സിൻെറ വാർഷികയോഗത്തിലും അദ്ദേഹം പങ്കുകൊണ്ടിട്ടുണ്ടു്. സീതാറാം മിൽ, മംഗളോദയംകമ്പനി മുതലായ വ്യവസായസ്ഥാപനങ്ങളുടെ സജീവാംഗമായിരുന്നു നമ്പൂതിരിപ്പാട്ടു്. ഗവമ്മേണ്ടുവകയായി യാതൊരണക്കെട്ടുപദ്ധതിയും നടപ്പില്ലാത്ത കാലത്തു കൊട്ടംബിൽ ഗവമ്മേണ്ടിനെ സമ്മതിപ്പിച്ചു് അണകെട്ടി കൃഷി വികസിപ്പിക്കുവാനും അടാട്ടു കോൾകൃഷിവികസനത്തിന്നും ഇഞ്ചൻവെച്ചു നനച്ചു തെങ്ങിൻതോട്ടം വളത്താനും തുടങ്ങിയ ആളായിരുന്നു അദ്ദേഹം. പ്രിവികൗൺസിലിൽ കേസ്സാവശ്യത്തി

നു ബ്രിട്ടനിൽ പോകാനും ഒരു നമ്പൂതിരിയെ വൈദ്യവിഷയ ത്തിൽ ഉപരിപഠനത്തിന്നു ബ്രിട്ടനിലേയ്ക്കു സകലചെലവും കൊടുത്തയപ്പാനും ഒരുങ്ങിയ നമ്പൂതിരിപ്പാടിന്നു് ഒന്നാംലോ കമഹായുദ്ധം പ്രതിബന്ധമായിത്തീൎന്നു. ആചാരവിരോധം വക വെയ്ക്കാതെ കൊല്ലംതോറും വേനല്ക്കാലത്തു് ഊട്ടിയിൽ പോയി ത്താമസിക്കുക അദ്ദേഹത്തിൻെറ പതിവായിരുന്നു. മംഗളോദ യംകമ്പനി മാനേജിങ്ങ്ഡയറക്ടറായിരുന്ന ശ്രീ. അപ്പൻതമ്പു രാനവർകൾക്കയച്ച ഒരു എഴുത്തിൽ അദ്ദേഹം തന്നെമാത്രം സ്നേഹിക്കുന്നില്ല എന്നു തോന്നുന്ന അനേകം ഭാൎയ്യമാരുള്ള ഒരു വൻെറ നിലയാണു് വഹിക്കുന്നതു് എന്നാണു് എഴുതിയിട്ടുള്ള തു്. യോഗക്ഷേമമഹാസഭയുടെ സകലകമ്മിററികളിലും ഗവ ൎമ്മെണ്ടിൽനിന്നു നിശ്ചയിക്കുന്ന കമ്മിററികളിലും അക്കാലത്ത ദ്ദേഹം അംഗമായിരുന്നു. ആ കമ്മിററികളിൽ കൊച്ചിജന്മിസ ഭയിലും ബ്രഹ്മസ്വംമഠംകാൎയ്യത്തിലുമാണു് അദ്ദേഹത്തിൻെറ ക ഴിവു പ്രത്യക്ഷപ്പെട്ടിട്ടുള്ളതു്. യോഗക്ഷേമസഭയുടെ ഒളപ്പമണ്ണ വാൎഷികയോഗത്തിലാണു് അദ്ദേഹത്തിൻെറ പ്രസംഗപാടവം വ്യക്തമായതു്. പ്രതികൂലികളെപ്പോലും അടുത്തുകിട്ടിയാൽ അ നുകൂലികളാക്കുവാൻ കഴിവുള്ള ശ്രീ. നമ്പൂതിരിപ്പാടിൻെറ നേ തൃത്വത്തിൽ നടന്നിരുന്ന യോഗക്ഷേമമഹാസഭയുടെ സ്ഥിരംഖ ജാഞ്ചിയായിരുന്നു ശ്രീ. ചിററൂർ ആറാമൻ എന്നു പ്രസിദ്ധ നായിരുന്ന നാരായണൻനമ്പൂതിരിപ്പാട്ടു്.

കവിയും കലാകാരനും കാൎയ്യസ്ഥനുമായിരുന്ന ശ്രീ. ചി ററൂർ ശങ്കരൻനമ്പൂതിരിപ്പാട്ടു് (സ്വാമിയാർ) അവർകളുടെ ആ റാമത്തെ മകനായിരുന്നു ശ്രീ. നാരായണൻനമ്പൂതിരിപ്പാട്ടു്. പെരുവനംക്ഷേത്രത്തിലെ ഊരാളന്മാരിൽ പ്രധാനിയായിരുന്നു ചിററൂർ നമ്പൂതിരിപ്പാട്ടു്. അവൎക്കു പന്നിയൂർക്ഷേത്രത്തിൻെറ സമുദായസ്ഥാനമുണ്ടായിരുന്നുവത്രേ. ഒരു സാമൂതിരി കഴിഞ്ഞു മ റെറാരു സാമൂതിരി സ്ഥാനത്തു വരുന്നതുവരെ സാമൂതിരിയുടെ

സ്ഥാനം വഹിപ്പാൻ ചിറവർനമ്പൂതിരിപ്പാടായിരുന്നുവത്രേ അധികാരി. ഈ ഊരാഴ്മയും സാമൂതിരിസ്ഥാനവും സൂചിപ്പിക്കുന്ന ഒരു ശ്ലോകം (ശൈലാബ്ധീശ്വരസോദരോ നരപതിഃ) പെരുവനത്തമ്പലത്തിലെ മാടത്തിലപ്പന്റെ ശ്രീകോവിലിന്റെ തറമേൽ ഇന്നും കാണുന്നുണ്ടു്. ഇതുകൊണ്ടുതന്നെ ആ കുടുംബക്കാർ പണ്ടുമുതല്ക്കേ ഭരണസമർത്ഥന്മാരായിരുന്നുവെന്നു തെളിയുന്നുണ്ടല്ലോ. മേല്പറഞ്ഞ ആറാമനായ നാരായണൻനമ്പൂതിരിപ്പാടിന്നു പതിനേഴു വയസ്സായിരുന്ന കാലത്തു് അച്ഛനായ ശങ്കരൻനമ്പൂതിരിപ്പാടിന്റെ സംന്യാസംമൂലം വമ്പന്റെ പിമ്പായിട്ടു ഭരിച്ച കുടുംബഭാരം വഹിക്കേണ്ടിവന്നു. അദ്ദേഹം പതറാതെ കുടുംബത്തിന്നഭിവൃദ്ധിയുണ്ടാക്കി.

യോഗക്ഷേമമഹാസഭയുടെ ഖജാൻജിയായിരുന്ന നമ്പൂതിരിപ്പാടു് ഓരോ നമ്പൂതിരിയും വിദ്യാഭ്യാസത്തിന്നുവേണ്ടി കഴിയുന്നതെല്ലാം ചെയ്യേണ്ടതാണു് എന്ന സഭയുടെ തീരുമാനമനുസരിച്ചു സ്ഥാപിച്ച സ്ഥാപനമാണു് ഇന്നു കാണുന്ന സി. എൻ. എൻ. ഹൈസ്കൂൾ. ചന്ത, പഞ്ചായത്തു്, പരസ്പരസഹായസംഘം, റജിസ്ട്രാപ്പീസ് മുതലായ അത്യാവശ്യസ്ഥാപനങ്ങളെല്ലാം അദ്ദേഹം സ്വദേശത്തുണ്ടാക്കി. പെരുവനംകരയോഗം, കേരളകേസരി മുതലായവയുടെ പ്രവർത്തനവും ഇദ്ദേഹത്തിന്റെ നായകത്വത്തിലായിരുന്നു. യുദ്ധകാലസംഭാവനപിരിവും പ്രശ്നംനടത്തിപ്പും അദ്ദേഹത്തിന്റെ കഴിവും സ്വാധീനശക്തിയും തെളിയിച്ച സംഭവങ്ങളാണു്. പലവിധത്തിലുമുള്ള ഏററുമുട്ടലുകളും ഉണ്ടായിരുന്ന ദേശമംഗലംകുടുംബവുമായി വിരോധമവസാനിപ്പിച്ചു ശ്രീ. നമ്പൂതിരിപ്പാടു്. പെരുവനംനമ്പൂതിരിമാരുടെ യോഗം നടത്തി യോഗക്ഷേമസഭയുടെ നിർദ്ദേശങ്ങളെ പ്രചരിപ്പിച്ചു. സഭയുടെ വാർഷികയോഗത്തിൽ ആധ്യക്ഷ്യം വഹിച്ചിട്ടുമുണ്ടു്. നമ്പൂതിരിവിദ്യാലയത്തിന്റെ പ്രാരംഭത്തിന്നു 1000ക. സംഭാവനചെയ്തു. ഈ മാന്യനേതാവിന്റെ അനുശ്രു

പനായ പുത്രനാണ് ശ്രീ. ചിറവൂർ കുഞ്ഞൻനമ്പൂതിരിപ്പാട വർകൾ.

സി. എൻ. എൻ. ഹൈസ്കൂളിൽവെച്ച കൂടിയ നമ്പൂതിരി യോഗക്ഷേമമഹാസഭയുടെ 17-ാംവാഷികയോഗത്തിൻെറ സ്വാഗതപ്രസംഗംവായനയ്ക്കാണ് പതിനഞ്ചുവയസ്സുമാത്രം പ്രായമായ കുഞ്ഞൻനമ്പൂതിരിപ്പാട്ട് ആദ്യമായി പൊതുരംഗത്തു പ്രത്യക്ഷപ്പെട്ടന്നതു്. സി. എൻ. എൻ. ഹൈസ്കൂളിൽ നമ്പൂതിരിമാർ ഫീസ്സുകൊടുക്കേണ്ടതില്ല, ചിറവൂർമനയ്ക്കൽ അവർക്കു ഭക്ഷണവും കൊടുക്കും എന്നു ചിറവൂർമനക്കാർ നിശ്ചയിച്ചിരുന്നതുമൂലമുണ്ടായ പരിതസ്ഥിതിയാണ് കൗമാരംകഴിയാത്ത കുഞ്ഞൻനമ്പൂതിരിപ്പാടിന്നിതിന്നുള്ള കഴിവുണ്ടാക്കിയതു്. തൃശ്ശൂർ യോഗത്തിൽ വാധ്യാന്മാരും യോഗക്കാരും തമ്മിൽ നടന്ന കലഹത്തിൽ സമുദായം ചേരിപിരിഞ്ഞു നില്ക്കുന്ന സമയത്തു കുറൂർ ഉണ്ണിനമ്പൂതിരിപ്പാട്ട ദിവംഗതനായതുമൂലം നേതാവില്ലാതായ സമുദായത്തെ കഴിവനുസരിച്ചു നയിച്ചിരുന്ന ശ്രീ. എ. കെ. ടി. കെ. എം. നാരായണൻനമ്പൂതിരിപ്പാട്ട്, കൊച്ചിഗവമ്മേണ്ടു നമ്പൂതിരിവിദ്യാലയഭരണത്തിൽനിന്നൊഴിയുകയും വിദ്യാലയംകമ്മിററിക്കാരുമായി വ്യവഹാരം തുടങ്ങുകയും ചെയ്തപ്പോൾ അതിനോട്ട നേരിടുവാൻവേണ്ടി സമുദായനേതൃത്വം ഒഴിഞ്ഞമുതല്ക്കു സമുദായനേതൃത്വം നടത്തിപ്പോന്ന ശ്രീ. നെടുമ്പുരയ്ക്കൽ കല്പിങ്ങാട്ട ശങ്കരൻനമ്പൂതിരി കുഞ്ഞൻനമ്പൂതിരിപ്പാടിനെ ക്രമത്തിൽ പൊതുരംഗത്തിലേയ്ക്കു തിരിച്ചുവിട്ടു. യോഗക്ഷേമസഭയുടെ ഭാരവാഹികളിൽ ഒരാളായി. വിദ്യാലയംകമ്മിററിപ്രസിഡണ്ടായി. 22-ാംവാഷികയോഗത്തിൻെറ സ്വാഗതസംഘം ഖജാഞ്ചിയായി. യോഗക്ഷേമംഭാഗ്യക്കുറിക്കമ്മിററിപ്രസിഡണ്ടായി. 27-ാംവാഷികയോഗത്തിൽ അധ്യക്ഷനായി. വിദ്യാഭ്യാസനിധിക്കമ്മിററിസിക്രട്ടറിയായി. വീണ്ടും 30-ാംവാഷികയോഗത്തിലും അധ്യക്ഷനായി. ഇതു മററാർക്കും സാധിച്ചിട്ടി

ല്ല. അധിവേദനപ്പിക്കററിങ്ങ്, ബിൽജാഥപ്രചരണയാത്ര മുതലായ സാമുദായികപ്രകടനങ്ങളുടെ നായകത്വം വഹിച്ചിട്ടുണ്ടു്. കൊച്ചിയിൽ സർ. ഷൺമുഖംചെട്ടി ദിവാനായിരുന്ന കാലത്തു പ്രേരണചെലുത്തി നമ്പൂതിരിബില്ലുണ്ടാക്കുവാൻ മുൻകയ്യെടുത്തവരിലൊരാളാണു് കുഞ്ഞൻനമ്പൂതിരിപ്പാടു്. ഇന്നും നമ്പൂതിരിയോഗക്ഷേമവിദ്യാഭ്യാസട്രസ്റ്റിൻെറ പ്രസിഡണ്ടാണു്. സാമ്പത്തികസഹായത്തിന്നഭ്യൎത്ഥനയുമായി അദ്ദേഹത്തിൻെറ മുമ്പിൽ ചെന്നവരാരും വെറുംകയ്യോടെ മടങ്ങിപ്പോകാറില്ല.

ഗ്രാമോദ്ധാരണകേന്ദ്രം അദ്ദേഹം സ്വദേശത്തിന്നു ചെയ്ത ഒരു മഹാത്യാഗമാണു്. കേരളത്തിലെ ഖാദിപ്രവൎത്തനത്തിൻെറ ആദ്യപ്രവൎത്തകന്മാരിലൊരാളാണു്. പൊല്ലീസ്സ്റ്റേഷൻ, തപാലാപ്പീസ്, ആസ്പത്രി മുതലായി നാട്ടിന്നത്യാവശ്യമായവയെല്ലാം നാട്ടിലുണ്ടാക്കിച്ചു. പരസ്പരസഹായസംഘങ്ങളുണ്ടാക്കി. റോഡുകമ്മിററിമെമ്പറായിട്ടു കൊച്ചിരാജ്യത്തെ പല കുഗ്രാമങ്ങളിലും റോഡുണ്ടാക്കിച്ചു. സ്വദേശത്തുനിന്നു തിരഞ്ഞെടുക്കപ്പെട്ട നിയമസഭാമെമ്പറായിട്ടുണ്ടു്. റിട്ട. ജഡ്ജി ശ്രീ. പി. എസ്. കേശവൻനമ്പൂതിരിയെ കാട്ടൂർനിയോജകമണ്ഡലത്തിൽ തിരഞ്ഞെടുപ്പിന്നു നിൎത്തി വിജയിപ്പിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ സ്വാധീനശക്തി മുഴുവൻ പ്രത്യക്ഷപ്പെട്ടതു പെരുമനത്തുപൂരംദിവസം ചേൎപ്പുപൂരം രണ്ടുമണിക്കുമുമ്പു പുറപ്പെടരുതെന്നു കൊച്ചിഗവൎമ്മേണ്ടു കല്പന പുറപ്പെടുവിച്ചതിൽ പ്രതിഷേധിച്ചു ബ്ലാക്കൗട്ടു നടത്തിയപ്പോഴാണു്. പെരുവനത്തമ്പലത്തിൻെറ പടിഞ്ഞാറുഭാഗത്തു് ഒരു പുരയും തുറന്നിട്ടില്ല. ഒരു വിളക്കും കത്തുന്നില്ല. ഒരു തുള്ളി വെള്ളവും അവിടെ കിട്ടാനില്ല. ഒരൊററ കാറും പറമ്പിൽ കേറിക്കൂടാ. രണ്ടുമണി കഴിഞ്ഞു ചേൎപ്പുപൂരം എഴുന്നള്ളിച്ചു വന്നപ്പോൾ വിളക്കു നിറഞ്ഞു. കാപ്പിക്ലബ്ബ് തുറന്നു. കാറുകൾ പറമ്പിൽ പരന്നു. രാവും പകലുമെന്നപോലെ മാറി.

ഇത്രയും പാരമ്പര്യവും മനസ്ഥിതിയും സന്നദ്ധതയും ഉള്ളവരെ പുരസ്കരിച്ചെഴുതുന്ന പുസ്തകമൊന്നും അവർക്കുവേണ്ടി എഴുതുന്നതല്ല. ഭാവിതലമുറക്കു ബോധോദയത്തിന്നുവേണ്ടിയുള്ളതാണു്. അതുകൊണ്ടതിൽ തെററുണ്ടാവരുതു്. ഈ കാലഘട്ടത്തിന്റെ ദൃക്സാക്ഷിയായ ഞാൻ തെററു ചൂണ്ടിക്കാണിക്കാതിരുന്നാൽ പുസ്തകത്തിലൊരു തെററുമില്ലെന്നു ഭാവിതലമുറ വ്യാഖ്യാനിച്ചേക്കും. ആരും സർവ്വജ്ഞനല്ല. ആർക്കും കയ്യബദ്ധം പററാം. പററിയ തെററു തിരുത്താൻ വിട്ടുപോകുവാനും വിരോധമില്ല. അച്ചടിയിലും പററാം പിഴ. പലരും ശുദ്ധിപത്രം ചേർത്തിനോക്കാറുണ്ടു്. അതു സാധാരണവായനക്കാരൻ ശ്രദ്ധിക്കാറില്ല. വല്ലവരും തെററു കണ്ടാൽ ഗ്രന്ഥകാരനെ അറിയിച്ചാൽ ഇനിയത്തെ പതിപ്പിൽ തിരുത്താവുന്നതാണു്. സമുദായവും രാഷ്ട്രവും ഭാരതവും കേരളവും എല്ലാം ബന്ധപ്പെട്ടതാണെന്നാണു് നമ്പൂതിരിസമുദായപ്രവർത്തകന്മാർ പണ്ടും ധരിച്ചിരുന്നതു്. അതുമൂലം ചരിത്രത്തിലും സാഹിത്യത്തിലുംകൂടി കടന്നുപോകുമ്പോൾ അവരെ കാണാതെ സാധ്യമല്ല. കണ്ടവരുടെ ദൃഷ്ടിയനുസരിച്ചവർ രേഖപ്പെടുത്തും. സാമുദായികമായും രാഷ്ട്രീയമായും ഇതു സംഭവിക്കാം. അതു തെററായെന്നും വരാം. അതുകൊണ്ടു ദൃക്സാക്ഷികൾ ഇത്തരത്തിലുള്ള പുസ്തകങ്ങളിനിയും പ്രസിദ്ധപ്പെടുത്തേണ്ടതാണു്. പണ്ടുള്ളവരതു ചെയ്യാതിരുന്നതുകൊണ്ടു നമ്മുടെ പൂർവ്വികന്മാർ നാട്ടിന്നു നന്മയോ തിന്മയോ ചെയ്തതെന്നു നമുക്കറിവാൻ സാധിക്കുന്നില്ല. കണ്ണുപൊട്ടന്മാർ ആനയെ വർണ്ണിക്കുന്നതുപോലെയുള്ള വിവരണമാണു് മുൻകാലത്തെ സംബന്ധിച്ചു് അടുത്ത കാലത്തുണ്ടാവുന്നവയെല്ലാം. അവർ ദൃക്സാക്ഷികളല്ലല്ലോ. ഭാരതീയരും കേരളീയരും അതാതു കാലത്തെ കണ്ട രൂപത്തിൽ അതിശയോക്തി കലർത്താതെ എഴുതിവെയ്ക്കാത്തതിൽ ചരിത്രകാരന്മാർ ഖേദിക്കുകയാണു്. അടുത്ത തലമുറയ്ക്കെങ്കിലും അതു കൂടാതെ കഴിയട്ടെ.

**

ശ്രീ. ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാടിൻെറ ജീവിതത്തെ സ്പർശിച്ചുകൊണ്ടു നമ്പൂതിരിസമുദായത്തിൻെറയും രാഷ്ട്രത്തിൻെറയും ഈ കാലഘട്ടത്തെ വിവരിക്കാൻ തോന്നിയ ശ്രീ. പി. കെ. ആര്യൻനമ്പൂതിരിയെ ഞാൻ അഭിനന്ദിക്കുന്നു. അദ്ദേഹം ഇതിന്നു യോഗ്യനാണ്. കേരളത്തിൽ നല്ല പ്രചാരമുള്ളതും തൃശ്ശൂർ നിന്നു പുറപ്പെടുന്നതുമായ എക്സ്പ്രസ്സ്പത്രത്തിൻെറ ഒരു സഹപത്രാധിപരാണദ്ദേഹം. പഴയ സമ്പ്രദായത്തിൽ ഷോഡശക്രിയയും വേദാധ്യയനവും കഴിച്ചു പുതിയ വിദ്യാഭ്യാസത്തിന്നിറങ്ങിയ പഴയ മാതൃകക്കാരനാണ്. ജ്യേഷ്ഠസഹോദരൻെറ മരണംകാരണം കുടുംബഭാരത്തിലച്ഛനെ സഹായിക്കാൻ മററാരുമില്ലാതിരുന്നതിനാൽ ഉപരിവിദ്യാഭ്യാസത്തിന്നൊന്നുമദ്ദേഹത്തിന്നു സാധ്യമായിട്ടില്ല. സ്ഥിരപരിശ്രമിയും ബുദ്ധിമാനുമായ ആര്യൻനമ്പൂതിരി പത്രമാപ്പീസ്സുവിട്ടാൽ പിന്നെ കൃഷിയും നാട്ടിലെ പൊതുകാര്യങ്ങളും നോക്കിയാണ് ദിവസം ചെലവാക്കുന്നതു്. ആ പൊതുപ്രവർത്തനങ്ങളെ കുറച്ചുകൂടി നിയന്ത്രിച്ചു സമയമുണ്ടാക്കി ഈ പുസ്തകത്തിൻെറ അനുയായികളെക്കൂടി വായനക്കാർക്കു കാഴ്ചവെയ്ക്കുവാൻ ആവശ്യപ്പെട്ടുകൂടി ചെയ്തുകൊണ്ടു് ഈ പുസ്തകം വായനക്കാർക്കുമുമ്പിൽ വെയ്ക്കുന്നു.

ലക്കിടി,
8—9—1969

സി. കെ. നമ്പൂതിരി.

# ആശംസ

കേരളത്തിലെ നമ്പൂതിരിസമുദായത്തിന്റെ ചരിത്രം ഒരത്ഥത്തിലും ഒരതിത്തിവരെയും കേരളത്തിന്റെ ചരിത്രംകൂടിയാണ്. സംസ്കാരപ്രബുദ്ധമായ ആ സമുദായത്തിന്റെ സമുത്കൃഷ്ടനായൊരു പ്രതിനിധിയത്രേ ബ്രഹ്മശ്രീ ചിററൂർമനക്കൽ കുഞ്ഞൻനമ്പൂതിരിപ്പാട്. അദ്ദേഹത്തിന്റെ വളച്ചയും സമുദായത്തിന്റെ പുരോഗതിയും വളരെയേറെ ബന്ധപ്പെട്ടു കിടക്കുന്നു. ബഹുമുഖനായ ചിററൂർനമ്പൂതിരിപ്പാടിന്നു പ്രവത്തനമണ്ഡലങ്ങൾ വേറെയുമുണ്ടെങ്കിലും അദ്ദേഹത്തിന്റെ ചൈതന്യം കുറെയേറെ പ്രസരിച്ചിട്ടുള്ളതു സാമുദായികരംഗത്താണ്. അതിനാൽ അദ്ദേഹത്തിന്റെ ഷഷ്ടിപൂത്തിയോടനുബന്ധിച്ച് ആ മഹാവ്യക്തിയുടെ ചരിത്രവും സമുദായകഥയും സങ്കലനംചെയ്തു് ഇത്തരമൊരു ഗ്രന്ഥം തയ്യാറാക്കാൻ ശ്രീ. പി. കെ. ആര്യൻനമ്പൂതിരി ചെയ്ത പരിശ്രമം സവ്വഥാ ശ്ലാഘനീയമായിരിക്കുന്നു.

ചിററൂർനമ്പൂതിരിപ്പാടവർകളും ഞാനും തമ്മിലുള്ള ബന്ധം സുദീർഘമെന്നതുപോലെ സുദൃഢവുമാണ്. മൂന്നു ദശകത്തിലധികമായി അദ്ദേഹത്തിന്റെ സൗഹാദ്ദത്തിന്നും സൗമനസ്യത്തിന്നും പാത്രമായി വത്തിച്ചതു് അഭിമാനാവഹമായി ഞാൻ കരുതുന്നു. ആ സുഹൃത്തമന്നു സവ്വസിദ്ധികളും പുസ്തകത്തിന്നു പ്രചാരവും ഹൃദയപൂവ്വം ആശംസിച്ചുകൊള്ളട്ടെ

എക്സ്പ്രസ്സ് ഓഫീസ്,
തൃശ്ശൂർ.
10—9—1969.

**കെ. കൃഷ്ണൻ**

# ഉള്ളടക്കം


മൂന്നു ചിത്രങ്ങൾ

വൺ-ടൂ-ത്രീ മുന്നോട്ട് 1

ഒരു നാടകത്തിന്റെ ഓർമ്മ 5

സേവനത്തിന്റെ ശൃംഗത്തിൽ 10

കേരളവും നമ്പൂതിരിമാരും

പരശുരാമകഥ 15

നംപൂരി—നമ്പൂതിരി 18

വൈദികസംസ്കാരം 18

പതനത്തിന്റെ പ്രാരംഭം 21

സാംസ്കാരികജീവിതത്തിൽ പിന്നെയും 22

ഒരു പ്രസ്ഥാനം ജനിക്കുന്നു

തമസ്സിലൊരു രജതരേഖ 31

നവോത്ഥാനത്തിന്റെ ശംഖധ്വനി 32

ചിറവൂർ 'സ്വരൂപം'—ചരിത്രത്തിൽ 36

ഭാവിയിലെ മുഖച്ഛായകൾ 39

കർമ്മവിപാകം—അപഹാരദശ 44

'നമ്പൂതിരികോൺഗ്രസ്സ്' 49

ചുവപ്പുകൊടി 52

വികസ്വരങ്ങളായ ചക്രവാളങ്ങൾ

അനിശ്ചിതത്വത്തിന്റെ നീർച്ചുഴിയിൽ 64

കുട്ടിവായിക്കാമോ? 66

സങ്കല്പങ്ങൾ—ചില യാഥാർത്ഥ്യങ്ങളും 69

ഇരുപതാംനൂററാണ്ടിൻെറ
ഇതിഹാസം നിൎമ്മിച്ച ദശകങ്ങൾ

പാലം അപകടം—പിന്തിരിയുക 80
യാഥാപൂര്യവാദക്കാരുടെ മണൽച്ചിറകൾ 83
പടയണി—മൗലികപ്രശ്നങ്ങളും 87
'യത്ര നാര്യസ്തു പൂജ്യന്തേ' 91

അന്തഃപുരത്തിലൊരു വിപ്ലവം

അടുക്കളയിൽനിന്നരങ്ങത്തേക്കു് 97
സങ്കീൎണ്ണസാമൂഹ്യബന്ധങ്ങൾ 105
മഹാമനസ്കത—വിസ്ഥിത്തം 109
ഒരു സമവായം 115
യാചനായാത്ര—വിധിനിഷേധങ്ങൾ 117

"സ ജാതോ യേന ജാതേന
യാതി വംശസ്സമുന്നതിം"

പൊതുപ്രവൎത്തനത്തിൽ സത്യസന്ധത 127
ശാശ്വതനിധിസംഭരണം 130
കിഞ്ചിച്ഛ്രേഷം 137
അധിവേദനമെന്ന ആത്മവിഡംബനം 151
ധാൎമ്മികരോഷം ആളിക്കത്തിയ ഒരു സംഭവം 153
നമ്പൂതിരിബിൽ 158
യോഗക്ഷേമം പത്രം 167
കേരളോത്പന്നഭാഷാവൻകാട്ടിൽ 171
"ഞങ്ങൾ അന്യന്നു ഭാരമാവില്ല" 175
ചൈതന്യധന്യമായ പൊതുജീവിതം 179
കലാരസികതയും 188
ഉപസംഹാരം 139
രണ്ടു വാക്കുകൂടി 191

★

# മൂന്നു ചിത്രങ്ങൾ

## "വൺ-ട്ടൂ-ത്രീ—മുന്നോട്ടു്"

നേരം സന്ധ്യ കഴിഞ്ഞിരിക്കുന്നു. ആ മഹാക്ഷേത്രത്തിന്റെ അന്തർഭാഗവും പരിസരവും ദീപാലംകൃതമാണു്. ഗർഭഗൃഹത്തിൽ തെളുതെളെ ഒളിചിതറുന്ന നിരവധി ഓട്ടുവിളക്കുകളും വെള്ളിവിളക്കുകളും ജഗദംബികയുടെ സന്നിധിയിൽ രത്നഹാരങ്ങൾ ചാർത്തിയിരിക്കുന്നു. തെച്ചിയുടെയും തുളസിയുടെയും ശാലീനസുഗന്ധത്തോടുകൂടി, എരിഞ്ഞമരുന്ന അഷ്ടഗന്ധത്തിന്റെയും ചന്ദനത്തിരിയുടെയും ഗന്ധം മേളിച്ചപ്പോൾ, ആധ്യാത്മികമായ അന്തരീക്ഷത്തിന്നു് അഭൗമമായ ഒരു സാത്വികത്വം കൈവന്നു. പൂമാലകൾ പുഞ്ചിരി പൊഴിച്ചു. 'ഉദ്യദ്ഭാനുസഹസ്രകോടിസദൃശ'യായ ശക്തിസ്വരൂപിണി ഭക്തന്മാരുടെ സ്തോത്രപുഷ്പാഞ്ജലിയിൽ സന്തുഷ്ടയായി വിരാജിച്ചു. സ്വസന്നിധിയിൽ നടക്കുന്ന 'വേദസ്തോത്രഘോഷ'ങ്ങൾ ശ്രവിച്ചു്, ശബ്ദരത്നാകരയായ ഭഗവതി മംഗളാംഗിയും അന്നപൂർണ്ണേശ്വരിയുമായി രൂപം പ്രാപിച്ചുവോ?

“ഓങ്കാരപഞ്ജരശുകീ-
മുപനിഷദുദ്യാനകേളികളകണ്ഠീം
ആഗമവിപിനമയൂരീ-
മാര്യാമന്തർവിഭാവയേ ഗൗരീം.”

മൺചിരാതുകളിലും ആലിലവിളക്കുകളിലും പ്രഭാപടലം പരത്തിക്കൊണ്ടു കത്തുന്ന തെളിനാളങ്ങൾ വിശാലമായ മതിലകത്തെ ഒരു ക്ഷീരസാഗരമാക്കി മാററിയിരിക്കുന്നു. അഥവാ വെൺമയേറിയ ഒരു കംബളംകൊണ്ടു സമ്പത്്പ്രദയായ അമ്മതിരുവടിയുടെ സന്നിധി അലങ്കരിച്ചപോലെ, മതിലിന്മേൽ നിരയായി കത്തുന്ന ചിരാതുകൾ ആ കംബളത്തിന്നലുക്കുകൾ ചാർത്തിയിരിക്കയാണോ?

ആ മതില്ക്കകത്തു് ഏതാനും കുമാരന്മാർ എന്തോ കളിയിൽ വ്യാപൃതരായിരിക്കുകയാണു്. കൗമാരം താരുണ്യത്തിന്നു വഴിമാറിക്കൊടുക്കാൻ വ്യഗ്രതപൂണ്ടു നില്ക്കുന്ന പരുവത്തിലുള്ളവർ. ബ്രഹ്മചാരികളും അടുത്തു സമാവർത്തനം കഴിഞ്ഞു നമ്പൂതിരിയായവരും അക്കൂട്ടത്തിലുണ്ടു്. ഗോപുരപാർശ്വത്തിൽ വട്ടമിട്ടിരുന്നു് എന്തോ കഥ പറഞ്ഞു രസിക്കുകയാണവർ. ഇടയിലൊരാൾ ഇടങ്കോലിട്ടു: കഥ അത്താഴത്തിന്നുശേഷം ഉറങ്ങാൻ കിടക്കുമ്പോഴാണു്. “കഥ കഥ കസ്തൂരി കണ്ണുംചിരട്ട”........ വേറൊരാൾ. എല്ലാവരും ആർത്തു ചിരിച്ചു. ക്ഷേത്രത്തിന്നു ചുററും ഓട്ടമത്സരം നടത്തുകയായി അടുത്ത പരിപാടി—ഒരു തരം സ്പോർട്ട്സ്. കൂട്ടത്തിൽ ഉയരംകൂടി മെലിഞ്ഞ ഒരു കുട്ടി. ‘വൺ, ടൂ, ത്രീ’ പറഞ്ഞു് ആ മത്സരം ഉദ്ഘാടനംചെയ്യുന്നു; നിയന്ത്രിക്കുന്നു; നേതൃത്വം നല്കുന്നു. തികഞ്ഞ ഗൗരവത്തോടെ വിജയികളെ അഭിനന്ദിക്കുന്നു. താനും അതിൽ പങ്കുചേരുന്നു. മററു കുട്ടികൾ അനിഷേധ്യനായ ഒരു നേതാവിനെയെന്നപോലെ അനുസരിക്കുന്നു.

ഇതിന്നിടയിൽ 'കുഞ്ഞാ' എന്ന വിളി കേട്ട് ആ കുമാരൻ വിളിച്ചാളുടെ മുന്നിലെത്തി. വിനയഭാവത്തിൽ നിന്നു. അതു വഴി വന്ന വേദാധ്യാപകനായിരുന്നു. അദ്ദേഹം എന്തോ പറ ഞ്ഞതിന്നു സമ്മതഭാവത്തിൽ തലകുലുക്കി. വീണ്ടും ആ കളി തുടന്നു. "ബാലസ്സാവൽ ക്രീഡാസക്തഃ"

* * * *

"തപോധനാനാമവിതൎക്കിതാഗ്രജ-

പ്രഭാവസംഭൃതസമൃദ്ധജോൎജ്ജി"-യെന്നു വിശേഷിപ്പി ക്കാറുള്ള കേരളത്തിൽ നൂററാണ്ടുകളോളം, ചിരപുരാതനമായ വൈദികസംസ്കാരത്തിൻെറ തെളിയായി പരിശോഭിച്ച 'പൂരു വന'ത്തിലെ ചേപ്പ് അമ്മതിരുവടിക്ഷേത്രമാണ് മേൽവിവരി ച്ച രംഗം. പരശുരാമപ്രതിഷ്ഠിതങ്ങളായ 108 ദുൎഗ്ഗാലയങ്ങളിൽ പ്രധാനമായതു്. പ്രകൃതിയുടെ പരിണാമപ്രക്രിയയെ അതി ജീവിച്ചും ആധ്യാത്മികചൈതന്യത്തിൻെറ വിജയവൈജയ ന്തിയായി ഇന്നും അതവശേഷിക്കുന്നു.

ആദ്യം വിവരിച്ചതു് ഒരു നാല്പത്തെട്ടു വൎഷം മുമ്പു നടന്ന സംഭവമാണ്. ഇരുപതാംനൂററാണ്ടിൻെറ ഇതിഹാസം അവി ശ്വസനീയമാംവിധം അത്ഭുതകരമാണ്. അഞ്ചു ദശകങ്ങൾക്കു മുമ്പുള്ള സാമൂഹികരാഷ്ട്രീയപരിതസ്ഥിതിയെ അതിന്നു സാക്ഷ്യം വഹിക്കാത്ത യുവതലമുറയ്ക്കു സങ്കല്പിക്കുകപോലും സാധ്യമല്ല. നൂററാണ്ടുകളുടെ ചരിത്രം ഏതാനും വൎഷങ്ങളിൽ തിരുകി കയ റിക്കൊണ്ടുള്ള ത്വരിതഗതിയിലുള്ള പരിവൎത്തനത്തിന്നു മൂന്നു നാലു ദശകങ്ങൾ സാക്ഷ്യംവഹിച്ചു.

ചേപ്പുക്ഷേത്രത്തിൽ ഒരോത്തൂട്ടു നടക്കുകയാണ്. ദേവീദേ വന്മാരുടെ സന്നിധിയിൽ വേദസംഹിത ഒരു സ്തോത്രമെന്ന നി ലയിൽ അൎപ്പണഭാവത്തോടെ ആവൎത്തിച്ചുരപ്പിക്കുന്നതിന്നുദ്ദേ ശിക്കപ്പെട്ടിട്ടുള്ള ഒരു പരിപാടി. ഓത്തൂട്ട്, വാരം, എട്ടുവാരം, ത്രിസന്ധ, കടവല്ലൂരന്യോന്യം തുടങ്ങിയവ, വേദം നിശ്ശേഷം ന

ശിച്ചുപോകാതിരിക്കുന്നതിന്നും നിഷ്കൃഷ്ടമായ പഠനത്തിന്നുമായി, അച്ചടി പ്രചാരത്തിലില്ലാതിരുന്ന പുരാതനകാലത്തു ക്രാന്തദർശികളായ വേദാചാര്യന്മാർ ഏർപ്പെടുത്തിയ ഉപാധികളാണു്. മേല്പറഞ്ഞ പരിപാടികളുടെ വിശദാംശങ്ങളുമായി പരിചയപ്പെടുന്നവർക്കു് ഉദ്ദിഷ്ടകാര്യത്തിൽ അതിൻെറ ഉപയോഗം എത്രമാത്രമായിരുന്നുവെന്നറിയാം. വേദജ്ഞന്മാരും വേദാധ്യയനം നടത്തുന്നവരുമായ നമ്പൂതിരിമാർ അവയിൽ പ്രതിഫലേച്ഛകൂടാതെ പങ്കെടുക്കുന്നു. അവരെ ആദരിക്കാനും സൽക്കരിക്കാനുമായി ഔദാര്യനിധികളായ പ്രഭുക്കൾ മുന്നോട്ടുവരിക സാധാരണമാണു്.

ചിറവർനമ്പൂതിരിപ്പാടിൻെറ പ്രസിദ്ധമായ ഓത്തൂട്ടായിരുന്നു. സമ്പത്സമൃദ്ധിയെ സാധൂകരിക്കുന്ന ഔദാര്യത്തിൽനിന്നുളവായ ധവളയശശ്ചന്ദ്രിക പരത്തിയ ചിറവർ ആറാമൻ നാരായണൻനമ്പൂതിരിപ്പാടു യശശ്ശരീരനായിട്ടു് അധികമായിട്ടില്ല.

"ചേപ്പിൽ ചിറവരിളാനിജ്ജരവരനുടെയോ-
ത്തൂട്ടിലുണ്ണാത്ത വിപ്രൻ
പൂപ്പണ്ടാരൻ..............................."

എന്നു സാക്ഷാൽ ഒറവങ്കരരാജൻ നമ്പൂതിരിപ്പാടിൻെറ ഔദാര്യത്തെക്കുറിച്ചു പ്രകീർത്തിച്ചിട്ടുണ്ടു്.

ക്ഷേത്രമതില്കകത്തു കൗമാരക്രീഡകളിൽ ഏർപ്പെട്ടിരുന്നവർ വേദവിദ്യാർത്ഥികളാണു്. അവർക്കു നേതൃത്വം നല്കിയിരുന്നതു ചിറവർ ആറാമിലെ പുത്രൻ 'കുഞ്ഞ'നും.

പില്ക്കാലത്തു നമ്പൂതിരിസമുദായത്തിൻെറ പുരോഗതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുകയും പതറാത്ത ലക്ഷ്യബോധത്തോടെ സമുദായത്തെ വലിയ ഒരളവിൽ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്ത ആ കർമ്മധീരതയുടെ ബീ

ജാങ്കുരമായിരുന്നുവോ അന്നവിടെ കണ്ടതു്? അല്ലെന്നു പറഞ്ഞുകൂടാ. സ്വസമുദായോത്കർഷത്തിന്നുവേണ്ടി കർമ്മക്ഷേത്രത്തിലേക്കു് ഉറച്ച കാൽവെപ്പോടെ കടന്നുചെന്ന നാരായണൻനമ്പൂതിരിപ്പാടിൻെറ പുത്രൻ വ്യത്യസ്തമായ ഒരു പന്ഥാവിലേക്കു തിരിഞ്ഞാൽ അത്ഭുതമാണു്. അരശ്ശതാബ്ദത്തിന്നുമുമ്പു്, വിദ്യാഭ്യാസമെന്നാൽ വേദാധ്യയനംമാത്രമായി സങ്കല്പിച്ചിരുന്ന ഒരു കാലഘട്ടത്തിൽ, നമ്പൂതിരിമാരുടെ ആധുനികവിദ്യാഭ്യാസത്തിന്നുവേണ്ടി ഒരു ഹൈസ്കൂൾ സ്ഥാപിക്കാൻ മുൻകൈയെടുക്കുകയും പൊതുവിദ്യാഭ്യാസത്തിൻെറ സുഗമമായ വളർച്ചയ്ക്കു സ്വന്തം മാനേജ്മെണ്ടിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കുകയും ചെയ്ത ആ ആർജ്ജവവും ക്രാന്തദർശിത്വവും അത്ഭുതകരമാണു്.

നിത്യജീവിതത്തിൽ നാം കാണുന്ന അത്യന്തസാധാരണങ്ങളായ പലതും ചരിത്രത്തിൻെറ ഗതിയെ സ്പർശിക്കുന്ന സംഭവങ്ങളുടെ സൂചനകളാവാം. പക്ഷേ അതാരും ശ്രദ്ധിക്കാറില്ലെന്നതാണു് വാസ്തവം. സമുദായപരിഷ്കരണപ്രസ്ഥാനം ഉടലെടുത്തു പത്തു വർഷം കഴിഞ്ഞു നടന്ന ഒരു സംഭവമാണു് ഇവിടെ വിവരിച്ചതു്.

## ഒരു നാടകത്തിൻെറ ഓർമ്മ

നമ്പൂതിരിവിദ്യാലയത്തിൻെറ വാർഷികോത്സവമാണു്. വിദ്യാർത്ഥികളെ ഹരംപിടിപ്പിക്കുന്ന പല പരിപാടികളുമുണ്ടു്. പ്രച്ഛന്നവേഷമത്സരം, പ്രകടപ്രസംഗം, ഏകാംഗങ്ങൾ, സംഭാഷണങ്ങൾ—അവസാനം രാത്രി മൂന്നുമണിക്കൂർ നീണ്ടുനിന്ന ഒരു സംഗീതനാടകവും. പഴയ കാലത്തെ തമിഴ്നാടകങ്ങളുടെ ചുവടു പിടിച്ചു വിരചിതമായ 'രുഗ്മാംഗദചരിതം' എന്ന മലയാളസംഗീതനാടകം ആരംഭിച്ചു. 38 വർഷം മുമ്പത്തെ കഥയാണു്. അന്നു് അതസ്വാഭാവികമല്ല.

ഒന്നാംരംഗത്തിൽത്തന്നെ രുഗ്മാംഗദമഹാരാജാവു് ഒരു ത്യാഗരാജകീർത്തനവും ആലപിച്ചുകൊണ്ടു പ്രവേശിച്ചു. അലുക്കുകളും മുത്തുകളും തുന്നിപ്പിടിപ്പിച്ച പട്ടുകുപ്പായവും കിന്നരിത്തലപ്പാവും ഉറയിലിട്ട വാളുമായി രാജോചിതമായിത്തന്നെ. രണ്ടോ മൂന്നോ രംഗങ്ങൾ കഴിഞ്ഞു. സംഭാഷണങ്ങളിൽ നല്ല ഒരു ഭാഗം പാട്ടിലാണു്. അക്കാലത്തെ തമിഴ്നാടകങ്ങളിലുള്ളതുപോലെ തകപ്പൻപാട്ടുകൾ. സുബ്ബയ്യാഭാഗവതരുടെ 'പൂങ്കാവിനോദമേ'—രീതിയിൽ പകിരി കൊളുത്തിയപോലെയുള്ളവയും അതിൽ ഉൾപ്പെട്ടിരുന്നു.

രുഗ്മാംഗദവേഷധാരിയായ വിദ്യാർത്ഥി അണിയറയിൽ ഒരു ബെഞ്ചിൽ വിശ്രമിക്കുകയാണു്. പ്രിയപ്പെട്ട അധ്യാപകരുടെയും സഹപാഠികളുടെയും പ്രശംസയിൽ കുളിച്ചുകൊണ്ടു്. ഒന്നാംരംഗത്തിൻെറ 'എക്സിററ് സോങ്ങ്' തകർത്തുവെന്നു ചിതംബരയ്യർമാസ്റ്റർ പറഞ്ഞു.

ഇതിനിടയിൽ സദസ്സിലിരുന്നു രംഗം വീക്ഷിച്ചിരുന്ന രണ്ടുമൂന്നു പേർ അണിയറയിലേയ്ക്കു വന്നു. അവരിൽ നല്ല ഉയരവും മെലിഞ്ഞതെങ്കിലും വടിവൊത്ത ആകാരവുമുള്ള ഒരു യുവാവുമുണ്ടു്. വെള്ളഖാദിഷർട്ടും ഷോളുമാണു് വേഷം. ഒരു മുഖവുരയും കൂടാതെ രുഗ്മാംഗദവേഷധാരിയുടെ രണ്ടു തോളും പിടിച്ചുകൊണ്ടു് അഭിനന്ദിച്ചു: "ഒന്നാന്തരം! തകർത്തുകളഞ്ഞു." ആനന്ദാതിരേകത്താൽ 'രുഗ്മാംഗദ'ൻെറ അക്ഷികൾ സജലങ്ങളായി; അഭിമാനത്താൽ ഹർഷപുളകിതനായി. അദ്ദേഹം പിന്നെയും എന്തൊക്കെയോ പറഞ്ഞു. മററു രണ്ടുപേരും വാനോളം പുകഴ്ത്തി. അതൊന്നും അയാൾ കേട്ടില്ലെന്നു തോന്നുന്നു. ഹൃദയം നിറഞ്ഞുനില്ക്കുമ്പോൾ മറെറാന്നും അവിടെ പ്രവേശിക്കയില്ലല്ലോ. അന്നത്തെ രുഗ്മാംഗദവേഷക്കാരൻ ഇതെഴുതുന്നാൾതന്നെയായിരുന്നു എന്ന കാര്യം വ്യക്തമാക്കിക്കൊള്ളട്ടെ.

അവിടെ വന്നു് അഭിനന്ദിച്ചവരോ? നമ്പൂതിരിവിദ്യാലയത്തിൻെറമാത്രമല്ല, സമകാലീനസമുദായപ്രവൎത്തനത്തിൻെറക്കൂടി ജീവാത്മാവും പരമാത്മാവുമായിരുന്ന ചിററൂർ കുഞ്ഞൻനമ്പൂതിതിപ്പാടായിരുന്നു ഒരാൾ. തൃശ്ശൂരിലെ ഒരു സുപ്രസിദ്ധഡോക്ടറും കലാരസികനുമായ വി. എൻ. കൃഷ്ണയ്യരും സമുദായപ്രവൎത്തകനും സാഹിത്യകാരനും നടനുമായ എം. പി. ഭട്ടതിരിപ്പാടും (പ്രേംജി) ആയിരുന്നു മററു രണ്ടു പേർ.

നമ്പൂതിരിയെ മനുഷ്യനാക്കാൻ ഓങ്ങല്ലൂർവെച്ചു് ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്ടു് ആഹ്വാനംചെയ്തതിൻെറ ഒരു വ്യാഴവട്ടത്തിന്നു മുമ്പുതന്നെ മനുഷ്യനായ നമ്പൂതിരിയെ, ആധുനികസംസ്കാരവുമായി പൊരുത്തപ്പെട്ട ചരിത്രത്തിൻെറ അപ്രതിഹതഗതിയിൽ സ്വന്തം നന്മകൾ മററുള്ളവരിലേയ്ക്കു സംക്രമിപ്പിക്കുവാനുതകുന്ന, നവീനവിദ്യാഭ്യാസപഥത്തിലേയ്ക്കു നയിക്കാൻ, കൊട്ടും കുരവയും പ്രഖ്യാപനങ്ങളും ഉദ്ഘോഷണങ്ങളും ഒന്നും കൂടാതെ, നിശ്ശബ്ദമായി പ്രവൎത്തിച്ചിരുന്ന കമ്മനിരതനെന്നു നിഷ്പക്ഷവീക്ഷണത്തിൽ വിശേഷിപ്പിക്കാവുന്ന ഒരാളായ കുഞ്ഞൻനമ്പൂതിരിപ്പാടിൻെറ അഭിനന്ദനം എന്നെ ഹഷപുളകിതനാക്കിയതിൽ അത്ഭുതമില്ലല്ലോ. അലങ്കരിച്ച പ്രസംഗമഞ്ചത്തിൽ കയറിനിന്നു് ഉപരിപ്ലവമായ രീതിയിൽ അധരവ്യായാമം നടത്തി കൈയടിയും നേതൃത്വവും ചുളുവിൽ സ്വായത്തമാക്കുന്ന രീതിയിൽനിന്നു തികച്ചും വ്യത്യസ്തനായിരുന്നു അദ്ദേഹമെന്നതു് ഒരു ചരിത്രസത്യമാണു്.

ഈ സംഭവം നടന്ന ഘട്ടത്തിൽ നമ്പൂതിരിപ്പാട്ട കേവലം 21 വയസ്സുള്ള ഒരു യുവാവാണു്. അനിയന്ത്രിതമായി പല കുമാൎഗ്ഗങ്ങളിലൂടെയും മനമോട്ടുന്ന താരുണ്യം തളിരിട്ടുനില്ക്കുന്ന പരുവം. സ്വന്തം മാനേജ്മെൻറിലുള്ള സി. എൻ. എൻ. ഹൈസ്കൂളിൽ മാനേജരെന്ന നിലയിലല്ലാതെ, അധ്യയനത്തിന്നായി തികച്ചു് ഒരു വഷമെങ്കിലും വിദ്യാലയത്തിൻെറ പടി കയറിയി

ട്ടില്ലാത്ത അദ്ദേഹം സംസ്കാരസമ്പന്നനായ ഒരു ജ്ഞാനവൃദ്ധ ൻെറ പക്വതയും ക്രാന്തദശിത്വവുമാണു് അന്നുപോലും പ്രകട മാക്കിയതു്. കൂട്ടത്തിൽ എം. പി. ഭട്ടതിരിപ്പാട്ടും എൻെറ അ ഭിനയ-സംഗീതാദികളിലുള്ള അഭിരുചിയെ അഭിനന്ദിച്ചു് ഏ താനും പാരിതോഷികങ്ങൾ നല്കുകയുണ്ടായി.

38 വഷംമുമ്പു നടന്ന ആ രംഗം ഇതെഴുതുന്നാളുടെ ഹൃദയ ത്തിൽ ഇന്നും ഒളി മങ്ങാതെ തളിരിട്ടു നില്ക്കുന്നു. ഒരു ടേയ്പ്പു റിക്കാർഡുപോലെ അന്നത്തെ ഗാനങ്ങളുടെ അനുരണനം ഹൃ ദയത്തിൽ മുഴങ്ങുകയാണു്. ജീവിതത്തിലെ അനർഘനിമിഷങ്ങ ളിൽ ഒന്നാണതു്. അതുകൊണ്ടാണു് ഒരുപക്ഷേ അപ്രസക്തമെ ന്നു തോന്നാവുന്ന, ഞാനുൾപ്പെട്ട, ആ സംഭവം ഇവിടെ പരാമ ശിക്കേണ്ടിവന്നതു്. കമ്മവ്യഗ്രനായ നമ്പൂതിരിപ്പാടിനെ പൊ തുരംഗത്തു ഞാൻ ആദ്യം ദശിച്ചതന്നാണു് എന്നതും ഒരു കാര ണമാണു്.

ചലനാത്മകമായ ജീവിതം ഒരു കമ്മകാണ്ഡമാണു്. രജ സ്സും തമസ്സും നിഴലും വെളിച്ചവുമെന്നപോലെയുള്ള നൈരന്ത ര്യം അതിന്നുമുണ്ടു്. പ്രവത്തനങ്ങളുടെ അളവിലും തൂക്കത്തി ലും ഗുരുലഘുത്വമുണ്ടാവാം. കമ്മങ്ങൾ വ്യക്ത്യധിഷ്ഠിതമോ സ മൂഹാധിഷ്ഠിതമോ ആവാം. വ്യക്തിയുടെ സങ്കുചിതവൃത്തത്തിൽ നിബദ്ധമായ കമ്മങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നു. കമ്മ മണ്ഡലം വികസിക്കുമ്പോഴാണു് സമൂഹത്തിൽ അതു സമഗ്രമാ യ ചലനങ്ങൾ സൃഷ്ടിക്കുന്നതു്. ഫലഭോക്താക്കളിൽ അതുള വാക്കുന്ന പ്രതികരണം നോക്കിയാണു് ചരിത്രം വിലയിരുത്തു ക. "കമ്മണ്യേവാധികാരസ്തേ", "യേന ത്യക്തേന ഭുഞ്ജീ ഥാഃ"—തുടങ്ങിയ വാക്യങ്ങളനുസരിച്ചു വിപുലമായ ഒരു മണ്ഡ ലത്തിൽ ആത്മാത്ഥമായി പ്രവത്തിച്ചവരിലെത്തുമ്പോൾ, ചരി ത്രം അവിടെ അടിവരയിടുന്നു.

ഭാരതസ്വാതന്ത്ര്യസമരത്തിലെ പടനായകനും രാഷ്ട്രശില്പിയുമായ പണ്ഡിതജവാഹർലാൽ നെഹറുവും സർ സി. പി. രാമസ്വാമിഅയ്യരും സമകാലീനരാഷ്ട്രീയമണ്ഡലത്തിൽ വ്യക്തിമുദ്ര ചാർത്തിയവരാണ്. ജീവിതം മുഴുവൻ അതിവിപുലമായ ഒരു മണ്ഡലത്തിൽ അസാമാന്യമായ കരുത്തോടെ പ്രവർത്തിച്ചവരാണ് രണ്ടുപേരും. കരുത്തനായ ഒരു രാഷ്ട്രതന്ത്രജ്ഞനായിരുന്നു സി. പി. രാഷ്ട്രസൗധത്തിന്നു നവ്യമായ ഒരു സംവിധാനക്രമം രൂപപ്പെടുത്തി,

"മനോരമ്യം ഘനശ്യാമം
വനപാളികളെങ്കിലും,
പാലിക്കാനുണ്ടു വാഗ്ദാനം
പലതും, ഞാൻ കടക്കണം.
കൺപോളയടയുംമുമ്പു
കാതമേറെ നടക്കണം"

എന്ന വാക്യം മുറുകെ പിടിച്ചു നിരന്തരം കർമ്മമാർഗ്ഗത്തിൽ ചരിച്ച മഹാനാണ് പണ്ഡിതജി. പക്ഷേ ചരിത്രം ഇവരെ വിലയിരുത്തുന്നതോ?

ഭൂഖണ്ഡാന്തരങ്ങളോളം വ്യാപിച്ച പണ്ഡിതനെഹറുവിന്റെ ഉദാത്തമായ പ്രവർത്തനങ്ങളെ താരതമ്യത്തിനുവേണ്ടി പരാമർശിച്ചതല്ല. അതു സാഹസമായിരിക്കും. കേരളത്തിലെ ഒരു ന്യൂനപക്ഷമായ നമ്പൂതിരിമാരുടെ സാമൂഹികസാംസ്കാരികപുരോഗതിയെ ഉന്നംവെച്ചുകൊണ്ടുള്ള പരിഷ്കരണപ്രക്രിയക്കു നേതൃത്വവും പ്രചോദനവും നല്കിയ ഏതാനും വ്യക്തികളുടെ പ്രവർത്തനമണ്ഡലമാണിവിടെ വിഷയം. നമ്പൂതിരിസമുദായസൗധത്തെ നവീനഭാവരൂപങ്ങളിൽ നിർമ്മിച്ചതു യോഗക്ഷേമമഹാസഭയാകുന്ന അസ്തിവാരത്തിലാണ്. നമ്പൂതിരിവിദ്യാലയമാകുന്ന മൂലക്കല്ലാണതിനെ കോട്ടമേല്ക്കാതെ ഉയർത്തിയതു്. ഈ രണ്ടു സ്ഥാപനങ്ങളുടെയും ഉത്ഥാനപതനങ്ങളുടെ ചരിത്ര

ത്തിൽ, നമ്പൂതിരിയുടെ അരനൂററാണ്ടുകാലത്തെ പുരോയാനചരിത്രം ഒതുങ്ങിനില്ക്കുന്നു. ആ ചരിത്രത്തിൽ ചൈതന്യധന്യമായ ഏതാനും ചിത്രങ്ങൾ തെളിഞ്ഞുകാണാം.

## സേവനത്തിൻെറ ശൃംഗത്തിൽ:

"ആത്മനിയന്ത്രണമില്ലാത്തവർക്കു് ഒരിക്കലും മററുള്ളവരെ നിയന്ത്രിക്കാനോ ഭരിക്കാനോ കഴിയുകയില്ല."

(ഗാന്ധിജി).

............"യുവസുഹൃത്തുക്കളോടു് എനിക്കു സഗൗരവം ഓർമ്മപ്പെടുത്താനുള്ളതു് ഇതാണു്: പരുഷങ്ങളായ ആക്ഷേപങ്ങളും ശബ്ദകോലാഹലങ്ങളും നിറുത്തിവെയ്ക്കണം. വെറും ഒച്ചപ്പാടുണ്ടാക്കുകയല്ല, ഏററവും സുഗമവും കാര്യക്ഷമവുമായ മാർഗ്ഗത്തിലൂടെ ലക്ഷ്യത്തിലെത്തുകയാണു് നമ്മുടെ ഉദ്ദേശം. ആ ഗതിക്കു വിഘാതം വരുത്തുന്ന വിപ്ലവപ്രസ്ഥാനങ്ങളെല്ലാം കുറെ ദിവസത്തേയ്ക്കു നിറുത്തിവെയ്ക്കുക.......................................സൗഹാർദ്ദപൂർണ്ണമായ സഹകരണംകൊണ്ടല്ലാതെ ഗണ്യമായ നേട്ടങ്ങളൊന്നും നമുക്കുണ്ടാക്കാൻ സാധ്യമല്ല............അതുകൊണ്ടു്.........."

കൊല്ലവർഷം 1110മാണ്ടു ധനുമാസത്തിൽ ഹരിപ്പാട്ടു 'ഭാർഗ്ഗവനഗറി'ൽവെച്ചു ചേർന്ന നമ്പൂതിരിയോഗക്ഷേമമഹാസഭയുടെ 27-ാംവാർഷികത്തിലെ അധ്യക്ഷപീഠത്തിൽനിന്നാണു് മേലുദ്ധരിച്ച ആഹ്വാനമുണ്ടായതു്. ഒരു വ്യാഴവട്ടത്തിന്നു മുമ്പു ചേർപ്പ് ഭഗവതിക്ഷേത്രത്തിൻെറ മതില്ക്കകത്തു് "വൺ, ടൂ, ത്രീ" എന്നു് ഓട്ടമത്സരത്തിന്നു നേതൃത്വം നല്കിയ 'കുഞ്ഞ'നാണു് ഒരു സമുദായനേതാവിന്നു ലഭിക്കാവുന്ന അത്യുന്നതപീഠത്തിൽ അവരോധിതനായിരിക്കുന്നതു്. സമുന്നതമായ ആ പദവിയിലേയ്ക്കു് അവിഹിതമായ മാർഗ്ഗത്തിലൂടെയല്ല അദ്ദേഹം കയറിയതു്. സമുദായത്തിൻെറ മുഖച്ഛായതന്നെ മാററാൻ പര്യാപ്തമായ നിരന്ത

രവും നിസ്വാത്ഥവുമായ പ്രവത്തനത്തിലൂടെയാണ്. സമുദായം മുക്തകണ്ഠം ആദരിച്ചതാണ്. പൊതുവേദിയിൽ വാചകമടിച്ചു നേതൃത്വത്തിലേയ്ക്കു തള്ളിക്കയറിയതല്ല. വലിച്ചിഴച്ചാലും വലിഞ്ഞുനിന്നു പ്രവത്തിക്കാൻമാത്രം ഇഷ്ടപ്പെടുന്ന ആളാണ് അദ്ദേഹം. പൊതുജീവിതത്തിൽ ഇതപൂൎവ്വമാണ്. ഹരിപ്പാട്ടസമ്മേളനത്തിലെ അദ്ധ്യക്ഷപ്രസംഗംതന്നെ അതിന്നുദാഹരണമാണ്. ഒരുപക്ഷേ, യോഗക്ഷേമമഹാസഭയുടെ അദ്ധ്യക്ഷവേദിയിൽനിന്നു് ഉണ്ടാവാറുള്ള പ്രസംഗങ്ങളിൽ ഏററവും ഹ്രസ്വമായതാണ് അതു്. കുഞ്ഞൻനമ്പൂതിരിപ്പാടിനെസ്സംബന്ധിച്ചിടത്തോളം അതു സ്വാഭാവികമാണുതാനും. പ്രസംഗലാത്തികൊണ്ടു ശ്രോതാക്കളുടെ ക്ഷമയെ പരിശോധിക്കുന്ന പതിവു് അദ്ദേഹത്തിനില്ല. കാര്യമാത്രമായ ഏതാനും വാചകങ്ങളിൽ അതൊതുങ്ങും.

നമ്പൂതിരിസമുദായത്തെ തുറിച്ചു നോക്കുന്ന പ്രശ്നങ്ങളെല്ലാം അതിൽ സമഗ്രമായി സ്പൃശിച്ചിരുന്നു; പരിഹാരം നിർദ്ദേശിച്ചിരുന്നു. ചെറുകിടവ്യവസായത്തിലിറങ്ങണം; ഭൂമിയിൽ അദ്ധ്വാനിച്ചു കൃഷി ചെയ്യണം; സ്വാശ്രയജീവിതം നയിക്കണം. മേല്പറഞ്ഞ കാര്യങ്ങൾക്കു സഹായകമായ വിധത്തിൽ സാങ്കേതികവിദ്യാഭ്യാസം നേടുന്നതിൽ ശ്രദ്ധിക്കണം. നമ്പൂതിരിക്കു സമഗ്രമായ ഒരു നിയമനിർമ്മാണത്തിൻെറ ആവശ്യകത, ഗ്രാമങ്ങളുടെ ഉദ്ധാരണം തുടങ്ങിയ പ്രശ്നങ്ങൾക്കു പ്രായോഗികമായ നിർദ്ദേശങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു. ഇവ നേടുന്നതിനു് ഊർജ്ജസ്വലമായ പ്രവത്തനം വേണം.

“ഞാൻ നമ്പൂതിരിയല്ല, കേരളീയനാണ്” എന്ന ഒരു വിഭാഗം യുവാക്കളുടെ വാദം ചന്തമുള്ളതാണെങ്കിലും അനവസരത്തിലുള്ളതാണെന്നു് ആ പ്രസംഗത്തിൽ തറപ്പിച്ചു പറഞ്ഞു. ഉച്ഛൃംഖലവും ഉപരിപ്ലവവുമായ ആ അഭിപ്രായം അപക്വമാണ്. പ്രശ്നങ്ങളുടെ നേരെ കണ്ണടക്കലാണ്.

"ഒരു നമ്പൂതിരിയായിരുന്നുകൊണ്ടുതന്നെ കേരളീയനാവാൻ സാധിച്ചാൽ അതല്ലേ അഭിമാനകരം? ഒരു യഥാൎത്ഥകേരളീയനാവാൻ നമ്പൂതിരി എന്തിനു 'നമ്പൂതിരിത്തം' കളഞ്ഞു കുളിക്കണം?

നമ്പൂതിരിത്തം കളയുക എന്നുവെച്ചാൽ സമുദായത്തിൽ ഇന്നു പടൎന്നുപിടിച്ചിട്ടുള്ള അനാചാരങ്ങളെയും ചപലതകളെയുമാണുദ്ദേശിക്കുന്നതെങ്കിൽ ശരി; അല്ലാതെ നമ്പൂതിരിമാൎക്കു സ്വായത്തവും ആദരണീയവുമായ വ്യക്തിത്വത്തെ നാമെന്തിനു കളയണം?...............വ്യക്തിത്വേനയല്ലാതെ സമുദായത്വേന അതൊരാദൎശമായി സ്വീകരിക്കാൻ കാലമായിട്ടില്ല.".........

അതേ സമയം "അരുതരുതുവിരോധം ഭിന്നവൎഗ്ഗങ്ങളെല്ലാമൊരു ചരടിലിണക്കിക്കോൎത്ത പുഷ്പങ്ങ"ളാണെന്നും "പൊരുളിതു തെളിവാക്കിക്കേരളത്തിൻെറ"മാത്രമല്ല, ഭാരതത്തിൻെറയും നന്മയ്ക്കു തക്ക സന്ദൎഭത്തിൽ നമ്പൂതിരിയുവാക്കൾ മുന്നോട്ടു വരണമെന്നും അദ്ദേഹം ആഹ്വാനംചെയ്തു.

കഴിഞ്ഞുപോയ കാര്യങ്ങളെച്ചൊല്ലി വിഷമിച്ചിരുന്നാൽ നാം ഒന്നും നേടുകയില്ല. പരാജങ്ങളും വീഴ്ചകളും ഉണ്ടാവാം. സാരമില്ല. അവ വിജയത്തിലേയ്ക്കു, ലക്ഷ്യത്തിലേയ്ക്കു, നയിക്കുന്ന ചവിട്ടുപടികളാണു്, അങ്ങനെ ആക്കണം. ചരിത്രം പഠിക്കുന്നതോടൊപ്പം ചരിത്രം നിൎമ്മിക്കുകയും നമ്മുടെ കടമയാണു്. തുവിപ്പോയ പാലിനെക്കുറിച്ചു ചിന്തിച്ചിരുന്നിട്ടെന്തു ഫലം? ലക്ഷ്യത്തിൽ ദൃഷ്ടിയുറപ്പിച്ചു മുന്നോട്ടു പോവുക. പരാജയങ്ങൾ നല്കിയിട്ടുള്ള വിലപ്പെട്ട പാഠങ്ങൾ മറക്കാതിരിക്കുക. ഭാവിയെ ആശ്ലേഷിക്കുക. അനുഭവങ്ങൾ എന്തുമാകട്ടെ.

ജീവിതായോധനത്തിൽ അൎഹതയുള്ളതെന്തോ അതു്— അതുമാത്രം—അതിജീവിക്കും. അപ്പോൾ യാത്രയ്ക്കിടയിൽ നാം തമ്മിലടിക്കുന്നതെന്തിനു്? സഹകരിക്കുന്നതിലല്ലാതെ, സംഹ

രിക്കുന്നതിനു സന്നദ്ധനായാൽ സർവ്വനാശമാണ്. സൃഷ്ടിയാണ്, സംഹാരമല്ല വിപ്ലവം.

"സമുദായത്തിലെ തിന്മകൾ നിർമ്മാർജ്ജനംചെയ്യുക എന്ന കൃത്യത്തിലേർപ്പെട്ടിരിക്കുന്നവർ വ്യവസ്ഥാപിതമാർഗ്ഗത്തിലൂടെ പ്രവർത്തിക്കുകയും തങ്ങളുടെ യത്നം പെട്ടന്നു വിജയിക്കുന്നില്ലെങ്കിൽ നിരാശരാകാതിരിക്കുകയും വേണം."

(ഗാന്ധിജി)

അജാതശത്രുവായ നമ്പൂതിരിപ്പാടിനെ ഹരിപ്പാട്ടുസമ്മേളനാധ്യക്ഷപദവിയിലേയ്ക്കു സമുദായം നിർദ്ദേശിച്ച ഘട്ടത്തിൽ കേവലം 26 വയസ്സു പ്രായമാണ്.

ഈ പുസ്തകത്തിൽ ഇനി വിവരിക്കാനിരിക്കുന്ന നമ്പൂതിരിയുടെ അരനൂററാണ്ടു കാലത്തെ പുരോയാനചരിത്രത്തിന്നു നായകത്വം വഹിച്ച യോഗക്ഷേമസഭയുടെ പ്രവർത്തനമേഖലയിൽ പ്രഭാപരിവേഷം പരത്തിയിട്ടുള്ള ഒരു പ്രധാനകഥാപാത്രമാണ് ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാട്ട്. അതുകൊണ്ടാണ് ആ ജീവിതത്തിലെ മൂന്നു ഘട്ടങ്ങൾ, അവയ്ക്കു സാക്ഷ്യംവഹിച്ച ഒരാളെന്ന നിലയിൽ, ഇവിടെ പരാമർശിച്ചതു്. ഇനി നമുക്കു നമ്പൂതിരിസമുദായം എവിടെയായിരുന്നു, ഏതെല്ലാം വഴികളിലൂടെ സഞ്ചരിച്ചു, എവിടെയെത്തി എന്നീ വരികളിലൂടെ തുടരാം.

# കേരളവും നമ്പൂതിരിമാരും

ഉത്തരഭാഗത്തു ഗോകർണ്ണവും ദക്ഷിണ-പശ്ചിമാതിർത്തിയിൽ അലയാഴിയും പൂർവ്വദിക്കിൽ പ്രകൃതി കെട്ടിയ കോട്ടപോലെ വിന്ധ്യാചലവുമായിക്കിടക്കുന്ന കേരളഭൂമി പെട്ടന്നു് ഒരു ദിവസം തപോധനനായ പരശ്ശുരാമൻ മഴുവെറിഞ്ഞു സൃഷ്ടിച്ചു ബ്രാഹ്മണർക്കു ദാനംചെയ്തതാണെന്ന ഐതിഹ്യത്തെപ്പിടിച്ചു നിരവധി വാദകോലാഹലങ്ങൾ നടന്നിട്ടുണ്ടു്, നടക്കുന്നുണ്ടു്. നമ്പൂതിരിമാരുടെ പൂർവ്വീകരുടെ കേരളാധിനിവേശത്തെ പരാമർശിക്കുന്ന ഐതിഹ്യം ബ്രാഹ്മണരുടെ ആധിപത്യത്തിന്നു ദിവ്യമായ ഒരു പരിവേഷം നല്കാൻവേണ്ടി പടച്ചുവിട്ട ഒരു കെട്ടുകഥയാണെന്നു് ഒരു വിഭാഗം വാദിക്കുന്നു.

സംസ്കൃതചിത്തരും അധ്വാനശീലരുമായ പൂർവ്വീകരുടെ അപദാനങ്ങളിന്മേൽ കടിച്ചുതൂങ്ങി, ഭൂമിയും മേധാവിത്വവും തങ്ങളുടെ പൈതൃകമാണെന്നു വിശ്വസിച്ചു്, അലസജീവിതം നയിക്കാൻ തുടങ്ങിയെങ്കിൽ നമ്പൂതിരിമാരുടെ ഭൂദേവത്വം വെല്ലുവിളിക്കപ്പെടുന്നതു സ്വാഭാവികമാണുതാനും. മധ്യേഷ്യയിൽനിന്നോ പേർഷ്യയിൽനിന്നോ ഊരുചുററി, താവളമന്വേഷിച്ചെ

ത്തിയ 'നോമേഡിക്ക'കളാണ് നമ്പൂതിരിമാർ. കേരളത്തിൽ വന്ന് ഇവിടുത്തെ ആദിവാസികളുടെ മേൽ ആധിപത്യം അടിച്ചേല്പിച്ചതാണ്. അവരെ അടിമകളാക്കിയതാണ്. ജനങ്ങളുടെ ആത്മീയവും സാംസ്കാരികവുമായ ആവശ്യങ്ങൾ നിറവേററുന്ന പൗരോഹിത്യപദവിയിലേയ്ക്കു സ്വയം കയറിയതാണ്. വേദശാസ്ത്രാദികൾ പഠിച്ചും പഠിപ്പിച്ചും ദേവന്മാരെ പൂജിച്ചും അതിൽ വിശ്വസിപ്പിച്ചും സാമൂഹികജീവിതത്തിന്റെ ഉന്നതപീഠം അവർ കൈയടക്കി. രാമായണ-ഭാരതാദിപുരാണങ്ങൾ ബ്രാഹ്മണമേധാവിത്വം ഉറപ്പിക്കുന്നതിന്നുവേണ്ടി നിർമ്മിച്ചവയാണ്. ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്രർ എന്നിങ്ങനെ ചാതുർവർണ്ണ്യത്തിന്റെ പടികൾ അതിന്നുപോദ്ബലകങ്ങളായി വ്യവസ്ഥപ്പെടുത്തി. അതുകൊണ്ടു ഭൂസുരത്വം ഒരു മിഥ്യയാണ്; പരശുരാമകഥ ഒരു ഭോഷ്ക്കാണ്............എന്നിങ്ങനെ പ്രതികൂലമായ വാദഗതികൾ തുടരുന്നു. ബുദ്ധിജീവികളും വിശാലാശയരുമായ കേരളബ്രാഹ്മണർ ഈ വാദകോലാഹലത്തിൽ സ്വന്തം ചേരി പിടിച്ചു പടവാളുമായി യുദ്ധക്കളത്തിലിറങ്ങാറില്ലെന്നതു് ഒരു പരമാർത്ഥമാണ്. തന്മൂലം ഈ വാദത്തിന്ന് ഒരേകപക്ഷീയത്വവുമുണ്ടു്. ഏതായാലും ഭാർഗ്ഗവക്ഷേത്രത്തിൽ നമ്പൂതിരിമാർ ആധിപത്യം അടിച്ചേല്പിച്ചതായാലും അല്ലെങ്കിലും അവർ സംസ്കാരനായകന്മാരായിരുന്നു എന്നതു് അനിഷേധ്യമാണ്. ഇന്നു കേരളത്തിലെ സാമൂഹികജീവിതത്തിൽ ഉരുത്തിരിഞ്ഞുകാണുന്ന ഉദാത്തമായ പല സംസ്കാരവിശേഷങ്ങളും നമ്പൂതിരിമാരുടെ സംഭാവനയാണെന്നു നിഷ്പക്ഷമതികൾ സമ്മതിക്കും.

## പരശുരാമകഥ

കേരളോത്പത്തിയെക്കുറിച്ചു വിവിധവാദഗതികൾ നിലവിലുണ്ടു്. ശ്രീപരശുരാമന്റെ ആഗ്നേയാസ്ത്രംകൊണ്ടു ഭയാക്രാന്തനായ വരുണൻ അദ്ദേഹത്തിന്നു കാഴ്ചവെച്ചതാണ് എന്നു

ളു് ഒരലങ്കാരപ്രയോഗമോ പ്രതീകാത്മകവിവരണമോ ആവാം. ഭൂകമ്പത്താൽ പൊട്ടുന്നനവേ സമുദ്രത്തിൽനിന്നു പൊന്തിവന്ന താണെന്നും കാലക്രമേണ കരവെച്ചുണ്ടായതാണെന്നുമുള്ള പക്ഷത്തെത്തന്നെ മനുഷ്യപ്രയത്നത്തിന്റെ ഭാഷയിൽ വിവരിച്ചതാവാം ആദ്യത്തെ കഥ. ബ്രാഹ്മണർ ആദ്യം വന്നവരല്ലെന്നും ഒടുവിൽ വന്നു് ആധിപത്യം ചെലുത്തിയവരെന്നും രണ്ടു പക്ഷമുണ്ടു്.

ബ്രാഹ്മണരെ കേരളത്തിൽ പ്രതിഷ്ഠിച്ചതു പരശുരാമനാണെന്നുള്ള കാര്യത്തിൽ ഒരു കൂട്ടർ ഉറച്ചുനില്ക്കുന്നു. കേരളത്തിൽ 64 ഗ്രാമങ്ങൾ തിരിച്ചു താമസിപ്പിച്ചു. ശൂദ്രർക്കു തറയും തിരിച്ചു. രാജ്യക്ഷേത്രം, ഗ്രാമക്ഷേത്രം, ദേശക്ഷേത്രം തുടങ്ങി ക്ഷേത്രങ്ങൾ നിർമ്മിച്ചു. വസ്തുക്കളും തിരിച്ചു. ദേശത്തു് അടിമയും കുടിമയും സൃഷ്ടിച്ചു. അടിയാരെയും കുടിയാരെയും രക്ഷിച്ചു. ആചാരങ്ങളും അനുഷ്ഠാനക്രമങ്ങളും ഉണ്ടാക്കി.

പിന്നീടു് എന്തോ കാരണവശാൽ ചന്ദ്രഗിരി(നീലേശ്വരം)പുഴയുടെ തെക്കു 32, വടക്കു 32, ഗ്രാമങ്ങളായി ഭാഗിച്ചു. ഉത്തരഭാഗത്തിന്നു തുളുനാടെന്നും ദക്ഷിണഭാഗത്തിന്നു മലനാടെന്നും പേരു വീണു........എന്നിങ്ങനെ പോകുന്നു ആ വാദഗതികൾ.

പ്രശസ്തപണ്ഡിതനും സാഹിത്യകാരനുമായ ശ്രീ. അപ്പൻതമ്പുരാന്റെ മംഗളമാലയിൽ ഇങ്ങനെ പറയുന്നു:

"പണ്ടു ശ്രീപരശുരാമൻ കേരളദേശത്തെ സൃഷ്ടിച്ചു. പരദേശത്തുള്ള പുണ്യദേശങ്ങളിൽനിന്നു് അനേകം ബ്രാഹ്മണരെ കൊണ്ടുവന്നു 64 ഗ്രാമങ്ങളാക്കി ചമച്ചതിൽ 32 ഗ്രാമം തുളുബ്രാഹ്മണരും 32 ഗ്രാമം നമ്പൂതിരിമാരും ആകുന്നു...."

കേരളത്തിലെ 64 ഗ്രാമങ്ങൾ രണ്ടായി തിരിഞ്ഞതിനെയും മററും പരാമർശിച്ചു കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ 'കേരളം' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നതിങ്ങനെയാണു്:

“പോരേറുമീ വിപ്രർ നട്ടക്കവെച്ചു,
നേരേ പകുത്തിട്ടിതു കേരളത്തെ;
പേരേവമിങ്ങോ മലനാടിതെന്നും
ചാരേ വടക്കോ തുളുനാടതെന്നും.

നമ്പൂരിമാർ തെക്കവകുപ്പിൽമാത്ര,-
മെമ്പ്രാന്തിരിക്കൂട്ടർ വടക്കപങ്കിൽ;
മുമ്പേവമാകുന്നു മഹാവിഭാഗ-
സമ്പ്രാപ്തികാലം ദ്വിജവർഗ്ഗഭാഗം.

ആചാരഭാഷാദികളീ സ്ഥലക്കാ-
ർക്കാശാവശാൽ വേറുതിരിഞ്ഞുവന്നു....

.................................................

നേരേ കിഴക്കീ മലയാളികൾക്കു
ചേരേണ്ട വർഗ്ഗം തമിഴാളരെന്നാൽ
പാരേ ഗിരീന്ദ്രം തുളുനാട്ടുകാർക്കു-
പേരേററ കർണ്ണാടരുമായിരിക്കും........”

അങ്ങനെ പോകുന്നു.

ദക്ഷിണഭാഗത്തുള്ള 32 ഗ്രാമങ്ങൾ പെരിഞ്ചെല്ലൂരു്, പന്നിയൂരു്, പറവൂരു്, ചെങ്ങന്നൂരു് എന്നീ നാലു കഴക(സഭ)ങ്ങളുടെ കീഴിൽ ഭരണം നടന്നുവെന്നും മററും കേരളോത്പത്തിയിൽ വിശദമായി വിവരിക്കുന്നുണ്ടു്. പിന്നീടു പെരുമാക്കന്മാരുടെയും തളിയാതിരിമാരുടെയും കാലവും ഒടുവിൽ രാജ്യം വിവിധഖണ്ഡങ്ങളായി രാജാക്കന്മാരുടെ ഭരണവും നിലവിൽവരികയും ചെയ്തു.

കേരളോത്പത്തി, മംഗളമാല, കേരളം, മലയാളഭാഷാചരിത്രം, (പി. ഗോവിന്ദപിള്ള ബി. എ.) മലബാർഗസററിയർ, കൊച്ചിൻസ്റ്റേററ്മാനുവൽ തുടങ്ങിയവയിൽ ഈ ചരിത്രത്തിനടിസ്ഥാനമായ പരാമർശങ്ങളുണ്ടു്.

## നംപൂരി—നമ്പൂതിരി

നമ്പൂതിരിശബ്ദത്തെ പണ്ഡിതന്മാർ പല വിധത്തിലും വ്യുത്പാദിപ്പിച്ചിട്ടുണ്ട്. നം (വേദം, സത്യം) പൂരയതി ഇതി നമ്പൂരി—അതായത്, വേദത്തെ (അഥവാ സത്യത്തെ) പൂർണ്ണമാക്കുന്നവർ (സംരക്ഷിക്കുന്നവർ). അപ്പോൾ 'നമ്പൂരി' എന്നാവും. തമിഴുമായി സമ്പർക്കമുള്ളതിനാൽ, നമ്പൂ—എന്നുവെച്ചാൽ നമ്പുക, വിശ്വസിക്കുക, 'തിരി' എന്നതു ഭട്ടതിരി, ചോമാതിരി, അക്കിത്തിരി, അടിതിരി, തളിയാതിരി, യോഗിയാതിരി, എമ്പ്രാന്തിരി, നമ്പ്യാതിരി എന്നിവയിലേതുപോലെ ശ്രേഷ്ഠം എന്ന ബഹുമതിസൂചകശബ്ദമാണെന്നും വിശ്വസിക്കാവുന്നവൻ, വിശ്വസിക്കുന്നവൻ എന്നാണർത്ഥമെന്നും പക്ഷാന്തരവുമുണ്ട്.

ഏതർത്ഥത്തിലായാലും ഏറെക്കുറെ ശരിയാണ്. സത്യസന്ധൻ, വേദജ്ഞൻ, വിശ്വസ്തൻ, അഥവാ ആചാരാനുഷ്ഠാനങ്ങളിൽ വിശ്വസിക്കുന്നവൻ എന്നിവയെല്ലാം നമ്പൂ(തി)രിശബ്ദവാച്യന്മാരായ പൂർവ്വികരെക്കുറിച്ചു പറയാം. നമ്പൂതിരിമാരിൽത്തന്നെ തങ്ങൾ, ഊരിൽപരിഷമൂസ്സ്, ഗ്രാമണി, പോററി എന്നിവ കാലാന്തരത്തിൽ ചുമതലകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവന്ന സ്ഥാനവാചകങ്ങളാണ്. 'രക്ഷാധികാരി' എന്ന അർത്ഥത്തിലാണവയുണ്ടായതെന്നൂഹിക്കാം. തങ്ങൾ എന്നാൽ 'ശ്രേഷ്ഠൻ' എന്നാണർത്ഥം. മുസ്ലീമിങ്ങളിലും ശൂദ്രരിലും ഈ അർത്ഥത്തിൽത്തന്നെയാണ് അതു വന്നതു്. ഊരിൽപരിഷമൂസ്സ് എന്നതിന്നു 'ഖണ്ഡമണ്ഡലാധിപതി' എന്നാണർത്ഥം. 'ഗ്രാമണി'ശബ്ദവും അതുതന്നെ വ്യഞ്ജിപ്പിക്കുന്നു. പോററുന്നവർ=പോററിമാർ—അങ്ങനെ പോകുന്നു.

## വൈദികസംസ്കാരം

ചരിത്രരേഖകളിൽ നമ്പൂരി വേദശാസ്ത്രമർമ്മജ്ഞനും സത്യസന്ധനും ഭരണാധികാരിയും മററുമാണെന്നു രേഖപ്പെടുത്തിയി

ട്ടുള്ളതു ശരിയാണ്. അവർ ആധ്യാത്മികവും ഭൗതികവുമായ അധികാരങ്ങൾ കൈയടക്കി മററു വിഭാഗങ്ങളുടെ മേൽ തങ്ങളുടെ സംസ്കാരം അടിച്ചേല്പിച്ച് അതിന്നുപോൽബലകമായ രേഖകൾ അന്നുതന്നെ എഴുതിവെച്ചതാണെന്ന വാദം ചരിത്രയാഥാർത്ഥ്യങ്ങളുടെ നേരെയുള്ള ഒരു വെല്ലുവിളിയാണ്.

നമ്പൂതിരിമാരുടെ പൂർവ്വികർ ദുർഗ്ഗമങ്ങളായ മണലരണ്യങ്ങളും ഭീകരവിപിനങ്ങളും താണ്ടിവന്നവരായിരിക്കാം. പക്ഷേ ഒരു നവ്യസംസ്കാരവും അവർ ഒപ്പം കൊണ്ടുവന്നു. പാണ്ഡിത്യംകൊണ്ടും അധ്വാനശീലംകൊണ്ടും സേവനവ്യഗ്രതകൊണ്ടും ഇവിടെ മാന്യമായ ഒരു സ്ഥാനത്തെത്തി. ഇതൊരു ചരിത്രസത്യമാണ്.

ചിരപുരാതനമായ ഹിന്ദുമതസംസ്കാരത്തിന്റെ ആധാരശിലതന്നെ വേദങ്ങളാണ്. പ്രാചീനശിലായുഗംതൊട്ടുള്ള മനുഷ്യവിജ്ഞാനത്തിന്റെ കലവറയാണതു്. ഒരാൾ ഹ്രസ്വമായ കാലഘട്ടത്തിൽ എഴുതിവെച്ചതല്ല വേദം. പല ഋഷിമാരും പല കാലത്തായി എഴുതിയതിനെ സമാഹരിച്ചതാണതു്. സഹസ്രാബ്ദങ്ങളിലൂടെ നടത്തിയ നിരന്തരപരിശ്രമത്തിന്റെയും നിരവദ്യപരീക്ഷണത്തിന്റെയും ഒരു ബൃഹത്കഥയാണ് വേദം. നിസ്തുലമായ ഹിന്ദുസംസ്കാരത്തിന്റെ സന്ദേശം കേരളത്തിൽ എത്തിച്ചതു് (അടിച്ചേല്പിച്ചതായാൽപ്പോലും) നമ്പൂതിരിയുടെ പൂർവ്വികരാണെന്നതു് അഭിമാനകരമല്ലേ? ഈ സന്ദേശപ്രചരണപ്രക്രിയയിൽ അനേകം സംഘട്ടനങ്ങളും സമന്വയങ്ങളും സംഭവിച്ചിട്ടുണ്ടാവാം. യജ്ഞങ്ങളും പുരാണങ്ങളും രാജ്യതന്ത്രവും അവർ പ്രയോഗിച്ചു. ജ്യോതിശ്ശാസ്ത്രവും നാട്യശാസ്ത്രവും അവരുടെ സംഭാവനയല്ലേ? കായികാധ്വാനത്തിലൂടെയും അവർ നവ്യസംസ്കാരത്തിന്നു രൂപംകൊടുത്തു.

"കൃഷന്നിൽഫാല ആശിതം കൃണോതി
യന്നധ്വാനമപവൃങ്ക്തേ ചരിത്രൈഃ" (ഋക്‌വേദം)

നിലം ഉഴുതുകൊണ്ടു നമുക്കു വേണ്ട ഭക്ഷണം ഉത്പാദിപ്പിക്കുക. ആ കരി സ്വന്തം കാൽകൊണ്ടു താൻ തുടരുന്ന മാർഗ്ഗം മുറിച്ചു ചാലുകളുണ്ടാക്കുന്നു എന്നാണർത്ഥം.

കാർഷികവൃത്തിയെക്കുറിച്ചും അദ്ധ്വാനത്തെപ്പരാമർശിച്ചും ഋക്‌വേദത്തിൽ എണ്ണമററ സൂക്തങ്ങളുണ്ടു്. 'ഉർവ്വര'യിലും (കൃഷിഭൂമി) 'ക്ഷേത്ര'ത്തിലും യവംമുതലായ ധാന്യങ്ങൾ സമൃദ്ധമായി ഉത്പാദിപ്പിക്കാൻ 'ഹ്രദ'ങ്ങളിൽനിന്നും 'കുല്യ'കളിൽനിന്നും ജലസേചനം നിർവ്വഹിച്ചിരുന്നതും മററും കാവ്യമയമായ ശൈലിയിൽ വേദത്തിൽ വർണ്ണിച്ചിരിക്കുന്നു. വേദങ്ങളെയും പുരാണങ്ങളെയും അവർ കണ്ഠസ്ഥമാക്കി. അതു ഹൃദയത്തിൽനിന്നു ഹൃദയത്തിലേയ്ക്കും തലമുറയിൽനിന്നു തലമുറയിലേയ്ക്കും പകർത്തി. അദ്ധ്വാനം അവരുടെ പ്രാണവായുവായിരുന്നു എന്നതിന്നു മികവുററ നിദർശനമാണു് വേദസൂക്തങ്ങൾ.

ജീവിതം എന്നാൽ ചലനമാണു്, പുതിയവസ്തുവേണ്ടിയുള്ള അന്വേഷണമാണു്, പരിവർത്തനമാണു് എന്ന വിശ്വാസം അവരിൽ രൂഢമൂലമായിരുന്നു. ഐതരേയബ്രാഹ്മണത്തിലെ "ചരൈവേതി ചരൈവേതി" എന്ന 'ചമയ'ത്തിലവസാനിക്കുന്ന മന്ത്രങ്ങൾ ഇതിന്നുപോദ്ബലകമാണു്: "ഹേ, പാന്ഥ, നടക്കു, മുന്നോട്ടു പോവുക; അതാണു് ജീവിതം—അതു ചലനാത്മകമാണു്. കെട്ടിനില്ക്കുന്ന വെള്ളം ദുഷിക്കുന്നു. വെറുതെയിരിക്കുന്നവൻ പാപകർമ്മത്തിന്നു തുനിയുന്നു. ഒഴുകുന്ന വെള്ളത്തിലേ പ്രാണനുള്ളു. ജാഗ്രതിയാണു് ജീവിതം. തളർന്നുറങ്ങുന്നതു മൂർച്ഛയത്രേ. ജാഗ്രതിയുടെ പേരാണു് ചലനം. അതുകൊണ്ടു്, ഹേ പാന്ഥ, മുന്നോട്ടു പോകു."

നമ്മുടെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിററു് ജവാഹർലാൽനെഹറു ഈ ഭാഗം തൻെറ 'ഇന്ത്യയെക്കണ്ടെത്തൽ' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്.

സഹസ്രാബ്ദങ്ങളായി ഭാരതത്തിലങ്ങോളമിങ്ങോളം വ്യാപിച്ച വിശാലദൃഢമായ ദാർശനികപ്രവണതയെന്ന സവിശേഷ സംസ്കാരത്തിന്റെ പരിപോഷണത്തിന്നും കേരളം ഗണ്യമായ സംഭാവന ചെയ്തിട്ടുണ്ട്. അനാദ്യന്തമായ സനാതനദാർശനികത്വത്തിന്റെ ഈറ്റുവെപ്പിൽ എത്രയോ രത്നങ്ങൾ ചിതറിക്കിടപ്പുണ്ട്. ആദിശങ്കരന്റെ പാരമ്പര്യമുള്ള നമ്പൂതിരിമാർ ആ സംസ്കാരത്തിന്റെ സന്ദേശവാഹകരായിരുന്നു.

"ഏകം സദ്വിപ്രാ ബഹുധാ വദന്തി"

(സത്യം ഒന്നുമാത്രം. അതിന്നു പല പേരുകളും പറയുന്നു.)

ഏതായാലും കേരളത്തിലെ 'ആര്യവത്കരണം' നിസ്തുലമായ സംഘടനാശക്തിയുടെയും ധീരോദാത്തതയുടെയും വിജ്ഞാനവിതരണത്തിന്റെയും സർവ്വോപരി നിരന്തരമായ കായികാധ്വാനത്തിന്റെയും നീണ്ട കഥയാണ്. നൂററാണ്ടുകളിലെ പരിണാമപ്രക്രിയകളിലൂടെ ആര്യന്മാർ ഇവിടുത്തെ മണ്ണിലും മാനവഹൃദയങ്ങളിലും ആധിപത്യം സ്ഥാപിച്ചു. വേദങ്ങളും ഉപനിഷത്തുക്കളും ബ്രാഹ്മണങ്ങളും മററും ആ കാലഘട്ടത്തിന്റെ നിറപ്പകിട്ടാന്ന അവശിഷ്ടങ്ങളാണ്. പരശുരാമകഥ ആ അധ്വാനത്തിന്റെ പ്രതീകമാവാം. പ്രപഞ്ചത്തിലെ ഓരോ അണുവും ചലനവും ആന്തരസത്യത്തിന്റെ തെളിവുമാണെന്നും അധ്വാനമാണ് ജീവിതമെന്നും "ഏകം സന്തം ബഹുധാ കല്പയന്തി" എന്നും കാണാൻ കഴിഞ്ഞ പ്രതിഭാശാലികൾ കേരളത്തിന്നു നല്കിയ സംഭാവനകളുടെ പ്രതീകം.

## പതനത്തിന്റെ പ്രാരംഭം

പിന്നീട് അധികാരത്തിന്റെ ആനന്ദലഹരിയിൽ, ആലസ്യത്തിന്റെ പടുകുഴിയിലേയ്ക്കു തലകുത്തിവീണ നമ്പൂതിരിമാർക്ക ശക്തിമത്തായ തിരിച്ചടിയെയും വെല്ലുവിളികളെയും നേരിടേണ്ടിവന്നു എന്നതു മറെറാരു കാര്യമാണ്.

നിഷ്ക്രിയത്വത്തിന്നും അലസതയ്ക്കും ചരിത്രം മാപ്പു കൊടുക്കാറില്ല. കായികാധ്വാനത്തിന്റെ പ്രാധാന്യം വിസ്മരിച്ച നമ്പൂതിരി സ്വയാജ്ജിതമായ കൃഷിഭൂമി അന്യരെ ഏല്പിച്ചു. ഒരായിരം വട്ടം പിന്നെയും കേരളത്തിലെ ഫലപുഷ്ടമായ 'ഉവ്വര' കതിരണിഞ്ഞു. ഭാരതപ്പുഴയിലൂടെയും പെരിയാറിലൂടെയും നിരവധി ജലം ഒഴുകി അറബിക്കടലിൽ ചേൎന്നു. അവയുടെ തീരങ്ങളിൽ പൊന്നാര്യൻനെൽവയലുകൾ അലുക്കു ചാൎത്തി. സാഹചര്യംകൊണ്ടു സുഖിയനും അലസനുമായിത്തീൎന്ന നമ്പൂതിരി മററുള്ളവരുടെ അധ്വാനത്തിന്റെ ഫലഭോക്താക്കളായി അധഃപതിച്ചു. സാംസ്കാരികനേതാക്കളായി അവർ തുടൎന്നു. ആ മണ്ഡലത്തിൽ പിന്നെയും വളരെക്കാലം ആധിപത്യം ചെലുത്തി. സാഹിത്യാദികലകളിൽ നമ്പൂതിരിമാർ അവിസ്മരണീയമായ സേവനം അനുഷ്ഠിച്ചു. കാലാതിവൎത്തിയായി ഇന്നും അതു നിലനില്ക്കുന്നു.

## സാംസ്കാരികജീവിതത്തിൽ പിന്നെയും

വേദജ്ഞന്മാരായ നമ്പൂതിരിമാർ സംസ്കൃതപണ്ഡിതന്മാരുമായിരുന്നു. പ്രാചീനകാലത്തു സംസ്കൃതത്തിൽ അനൎഘങ്ങളായ നിരവധി കൃതികൾ നമ്പൂതിരിമാരുടേതായിട്ടുണ്ടു്. രാമചരിതം, ഉണ്ണുനീലിസന്ദേശം, കോകസന്ദേശം, ശുകസന്ദേശം, ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവീചരിതം, ആട്ടപ്രകാരവും ക്രമദീപികയും, വൈശികതന്ത്രം, ലീലാതിലകം തുടങ്ങിയ കൃതികൾ നമ്പൂതിരിമാരുടെ സംഭാവനകളാണു്.

പുതുമനസോമയാജി വിരചിച്ച കരണപദ്ധതി അത്ഭുതകരമായ ഒരു ഗണിതശാസ്ത്രഗ്രന്ഥമാണു്. ക്രി. പി. 1736-ൽ (കലിവൎഷം 4834-ൽ) എഴുതിയതാണിതെന്നു പറയുന്നു.

1820 മാൎച്ച് 3-ാംനു ബങ്കാളിൽ പ്രസിദ്ധീകരിച്ച ഒരു മാസികയിൽ ഈ കരണപദ്ധതിയെക്കുറിച്ചു് ഒരു ലേഖ

കൻ വിവരിക്കുന്നുണ്ട്. 1969 മേയ് 28-ാംനു-യിലെ മാതൃഭൂമിയിൽ ദെൽഹിയിൽനിന്നു കെ. പി. രാമുണ്ണിമേനോൻ എന്നൊരാൾ ഇതിനെക്കുറിച്ചെഴുതിയിരുന്നു. അതിപ്രകാരമാണ്:

"കേരളത്തിൽ തൃശ്ശൂർ എന്ന സ്ഥലത്തു പുതുമനസോമയാജി വിരചിച്ച 'കരണപദ്ധതി' എന്ന ശാസ്ത്രഗ്രന്ഥത്തിലെ ആറാംഅദ്ധ്യായത്തിൽ ഫലനത്തെ വിവരിക്കുന്ന ഏതാനും പദ്യങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. കൊല്ലവർഷം 911-ൽ എഴുതിയ പ്രസ്തുത ഗണിതശാസ്ത്രഗ്രന്ഥത്തിൽ പറയുന്ന ഗണിതസമ്പ്രദായം സോമയാജിപ്പാടിൻെറ പൂർവ്വികഗുരുപരമ്പരയിൽ 'യുക്തിഭാഷ' എന്ന പേരിൽ തദ്ദേശീയഭാഷയിൽ പഠിപ്പിച്ചുവരുന്നതാണെന്നും അതിനെ വരമൊഴിയിൽ (സംസ്കൃതത്തിൽ) ആക്കിയതാണെന്നും പറയുന്നു. ലിബ്നിട്ട്സും ന്യൂട്ടണും അവരുടെ സുപ്രസിദ്ധമായ നിഗമനങ്ങൾ പ്രസിദ്ധപ്പെടുത്തിയതിന്നു് എത്രയോ മുമ്പാണ് അത്ഭുതകരമായ ഈ ഗണിതശാസ്ത്രഗ്രന്ഥം നിർമ്മിച്ചതെന്ന കാര്യം ശ്രദ്ധേയമാണ്."

ഈ കരണപദ്ധതി തൃശ്ശൂരുള്ള പുതുക്കാട്ട് എന്ന ഒരു നമ്പൂതിരിയുടെയാണെന്നും ഒരു പക്ഷാന്തരമുണ്ട്. കരണപദ്ധതിയിലെ ചില ശ്ലോകങ്ങൾതന്നെ അതു വ്യക്തമാക്കുമെന്നും ഒരു സംസ്കൃതപണ്ഡിതൻ ഇയ്യിടെ പറയുകയുണ്ടായി.

അടുത്ത ദിവസം ഒരു പഴയ തറവാട്ടിൽ പല സംസ്കൃതഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഈ 'കരണപദ്ധതി' കാണുവാനിടയായതാണ് ഇതിവിടെ പരാമർശിക്കാൻ കാരണം.

മണിപ്രവാളകാലത്തിൻെറ സുവർണ്ണദശയെന്നു വിശേഷിപ്പിക്കാവുന്ന മദ്ധ്യകാലഘട്ടത്തിലും പുരാണകഥകളെ അവലംബിച്ചു നിരവധി ചമ്പുക്കളുണ്ടായിട്ടുണ്ട്. രാമായണ-ഭാരതചമ്പുക്കൾ, നൈഷധചമ്പു, രാവണവിജയം, രുഗ്മിണീസ്വയംവരം, കാമദഹനം, പാർവ്വതീസ്വയംവരം, പാരിജാതാപഹരണം

തുടങ്ങിയ പലതും അക്കൂട്ടത്തിൽ പെടും. ഇതിൽ രാമായണചമ്പു പുനംനമ്പൂതിരിയുടെയും നൈഷധചമ്പു മഴമംഗലത്തിന്റെയും ആണെന്നതു തക്കമററ സംഗതിയാണു്.

"മതുമതമണമോലും ഗദ്യപദ്യൈരനേകൈർ-
മദമിതി 'പുനം'മിന്നും ഭൂരി ഭൂചക്രവാളം"

എന്നു ചന്ദ്രോത്സവകർത്താവിനാൽ പ്രശംസിക്കപ്പെട്ട പുനം,

"താരിൽത്തന്വീകടാക്ഷാഞ്ചലമധുപകുലാ-
രാമ, രാമാജനാനാം........
..............................................................
ഹന്ത കല്പാന്തതോയേ...."

എന്നതിലെ "അന്ത ഹന്തയ്ക്കിന്ത പട്ടു്" ഉദ്ദണ്ഡശാസ്ത്രികളിൽനിന്നു സമ്മാനം വാങ്ങിയ ആളാണു്. പതിനെട്ടരക്കവികളിൽ ഒരാളായിരുന്നു അദ്ദേഹം.

നൈഷധം, രാജരത്നാവലീയം, കൊടിയവിരഹം, ബാണയുദ്ധം തുടങ്ങിയ ചമ്പുക്കളുടെയും രാസക്രീഡ, തിരുനൃത്തം, ദാരുകവധം, വിഷ്ണുമായാചരിതം, സതീസ്വയംവരം തുടങ്ങിയവയുടെയും കർത്താവാണു് മഴമംഗലം.

മണിപ്രവാളസാഹിത്യശാഖയിൽ സമുന്നതമായ ഒരു സ്ഥാനമുള്ള ചന്ദ്രോത്സവം പയ്യൂർഭട്ടതിരിമാരിൽ ഒരാളുടേതാണെന്നാണു് ചിലരുടെ നിഗമനമെങ്കിലും കയ്യറമ്പിന്നടുത്തു കാവു് എന്ന ഇല്ലത്തെ ഒരു നമ്പൂതിരിയുടെയാണെന്നു മറെറാരഭിപ്രായവും നിലവിലുണ്ടു്.

ആട്ടപ്രകാരം തോലമഹാകവിയുടേതാണെന്നാണു് പണ്ഡിതമതം. രസികശിരോമണിയായ അദ്ദേഹത്തിന്റെ ഫലിതങ്ങൾ ഇന്നത്തെ ഹാസസാഹിത്യകാരന്മാരും അനുകരിക്കുന്നതായി കാണാം.

KOTTAYAM PUBLIC LIBRARY ★ KOTTAYAM. ★

മാനവിക്രമസദസ്സിനെ അലങ്കരിച്ചിരുന്ന മഹാപണ്ഡിതന്മാരായി ഒമ്പതു പയ്യൂർഭട്ടതിരിമാരുടെ കഥ സുവിദിതമാണ്. ഷോഡശക്രിയാകാരികയുടെ കത്താവായ കിരാങ്ങാട്ടു ജയന്തൻനമ്പൂതിരിപ്പാട്, എടവെട്ടിക്കാട്ട്, പൂറയന്നൂർ പരമേശ്വരൻനമ്പൂതിരിപ്പാട് (ദശമംകിളിപ്പാട്ട്), തലക്കുളത്തൂർ ഭട്ടതിരി, കാക്കശ്ശേരി, കൂടല്ലൂർ നമ്പൂതിരിപ്പാടന്മാർ, ചേലപ്പറമ്പ്, ഉത്തരനൈഷധകത്താവായ ആശ്രർ മാധവൻഅടിതിരിപ്പാട്ട്, കല്ലൂർ നമ്പൂതിരിപ്പാട്, പൊല്പാക്കര നമ്പൂതിരിപ്പാട്, മന്ത്രേടത്തു നമ്പൂതിരിപ്പാട്, താഴമൺ പരമേശ്വരൻഭട്ടതിരിപ്പാട്, മഠം നാരായണൻനമ്പൂതിരി, അക്കിത്തം നാരായണൻ നമ്പൂതിരി, തെക്കേപ്പാട്ടു ജാതവേദൻനമ്പൂതിരി, കിള്ളിമംഗലത്തു നാരായണൻനമ്പൂതിരിപ്പാട്, പുലിയന്നൂർ നാരായണൻ നമ്പൂതിരിപ്പാട്, ചേന്നാസ്സ് നാരായണൻനമ്പൂതിരിപ്പാട് എന്നിങ്ങനെ ആ പട്ടിക നീണ്ടുപോകുന്നു. വിസ്തരഭയത്താൽ ചുരുക്കുകയാണ്.

KOTTAYAM PUBLIC LIBRARY ★ KOTTAYAM ★ 76909

ഭക്തിസാഹിത്യത്തിൽ വെന്നിക്കൊടി പറപ്പിച്ച ജ്ഞാനപ്പാനയുടെ കത്താവായ പൂന്താനത്തെയും കൃഷ്ണഗാഥാകത്താവായ ചെറുശ്ശേരിയെയും കേൾക്കാത്തവർ അപൂർവ്വമായിരിക്കും.

നാരായണീയകത്താവായ മേല്പത്തൂർ നാരായണഭട്ടപാദർ സുപ്രസിദ്ധനാണ്. അദ്ദേഹത്തിൻെറ ശാസ്ത്രകൃതികളിൽ പ്രഥമഗണനീയമെന്നു പറയാവുന്ന 'പ്രക്രിയാസർവ്വസ്വം' പ്രസിദ്ധിപെററതാണ്.

"രാസവിലാസവിലോലം
ഭജത മുരാരേർമനോരമം രൂപം
പ്രകൃതിഷു യത് പ്രത്യയവത്
പ്രത്യേകം ഗോപികാസു സമ്മിളിതം."

എന്ന മനോഹരമായ മംഗളശ്ലോകം സുപ്രസിദ്ധമാണ്. ചന്ദ്രികാവീഥി, മാനമേയോദയം, ധാതുകാവ്യം തുടങ്ങിയ ശാസ്ത്രഗ്ര

നാഥങ്ങളും സുഭദ്രാഹരണം, പാഞ്ചാലീസ്വയംവരം തുടങ്ങിയ പ്രബന്ധങ്ങളും അദ്ദേഹത്തിൻേറതായിട്ടുണ്ടു്.

മഴമംഗലത്തു ശങ്കരൻനമ്പൂതിരിയുടെ വകയായി കാലദീപകം, മുഹൂർത്തപദവി, ലഘുഭാസ്കരീയവ്യാഖ്യാ, പഞ്ചബോധം, ജാതകക്രമം എന്നീ കൃതികൾ അക്കാലത്തുണ്ടായിട്ടുണ്ടു്.

"ചഞ്ചൽച്ചില്ലീലതസ്സും പെരിയ മണമെഴും
പൂമുടിക്കും തൊഴുന്നേ—"

തുടങ്ങിയ സുപ്രസിദ്ധമുക്തകങ്ങളുടെ കർത്താവായ ചേലപ്പറമ്പിനെ മലയാളസാഹിത്യം വിസ്മരിക്കുന്നതെങ്ങനെ!

ആധുനികകാലഘട്ടത്തിലേയ്ക്കു കടന്നാലും സ്വന്തം വ്യക്തിമുദ്ര ചാർത്തിയ നിരവധി പേരെ കാണാം. വെൺമണി അച്ഛൻ, മഹൻ, പൂന്തോട്ടം അച്ഛൻ തുടങ്ങിയവരുടെ കൃതികൾ രചനാസൗഷ്ഠവം, ലാളിത്യം എന്നിവയാൽ ഒരിക്കൽ കേട്ടാൽ സാധാരണക്കാർക്കുപോലും അർത്ഥം ഗ്രഹിക്കാൻ കഴിയുന്നവയാണു്.

"താരാഹാരമലങ്കരിച്ചു തിമിര-
ച്ചൂഞ്ചായൽ പിന്നോക്കമി-
ട്ടാ രാകേന്ദുമുഖത്തിൽനിന്നു കിരണ-
സ്മേരം പൊഴിച്ചങ്ങനെ
ആരോമൽകനകാബ്ജകോരകകുചം
തുള്ളിച്ചൊരാമോദമോ-
ട്ടാരാലംഗനയെന്നപോലെ നിശയും
വന്നാളിതന്നാളഹോ"

ചമത്കാരഭംഗിയും ഓജസ്സും ഒത്തുചേർന്ന ഇത്തരം വർണ്ണനകൾ വെൺമണിപ്രസ്ഥാനത്തിൻേറ സംഭാവനകളാണു്.

നടുവത്തച്ഛൻ, മഹൻ, ഒറവങ്കര നീലകണ്ഠൻനമ്പൂതിരി, ശീവൊള്ളി നാരായണൻനമ്പൂതിരി, പുന്നശ്ശേരി നീലകണ്ഠശ

മ്മ, തെക്കാട്ടു നാരായണൻമൂസ്സ്, കവുത്തപാറ ദാമോദരൻന മ്പൂതിരി, വയസ്കര ആര്യൻ നാരായണൻമൂസ്സ്, ആലത്തൂർ അനുജൻനമ്പൂതിരിപ്പാട്, പിലാക്കുടി മധുസൂദനൻഭട്ടതിരി, വി. കെ. നാരായണഭട്ടതിരി, ഇ. വി. രാമൻനമ്പൂതിരി, വെം ബ്ലിയസ്സ് ലക്ഷ്മണൻനമ്പൂതിരി തുടങ്ങിയവർ കൈരളിയെ സേ വിച്ചവരാണ്.

സുപ്രസിദ്ധനായ ഒറവങ്കരരാജന്റെ,

"മർത്ത്യാകാരേണ ഗോപീവസനനിര കവ-
ന്നോരു ദൈത്യാരിയെത്താൻ
ചിത്തേ ബന്ധിച്ച വഞ്ചീശ്വര, തവ നൃപനീ-
തിക്കു തെററില്ല, പക്ഷേ,
പൊൽത്താർമാതാവു ഭർത്താവിനെ വിട്ടവതിനാ-
യാശ്രയിക്കുന്നു ദാസീ-
വൃത്ത്യാ നിത്യം ഭവാനെക്കനിവവളിലുദി-
ക്കൊല്ല, കാരുണ്യരാശേ"

എന്ന മുക്തകംപോലെ അർത്ഥപുഷ്ടിയും അലങ്കാരചാതുരിയും മു ററിത്തഴച്ചു നില്ക്കുന്ന എത്ര ശ്ലോകം മലയാളത്തിൽ വേറെ ഉദ്ധ രിക്കാനുണ്ട്? മുക്തകങ്ങൾക്കു സമ്പന്നമായ യൂറോപ്യൻഭാഷ കളിലെ ഭാവഗാനങ്ങളോടു തികച്ചും സജാതീയത്വമുണ്ട് എന്നു സർദാർ കെ. എം. പണിക്കർ ഒരിക്കൽ പറയുകയുണ്ടായി. നാ ലുപാദത്തിലൊരു ഭാവചതുരം രചിച്ച് അതിൽ സ്വയംപൂർണ്ണ മായ ഒരു ചിത്രം ഒതുക്കുന്നതിൽ മുക്തകകർത്താക്കൾ അസാമാ ന്യവിരുതു പ്രയോഗിച്ചതായിക്കാണാം.

വെൺമണിപ്രസ്ഥാനത്തിന്റെ ചുവടുപിടിച്ചു കാവ്യരച നയിൽ ഏർപ്പെട്ടിരുന്ന ശീവോള്ളി ഫലിതരസികനാണ്. മണി പ്രവാളശുദ്ധി, പദസ്വാധീനം, ഒഴുക്ക്, ഫലിതം എന്നിവ അ ദ്ദേഹത്തിന്റെ പ്രത്യേകതകളാണ്.

"കുന്നിക്കും കുറയാതെ കുന്നൊടു കുത്തു-
ମ്ബേറും കുചം പേറിടും
കുന്നിൻനന്ദിനി, കുന്ദബാണനു കൊല-
ക്കേസ്സൊന്നു പാസ്സായതിൽ
ഒന്നാംസാക്ഷിയതായ നീ കനിവെഴും-
വണ്ണം കടക്കണ്ണെട്ടു-
ത്തൊന്നെന്നിൽപ്പെരുമാറണേ—"

എന്നിങ്ങനെ മംഗളശ്ലോകങ്ങളിൽക്കൂടിയും അനവസരത്തിൽ ഫലിതം തിരുകിക്കയററുമെന്നു് അദ്ദേഹത്തെക്കുറിച്ചാക്ഷേപിക്കാറുണ്ടു്. പണ്ഡിതപാമരഭേദമെന്യേ ആസ്വാദ്യമാണദ്ദേഹത്തിൻെറ കൃതികൾ. സാരോപദേശശതകം, ദാത്യൂഹസന്ദേശം, മദനകേതനചരിതം, ദുസ്സ്വപ്നനാടകം, ഘോഷയാത്ര (തുള്ളൽ), എഴുത്തുകൾ, പലവകയായി മുക്തകങ്ങൾ, ഭാഷാന്തരങ്ങൾ തുടങ്ങിയവ അദ്ദേഹത്തിൻെറ സംഭാവനകളാണു്. അക്കാലത്തു 'മയൂരസന്ദേശ'ത്തെത്തുടൎന്നു സന്ദേശകാവ്യങ്ങൾ തുരുതുരെ പുറത്തുവന്നുതുടങ്ങിയതിനെ പരിഹസിച്ചെഴുതിയതാണു് 'ദാത്യൂഹ(നത്തു്)സന്ദേശം.'

സംസ്കൃതവും മലയാളവും ഒരുപോലെ കൈകാര്യംചെയ്തിരുന്ന ചതുശ്ശാസ്ത്രപണ്ഡിതനായിരുന്നു കറുത്തപാറ ദാമോദരൻ നമ്പൂതിരി. പട്ടാമ്പിസംസ്കൃതകലാലയത്തിൻെറ സ്ഥാപകനായ പുന്നശ്ശേരി നീലകണ്ഠശൎമ്മയുടെ സുഹൃത്തായിരുന്നു അദ്ദേഹം.

മഹാവിദ്വാനായിരുന്ന സാമൂതിരിപ്പാടു തമ്പുരാൻ അക്കാലത്തു നടത്തിയിരുന്ന 'സഹൃദയസമാഗമം' എന്ന വിദ്വത്സദസ്സിൽ പണ്ഡിതരാജൻ പുന്നശ്ശേരി നമ്പിയും കറുത്തപാറ ദാമോദരൻനമ്പൂതിരിയും അംഗങ്ങളായിരുന്നു. പണ്ഡിതന്മാരായിരുന്ന സദസ്യർ സംസ്കൃതത്തിൽ കവിതയുണ്ടാക്കാനാണിഷ്ടപ്പെട്ടിരുന്നതു്. ഒരു ദിവസം ഇവർ 'സഹൃദയസമാഗമ'ത്തിന്നു

ശേഷം കല്ലായി (കോഴിക്കോട്ട്) ലുണ്ടായിരുന്ന കെ. സി. കുമാരൻെറ പുസ്തകശാല സന്ദർശിച്ചുവത്രേ. അവിടെവെച്ചു കവിതയിൽ ഇങ്ങനെ ഒരു സംവാദം നടന്നു:

"അസ്തമലാതിവിശാലാ" (പുന്നശ്ശേരി നമ്പി)
"നിസ്തുലപേടീനിരസ്തമണിമാലാ" (വാസുണ്ണിമൂസ്സ്)
"വിസ്തൃതനാടകശാലാ" (കവിരാജൻ സാമൂതിരി)
"പുസ്തകശാലാ വിഭാതി രുചിലോലാ" (കറുത്തപാറ ദാമോദരൻനമ്പൂതിരി)

ഇങ്ങനെ നിരവധി കഥകളുണ്ട്. വിപുലമായ ഈ മണ്ഡലത്തെ സമഗ്രമായി ഒന്നെത്തിനോക്കാനുള്ള ശ്രമംപോലും അപൂൎണ്ണമായിരിക്കും. ബന്ധപ്പെട്ടവർ മാപ്പുതരുമല്ലോ.

തൃശ്ശൂർവടക്കുന്നാഥക്ഷേത്രച്ചുമരിൽ 'പ്രമഥനൃത്തം' എന്ന ലക്ഷണമൊത്ത ചിത്രത്തിൻെറ പണി പൂൎത്തിയായപ്പോൾ, അതു സ്വയം നൃത്തമാരംഭിച്ചു ദ്രഷ്ടാക്കളെ അമ്പരപ്പിച്ചതായ കഥ സുപ്രസിദ്ധമാണ്. ഒരു കാണിപ്പയ്യൂർ നമ്പൂതിരിപ്പാടായിരുന്നു അതിൻെറ ശില്പി എന്നാണ് പറയുന്നതു്. കുന്നിക്കുരുവിന്നകത്തു് ആനയെക്കൊത്തിയെടുത്ത ശില്പകലാവല്ലഭനായ മധുരത്താട്ടു നമ്പൂതിരിയെക്കുറിച്ചും നാം കേട്ടിട്ടുണ്ടു്.

പുരാതനകാലംമുതല്ക്കുതന്നെ കേരളീയരുടെ ആരോഗ്യസംരക്ഷണത്തിന്നുവേണ്ടി നിയമിതരായ അഷ്ടവൈദ്യന്മാർ ഇന്നും അവശേഷിക്കുന്നു. ഒരു പ്രോത്സാഹനവുമില്ലാതിരുന്നിട്ടും, അല്ലോപതിയുടെയും മററു സമ്പ്രദായങ്ങളുടെയും അധിപ്രസരം ഉണ്ടായിട്ടും, അഷ്ടവൈദ്യന്മാർ ഇന്നും കേരളീയരുടെ ആരോഗ്യജീവിതത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ടെന്ന കാര്യം നമുക്കറിയാം.

കേരളബ്രാഹ്മണർ എവിടെനിന്നു്, എങ്ങനെ, വന്നവരായാലും ഇവിടുത്തെ ജീവിതത്തിൽ അവരുടെ സംസ്കാരത്തിൻെറ

വേരുകൾ ആഴത്തിൽ ഇറങ്ങിയിരുന്നു എന്നതിൻെറ തെളിവുകളാണു് മേല്പറഞ്ഞതെല്ലാം.

"സർവ്വോത്കൃഷ്ടാ ജഗതി വിദിതാഃ
കേരളേഷു ദ്വിജേന്ദ്രാഃ—"

എന്നാണു് നമ്പൂതിരിമാരെക്കുറിച്ചു വേദശാസ്ത്രപാരംഗതനായിരുന്ന ഉദ്ദണ്ഡശാസ്ത്രികൾ വിശേഷിപ്പിച്ചിട്ടുള്ളതു്. ഇതു പഴയ കഥയാണു്. പഴയ പ്രതാപത്തിൻെറ പ്രഭാമണ്ഡലമെടുത്തണിഞ്ഞു്, പിന്നീടു വന്നുചേർന്ന അപചയങ്ങളെ മറയ്ക്കുകയല്ല. അതുകൊണ്ടെന്തു പ്രയോജനം?

കാലം മാറി. ഉത്ഥാനങ്ങളും പതനങ്ങളും ചരിത്രത്തിൻെറ ധർമ്മമാണു്. ആദ്യം കായികാദ്ധ്വാനത്തെ അവഗണിച്ച നമ്പൂതിരിമർ അനുക്രമമായി സാംസ്കാരികമണ്ഡലത്തിലും ഒളിമങ്ങി. ഒററപ്പെട്ടു. ഒരു കാലത്തു് അനിതരസാധാരണമാംവണ്ണം ഔത്കൃഷ്ട്യം പ്രാപിച്ചിരുന്ന സംസ്കൃതവിദ്യാഭ്യാസം പ്രചാരലുപ്തമായി. കാരണം, മനുഷ്യൻെറ ക്രയശക്തിയെ സംപുഷ്ടമാക്കാൻ അതിന്നു കഴിവില്ലെന്നായി. മേധാശക്തിയെ പോഷിപ്പിക്കാനും അതു പര്യാപ്തമല്ലെന്നു വന്നു. നവീനവിദ്യാഭ്യാസത്തിൻെറ പ്രചരണവും പാശ്ചാത്യസംസ്കാരത്തിൻെറ തിരനോട്ടവും നമ്പൂതിരിമാരുടെ 'ഭൂദേവത്വ'ത്തെ വെല്ലുവിളിച്ചു. കെട്ടുറപ്പു നശിച്ചു. അങ്ങിങ്ങു ചില മിന്നലൊളികൾ ഒഴിച്ചാൽ സമുദായം അന്ധകാരത്തിലായി. സാമൂഹ്യമണ്ഡലത്തിൽ സ്വയം നിർമ്മിച്ച വന്മതില്പുകൾക്കകത്തു നിന്നിരുന്ന നമ്പൂതിരി പുറമെ നടക്കുന്ന ചലനങ്ങളെ വിനാശകരമായ ഒരു പ്രതിഷേധത്തോടെ തുറിച്ചുനോക്കി. തിരിച്ചടി അനിവാര്യമായി ആരംഭിച്ചു.

# ഒരു പ്രസ്ഥാനം ജനിക്കുന്നു

## തമസ്സിലൊരു രജതരേഖ

പ്രാചീനകാലത്തെ തിരുനാവായകേരളസഭയും (മാമാങ്കം) തൃക്കണാമതിലകത്തെ കേരളനിയമനിർമ്മാണസഭയും തളിയാതിരിയുടെ സമൂഹഭരണവും നാമാവശേഷമായതോടെ നമ്പൂതിരിമാരുടെ അധഃപതനത്തിൻെറ ആരംഭം കുറിച്ചു. ആരും അതു ഗൗനിച്ചില്ല. സ്വന്തം പൈതൃകത്തെക്കുറിച്ച് അതിരുകടന്ന ആത്മവിശ്വാസത്തോടെ, തങ്ങൾ ഭൂദേവന്മാരും ഭൂസ്വാമികളും മാത്രമല്ല, ആധ്യാത്മികമണ്ഡലത്തിലെ അധിപതികൾക്കൂടിയാണെന്നു വന്നപ്പോൾ അലസജീവിതം സ്വാഭാവികമായി. ആത്മവിസ്മൃതിയിൽ, പരാശ്രയത്വമാകുന്ന പടുകുഴിയിൽ, തലകുത്തിവീണ നമ്പൂതിരി ഒന്നു പിടയാൻപോലും അശക്തനായിത്തീന്നു. സമുദായത്തട്ടിലുള്ള സ്ഥാനം നഷ്ടപ്പെട്ടു. വാരം, പൂരം, ഉത്സവം, കഥകളി, ആന എന്നിവയിലേയ്ക്കു നമ്പൂതിരിയുടെ ജീവിതസങ്കല്പങ്ങൾ ചുരുങ്ങി. അത്ഥബോധമില്ലാതെ വേദം ഉരുവിടൽമാത്രമായി വിദ്യാഭ്യാസം. ശാസ്ത്രാഭ്യസനം നാമാവശേഷമായി.

ബ്രിട്ടീഷാധിപത്യം ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തിന്നു പ്രാമുഖ്യം നല്കിയിരുന്നെങ്കിലും "നീചഭാഷാം ന ചാഭ്യസേത്" എന്നതായിരുന്നു അതിനോടുള്ള നമ്പൂതിരിയുടെ സമീപനം. രാജ്യകാര്യം അതിസമർത്ഥമായി ഒരു കാലഘട്ടത്തിൽ കൈയാളിയിരുന്ന നമ്പൂതിരി, സ്വന്തം ഗൃഹത്തിലെ കുളത്തിൽ ഭംഗിയിൽ കരിങ്കല്ലുപടവുകൾ നിർമ്മിച്ചു തൃപ്തിപ്പെട്ടു. മിഥ്യാഭിമാനത്തിന്റെ ഭസ്മലേപം നടത്തിയ നമ്പൂതിരിയുടെ ലലാടത്തിൽ പൊങ്ങച്ചത്തിന്റെ നമസ്കാരമുഴമാത്രം അവശേഷിച്ചു. 'ഉർവ്വര'യെ ഫലപുഷ്ടമാക്കാൻ ഉഴവുചാലു നിർമ്മിച്ച കൈകൾ ശോഷിച്ചു ദുർബ്ബലങ്ങളായി.

സാമൂഹികസാമ്പത്തികഘടനയുടെ ചട്ടക്കൂടിൽ നമ്പൂതിരിയുടെ സ്ഥാനം അങ്ങുമിങ്ങുമല്ലാതായി. പഴയ മൂല്യങ്ങൾ പുതിയവയ്ക്കു വഴി മാറുന്നു. പരിവർത്തനത്തിന്റെ അനുസ്യൂതപ്രവാഹത്തിൽ അലിഞ്ഞുചേരാൻ മടിച്ച സമുദായം ഒററപ്പെട്ടു. ഫലമോ? വിദ്വത്‌സദസ്സുകളിൽനിന്നു് ഊട്ടുപുരകളിലേയ്ക്കു നമ്പൂതിരി തലകുത്തിവീണു. ശോഷിച്ചുവന്നിരുന്ന ജന്മിത്വം ഊട്ടുപുരകളെയും കാലക്രമേണ ശൂഷ്കമാക്കി. ജാത്യഭിമാനവും ഒറക്കത്തിയ നാലുകെട്ടുകളും മാത്രം അവശേഷിച്ചു.

മററുള്ളവർ തങ്ങളെ മറികടന്നു് അതിവേഗം മുന്നോട്ടു പോകുന്നതു് അവർ കണ്ടില്ല; അഥവാ കണ്ടില്ലെന്നു നടിച്ചു.

അങ്ങനെ തമോമയമായ സമുദായാന്തരീക്ഷത്തിൽ ഒരു രജതരേഖപോലെ കൊല്ലവർഷം 1083 കുംഭം 18-ാംനു ശിവരാത്രിദിവസം സമുദായപുരോഗതിയെ ലക്ഷ്യമാക്കി 'നമ്പൂതിരിയോഗക്ഷേമമഹാസഭ' ഉടലെടുത്തു. അതു കാലത്തിന്റെ ഒരാവശ്യമായിരുന്നു.

## നവോത്ഥാനത്തിന്റെ ശംഖധ്വനി

പരിവർത്തനത്തിന്നുവേണ്ടിയുള്ള അടങ്ങാത്ത ദാഹം മനുഷ്യസ്വഭാവത്തിന്റെ ഒരു ഭാഗമാണു്. മനശ്ശാസ്ത്രപരമായ ഒരു സ

ത്യമാണതു്. ലക്ഷ്യനിർദ്ധാരണത്തോടുകൂടിയാവണമെന്നില്ല. നന്മയ്ക്കോ തിന്മയ്ക്കോ എന്നതു പ്രശ്നമല്ല. മാററം അയാൾ ആഗ്രഹിക്കുന്നു. ഈ പ്രവണതയ്ക്കു സാമൂഹികസ്വഭാവം ഉരുത്തിരിയുമ്പോഴാണു് പ്രസ്ഥാനങ്ങളും സംഘടനകളും രൂപംകൊള്ളുന്നതു്. വ്യക്തമായ ചില ലക്ഷ്യങ്ങളും നിശ്ചിതമായ പരിപാടികളും അപ്പോഴാണുണ്ടാവുന്നതു്. പ്രതിഭാസമ്പന്നരായ വ്യക്തികളുടെ കൂട്ടായ സംഭാവന അത്തരം സംഘടനകളെ നയിക്കുന്നു.

അടിമത്തമാകുന്ന അന്ധകാരത്തിൽ തപ്പിത്തടഞ്ഞു വഴിയറിയാതെ ഉഴന്നിരുന്ന ഭാരതീയജനസമൂഹം ദേശീയപ്രസ്ഥാനത്തിൻെറ ശംഖനാദം ശ്രവിച്ചു പകച്ചുനില്ക്കുന്ന ഒരു കാലമായിരുന്നു അതു്. ആ മന്ദ്രധ്വനിയുടെ അലകൾ നേരിയ തോതിൽ കേരളത്തിലും എത്തിയിരുന്നു. യോഗക്ഷേമസഭ ജന്മമെടുത്തതിന്നു് അഞ്ചു വഷം മുമ്പു്, 1903-ൽ, സേലം സി. വിജയരാഘവാചാരിയുടെ അധ്യക്ഷതയിൽ കോഴിക്കോട്ടുവെച്ചു് ഒരു രാഷ്ട്രീയസമ്മേളനം നടന്നുവെങ്കിലും പിന്നീടു് ഒന്നുമുണ്ടായില്ല. ഇരുപതാംനൂററാണ്ടിൻെറ രണ്ടാംദശകത്തിൽമാത്രമാണു് കേരളത്തിൽ കോൺഗ്രസ്സ്പ്രവത്തനം വേരോടിയതു്. പ്രത്യക്ഷമായിട്ടല്ലെങ്കിൽക്കൂടി, ഒരു നവോത്ഥാനത്തിന്നുവേണ്ടിയുള്ള ഭാരതീയജനതയുടെ വെമ്പലിൻെറ ഒരു ഭാഗമാവാം നമ്പൂതിരിയോഗക്ഷേമസഭയുടെ ആവിർഭാവം.

നദീതടങ്ങൾ നവീനസംസ്കാരങ്ങളുടെ ഉത്ഥാനത്തിന്നു് ഉയിരും ഓജസ്സും നല്കുന്ന ശാദ്വലപ്രദേശങ്ങളാണെന്നു പറയാറുണ്ടു്. ലോകത്തിലെ സംസ്കാരങ്ങൾക്കു നദീതടങ്ങളുമായുള്ള ബന്ധം അപരിച്ഛേദ്യമാണു്. സിന്ധുനദീതടസംസ്കാരം, ഗംഗാനദീതടസംസ്കാരം ഇവ ഭാരതത്തിൻെറ ചരിത്രഗതിയെത്തന്നെ നിയന്ത്രിച്ചവയാണു്.

മാമാങ്കത്തിൻെറ വീരേതിഹാസംകൊണ്ടും കേളികേട്ട മേഴത്തൂരഗ്നിഹോത്രിയുടെ പുണ്യകമ്മങ്ങൾകൊണ്ടും പരിപുഷ്ടമായ

നിളാനദിയുടെയും ആദിശങ്കരൻെറ ജന്മംകൊണ്ടു സംശുദ്ധവും സമ്പുഷ്ടവുമായ പെരിയാർതീരത്തിൻെറയും ഇടയിലുള്ള സമ്മിശ്രസംസ്കാരം ഉദാത്തമാണു്. നിരവധി പ്രസ്ഥാനത്തിൻെറ ഉദ്ഭവത്തിന്നും വികാസത്തിന്നും ഈ ഭൂവിഭാഗം സാക്ഷ്യംവഹിച്ചിട്ടുണ്ടു്. കലയുടെ കേദാരമെന്നും സംസ്കാരത്തിൻെറ ആസ്ഥാനമെന്നും ഇവിടം വിശേഷിപ്പിക്കപ്പെടുന്നു.

പെരിയാറിൻെറ തീരത്തു് ആലുവാശിവരാത്രിദിവസം ഉടലെടുത്ത യോഗക്ഷേമസഭ നമ്പൂതിരിയുടെ നവോത്ഥാനത്തിനുള്ള ശംഖനാദം മുഴക്കി.

> "നമ്പൂതിരിമാർക്കു വിദ്യാഭ്യാസസംബന്ധമായും ധർമ്മാചാരസംബന്ധമായും രാജനീതിസംബന്ധമായും ധനസംബന്ധമായും ഉള്ള അഭിവൃദ്ധി"യായിരുന്നു ലക്ഷ്യം

എന്നു വ്യക്തമാക്കപ്പെട്ടിരുന്നു. നമ്പൂതിരിയുടെ വ്യക്തിത്വം നഷ്ടപ്പെട്ടിരിക്കുന്നു എന്ന ബോധത്തിന്നു പുറമേ 1033-ൽ കുടിയായ്മയെസ്സംബന്ധിച്ച കൊച്ചിഗവമ്മേണ്ടു പുറപ്പെടുവിച്ച കല്പന (29—11—1907) യും ഇതിന്നു പ്രേരകമായി ഭവിച്ചു. 1083 മിഥുനത്തിൽ കുറൂർ ദാമോദരൻ(ഉണ്ണി)നമ്പൂതിരിപ്പാടുമുൾപ്പെട്ട ഒരു കമ്മിററിയെ കുടിയാൻനിയമസംബന്ധമായി വേണ്ടതു ചെയ്യുവാൻ നിയോഗിച്ചതിൽനിന്നു സഭയുടെ അടിയന്തരശ്രദ്ധയാകർഷിച്ച വിഷയം ഏതാണെന്നു സ്പഷ്ടമാക്കുന്നുണ്ടു്.

വടക്കില്ലത്തു ജാതവേദൻനമ്പൂതിരി, കപ്ലിങ്ങാട്ടു വൈദികൻ നീലകണ്ഠൻനമ്പൂതിരി, കിരാങ്ങാട്ടു വാസുദേവൻ(കുഞ്ഞനുജൻ)നമ്പൂതിരിപ്പാടു തുടങ്ങിയ ഒമ്പതുപേരൊപ്പിട്ടു പുറപ്പെടുവിച്ച നോട്ടീസിൻെറ അടിസ്ഥാനത്തിൽക്കൂടിയ പ്രാരംഭയോഗത്തിൽ ദേശമംഗലത്തു വലിയ ശങ്കരൻനമ്പൂതിരിപ്പാട്ടു് അദ്ധ്യക്ഷതവഹിച്ചു. പ്രസ്ഥാനത്തിന്നു സമുദായാംഗങ്ങളിൽനിന്നു സഹർഷമായ സ്വാഗതം ലഭിച്ചു. സമുദായത്തിൻെറ ഉപരിതല

ത്തിലുള്ള വൈദികൻ, വാധ്യാൻ തുടങ്ങിയവർ അതിൽ സഹ കരിച്ചു. ഒന്നാംവാർഷികത്തിലെ അധ്യക്ഷൻ പന്തൽ വൈദി കൻ വലിയ കൃഷ്ണൻനമ്പൂതിരിയായിരുന്നു.

നമ്പൂതിരിയോഗക്ഷേമസഭയുടെ സ്ഥാപകാംഗങ്ങളിൽ പ്ര ഥമഗണനീയരായിരുന്നു കുറൂർ ഉണ്ണിനമ്പൂതിരിപ്പാട്ടും ചിററൂർ നാരായണൻനമ്പൂതിരിപ്പാട്ടും (ആറാമൻ). പണ്ഡിതനും പ്രഗ ത്ഭനുമായിരുന്ന കുറൂർ ഉണ്ണിനമ്പൂതിരിപ്പാട്ട പ്രസ്ഥാനത്തിൽ വ്യക്തിമുദ്ര ചാർത്തിയ മഹാനാണ്. ഒരു ദശകത്തോളം അദ്ദേ ഹം സഭയെ അതിസമർത്ഥമായി നയിച്ചു. സഹൃദയനും സമൂഹ്യ പരിഷ്കർത്താവും വിദ്യാഭ്യാസതത്പരനും സർവ്വോപരി ഉദാരനു മായിരുന്ന ചിററൂർ നാരായണൻനമ്പൂതിരിപ്പാട്ട മഹാസഭയു ടെ ആദ്യകാലപ്രവർത്തനത്തിൻെറ ജീവനാഡിയായി വർത്തി ച്ചു. 1083 കുംഭത്തിലെ പ്രാരംഭംതൊട്ടു 1090 കുംഭം 17-ാംനു- വരെ മഹാസഭയുടെ ഖജാഞ്ചി അദ്ദേഹമായിരുന്നു.

ഇടപ്പിള്ളി ശങ്കരരാജാവ്, തിരുനാവായ വാധ്യാൻ, ചെ റുമുക്കുവൈദികന്മാർ, കപ്ലിങ്ങാട്ടുവൈദികന്മാർ, പന്തൽവൈദി കൻ, കൈമുക്കുവൈദികൻ, വരിക്കാശ്ശേരി നമ്പൂതിരിപ്പാട്ട്, കി രാങ്ങാട്ട നമ്പൂതിരിപ്പാട്ട്, കാണിപ്പയ്യൂർ നമ്പൂതിരിപ്പാടന്മാർ, വഞ്ഞിപ്പുഴപ്പണ്ടാരത്തിൽ, കൂടല്ലൂർ നമ്പൂതിരിപ്പാട്ട്, മേശമംഗ ലം-ഒളപ്പമണ്ണ നമ്പൂതിരിപ്പാടന്മാർ, ശിവൊള്ളി നാരായണൻ നമ്പൂതിരി, വെള്ളിമനസുബ്രഹ്മണ്യൻപോററി (ബി. എ.), പെ രുമ്പടപ്പു വൈദികൻ, സ്മാർത്തൻ പട്ടച്ചോമാർ, പൂമുള്ളി നമ്പൂതി രിപ്പാട്ട്, ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ, മഹാമഹോപാധ്യായൻ കിള്ളിമംഗലത്തു നാരായണൻനമ്പൂതിരിപ്പാട്ട്, കുമാരമംഗല സ്സ്നമ്പൂതിരിപ്പാട്ട്, കാഞ്ഞൂർനമ്പൂതിരിപ്പാട്ട്, മാത്തൂർവാസുദേ വൻനമ്പൂതിരിപ്പാട്ട്, വടക്കിനിയേടത്തു നമ്പൂതിരിപ്പാട്ട്, വെ ള്ളക്കാട്ട ഭട്ടതിരി, കൂടലാററുപുറത്തു നമ്പൂതിരിപ്പാട്ട്, പാതാക്ക ര-ഒരുപുലാശ്ശേരിനമ്പൂതിരിപ്പാടന്മാർ, കരിയന്നൂർ വാസുദേ

വൻനമ്പൂതിരി, മപ്പാട്ട-പുറയന്നൂർനമ്പൂതിരിപ്പാടന്മാർ, പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരി, കാടമ്പററനമ്പൂതിരിപ്പാട്, പശ്ചൻ രാമൻനമ്പൂതിരി തുടങ്ങിയ നിരവധിപേർ അക്കാലത്തെ പ്രവർത്തനങ്ങളിൽ പങ്കെടുത്തവരാണു്.

## ചിറവൂർ'സ്വരൂപം'—ചരിത്രത്തിൽ

പ്രാചീനകേരളത്തിൻെറ രാഷ്ട്രീയ-സാമൂഹ്യചരിത്രത്തിൽ 'ചിറവർസ്വരൂപം' (അങ്ങനെയാണു് ചരിത്രരേഖകളിൽ കാണുന്നതു്) ഭരണസംബന്ധമായ പല അധികാരങ്ങളും വഹിച്ചിരുന്നതായിക്കാണാം. കേരളചക്രവർത്തിമാരായിരുന്ന 'കുന്നലക്കോനാതിരി'(സാമൂതിരി)മാർ പല അധികാരങ്ങളും അവകാശങ്ങളും ചിറവർമനയ്ക്കലേയ്ക്കു കൊടുത്തിരുന്നു.

ചരിത്രത്തിൻെറ ഗതിയെപ്പോലും തിരിച്ചുവിട്ട നിരവധി സംഭവങ്ങൾക്കു സാക്ഷ്യം വഹിച്ച പന്നിയൂർശ്രീവരാഹമൂർത്തിക്ഷേത്രവും പെരുമനത്തുക്ഷേത്രവുമായിരുന്നു ചിറവർസ്വരൂപത്തിലെ മൂലം. ഈ ക്ഷേത്രങ്ങളിലെ മേല്ക്കോയ്മസ്ഥാനം ചിറവർമനയ്ക്കലേയ്ക്കായിരുന്നു. പന്നിയൂർവരാഹമൂർത്തിക്ഷേത്രത്തിലെ മേല്ക്കോയ്മസ്ഥാനത്തിനുവേണ്ടി കേരളത്തിലെ രാജാക്കന്മാർ തമ്മിൽ ഘോരയുദ്ധങ്ങൾതന്നെ നടത്തിയിട്ടുണ്ടു്. ക്ഷേത്രസങ്കേതത്തെ ചുററിപ്പററിയായിരുന്നു് അന്നു് അധികാരം നിലനിന്നിരുന്നതു്. രാഷ്ട്രീയമായ പല ഉപജാപങ്ങളും ഇവിടെനിന്നാണു് രൂപം പ്രാപിച്ചിരുന്നതു്. അധികാരച്ചെങ്കോലുകൾ ഒടിഞ്ഞു തകർന്നതിന്നും പുതിയവ ചെത്തിമിനുക്കിയതിന്നും ഈ സങ്കേതം സാക്ഷ്യംവഹിച്ചിട്ടുണ്ടു്.

> "പന്ത്രണ്ടുകാലം തികയുമ്പോൾ...........അറുപത്തിനാലു ഗ്രാമത്തിൽ ഉള്ള ബ്രാഹ്മണർ ഒക്കക്കൂടി........മലയാളം രക്ഷി ........മലയാളം രക്ഷിക്കാൻ അവരോധിച്ച ക്ഷത്രിയരാജാവി

നെ പന്നിയൂർക്കു കൊണ്ടുവന്നു തേവരെ തൊഴുവിക്കുക പതിവുണ്ടായിരുന്നു)........

"വാതിൽമാടത്തിൽ അടിയന്തരയോഗത്തിൽ ക്ഷേത്ര-സമുദായക്കോയ്മ ആയിട്ടു (ചിററർ) തമ്പുരാൻതന്നെ........അടിയന്തരവട്ടം ഇരിക്കുന്നു. കടമ്പനാട്ടു നമ്പിയാതിരി ഉള്ളിലുടത്ത വാളുമായി........(കാവൽ) നില്ക്കണം........ഭണ്ഡാരത്തിന്റെ താക്കോൽ ചിററർസ്വരൂപത്തിങ്കൽത്തന്നെ ആകുന്നതു്........ചിററർസ്വരൂപത്തിങ്കേന്നു് ഈ അടിയന്തരത്തിന്നു വരുമ്പോൾ........പള്ളിത്തണ്ടിൽ വരുന്നു........രണ്ടു കുത്തുവിളക്കും വേണം. തൃക്കൺപാർക്കുമ്പോൾ വീരാളിപ്പട്ടു ചാത്തണം."

(ചിററർസ്വരൂപം ഗ്രന്ഥവരിയിൽനിന്നു്)

തുടന്നു പെരുമാക്കന്മാരുടെ അവരോധച്ചടങ്ങും വിവരിക്കുന്നു. മടിയിൽ വെള്ളിനാഴികൊണ്ടു് അരിയളക്കുന്നതു 'സമുദായ'സ്ഥാനവും മേല്ക്കോയ്മസ്ഥാനവുമുള്ള ചിററർനമ്പൂതിരിയാണെന്നും അതിൽ പറഞ്ഞിട്ടുണ്ടു്. പരദേവതയായി 'തിരുവലക്കയ്യൂർ' (തിരുവെള്ളക്കാവു്) ശാസ്താവും 'ത്വരിത' എന്ന 'കിരാതീ'മൂത്തിയായ ചേല്പിൽഭഗവതിയും സ്വരൂപത്തിലെ ചുമതലകൾ നിർവ്വഹിക്കുവാൻ കനിഞ്ഞിരുന്നതായും പറയുന്നുണ്ടു്.

ഇതിന്നുംപുറമെ ഊരകംക്ഷേത്രത്തിലും തിരുവാലൂർക്ഷേത്രത്തിലും (ഈ ക്ഷേത്രം ഇപ്പോഴത്തെ ആലുവാകോളേജിന്നു സമീപമാണു്) ചിററർനമ്പൂതിരിപ്പാടിന്നു പല അധികാരാവകാശങ്ങളുണ്ടായിരുന്നതായി ചരിത്രരേഖകളുണ്ടു്. പെരുവനം ക്ഷേത്രത്തിന്റെ കീഴേടമായിരുന്ന ഊരകംക്ഷേത്രം പണികഴിപ്പിച്ചതു ചിററർ, അവണാവു് എന്നീ കുടുംബങ്ങളിൽനിന്നാണു്. പിന്നീടു പെരുമ്പടപ്പു്-നെടിയിരിപ്പുകലഹങ്ങളുടെ ഫലമായി അമ്പലം തീവെയ്ക്കലും വീണ്ടും നിർമ്മിക്കലും പല

ത്തും നടന്നിട്ടുണ്ടു്. തിരുവാലൂർക്ഷേത്രത്തിൽ ഊരാഴ്മക്കാരെ നിയമിക്കാനും നിഷ്കാസനം ചെയ്യാനുമുള്ള അധികാരം ചിററൂർ സ്വരൂപത്തിലേയ്ക്കായിരുന്നു.

ചിററൂർസ്വരൂപത്തിന്നുണ്ടായിരുന്ന പ്രാബല്യത്തിൻെറയും പ്രാമാണ്യത്തിൻെറ വ്യാപ്തി തെളിയിക്കാനുതകുന്ന ഒന്നുരണ്ടു സംഭവങ്ങൾകൂടി വിവരിക്കാം:

പന്ത്രണ്ടുവർഷം കൂടുമ്പോൾ തിരുനാവായമണപ്പുറത്തു നടന്നിരുന്ന മാമാങ്കമഹോത്സവത്തിനു സാമൂതിരിപ്പാട്ടു നിലപാട്ടു നില്ക്കുമ്പോൾ വലതുവശം ചിററൂർനമ്പൂതിരിപ്പാട്ടും നില്ക്കണമെന്നായിരുന്നു നിയമം. സാമൂതിരിക്കു് ഏതെങ്കിലും മുടക്കമുണ്ടായാൽ ചിററൂർനമ്പൂതിരിയാണു് 'നിലപാട്ടു' നില്ക്കുക.

"താമിതിരിപ്പാട്ടിന്നു മാമങ്കത്തിന്നു നിലപാടുനിന്നരുളിക്കൂടാതെ മുടക്കമായിട്ടു (പകരം ചിററൂർ അച്ഛൻതമ്പുരാൻ) നിലവാടുനിന്നു് അരുളീട്ടു് ഇങ്ങോട്ടെഴുന്നള്ളുമ്പോൾ പാഷാണമായിട്ടുള്ള വാക്കു തിരുനാവായനമ്പൂതിരിമാർ പറകകൊണ്ടു്........"

(ഗ്രന്ഥവരിയിൽനിന്നു്)

തുടങ്ങിയതു നമ്പൂതിരിയുടെ സ്ഥാനവ്യാപ്തിക്കുദാഹരണമാണു്. ഇതിന്നുംപുറമെ, ഒരു സാമൂതിരി അന്തരിച്ചാൽ അടുത്ത സാമൂതിരിയുടെ അരിയിട്ടുവാഴ്ച കഴിയുന്നതുവരെയുള്ള ഇടക്കാലത്തു സാമൂതിരിയുടെ പ്രതിപുരുഷനായി എല്ലാ രേഖകളിലും ഒപ്പു വെയ്ക്കാനുള്ള അധികാരം ചിററൂർനമ്പൂതിരിപ്പാടിനാണു്. മഹർഷിതുല്യരായ മഹാത്മാക്കൾക്കു ജന്മം നല്കിയ ആ കുടുംബത്തിലാണു് സർവ്വരൂപമയിയായ ഭഗവതിയെ പ്രത്യക്ഷയാക്കിയ സാക്ഷാൽ ചിററൂർവാസുദേവൻനമ്പൂതിരിപ്പാട്ടു ജനിച്ചതു്. അദ്ദേഹത്തെ ചുററിയുള്ള ഐതിഹ്യത്തെ ആധാരമാക്കി മനോഹരമായ ഒരു ഖണ്ഡകാവ്യംതന്നെ വിരചിതമായിട്ടുണ്ടു്.

## ഭാവിയിലെ മുഖച്ഛായകൾ:

സമുദായപ്രസ്ഥാനത്തിന്നു ജീവൻ നല്കിയ പ്രമുഖരായ ചില വ്യക്തികളെ പരാമർശിക്കാൻവേണ്ടിയാണു് ഇത്രയും പശ്ചാത്തലം ഇവിടെ കുറിച്ചതു്. സമുദായപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ചിറ്റൂർനമ്പൂതിരിപ്പാടന്മാർ പ്രമുഖമായ പങ്കു വഹിച്ചിട്ടുണ്ടു്. ചിറ്റൂർ നാരായണൻനമ്പൂതിരിപ്പാടു കുടുംബത്തിൽ ആറാമനായിരുന്നു. എന്നിട്ടും അദ്ദേഹം സ്വജാതിയിൽ വിവാഹം കഴിച്ചു് 27 വർഷം കുടുംബഭരണവും പൊതുപ്രവർത്തനവും നടത്തിയതു യാദൃച്ഛികമാണു്. കനിഷ്ഠന്നു സ്വജാതിയിൽ വിവാഹം അന്നത്തെ വഴക്കമനുസരിച്ചു നിഷിദ്ധമായിരുന്നു. അഞ്ചു സഹോദരന്മാരിൽ രണ്ടുപേർ നേരത്തെ അന്തരിച്ചു. പരിവേദനം ഒഴിവാക്കാൻവേണ്ടി രണ്ടുപേർ വിവാഹം കഴിച്ചു. ആർക്കും സന്തതിയുണ്ടായില്ല. സന്തത്യർത്ഥമാണു് നാരായണൻ നമ്പൂതിരിപ്പാടു വേളികഴിച്ചതു്. ശക്തനും ജനസമ്മതനുമായ അദ്ദേഹത്തിൽ കുടുംബഭാരം വന്നു വീഴുകയും ചെയ്തു.

സാമൂഹ്യപുരോഗതിയിൽ തീവ്രമായ ആവേശമുണ്ടായിരുന്ന അദ്ദേഹത്തിന്നു തന്റെകൂടി ഉത്സാഹത്തിൽ സ്ഥാപിച്ച നമ്പൂതിരിയോഗക്ഷേമമഹാസഭയോടു് അതിയായ താത്പര്യമുണ്ടായതു സ്വാഭാവികമാണല്ലോ. അദ്ദേഹം സ്വപുത്രനെപ്പോലെ അതിനെ താലോലിച്ചു—അദ്ദേഹത്തിന്റെ മാനസപുത്രനായിരുന്നു യോഗക്ഷേമമഹാസഭ എന്നു പറയാം.

യോഗക്ഷേമസഭയുടെ ആവിർഭാവത്തിന്നുശേഷം ഏകദേശം ഒന്നരവർഷം തികഞ്ഞപ്പോഴാണു് നാരായണൻനമ്പൂതിരിപ്പാടിന്റെ രണ്ടാമത്തെ പുത്രൻ — രണ്ടർത്ഥത്തിലും—ജനിച്ചതു്. 1085 ചിങ്ങമാസത്തിൽ കൊച്ചിമഹാരാജാവു് അത്തച്ചമയം ആഘോഷിച്ചുകൊണ്ടിരിക്കുമ്പോൾ. കൂട്ടത്തിൽ പറയട്ടെ: 1082-ൽ ജനിച്ച പ്രഥമപുത്രൻ കൗമാരദശയിൽത്തന്നെ ഇഹ

ലോകം വെടിഞ്ഞിരുന്നു. അങ്ങനെ ത്രിവിക്രമനെന്ന കുഞ്ഞൻ മാത്രം അവശേഷിച്ചു.

കൂടല്ലൂർ ദിവാകരൻനമ്പൂതിരിപ്പാടിൻെറ അദ്ധ്യക്ഷതയിൽ 1085-ൽ നടന്ന യോഗക്ഷേമസഭയുടെ രണ്ടാംവാഷിർകംമുതലാണു് സമുദായപുരോഗതിക്കടിസ്ഥാനമായ ആധുനികവിദ്യാഭ്യാസകാര്യത്തിൽ പ്രായോഗികമായ തീരുമാനങ്ങളുണ്ടായതു്—പിന്നീടു് 1094-ൽ എടക്കുന്നിയിൽ ആരംഭിച്ചതും ഇക്കഴിഞ്ഞ മാർച്ചുമാസത്തിൽ തൃശ്ശൂർവെച്ചു സുവർണ്ണജൂബിലി ആഘോഷിച്ചതുമായ നമ്പൂതിരിവിദ്യാലയസ്ഥാപനത്തിനുള്ള പ്രവൎത്തനത്തിൻെറ അടിസ്ഥാനമിട്ടതു് 1085-ലെ രണ്ടാംവാഷിർകത്തിൽവെച്ചാണു്. വിദ്യാഭ്യാസകാര്യത്തിൽ ഉറച്ച കാൽവെപ്പോടെ മുന്നോട്ടു പോകാനുള്ള ആ തീരുമാനത്തിൻെറ പിന്നിൽ ചിറവർ ആറാമൻെറ സുശക്തമായ കൈകളാണു് പ്രവൎത്തിച്ചതു്.

1085 സാമൂഹ്യപരിഷ്കരണസംരംഭത്തിൽ ഒരു നവോത്ഥാനത്തിൻെറ പ്രാരംഭം കുറിച്ചു. വേദശാസ്ത്രാഭിജ്ഞരായ നമ്പൂതിരിമാർ രാജസിംഹാസനത്തോടു തുല്യമായ പദവി വഹിച്ചിരുന്നു. ചലനാത്മകസമൂഹത്തിൽ ആചാരാനുഷ്ഠാനങ്ങളും മൂല്യസങ്കല്പങ്ങളും പരിവൎത്തനവിധേയമായതോടെ സ്ഥിതിഗതികൾ മാറി. ഈ അന്തരാളഘട്ടത്തിലാണു് സ്വാഭാവികമായി സമുദായനേതാക്കൾ ചിന്തിക്കാനാരംഭിച്ചതു്.

കാലത്തിൻെറ വെല്ലുവിളിയെ നേരിടാനുള്ള നിശ്ചയദാർഢ്യം പ്രകടരൂപംപൂണ്ട അതേ വഷർത്തിലാണു് പിന്നീടു പ്രസ്ഥാനത്തെ വഷർങ്ങളോളം സമത്ഥർമായി നയിക്കുന്നതിൽ പ്രമുഖപങ്കു വഹിച്ച ചിറവർ കുഞ്ഞൻനമ്പൂതിരിപ്പാടു ജനിച്ചതെന്നതും യാദൃച്ഛികസംഭവമാവാം.

സമുദായപരിഷ്കരണപ്രസ്ഥാനം പുതിയ മേഖലയിലേയ്ക്കു ശ്രദ്ധ തിരിച്ച അതേ വഷർത്തിൽത്തന്നെയാണു് ദേശീയപ്രസ്ഥാനത്തിനു നായകത്വം വഹിച്ചിരുന്ന കോൺഗ്രസ്സിൻെറ ഒരു

ശാഖ കേരളത്തിൽ നിലവിൽ വന്നതു്. അതിന്നുമുമ്പുതന്നെ കേരളീയരായ പലരും കോൺഗ്രസ്സിൽ താത്പര്യം പ്രകടിപ്പിച്ചിരുന്നു എന്നതു ശരിയാണു്. 1897-ൽ അമരാവതികോൺഗ്രസ്സിന്റെ അധ്യക്ഷൻ കേരളീയനായ സർ സി. ശങ്കരൻനായരായിരുന്നു. ബാരിസ്റ്റർ ജി. പി. പിള്ള (മദ്രാസ് സ്റ്റാൻഡേർഡ് പത്രാധിപർ), വി. രൈരുനമ്പ്യാർ, സി. കുഞ്ഞിരാമമേനോൻ, മന്നത്തു കൃഷ്ണൻനായർ, ഡോക്ടർ ടി. എം. നായർ, സി. കരുണാകരമേനോൻ (ഹിന്ദുപത്രാധിപർ) തുടങ്ങി പ്രമുഖരായ പല മലയാളികളും കോൺഗ്രസ്സ്സമ്മേളനങ്ങളിൽ പങ്കെടുക്കാറുണ്ടായിരുന്നു എങ്കിലും കേരളത്തിൽ അതിന്റെ വ്യക്തമായ അലകൾ എത്തിയിരുന്നില്ല. 1910-ലാണു് ആദ്യമായി കേരളത്തിൽ സി. കുഞ്ഞിരാമമേനോൻ സിക്രട്ടറിയായി ഒരു ജില്ലാകോൺഗ്രസ്സ്കമ്മിററി രൂപീകൃതമായതു്. പിന്നീട്ട ഹോംറൂൾലീഗിന്റെ കൊട്ടങ്കാററു് ആഞ്ഞടിച്ചതോടെ കെ. പി. കേശവമേനോൻ, കെ. പി. രാമുണ്ണിമേനോൻ, പി. എം. കുഞ്ഞഹമ്മദ് തുടങ്ങിയവരുടെ നേതൃത്വത്തിൽ സജീവമായിത്തീർന്ന ജില്ലാകോൺഗ്രസ്സിന്റെ ആവിർഭാവം അന്നാണു്.

രാഷ്ട്രീയപരാധീനതയ്ക്കെതിരായി പട പൊരുതാനുള്ള ആവേശം കേരളത്തിൽ നാമ്പെടുത്ത അതേ കാലത്തുതന്നെയാണു് സ്വയം വേലികെട്ടിനുള്ളിൽ ഒററപ്പെട്ടുകഴിഞ്ഞിരുന്ന നമ്പൂതിരിമാർ മററുള്ളവരോടൊപ്പം കാലത്തിന്റെ ചലനത്തിനനുസരിച്ചു നീങ്ങണമെന്ന ആശയം കുമ്പെടുത്തതും.

കേരളത്തിലെ ഇതരവർഗ്ഗങ്ങളും ഇക്കാലത്തു പുരോഗതിയുടെ രാജപഥത്തിലൂടെ മുന്നേറിക്കൊണ്ടിരിക്കുകയായിരുന്നു. ഭരണമേധാവികളായ ബ്രിട്ടീഷുകാരുടെ മതാനുയായികളെന്ന നിലയിൽ കൃസ്തീയവർഗ്ഗം ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തിൽ മുന്നണിയിൽ നിന്നു. തന്മൂലം വിദ്യാഭ്യാസ-വ്യവസായമണ്ഡലത്തിലേയ്ക്കു് അവർ കുതിച്ചുകയറി. ഭൂസ്വാമികളായ നമ്പൂതിരി

മാരിൽനിന്നു പാട്ടത്തിനു ലഭിച്ച ഭൂമിയിൽ അവർ അധ്വാനിച്ചു. തരിശുഭൂമികൾ തെളിയിച്ചു. മിഷനറിമാരുടെ പിന്തുണയോടെ ഇവിടെ വിദ്യാലയങ്ങൾ സ്ഥാപിച്ചു. സാഹസികരായ അവർ പരിഷ്കൃതസമുദായത്തിന്റെ മുന്നണിയിലേയ്ക്കു് അതിവേഗം നീങ്ങുകയായിരുന്നു.

നമ്പൂതിരിമാരുടെ അടിയാന്മാരും കുടിയാന്മാരുമായിരുന്ന നായന്മാരും ആ കെട്ടുപാടിൽനിന്നു കുതറിക്കൊണ്ടിരുന്നു. നായർ സർവ്വീസ് സൊസൈററിവഴി തിരുവിതാംകൂറിൽ പ്രത്യേകിച്ചും അവർ സംഘടിച്ചു. ചങ്ങനാശ്ശേരിക്കടുത്ത പെരുന്നയിൽ മന്നത്തു പത്മനാഭപിള്ള സിക്രട്ടറിയായി ഒരു കരയോഗം ആരംഭിച്ചതു് 1085-ാമാണ്ടിലാണു്. പിന്നീടു 'നായർഭൃത്യസംഘം' 1090 തുലാം 15-ാംനു നായർ സർവ്വീസ് സൊസൈററിയായി രൂപം പ്രാപിച്ചു.

ആധുനികവിദ്യാഭ്യാസം ഉദ്യോഗലബ്ധിയിലേയ്ക്കും അതുവഴി രാജ്യകാര്യങ്ങളിൽ സ്വാധീനം ചെലുത്തുന്നതിനും ഉതകുമെന്ന നിലയിൽ ആ വഴിക്കവർ മുന്നോട്ടു നീങ്ങി. നമ്പൂതിരിമാരുടെയും തമ്പുരാക്കന്മാരുടെയും മക്കളായിരുന്ന അവർക്കതിനു സൗകര്യം സുലഭമായിരുന്നു. കേരളത്തിന്റെ പടയാളികളായിരുന്ന തങ്ങളുടെ പൂർവ്വികരുടെ അപദാനങ്ങളിൽനിന്നു് അവർ ആവേശം ആർജ്ജിച്ചു. ആധുനികവിദ്യാഭ്യാസം അവരെ പല ഉയർന്ന മണ്ഡലങ്ങളിലേയ്ക്കും അനായാസമായി എത്തിച്ചു. നമ്പൂതിരിമാരുമായുള്ള സാമൂഹ്യബന്ധങ്ങളെ അവർ പുനരവലോകനം ചെയ്യാൻ തുടങ്ങി.

ഈഴവരും പിന്നിലായിരുന്നില്ല. മഹാനായ ശ്രീനാരായണഗുരുവിന്റെ ധാർമ്മികവും ആധ്യാത്മികവുമായ നേതൃത്വത്തിൽ അവർ സംഘടിച്ചു. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു'' എന്ന മുദ്രാവാക്യവുമായി തൊട്ടുകൂടാ, തീണ്ടിക്കൂടാ എന്നിങ്ങനെയുള്ള സവർണ്ണാനാചാരങ്ങൾക്കെതിരായി അവർ

പടപൊരുതി. തങ്ങൾക്കു പ്രവേശനം അനുവദിക്കാത്ത സവ ർണ്ണരുടെ ആരാധനാലയങ്ങളെ വെല്ലുവിളിച്ചുകൊണ്ടു കേരളത്തി ലവിടവിടെ അവർ സ്വന്തം ക്ഷേത്രങ്ങൾ നിർമ്മിച്ചു; പ്രതിഷ്ഠി ച്ചു. 1910-ലാണ് തലശ്ശേരിയിൽ സുപ്രസിദ്ധമായ സുന്ദരേശ്വ രക്ഷേത്രംനിർമ്മിച്ച ശ്രീനാരായണഗുരു പ്രതിഷ്ഠ നടത്തിയതു്.

ഇങ്ങനെ വിദ്യാഭ്യാസത്തിലും കാർഷികരംഗത്തും അനുക്രമ മായി ആധിപത്യം കരസ്ഥമാക്കിക്കൊണ്ടിരുന്നവർ ഭരണരംഗ ത്തും സ്വാധീനംചെലുത്താൻ തുടങ്ങി. ഇതിൻെറ ഫലമായി ജന്മി-കുടിയാൻബന്ധങ്ങളിൽ ചില പരിഷ്കാരങ്ങൾ വരുത്തു ന്ന രാജകീയനിയമങ്ങൾ നടപ്പിൽവരാൻ തുടങ്ങി. നമ്പൂ തിരിമാർ ജന്മികളും കുടിയാന്മാർ മററുള്ളവരുമാണ്. നമ്പൂതി രിമാർ പാട്ടം വാങ്ങി വാരവും പൂരവുമായി അലസജീവിതം നയിക്കുന്നവരാണ്. തന്മൂലം അത്തരം നിയമങ്ങൾ കാര്യമായി ബാധിച്ചതു നമ്പൂതിരിമാരെയാണ്. തിരുവിതാംകൂറിൽ കൊല്ല വർഷം 1071-ലെ 5-ാംറെഗുലേഷൻ, കൊച്ചിഗവർമ്മേണ്ടു 1083-ൽ കുടിയായ്മസ്സംബന്ധിച്ച പുറപ്പെടുവിച്ച കല്പന, 1090-ലെ 2-ാം (കാണം) റഗുലേഷൻ, 1081-ലെ 1-ാംറെഗു ലേഷൻ (ധർമ്മസ്ഥാപനനിയമം) തുടങ്ങിയവ അക്കാലത്തു സമു ദായപ്രവർത്തകർക്കു തലവേദനയുണ്ടാക്കിക്കൊണ്ടിരുന്ന രാജകീ യശാസനങ്ങളാണ്.


തങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഈ നിയമങ്ങൾ ക്കെതിരായി യോഗക്ഷേമസഭ വിശദമായ ചർച്ചകൾ നടത്തി. പല നിർദ്ദേശങ്ങളും നിവേദനങ്ങളും ബന്ധപ്പെട്ട ഗവർമ്മേണ്ടു കൾക്കു സമർപ്പിച്ചു. ഫലം ഒന്നുമുണ്ടായില്ല. എന്നാൽ അതിനു ള്ള ശാശ്വതപരിഹാരം സ്വന്തം ഭൂമിയിൽ അധ്വാനിക്കുകമാ ത്രമാണെന്ന പ്രായോഗികവശത്തെക്കുറിച്ചു നേരിയ ചില ശ ബ്ദങ്ങൾ അങ്ങിങ്ങുയർന്നതല്ലാതെ പ്രവൃത്തിരൂപത്തിലേയ്ക്കു് അതു കടന്നില്ലെന്നതു വ്യസനകരമായ ഒരു വസ്തുതയാണ്. അധ്വാ

നിക്കുന്നവരുടെ ലോകമാണു് തങ്ങളുടെ മുന്നിൽ ;നിവന്നുവരുന്നതെന്നു ചുരുക്കം ദീർഘദർശികൾ മനസ്സിലാക്കിയെങ്കിലും അതിന്നു പ്രസക്തിയുണ്ടായില്ല. ചിരസ്ഥായിയായി സമുദായത്തിൽ പടന്നുപിടിച്ചിരുന്ന ആലസ്യത്തിന്നു മൂടുപടമെന്നപോലെ വയലിലിറങ്ങി കരിപിടിക്കുന്നതും തുമ്പയെടുക്കുന്നതും ആചാരലംഘനമാണെന്നുവരെ നമ്പൂതിരി സൗകര്യപൂർവ്വം പറഞ്ഞുവെച്ചിരുന്നു. ആചാരം ലംഘിക്കുകയോ? വയ്യാ. അപ്പോൾ മുൻനില സ്ഥാപിക്കാനായി ശ്രമം. ചരിത്രം പുറകോട്ടു പോകുമോ?

## കർമ്മവിപാകം–അപഹാരദശ

ചിററൂർ നാരായണൻനമ്പൂതിരിപ്പാടു സമുദായപ്രവൎത്തനത്തിൽമാത്രം തന്റെ കർമ്മശേഷിയെ ഒതുക്കിനിർത്തിയ ആളായിരുന്നില്ല. ഇന്നു കേരളത്തിലെ ഏററവും നല്ല ഹൈസ്ക്കൂളുകളിൽ ഒന്നായി അറിയപ്പെടുന്ന സി. എൻ. എൻ. ഹൈസ്ക്കൂൾ (ഇപ്പോൾ രണ്ടു്) ആ മഹാശയന്റെ സംഭാവനയാണു്. ആ സരസ്വതീക്ഷേത്രത്തിലൂടെ ജീവിതായോധനത്തിന്നുള്ള വിജ്ഞാനം സമ്പാദിച്ച ഭാരതത്തിന്റെ നാനാഭാഗത്തും ഔദ്യോഗികനിലയിലും അല്ലാതെയും ജീവിതം നയിക്കുന്ന ആയിരക്കണക്കിനാളുകൾ ആ ക്രാന്തദർശിയുടെ പൊതുസേവനത്തിന്റെ പതാകാവാഹകരാണു്. ചേർപ്പിന്നു ചുററും തിങ്ങിപ്പാർക്കുന്ന ജനവിഭാഗം ഈ വിദ്യാസ്ഥാപനത്തോടും അതിന്റെ സ്ഥാപകനോടും കടപ്പെട്ടിരിക്കുന്നു. ഇന്നും അതു തുടരുന്നു. വരുന്ന തലമുറയിലും അതു വെളിച്ചംവീശും. പഞ്ചായത്തുസഭ, പരസ്പരസഹായസംഘം, റജിസ്ത്രർകച്ചേരി തുടങ്ങിയ പൊതുവാവശ്യങ്ങളിലും അദ്ദേഹം അതീവശ്രദ്ധാലുവായിരുന്നു.

"അരുതരുതു വിരോധം; ഭിന്നവൎഗ്ഗങ്ങളെല്ലാ-
മൊരു ചരടിലിണക്കിക്കോർത്ത പുഷ്പങ്ങളത്രേ;



കുഞ്ഞൻനമ്പൂതിരിപ്പാടിന്റെ പിതാവ്
നാരായണൻനമ്പൂതിരിപ്പാട്

പൊരുളിതു തെളിവാക്കികേരളത്തിൻെറ നന്മ-
യ്ക്കൊരുമയൊടിനി യത്നം ചെയ്യുവിൻ നാട്ടുകാരേ.''

എന്ന മുഖമുദ്രയുമായി ഊരകത്തുനിന്നു് അക്കാലത്തു പ്രസിദ്ധീകരിച്ച 'കേരളകേസരി' എന്ന സാംസ്കാരികമാസികയുടെ ജന്മദാതാക്കളിൽ പ്രധാനി ചിററൂർ ആറാമനായിരുന്നു. കേരളത്തിലെ രാഷ്ട്രീയസാമൂഹ്യമണ്ഡലങ്ങളിൽ ഒരു കൊടുങ്കാററുപോലെ വർത്തിച്ച പ്രസിദ്ധവാഗ്മിയും പണ്ഡിതനുമായിരുന്ന പാലിയത്തു ചെറിയ കുഞ്ഞുണ്ണിയച്ഛനായിരുന്നു അതിൻെറ പത്രാധിപരെങ്കിലും, അതിസമർത്ഥമായി അതിനെ നിയന്ത്രിച്ചിരുന്നതു ചിററൂർ നാരായണൻനമ്പൂതിരിപ്പാടായിരുന്നു. സമുദായോത്കർഷവും നാടിൻെറ സമഗ്രമായ പുരോഗതിയും സമാന്തരമായിരിക്കണമെന്ന വിശാലസങ്കല്പമായിരുന്നു അദ്ദേഹത്തിൻെറ പ്രവർത്തനത്തിൻെറ ആധാരശില.

ഒന്നാംലോകയുദ്ധം കൊടുമ്പിരിക്കൊണ്ടിരുന്ന 1092-ൽ യുദ്ധപ്പിരിവിന്നുവേണ്ടി സി. എൻ. എൻ. ഹൈസ്കൂളിൽ ഒരു പ്രദർശനം നമ്പൂതിരിപ്പാടു സംഘടിപ്പിച്ചു. അതിൽ അദ്ദേഹം പ്രകടിപ്പിച്ച അസാധാരണമായ സംഘടനാസാമർത്ഥ്യത്തെ പ്രകീർത്തിച്ചുകൊണ്ടു പ്രദർശനം ഉദ്ഘാടനംചെയ്ത അന്നത്തെ കൊച്ചി ഇളയതമ്പുരാൻ ഇങ്ങനെ പ്രസ്താവിച്ചു:

''ബഹുമാന്യനായ ഒരു സ്വദേശാഭിമാനി എന്ന നിലയിൽ നമ്പൂതിരിപ്പാട്ടു് അനവരതം ചെയ്തുവരുന്ന പ്രശസ്തകൃത്യങ്ങളുടെ സ്വാദുഫലങ്ങൾ അനുഭവിക്കുന്ന ദേശവാസികൾ ഭാഗ്യവാന്മാരാണു്. സ്വാർത്ഥത്തെ ത്യജിച്ചു പരാർത്ഥത്തെമാത്രം മുൻനിർത്തി അദ്ദേഹം ചെയ്തിട്ടുള്ള ഓരോ കൃത്യത്തെയും പ്രശംസിക്കുവാൻ 'രണ്ടായിരം രസനയുള്ളോരനന്തനാലും' സാധ്യമല്ല. ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസപ്രചരണത്തിന്നും കൃഷകരുടെ അഭിവൃദ്ധിക്കും സാമാന്യജനങ്ങളുടെ ഋണബാധയിൽനിന്നുള്ള മോചനത്തിന്നും ഐകമത്യം, സ

ഹകരണം മുതലായ സദ്ഗുണങ്ങളെ പ്രതിഷ്ഠിക്കുന്നതിന്നു് ഉത്തമമായ ജീവിതമാൎഗ്ഗങ്ങളെ സമ്പാദിച്ചുകൊടുക്കുന്നതിന്നും ബദ്ധകങ്കണനായ നമ്പൂതിരിപ്പാടിൻെറ ഏതേതു പ്രവൎത്ത നമാണു് കൂടുതൽ സ്തുത്യൎഹമെന്നു വിവേചിക്കുക വിഷമ മാണു്........''

അന്നത്തെ പരിതസ്ഥിതിയിൽ ഒരു പ്രവരനു് ഇതിൽപ്പരം ഒരു പ്രശംസയും അംഗീകാരവും വേറെ എന്തു വേണം?

1087-ൽ യോഗക്ഷേമസഭ 4-ാംവയസ്സിലേയ്ക്കു പ്രവേശി ച്ചപ്പോഴേയ്ക്കും സഭയുടെ സന്ദേശം കേരളത്തിലങ്ങോളമിങ്ങോളം എത്തിയിരുന്നു. തിരുവനന്തപുരത്തുവെച്ചു നടന്ന നാലാംവാ ൎഷികത്തിലെ അധ്യക്ഷനായ എടപ്പിള്ളി ശങ്കരരാജാവും നമ്പൂ തിരിമാരിൽ ആദ്യമായി ബി. എ. ഡിഗ്രിയെടുത്ത സുബ്രഹ്മ ണ്യൻപോററിയും ആധുനികവിദ്യാഭ്യാസം നമ്പൂതിരിയുടെ ഒഴി ച്ചുകൂടാത്ത ആവശ്യമാണെന്നു് ഊന്നി പ്രസ്താവിച്ചു. സുബ്രഹ്മ ണ്യൻപോററി ഒരടികൂടി മുന്നോട്ടു വെച്ചു. സ്ത്രീവിദ്യാഭ്യാസത്തെ യും അദ്ദേഹം പരാമൎശിച്ചു. യോഗക്ഷേമസഭാവേദിയിൽ അതു പുത്തരിയായിരുന്നു; അക്കാലത്തു് അചിന്ത്യവുമായിരുന്നു. പോ ററി അന്നുന്നയിച്ച സ്ത്രീവിദ്യാഭ്യാസം പ്രായോഗികതലത്തിലാ വിഷ്കരിക്കാൻ സമുദായത്തിന്നു പിന്നെയും രണ്ടു ദശകങ്ങൾ കാ ത്തിരിക്കേണ്ടിവന്നു.

ഇതിനെത്തുടൎന്നു നമ്പൂതിരിമാരുടെ വിദ്യാഭ്യാസാൎത്ഥം ചി ല സ്ഥാപനങ്ങൾ ഉയൎന്നുവരികയുണ്ടായി. അന്നത്തെ തിരുവി താംകൂർദിവാനായിരുന്ന പി. രാജഗോപാലാചാരി വിദ്യാഭ്യാ സത്തിന്നു വേണ്ട സൗകര്യം ചെയ്യാമെന്നു സമ്മതിച്ചു. കുളക്കട സ്പെഷ്യൽ സ്കൂൾ (നമ്പൂതിരിമാൎക്കുവേണ്ടി) മണ്ണടിയിൽ സ്ഥാ പിച്ചതു് ആ വൎഷത്തിലാണു്. പിന്നീടു് 1090-ൽ തെക്കൻ തോട്ടറയിലും ഇടപ്പിള്ളിയിലും പ്രത്യേകപാഠശാലകൾ സ്ഥാ പിച്ചു. പെരിങ്ങോട്ടുകരയിൽ അതിന്നുള്ള ശ്രമം നടന്നു.

കിള്ളിമംഗലത്തു പന്നിശ്ശേരി ഒരു സംസ്കൃതവിദ്യാലയം സ്ഥാപിച്ചതും ഇക്കാലത്താണ്. അതു് അദ്ദേഹത്തിൻെറ മാനേജ്മെണ്ടിൽ ഒരൊന്നാന്തരം ഹൈസ്കൂളായി ഇന്നും നടക്കുന്നുണ്ടു്.

ആധുനികവിദ്യാഭ്യാസകാര്യത്തിൽ അന്നു നമ്പൂതിരിമാരുടെ സ്ഥിതി എന്തായിരുന്നു? സമുദായത്തിലൊട്ടാകെയുണ്ടായിരുന്ന 11000-ത്തോളം അംഗങ്ങളിൽ ഇംഗ്ലീഷ്ഭാഷ അറിയാവുന്നവരുടെ എണ്ണം കേവലം 44 ആയിരുന്നു—ആയിരത്തിനു 4 പേർ. അതും യോഗക്ഷേമസഭ സ്ഥാപിച്ച 1083-നുശേഷം. ഇന്നത്തെ യുവാക്കൾ അമ്പരന്നേയ്ക്കും.

ആചാരബദ്ധനായിരുന്ന നമ്പൂതിരിയെ ആധുനികവിദ്യാഭ്യാസം നേടുന്നതിൽനിന്നു പ്രതിബന്ധങ്ങളുടെ ആഴമേറിയ ഉൾക്കടലുകൾ തടഞ്ഞുനിർത്തിയതാണീ വിപര്യയത്തിനു കാരണം. 'ഷോഡശസംസ്കാരം' നിഷ്കൃഷ്ടമായി ആചരിച്ചിരുന്ന നമ്പൂതിരിക്കു പൊതുവിദ്യാലയത്തിൽ പഠിക്കാൻ വയ്യാ. ആറോ ഏഴോ വയസ്സിൽ ഉപനയിച്ചാൽ പിന്നെ ബ്രഹ്മചാരീവ്രതമാണ്. വേദം ഉരുവിട്ടു പഠിക്കേണ്ട കാലം. (അതു നാമമാത്രമായി അധഃപതിച്ചു എന്നു വെച്ചോളൂ.) ആചാരലോപം വരുത്താൻ സമുദായം സന്നദ്ധമായില്ല. എന്നുതന്നെയല്ല, ആചാരലംഘകരെ സമുദായം വളഞ്ഞുവെച്ച് കുററപ്പെടുത്തും. പ്രത്യേകസൗകര്യങ്ങളോടുകൂടി വിദ്യാലയങ്ങൾ വേണം. അതില്ലതാനും. അപ്പോൾ എന്തു ചെയ്യും? ഈ പരിതഃസ്ഥിതിയിലാണ് പ്രത്യേകവിദ്യാലയങ്ങൾ അവിടവിടെ പൊന്തിവന്നതു്. അതുകൊണ്ടു് ഉദ്ദേശിച്ച ഫലം ഉണ്ടായി എന്നു പറഞ്ഞുകൂടാ. ആചാരങ്ങളുടെ കെട്ടുപാടിൽനിന്നു മോചനം നേടുകയോ അനുഷ്ഠാനങ്ങൾക്കു ഭംഗം വരാത്തവിധം പാഠപദ്ധതി ആവിഷ്കരിക്കുകയോ വേണം. ഇതു രണ്ടും ശ്രമസാധ്യമായിരുന്നു. തന്മൂലം വിദ്യാഭ്യാസ

പ്രചരണം പ്രസംഗമണ്ഡപങ്ങളിലെ അന്തരീക്ഷത്തിൽനിന്നു പ്രായോഗികതലത്തിലേയ്ക്കു പെട്ടന്നു നീങ്ങിയില്ല. എങ്കിലും,

"പൗരുഷേണ പ്രയത്നേന
ദുർല്ലഭം കിം നു വിദ്യതേ"

എന്ന മുദ്രാവാക്യം ഉച്ചത്തിൽ മുഴക്കിക്കൊണ്ടു കുറൂർ ഉണ്ണിനമ്പൂതിരിപ്പാടു് ഇക്കാലത്തു സമുദായത്തിൽ അത്യുഗ്രമായ കൊടുങ്കാററുതന്നെ അഴിച്ചുവിട്ടു. വിദ്യാഭ്യാസത്തിന്നുള്ള താല്പര വർദ്ധമാനമായ തോതിൽ സമുദായത്തിൽ ശ്രദ്ധമൂലമായി. അതിന്നു തടസ്ഥമായി നില്ക്കുന്ന ആചാരാനുഷ്ഠാനങ്ങളെ കാലോചിതമായി പരിഷ്കരിക്കണമെന്നുവരെ പലരും വാദിച്ചു. വിദ്യാദാനത്തിന്നു പ്രായോഗികരൂപം നല്കാനുള്ള മുറവിളി പ്രചണ്ഡമായി ആഞ്ഞടിച്ചു. മദിരാശിനിയമനിർമ്മാണസഭയിൽ യോഗക്ഷേമസഭയുടെ പ്രേരണംവഴി പി. കുഞ്ഞിരാമൻനായർ ഒരു നിവേദനം സമപ്പിച്ചതു് ഇക്കാലത്താണു്. 1090-ൽ യോഗക്ഷേമസഭയിൽനിന്നു നേരിട്ടു മദിരാശിഗവർണ്ണർക്കു് ഒരു നിവേദനം സമപ്പിച്ചു. അന്നു മഹാസഭാസിക്രട്ടറിയായിരുന്ന കിരാങ്ങാട്ടു വാസുദേവൻനമ്പൂതിരിപ്പാടു് ഇംഗ്ലീഷിലുള്ള പ്രസ്തുതനിവേദനം, അതിന്നുവേണ്ടി സ്വയം ഇംഗ്ലീഷ് പഠിച്ചു്, വായിച്ചുസമപ്പിച്ചതു് അന്നത്തെ ആവേശത്തിൻെറ മികച്ച നിദശ്നമാണു്.

1090 തുലാം 1-ാംനു- കൊല്ലങ്കോട്ടു വാസുദേവരാജാവിൻെറ കോവിലകത്തുവെച്ചു ഗവർണ്ണരെ കണ്ട ഈ നിവേദകസംഘത്തിൽ പൂമുള്ളി ഉപ്പൻനമ്പൂതിരിപ്പാടു്, ഒളപ്പമണ്ണ നാരായണൻനമ്പൂതിരിപ്പാടു്. ചെറുമുക്കു വൈദികൻ, തിരുവായവാധ്യാൻ, കുറൂർ ഉണ്ണിനമ്പൂതിരിപ്പാടു്, ചിററൂർ നാരായണൻനമ്പൂതിരിപ്പാടു് എന്നിവരുമുണ്ടായിരുന്നു.

യോഗക്ഷേമസഭയുടെ 7-ാംവാഷികത്തിൽവെച്ചു് ഇംഗ്ലീഷ്‌വിദ്യാഭ്യാസം പ്രചരിപ്പിക്കുവാൻ രൂപീകൃതമായ കമ്മി

ററിയിൽ അംഗമായിരുന്നു മേല്പറഞ്ഞവർ. പിന്നീട്ട് ഒമ്പതാം വാൎഷികത്തിൽവെച്ചു കുറൂർ ഉണ്ണിനമ്പൂതിരിപ്പാടു സിക്രട്ടറിയായി പ്രത്യേകവിദ്യാലയത്തിൻെറ പാഠക്രമം, ഭരണരീതി, സാമ്പത്തികപ്രശ്നങ്ങൾ എന്നിവയെക്കുറിച്ചു പഠിച്ചു റിപ്പോർട്ടു ചെയ്യാൻ രൂപീകരിച്ച കമ്മിററിയിലും ചിററൂർ നാരായണൻനമ്പൂതിരിപ്പാട്ട്, കൊല്ലങ്കോട്ടു മാധവരാജാ, ദേശമംഗലം, പൂമുള്ളി തുടങ്ങിയവർ സജീവമായി പ്രവൎത്തിച്ചവരാണ്.

## 'നമ്പൂതിരികോൺഗ്രസ്സ്'

'നമ്പൂതിരികോൺഗ്രസ്സ്'' എന്ന് അക്കാലത്തു പത്രങ്ങൾ വിശേഷിപ്പിച്ച യോഗക്ഷേമസഭയുടെ 8-ാംവാൎഷികം വള്ളുവനാട്ടുതാലൂക്കിലെ ഒളപ്പമണ്ണവെച്ച് അതിവിപുലമായ തോതിൽ നടന്നു. സാമ്പത്തികമായി സമുദായത്തിൻെറ ഉത്തുംഗശൃംഗത്തിൽ വൎത്തിക്കുന്ന പൂമുള്ളി തുപ്പൻനമ്പൂതിരിപ്പാടായിരുന്നു അദ്ധ്യക്ഷൻ. അതിൻെറ അല സഭാതലത്തിൽ പ്രതിഫലിക്കുകയും ചെയ്തു. ''വെള്ളിമഴ പെയ്ത വെള്ളിനേഴിവാൎഷികം'' എന്നാണതിനെ ചരിത്രം വിശേഷിപ്പിക്കുന്നത്. ഒരു തരത്തിൽ സമുദായം ഒന്നടക്കം സഹകരിച്ച ഘട്ടമാണത്. വൈദിക-വാദ്ധ്യാന്മാർമുതൽ ഏററവും താഴ്ന്ന പടിയിലുള്ളവർ വരെ നിലഭേദം ഗൗനിക്കാതെ ഏകാഭിപ്രായക്കാരായി അതിൽ പങ്കെടുത്തു. അതിന്നുശേഷം ചില ചീററലും പൊട്ടലുമുണ്ടായി. ചില വിഭാഗക്കാർ പ്രസ്ഥാനത്തിൽനിന്നു പിന്തിരിഞ്ഞു. പിന്നീടത് എക്കാലവും തുടരുകയും ചെയ്തു. ഈ നില വെച്ചു നോക്കുമ്പോൾ സമുദായത്തിൻെറ സമ്പൂൎണ്ണരൂപമാണ് വെള്ളിനേഴി'നമ്പൂതിരികോൺഗ്രസ്സ്'' എന്നു പറയാം.

മറെറാരു പ്രത്യേകതയും ഈ സമ്മേളനത്തിന്നുണ്ട്. ഇംഗ്ലീഷറിയാവുന്ന ഏതാനുംപേർ ചേൎന്നു ശ്രീ: സി. എസ്സ്. സുബ്രഹ്മണ്യൻപോററി(എം. എ.)യുടെ അദ്ധ്യക്ഷതയിൽ ഒരു 'ഇം

ഗ്ലീഷ് വിദ്യാഭ്യാസകോൺഫറൻസ്" ഏർപ്പെടുത്തിയതു് അതി പ്രധാനമായ കാൽവെപ്പാണു്. സഭവകയായി ഒരു വിദ്യാലയം സ്ഥാപിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു ഭരണസഭക്കു സമർപ്പിക്കാനാണതു രൂപംകൊണ്ടതു്.

ഉദ്ബുദ്ധനായ അധ്യക്ഷൻെറ പ്രസംഗം ആവേശകരമായിരുന്നു. നമ്പൂതിരിയുടെ പൂർവ്വികർ വിദ്യകൊണ്ടും ബുദ്ധിശക്തികൊണ്ടും ഭരണതന്ത്രജ്ഞാനംകൊണ്ടും ഉയർന്ന നിലയിലുള്ളവരായിരുന്നുവെന്നു കേരളചരിത്രം ഉദ്ധരിച്ചുകൊണ്ടു കേരളത്തിൻെറ നാനാഭാഗത്തുനിന്നും എത്തിച്ചേർന്നിരുന്ന 700-ൽപ്പരം പ്രതിനിധികളെ അധ്യക്ഷൻ അനുസ്മരിപ്പിച്ചു. നൂററാണ്ടുകളോളം കേരളം വിസ്മയകരമായ പാടവത്തോടെ ഭരിച്ച നമ്പൂതിരിക്കു നേരിട്ട അധഃപതനത്തിൻെറ മൂലകാരണം വിദ്യാഭ്യാസത്തിലും ആചാരാനുഷ്ഠാനത്തിലും കാലോചിതമായ പരിഷ്കാരം വരുത്താത്തതാണെന്നു് അധ്യക്ഷൻ ഊന്നിപ്പറഞ്ഞു. മൂലം മറന്നാൽ വിസ്മൃതിയാണു് എന്ന കാര്യം സമുദായാംഗങ്ങളെ അദ്ദേഹം താക്കീതുചെയ്തു.

'നമ്പൂതിരിമാരുടെ വിദ്യാഭ്യാസം' എന്ന വിഷയത്തെക്കുറിച്ചുള്ള പ്രമേയം അവതരിപ്പിച്ചുകൊണ്ടു് അപ്രതിമപ്രതിഭാശാലിയായ കുറൂർ ഉണ്ണിനമ്പൂതിരിപ്പാട്ടു് അന്നു ചെയ്ത ആവേശോജ്ജ്വലമായ പ്രസംഗം വിസ്മയകരമായ ഫലമാണുളവാക്കിയതു്. പ്രസംഗാവസാനത്തിൽ വിദ്യാലയമൂലധനത്തിന്നു് ഉദാരമായി സംഭാവനചെയ്യാൻ സദസ്യരോടഭ്യർത്ഥിച്ചപ്പോൾ ഉണ്ടായ പ്രതികരണമാണു് 'വെള്ളിമഴ പെയ്ത വെള്ളിനേഴി വാർഷിക'ത്തെ അനപത്ഥമാക്കിയതു്. വടിക്കിനിയേടത്തു ശ്രീധരൻനമ്പൂതിരിപ്പാട്ടു്, അധ്യക്ഷനായ പൂമുള്ളി തുപ്പൻനമ്പൂതിരിപ്പാട്ടു് എന്നിവർ ഉടനെ 5000ക. വീതം വാഗ്ദാനംചെയ്തു. തുടർന്നു 30000ത്തിൽപ്പരം ഉറുപ്പികയുടെ വാഗ്ദാനം 15 മിനിട്ടിനുള്ളിൽ ലഭിച്ചു.

അന്നത്തെ 'നമ്പൂതിരികോൺഗ്രസ്സ്' കേരളീയരുടെമാത്രമല്ല, ഭാരതീയരുടെപോലും ശ്രദ്ധയെ ആകർഷിച്ചിരുന്നു. സഭയ്ക്കു ഹാജരാവാൻ സാധിക്കാത്തതിൽ ഖേദിച്ചുകൊണ്ടു സന്ദേശമയച്ചവരിൽ, ഹോംറൂൾലീഗിന്റെ പ്രണേതാവായ ആനി ബസന്റ്, പി. എസ്സ്. ശ്രീനിവാസശാസ്ത്രി, അപ്പൻതമ്പുരാൻ തുടങ്ങിയ രാഷ്ട്രീയ-സാമൂഹ്യനേതാക്കളും ഉൾപ്പെട്ടിരുന്നു.

യോഗക്ഷേമസഭയുടെ വാർഷികങ്ങളിലേയ്ക്കു് ഇത്തരം സന്ദേശങ്ങൾ അയച്ചവരുടെ കൂട്ടത്തിൽ, ജി. കെ. ദേവധാർ, സി. രാജഗോപാലാചാരി, മഹാദേവദേശായി, സത്യമൂർത്തി, സരോജനീനായഡു, മുത്തുലക്ഷ്മിറെഡ്ഡി, ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയവരുടെ പേരുകൾ സ്മരണീയമാണു്.

"Namboodiri is awake alive, and kicking. From the report that has come to us of the proceedings of the 'Namboodiri Congress' and 'English Educational Conference' we are certainly glad to find that he has determined to work out his own salvasion. We have always held that reform, so far the community is concerned should come from with in and without.

God—and Goverment—help those who help themselves is a truism, the value of which the Namboodiries have realised.... ..."

(west-coast Spectator, 1916 മാർച്ച് 16-ാംനു-)

ലാഹോറിലെ 'ദയാനന്ദ് ആംഗ്ലോ-വേദിക്‌കോളേജ്' പോലെ നമ്പൂതിരിമാരുടെ സംസ്കാരം നശിപ്പിക്കാതെ ഇംഗ്ലീഷ്‌വിദ്യാഭ്യാസം നടത്തുന്നതിന്നു് ഒരു 'ആംഗ്ലോ-വേദിക്‌കോളേജ്' സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് എഴുതിയ ഒരു

മുഖപ്രസംഗത്തിൽനിന്നാണു് മേലുദ്ധരിച്ചതു്. യോഗക്ഷേമസഭയുടെ പ്രവത്തനം കേരളത്തിൻെറ സമഗ്രമായ പുരോഗതിയെ സഹായിക്കുമെന്നു കുറൂർ ഉണ്ണിനമ്പൂതിരിപ്പാട്ട സഭയിൽ ചെയ്ത ഉജ്ജ്വലപ്രസംഗത്തെ പ്രശംസിച്ചുകൊണ്ടു 'സമുദായദീപിക', 'ലോകപ്രകാശം', 'മലയാളമനോരമ', 'കേരളപത്രിക', 'ചക്രവത്തി'തുടങ്ങിയ പത്രങ്ങൾ മുഖപ്രസംഗങ്ങളെഴുതി.

> ........"ഇംഗ്ലീഷ്ഭാഷ അശുദ്ധഭാഷയാണെന്നും ഈ ഭാഷയുടെ ഉച്ചാരണമോ ശ്രവണമോ തങ്ങളെ മലിനപ്പെടുത്തുമെന്നും വിചാരിച്ചിരുന്ന നമ്പൂതിരിമാർ, ഇംഗ്ലീഷ്വിദ്യാഭ്യാസത്തെ പ്രചാരപ്പെടുത്തുവാൻവേണ്ടി എന്തും ചെയ്യാൻ സന്നദ്ധരായിരിക്കുന്നുവെന്നു വാക്കുകൊണ്ടുമാത്രമല്ല, പ്രവൃത്തികൊണ്ടും പ്രത്യക്ഷപ്പെടുത്തിക്കണ്ടതാണു് ഇക്കുറിയത്തെ യോഗക്ഷേമസഭായോഗത്തെസ്സംബന്ധിച്ചേടത്തോളം...........ഒരു പ്രധാനസംഗതി......." എന്നു മലയാളമനോരമ എഴുതി.

സമുദായപ്രസ്ഥാനത്തിൽ ഒരു മിന്നല്പിണർപോലെ പ്രത്യക്ഷപ്പെട്ട കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിൻെറ അനിതരസാധാരണമായ വാഗ്വൈഭവവും അത്ഭുതകരമായ സംഘടനാസാമത്ഥ്യവും, അതോടൊപ്പം തുടക്കംമുതൽ പ്രസ്ഥാനത്തിൻെറ ഖജനാവു കൈകാര്യംചെയ്തിരുന്ന ചിററൂർ നാരായണൻനമ്പൂതിരിപ്പാടിനെപ്പോലുള്ളവരുടെ ധീരോദാത്തമായ പ്രവത്തനങ്ങളുമാണു് ആ വിജയത്തിന്നു നിദാനം.

## ചുവപ്പുകൊടി

മഹാരാജാക്കന്മാരുടെ ഭരണത്തിൽ വത്തിച്ചിരുന്ന കൊച്ചി–തിരുവിതാംകൂർനാട്ടുരാജ്യങ്ങളിൽ ദേശീയപ്രസ്ഥാനത്തിൻെറ ഗതി താരതമ്യേന മന്ദമായിരുന്നു. മലബാറിലെ സ്ഥിതി അതല്ല. കെ. പി. രാമൻമേനോൻ പ്രസിഡണ്ടായുള്ള ജില്ലാ കോൺഗ്രസ്സും മഞ്ചേരി രാമയ്യർ അധ്യക്ഷനായുള്ള ഹോംറൂൾ

ലീഗും ഒരേ ലക്ഷ്യം മുന്നിൽ വെച്ചുകൊണ്ടു പ്രവർത്തിച്ചിരുന്നു. ഇന്ത്യ സ്വയംഭരണം നേടണം. രണ്ടു സംഘടനകളുടെയും സിക്രട്ടറി ഒരാളായിരുന്നു—കെ. പി. കേശവമേനോൻ.

1916 മെയ് 4, 5 തിയ്യതികളിൽ പാലക്കാട്ടുവെച്ച് ശ്രീമതി ആനിബസൻറിൻെറ അധ്യക്ഷതയിൽ ഒന്നാമത്തെ ജില്ലാ രാഷ്ട്രീയസമ്മേളനം നടന്നു. മലബാറിൻെറ വിവിധഭാഗങ്ങളിൽനിന്നായി 1000ത്തോളം പ്രതിനിധികൾ സംബന്ധിച്ച ആ സമ്മേളനത്തിൽ ഇന്ത്യക്കു സ്വയംഭരണം നല്കണമെന്നാവശ്യപ്പെടുന്ന പ്രമേയം കെ. പി. കേശവമേനോൻ അവതരിപ്പിച്ചു. അക്കാലത്തു സ്വയംഭരണം എന്ന ആശയം വിപുലമായി പ്രചരിപ്പിക്കപ്പെട്ടു.

ഒന്നാമത്തെ രാഷ്ട്രീയസമ്മേളനത്തിന്നുള്ള ഒരുക്കങ്ങൾ നടന്നിരുന്നതിൻെറ ഇടയിലാണു് വെള്ളിനേഴി 'നമ്പൂതിരികോൺഗ്രസ്' നടന്നതു്. രാഷ്ട്രീയസമ്മേളനത്തിൽ രാഷ്ട്രീയസ്വയംഭരണത്തിന്നുള്ള ദാഹമായിരുന്നു പ്രേരണയെങ്കിൽ, നമ്പൂതിരിയെ ചിന്താസ്വാതന്ത്ര്യത്തിലേക്കും ആചാരസ്വാതന്ത്ര്യത്തിലേക്കും നയിക്കാനുതകുന്ന ആധുനികവിദ്യാഭ്യാസപ്രചരണത്തിന്നുള്ള വ്യഗ്രതയായിരുന്നു നമ്പൂതിരിസമ്മേളനത്തിൽ പ്രകടമായിക്കണ്ടതു്. പാലക്കാട്ടും കോഴിക്കോട്ടും നടന്ന രാഷ്ട്രീയസമ്മേളനങ്ങളിൽ (കോൺഗ്രസ്) കുറൂർ ദാമോദരൻ(ഉണ്ണി)നമ്പൂതിരിപ്പാടു പങ്കെടുത്തിരുന്നു. ദേശീയത്വത്തെ വളർത്താനുള്ള പ്രായോഗികനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു് ആ സമ്മേളനങ്ങളിൽ ഉണ്ണിനമ്പൂതിരിപ്പാടു ചെയ്ത പ്രസംഗങ്ങൾ അന്നത്തെ രാഷ്ട്രീയനേതാക്കളെ അത്ഭുതസ്തിമിതരാക്കിയിട്ടുണ്ടു്.

പുരോഗതിയുടെ മുമ്പിൽ ആശങ്കയോടെ നില്ക്കുന്ന ഒരു വിഭാഗം ഏതു പ്രസ്ഥാനത്തിലും സ്വാഭാവികമാണല്ലോ. മുന്നോട്ടുള്ള പ്രവാഹത്തിന്നെതിരെ മണലണ കെട്ടി തടുക്കാൻ അവർ ശ്രമിക്കും. വഴിയിൽ ചുവപ്പുകൊടി കാട്ടി യാത്രയെ സ്തം

ഭിപ്പിക്കാൻ മിനക്കെട്ടുനോക്കും. വെള്ളിനേഴിയിലെ പുരോഗമനപരമായ തീർപ്പിനെയും ഒരു വിഭാഗം നമ്പൂതിരിമാർ എതിർത്തു. 112പേർ ഒപ്പിട്ട ഒരു നോട്ടീസ് പുറപ്പെട്ടു. വെള്ളിനേഴി തീർപ്പിനെ എതിർക്കാൻ ശുകപുരംക്ഷേത്രത്തിൽവെച്ചു യോഗം കൂടാൻ തീരുമാനിച്ചിരുന്നു. ഈ അപകടസൂചനയെ മുളയിൽ തന്നെ പറിച്ചുകളയണം. പ്രസ്ഥാനത്തിൽ പിളർപ്പുണ്ടാക്കാനനുവദിച്ചുകൂടാ.

ദേശമംഗലത്തു വലിയ നാരായണൻനമ്പൂതിരിപ്പാട്, കുറൂർ ഉണ്ണിനമ്പൂതിരിപ്പാട്, കരിയന്നൂർ വാസുദേവൻനമ്പൂതിരി, ചിറമ്മൽ നാരായണൻനമ്പൂതിരിപ്പാട്, മാത്തൂർ വാസുദേവൻനമ്പൂതിരിപ്പാടു തുടങ്ങി യോഗക്ഷേമസഭയുടെ സജീവപ്രവർത്തകർ ശുകപുരംയോഗത്തിന്റെ തലേന്നു ശുകപുരത്തെത്തി യോഗം വിളിച്ചുകൂട്ടിയവരുമായിച്ചർച്ചനടത്തി. പിറേറന്നു് ആഴ്വാഞ്ചേരിതമ്പ്രാക്കളുടെ അധ്യക്ഷതയിൽ വെള്ളിനേഴിത്തീർപ്പിനെ നിരാകരിക്കാൻ ചേർന്ന യോഗത്തിൽ 700ൽപരം നമ്പൂതിരിമാർ പങ്കെടുത്തു. പ്രസ്തുതയോഗത്തിൽ നമ്പൂതിരിമാർ ആധുനികവിദ്യാഭ്യാസം നേടണമെന്ന വെള്ളിനേഴിത്തീർപ്പിനെ സമർത്ഥിച്ചുകൊണ്ടു കുറൂർ ഉണ്ണിനമ്പൂതിരിപ്പാടു ചെയ്ത ആവേശകരവും അത്യുജ്ജ്വലവുമായ പ്രസംഗം അത്ഭുതകരമായ പ്രതികരണമാണു് സദസ്സിലുളവാക്കിയതു്. അന്തരീക്ഷം ആകെ മാറി. വാദികൾ പ്രതികളായി. പ്രതിലോമകാരികളുടെ കുന്തമുന തട്ടിത്തെറിപ്പിച്ചുകൊണ്ടു കാര്യകാരണങ്ങൾ കരതലാമലകംപോലെ നിരത്തിവെച്ചു് ആ സദസ്സിൽ പ്രകടമാക്കിയ വാങ്മയവിലാസം മാക്കാൻറണിയെ അനുസ്മരിപ്പിക്കുന്നതാണു്. നമ്പൂതിരിമാരുടെ ആധുനികവിദ്യാഭ്യാസത്തിന്നു സമുദായാംഗങ്ങൾ ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്ന പ്രമേയം യോഗം സ്വീകരിച്ചു. ചുവപ്പുകൊടി വലിച്ചു താഴ്ത്തപ്പെട്ടു. മുന്നോട്ടുള്ള പ്രയാണത്തിന്നു വീണ്ടും പച്ചക്കൊടി കാണിച്ചു. ചിറമ്മൽ നാരായണൻനമ്പൂതി

രിപ്പാടാണ് അന്നു യോഗത്തിൽ സുപ്രധാനമായ ആ പ്രമേയം അവതരിപ്പിച്ചതു്.

കൊല്ലവർഷം 1093-ൽ തൃശ്ശൂർ ഭാരതീഭൂഷണ(കുറൂർ നമ്പൂതിരിപ്പാടിൻെറ സ്ഥലം)ത്തിൽ നടന്ന യോഗക്ഷേമസഭയുടെ 10-ാംവാർഷികത്തിൽ ചിററൂർ നാരായണൻനമ്പൂതിരിപ്പാടായിരുന്നു അധ്യക്ഷൻ. സഭയുടെ ഉദ്ഭവംമുതൽ തുടർച്ചയായി ഏഴു വർഷം ഖജാഞ്ചിയായി പ്രവർത്തിച്ച അദ്ദേഹത്തെ അധ്യക്ഷസ്ഥാനത്തേക്കുയർത്തിയതു സ്വാഭാവികമായിരുന്നുതാനും.

സംസ്കൃതഭാഷയിൽ പ്രാചീനവിദ്യാഭ്യാസത്തെ ജീർണ്ണോദ്ധാരണംചെയ്യാനും കാലത്തിൻെറ വെല്ലുവിളിയെ സ്വീകരിച്ച് ഇംഗ്ലീഷ്‌വിദ്യാഭ്യാസം പ്രചരിപ്പിക്കുവാനും നമ്പൂതിരിപ്പാടു തൻെറ കാര്യമാത്രപ്രസക്തമായ അധ്യക്ഷപ്രസംഗത്തിൽ സമുദായാംഗങ്ങളെ ആഹ്വാനംചെയ്തു. തൻെറ മാനേജ്‌മെൻറിലുള്ള വിദ്യാലയത്തിൽ (സി. എൻ. എൻ. ഹൈസ്കൂൾ) നമ്പൂതിരിമാരെ ഫീസുകൂടാതെ പഠിപ്പിക്കുന്നതാണെന്ന് ആ വിദ്യാഭ്യാസതത്പരൻ അന്നു പ്രഖ്യാപിച്ചു. ധീരോദാരമായ ആ പ്രഖ്യാപനം ദൂരവ്യാപകമായ ഫലമാണുളവാക്കിയിട്ടുള്ളതു്. ഒരതിർത്തിവരെ സമുദായത്തിൻെറ മുഖച്ഛായതന്നെ മാററാൻ അതു കാരണമായി. നിരവധി നമ്പൂതിരിവിദ്യാർത്ഥികളെ ഫീസില്ലാതെ, നമ്പൂതിരിപ്പാടിൻെറ സംരക്ഷണയിൽത്തന്നെ, പഠിപ്പിച്ചു ജീവിതരംഗത്തേക്കിറക്കിവിട്ടിട്ടുണ്ടു്. പിതാവിൻെറ ഉത്തരവാദിത്വത്തോടുകൂടിയ ആ പ്രഖ്യാപനത്തെ അദ്ദേഹത്തിൻെറ പുത്രൻ കുഞ്ഞൻനമ്പൂതിരിപ്പാടും പില്ക്കാലത്തു് അക്ഷരംപ്രതി പാലിച്ചു.

1917 ഏപ്രിൽ 23, 24 തിയ്യതികളിൽ കോഴിക്കോട്ടുവെച്ചു രണ്ടാമത്തെ ജില്ലാരാഷ്ട്രീയസമ്മേളനം (കോൺഗ്രസ്) സി. പി. രാമസ്വാമി അയ്യരുടെ അധ്യക്ഷതയിൽ നടന്നതിൽ യോഗക്ഷേമമഹാസഭപ്രതിനിധികളെ സമ്മേളനത്തിലേക്കയച്ചിരു

ന്നു. രാഷ്ട്രീയസമ്മേളനഭാരവാഹികളുടെ അഭ്യർത്ഥനയനുസരിച്ചായിരുന്നു ഇതു്. ഇന്ത്യയ്ക്കു സ്വയംഭരണം ആവശ്യപ്പെട്ടുകൊണ്ടുള്ള സമ്മേളനത്തിൻെറ അഭിപ്രായത്തെ യോഗക്ഷേമസഭാ പ്രതിനിധികൾ പൂർണ്ണമായി അനുകൂലിച്ചു.

കേരളത്തിലെയും ഭാരതത്തിലെയും പൊതുപ്രശ്നങ്ങളിൽ നമ്പൂതിരിമാർ കാലാനുസൃതമായ നയമാണു് കൈക്കൊണ്ടിരുന്നതു്. മഹാസഭാവാർഷികങ്ങളിൽ ഹാജരാവാറുള്ള മററു സമുദായപ്രതിനിധികളുടെ എണ്ണവും അതതു കാലത്തെ തീരുമാനങ്ങളും അതു വ്യക്തമാക്കുന്നു. സാമൂഹ്യമണ്ഡലത്തിൽ തുല്യപങ്കാളിത്തമായിരുന്നു ലക്ഷ്യം. കേരളത്തിലെ ഇതരസമുദായങ്ങളുടെ പുരോഗതിയും സ്വന്തം ഭാഗധേയവും ബന്ധപ്പെട്ടതാണെന്നു നമ്പൂതിരിമാർ വിശ്വസിച്ചിരുന്നു.

ഭരണപരിഷ്കാരക്കമ്മീഷനെന്ന നിലയിൽ അന്നത്തെ ഇന്ത്യാസിക്രട്ടറി മോൺടേഗുപ്രഭു 1917-ൽ ഇന്ത്യ സന്ദർശിച്ചപ്പോൾ, ഇന്ത്യയ്ക്കു് ഉടനെ സ്വയംഭരണം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഒരു മെമ്മോറാണ്ടം ഹോംറൂൾലീഗു പ്രതിനിധികൾ പ്രഭുവിനു നല്കിയിരുന്നു. മലബാറിൻെറ പ്രതിനിധികളായി കെ. പി. കേശവമേനോൻ, നിലമ്പൂർ ഇളയരാജാ തുടങ്ങിയവരാണു് നിവേദനം നടത്തിയതു്. ആയിരക്കണക്കിനാളുകൾ മെമ്മോറാണ്ടത്തിൽ ഒപ്പുവെച്ചിരുന്നു.

അന്നു മദിരാശിയിലെത്തിയ മോണ്ടേഗുപ്രഭുവിനും വൈസറായിക്കും യോഗക്ഷേമമഹാസഭ ഒരു പ്രത്യേകമെമ്മോറാണ്ടം തന്നെ സമർപ്പിച്ചു. കോൺഗ്രസ്സും മുസ്ലിംലീഗും സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടപ്രകാരം ഇന്ത്യയ്ക്കു സ്വയംഭരണം നല്കേണ്ടതാണെന്നു് അതിൽ അസന്ദിഗ്ദ്ധമായി ആവശ്യപ്പെട്ടിരുന്നു.

കൂടാതെ, ചിററൂർ നാരായണൻനമ്പൂതിരിപ്പാടിൻെറ അദ്ധ്യക്ഷതയിൽ നടന്ന 10-ാംവാർഷികത്തിൽ,

"1916-ൽ ലക്നോവിൽവെച്ച നേഷനൽ കോൺഗ്രസ്സും മുസ്ലിംലീഗുംകൂടി തീർച്ചപ്പെടുത്തിയതും ഈ സഭ വിജ്ഞാപനംമൂലം ഗവമ്മെണ്ടിനെ അറിയിച്ചിട്ടുള്ളതുമായ ഭരണപരിഷ്കാരം (സ്വയംഭരണം) ഇന്ത്യയ്ക്കു് ഉടനെ ലഭിക്കേണ്ടതാണു്........"

എന്ന ഒരു പ്രമേയം സർവ്വസമ്മതമായി അംഗീകരിക്കുകയുണ്ടായി. ദേശീയപ്രസ്ഥാനത്തോടു് ഇത്രയും വിശാലമായ ഒരു സമീപനം കേരളത്തിലെ ഒരു സമുദായപ്രസ്ഥാനവും കൈക്കൊണ്ടിട്ടില്ല എന്നതു മററു സംഘടനകളെ തരം താഴ്ത്താൻവേണ്ടി കുറിക്കുന്നതല്ല.

പിന്നീടു് അഖിലകേരളാടിസ്ഥാനത്തിൽ ഒററപ്പാലത്തുവെച്ചു നടന്ന രാഷ്ട്രീയസമ്മേളനത്തിലും നമ്പൂതിരിയോഗക്ഷേമസഭാപ്രവത്തകർ സജീവമായി പങ്കെടുത്തു. പില്ക്കാലത്തു് ആന്ധ്രകേസരിയെന്നു സുപ്രസിദ്ധനായ ടി. പ്രകാശത്തിൻെറ അദ്ധ്യക്ഷതയിൽ നടന്ന ആ സമ്മേളനത്തിൽ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടിനെപ്പോലെ നിരവധി സമുദായപ്രവത്തകർ പങ്കെടുത്തിരുന്നു. യോഗക്ഷേമസഭയുടെ ഒരു സുഹൃത്തും ഉപദേഷ്ടാവും പ്രസിദ്ധവാഗ്മിയുമായിരുന്ന പാലിയത്തു ചെറിയ കുഞ്ഞുണ്ണിഅച്ഛൻ ഒററപ്പാലം രാഷ്ട്രീയസമ്മേളനത്തിൽ പ്രമുഖപങ്കാണു് വഹിച്ചിരുന്നതു്. കെ. പി. കേശവമേനോൻ, മുഹമ്മദു് മൗലവി, ജോജ്ജ് ജോസഫ് (ഇൻഡിപെൻറൻറ്പത്രാധിപർ), എ. കെ. പിള്ള തുടങ്ങിയ പ്രമുഖനേതാക്കളോടൊപ്പം യോഗക്ഷേമസഭാനേതാക്കളും സമ്മേളനത്തെ വിജയിപ്പിക്കാൻ സഹായിച്ചവരാണു്.

ലോകമാന്യബാലഗംഗാധരതിലകൻെറ സ്മരണയെ മാനിച്ചുകൊണ്ടു യോഗക്ഷേമസഭ വഷംതോറും 'കേരളതിലകം' എന്ന ഒരു കീത്തിമുദ്ര നല്കിയിരുന്നു എന്നതുതന്നെ സംഘടനയുടെ ദേശീയപ്രസ്ഥാനത്തോടുള്ള നയത്തിൻെറ ഉത്തമനിദശ്നമാ

ണു്. 1921-ൽ പ്രസ്തുതകീർത്തിമുദ്ര (12-ാംവാർഷികത്തിൽവെച്ചു്) ദേശാഭിമാനിയായ കെ. പി. കേശവമേനോനു് അധ്യക്ഷനായ എ. കെ. ടി. കെ. എം. ചെറിയനാരായണൻനമ്പൂതിരിപ്പാട്ട നല്കുകയുണ്ടായി.

"8000ക. കെട്ടിവെച്ചാൽ നമ്പൂതിരിമാർക്കു സകല ചെലവും കൊടുത്തു് ഒരു സ്കൂൾ നടത്താം" എന്ന കൊച്ചിസക്കാരിൻെറ ഒരു കല്പന സമ്പാദിക്കാൻ സഭയ്ക്കു കഴിഞ്ഞു. ചിററൂർ നാരായണൻനമ്പൂതിരിപ്പാടായിരുന്നു അന്നു സഭാധ്യക്ഷൻ. അടുത്ത വാർഷികത്തിൽവെച്ചുതന്നെ 8000ക. സംഭാവന ലഭിച്ചു. സമുദായപ്രസ്ഥാനത്തിൻെറ ആണിക്കല്ലായ കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിൻെറ നിര്യാണം സമുദായത്തെ ഞെട്ടിച്ചുകളഞ്ഞ ഒരു സന്ദർഭമായിരുന്നു അതു്. പരേതനോടുള്ള ബഹുമാനാർത്ഥം ഉടലെടുക്കാൻ പോകുന്ന വിദ്യാലയത്തിലേയ്ക്കു വിദ്യാർത്ഥികളെ അർഹരാക്കാൻ ഉദ്ദേശിച്ചു തൃശ്ശൂർവെച്ചു ക്ലാസുകൾ നടത്തി. അങ്ങനെ 1094-ൽ ഒല്ലൂരിന്നടുത്ത എടക്കുന്നിയിൽ ഒരു പ്രത്യേകവിദ്യാലയം സ്ഥാപിച്ചു—കഴിഞ്ഞ മാർച്ചിൽ സുവർണ്ണജൂബിലി ആഘോഷിച്ച വിദ്യാലയത്തിൻെറ ജനനം.

തൻെറ ചിരകാലാഭിലാഷമായ വിദ്യാലയം ഉടലെടുത്തു് ഏതാനും മാസങ്ങൾക്കുശേഷം താനേറെറടുത്തു നടത്തിയ ഉത്തരവാദിത്വങ്ങളും താലോലിച്ചുവളർത്തിയ യോഗക്ഷേമസഭയും അന്നു കേവലം 10 വയസ്സായിരുന്ന പ്രിയപുത്രൻ കുഞ്ഞനിലും സഹപ്രവർത്തകരിലും അർപ്പിച്ചുകൊണ്ടു 1095 തുലാമാസത്തിൽ ചിററൂർ ആറാമൻ നാരായണൻനമ്പൂതിരിപ്പാട്ട കാലയവനികയ്ക്കുള്ളിൽ അപ്രത്യക്ഷനായി. വിദ്യാലയത്തിന്നുവേണ്ടി വാഗ്ദാനംചെയ്തിരുന്ന 3000ക.യിൽ ആദ്യഗഡുവുമാത്രമേ അദ്ദേഹം നല്കിയിരുന്നുള്ളു. ബാക്കി അനന്തരാവകാശികൾ പിന്നീടു പൂർത്തിയാക്കി.

നമ്പൂതിരിമാരുടെ പുരോഗതിയുടെ ചരിത്രത്തിൽ മുഖ്യമായ ഒരു പങ്കു വഹിച്ച സ്ഥാപനമാണ് വിദ്യാലയം. മറെറാരു തരത്തിൽ പറഞ്ഞാൽ സമുദായപുരോഗതിയുടെ ചരിത്രംതന്നെ വിദ്യാലയസ്ഥാപനത്തിൻെറയും അതിൻെറ വളച്ചയുടെയും ചരിത്രമാണ്.

സമുദായപരിഷ്കരണപ്രസ്ഥാനം പ്രതിബന്ധസഹസ്രങ്ങളെ അതിജീവിച്ചുകൊണ്ടു വിദ്യാഭ്യാസപുരോഗതിക്കടിസ്ഥാനമായ പ്രത്യേകവിദ്യാലയം രൂപീകരിച്ച അതിപ്രധാനസംഭവം നടന്നുകൊണ്ടിരിക്കുമ്പോൾ, ഇന്ത്യൻദേശീയപ്രസ്ഥാനത്തിൽ മഹാത്മജിയുടെ നേതൃത്വം ഉരുത്തിരിഞ്ഞുവരികയായിരുന്നു. കോൺഗ്രസ്സ് ഒരു ബഹുജനസംഘടനയായി വളരാൻ തുടങ്ങി. 1920 ഡിസംബറിൽ നാഗപ്പൂരിൽവെച്ചു സി. വിജയരാഘവാചാരിയുടെ അധ്യക്ഷതയിൽ നടന്ന സമ്മേളനം അതിൻെറ ലക്ഷ്യത്തെ നിദ്ധാരണംചെയ്തു. അക്രമരഹിതമായ മാറ്ഗ്ഗത്തിലൂടെയുള്ള നിസ്സഹകരണപരിപാടി ആസൂത്രണം ചെയ്തു: അതിൻെറ ഏതാനും മാസം മുമ്പാണ് മഹാത്മാഗാന്ധിയും ഷൗക്കത്താലിയും മലബാർ സന്ദശിച്ചതു്. നിസ്സഹകരണ-ഖിലാഫത്ത്പ്രസ്ഥാനത്തിൻെറ സന്ദേശം കേരളത്തിലും വ്യാപകമായി പ്രചരിച്ചു.

വ്യക്തികളുടെ ഊജ്ജസ്വലതയുടെയും കമ്മശക്തിയുടെയും സങ്കലനമാണ് പ്രസ്ഥാനത്തെ നയിക്കുന്നതു്. ഉദാത്തമായ വ്യക്തിത്വം പ്രസ്ഥാനത്തിൻെറ ചലനാത്മകപ്രക്രിയയിൽ സ്വാധീനം ചെലുത്തുക സ്വാഭാവികമാണ്. ചില പ്രത്യേകകാലഘട്ടത്തിൽ അനിവാര്യന്മാരെന്നു പറയാവുന്ന വ്യക്തികൾ നേതൃത്വത്തിൽ നിയുക്തരാവുന്നതു ചരിത്രത്തിൻെറ ഒരു കളിയാണ്. ഇന്ത്യൻദേശീയപ്രസ്ഥാനത്തിൻെറ ചരിത്രത്തിൽ മഹാത്മജിയും പണ്ഡിതജവാഹർലാലും ഉണ്ടായിരുന്നില്ലെങ്കിൽ അതിൻെറ ഗതിയെന്തായേനെ എന്നതു മറെറാരു കാര്യമാണ്. യോഗക്ഷേ

മസഭയെസ്സംബന്ധിച്ചിടത്തോളം പ്രാരംഭഘട്ടത്തിൽ കുറൂർ ഉ ണ്ണിനമ്പൂതിരിപ്പാട്ട്, ചിററൂർ നാരായണൻനമ്പൂതിരിപ്പാട്ട്, ദേശമംഗലം-ഒളപ്പമണ്ണ-വടക്കിനിയേടത്തു-പൂമുള്ളിനമ്പൂതിരി പ്പാടന്മാർ തുടങ്ങി അത്തരത്തിൽ ഏതാനും പേരെ കാണാം.

നയകുശലനും അത്ഭുതകരമായ വാഗ്വിലാസംകൊണ്ടനു ഗൃഹീതനും സമർത്ഥനായ ഒരു സംഘാടകനുമായിരുന്ന കുറൂർ ഉണ്ണിനമ്പൂതിരിപ്പാട്ട് അക്കൂട്ടത്തിൽ പ്രഥമഗണനീയനാണ്. സമുദായത്തിൻെറ ഹൃദയഭിത്തിയിൽ ഉണ്ണിനമ്പൂതിരിപ്പാടി ൻെറ ചിത്രം തിളക്കമേറിയതാണ്. ചിററൂർ നാരായണൻ നമ്പൂതിരിപ്പാടിൻെറ ചിത്രത്തിന്നു് അത്രതന്നെ മിഴിവില്ലെ ങ്കിൽ അതിന്നു കാരണം അദ്ദേഹം ഒരു വാഗ്മിയായിരുന്നില്ല എന്നതുമാത്രമാണ്. ശക്തനും ക്രാന്തദർശിയുമായ അദ്ദേഹം നിശ്ശബ്ദനായി, എന്നാൽ അനിതരസാധാരണമായ സംഘട നാവൈഭവത്തോടെ, പ്രസ്ഥാനത്തിൻെറ മർമ്മസ്ഥാനത്തിരുന്നു ചുക്കാൻപിടിച്ചു. അടിസ്ഥാനപ്രശ്നങ്ങളിലാണ് അദ്ദേഹം പ്ര വർത്തനം കേന്ദ്രീകരിച്ചതു്—വിദ്യാഭ്യാസപ്രശ്നത്തിൽ. അരനൂ ററാണ്ടിന്നുമുമ്പ്, ആധുനികവിദ്യാഭ്യാസമെന്നാൽ 'മ്ലേച്ഛഭാഷാ ഭ്യസന'മാണെന്നു വിധിച്ചു പഴമയുടെ നെടുങ്കോട്ടയിൽ സ്വയം അടച്ചിരുന്ന നമ്പൂതിരിയെ, ഡെൽഹിസിക്രട്ടറിയററിലും വർക്കലേയിലെയും മററുമുള്ള വൻവ്യവസായകേന്ദ്രങ്ങളിലും ബാങ്കളൂരിലെ വ്യോമസേനാപരിശീലനകേന്ദ്രത്തിലും മാത്രമല്ല, റഷ്യയിലെ സാങ്കേതികസ്ഥാപനങ്ങളിലും അമേരിക്കൻസർവ്വ കലാശാലകളിലും എത്തിച്ചതിൻെറ പിന്നിൽ നിസ്സ്വാർത്ഥവും ധീരോദാത്തവുമായ പ്രവർത്തനത്തിൻെറ സുദീർഘമായ ഒരു ച രിത്രമുണ്ടു്. അക്കാലത്തെ സമുദായസ്ഥിതി കണക്കിലെടുത്തു കൊണ്ടു വേണം അതിനെ വിലയിരുത്താൻ. ആ ചരിത്രത്തിന്നു തൻേറതായ രൂപവും ഭാവവും നല്കിയ വ്യക്തികളെ വിസ്മരിച്ചു കൂടാ.

KOTTAYAM PUBLIC LIBRARY * KOTTAYAM *

സമുദായചരിത്രത്തിൽ അവിസ്മരണീയനായ ചിററൂർ നാരായണൻനമ്പൂതിരിപ്പാടു കുടുംബകാര്യങ്ങളിലും ദത്തശ്രദ്ധനായിരുന്നു. ക്ഷയോന്മുഖമായിരുന്ന സ്വകുടുംബത്തെ അദ്ദേഹം ഉയർത്തി. ഒരു ജന്മിയെന്ന നിലയിൽ ഒററക്കുടിയാനെയും അദ്ദേഹം വേദനിപ്പിക്കുകയോ ചൂഷണംചെയ്യുകയോ ഉണ്ടായിട്ടില്ല. തന്നെയല്ല, അവർക്കു പരമാവധി സഹായം നല്കിയിട്ടുമുണ്ടു്. പിന്നീടു കുടുംബഭാരമേല്ക്കേണ്ടിവന്ന കുഞ്ഞൻനമ്പൂതിരിപ്പാടിന്നുണ്ടായ അനുഭവം പിതാവിൻെറ ഉദാരതയുടെ നിദൎശനമാണു്. 'ആറാംതമ്പുരാ'നെക്കുറിച്ചു കുടിയാന്മാർ പുലർത്തിയിരുന്ന സ്നേഹപൂർണ്ണമായ സങ്കല്പം തൻെറ ഭരണഭാരത്തെ വളരെ ലഘൂകരിച്ചിരുന്നു എന്നു കുഞ്ഞൻനമ്പൂതിരിപ്പാട്ടു് ആദരപുരസ്സരം ഒരിക്കൽ പറയുകയുണ്ടായി.

ഏതായാലും യോഗക്ഷേമസഭയുടെ ചരിത്രത്തിൽ, കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിൻെറയും ചിററൂർ നാരായണൻനമ്പൂതിരിപ്പാടിൻെറയും നിര്യാണത്തോടുകൂടി ഒരു യുഗം അവസാനിച്ചു എന്നുതന്നെ പറയാം. പ്രവൎത്തനഗതിയിൽ സംഭവിച്ച ആ വിടവു നികത്തിയോ? ചരിത്രം ആർക്കുവേണ്ടിയും കാത്തുനില്ക്കാറില്ല. അതു് അപ്രതിരോധ്യമാണു്. മങ്ങിയും തെളിഞ്ഞും, ചിലപ്പോൾ ഇഴഞ്ഞും, അതു മുന്നോട്ടു പോകും. വ്യക്തികൾ സ്വാഭാവികമായി വരികയും പോകയും ചെയ്യും. നിമ്നോന്നതമാൎഗ്ഗങ്ങളിലൂടെയാണെങ്കിലും യോഗക്ഷേമസഭയും തട്ടിമുട്ടി മുന്നോട്ടു പോയി. ഒരു പുതുയുഗത്തിൻെറ പുഞ്ചക്കൃഷിയും കടുംകൃഷിയും ഇറക്കാൻ കൎഷകർ തയ്യാറാവാൻ പിന്നെയും കുറെ കാത്തിരിക്കേണ്ടിവന്നു. ഒരു ദശകത്തിന്നുശേഷം കാലത്തിൻെറ വെല്ലുവിളി സ്വീകരിച്ചുകൊണ്ടു പിതാവിൻെറ കാലടിപ്പാടുകളെ പിന്തുടരാൻ കുഞ്ഞൻനമ്പൂതിരിപ്പാടും മററുള്ളവരോടൊപ്പം മുന്നോട്ടു വന്നു.

# വികസ്വരങ്ങളായ ചക്രവാളങ്ങൾ

കൊല്ലവൎഷം 1095 മുതൽ ഏതാനും വൎഷം ഇഴഞ്ഞിഴഞ്ഞാണു് നീങ്ങിയതു്. ഒരു ശൂന്യമണ്ഡലം എന്നു പറഞ്ഞുകൂടെങ്കിലും ഒരു തളൎച്ച ബാധിച്ച കാലം. സഭയുടെ കീഴിലുള്ള വിദ്യാലയത്തിന്റെ പ്രവൎത്തനത്തിന്നു പല പ്രതിബന്ധങ്ങളെയും നേരിടേണ്ടിവന്നു. പഴയ ആചാരങ്ങളെ മുറുകെപ്പിടിക്കുന്ന ഒരു വിഭാഗം സ്വാഭാവികമായി ആധുനികവിദ്യാഭ്യാസത്തിനെതിരെ മുറുമുറുപ്പു തുടങ്ങി. തലയെടുപ്പുള്ള നേതാക്കളുടെ അഭാവത്തിലുളവായ മാന്ദ്യം അത്തരക്കാരുടെ ശബ്ദത്തിന്നു മൂൎച്ചകൂട്ടി. എങ്കിലും മാത്തൂർ വാസുദേവൻനമ്പൂതിരിപ്പാടു്, കിരാങ്ങാട്ടു കുഞ്ഞനുജൻനമ്പൂതിരിപ്പാടു്, ദേശമംഗലം-പൂമുള്ളി-ഒളപ്പമണ്ണ-നമ്പൂതിരിപ്പാടന്മാർ, കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാടു്, കപ്ലിങ്ങാട്ടു ശങ്കരൻനമ്പൂതിരി, വി. എസ്സ്. നാരായണൻനമ്പൂതിരി, കുമ്മിണി, പെരുമനത്തു ബ്രഹ്മദത്തൻനമ്പൂതിരി, ചെങ്ങഴിമററം തുപ്പൻനമ്പൂതിരി, കെ. എൻ. കേശവൻനമ്പൂതിരിപ്പാടു്, സി. എസ്സ്. സുബ്രഹ്മണ്യൻപോററി, ചെറുപ്പൊയിലത്തു കൃഷ്ണൻനമ്പൂതിരി, പഴയത്തു് ആര്യൻ നമ്പൂതിരി

തുടങ്ങി പഴയവരും പുതിയവരുമായ പ്രവത്തകർ, ആദർശങ്ങളിൽ ഉറച്ചുനിന്നു പ്രവത്തിച്ചു.

മലബാർമാപ്പിളലഹള നമ്പൂതിരിമാരിൽ ഒരു വിഭാഗത്തെ കുറെയൊക്കെ ബാധിച്ചു. സ്വാതന്ത്ര്യസമരമായാരംഭിച്ച ലഹള സാമ്രാജ്യത്വത്തിൻെറ കുതന്ത്രംമൂലം ഒരു സാമുദായിക ലഹളയായി രൂപം പ്രാപിച്ചതിൻെറ ഫലമായി, അറിഞ്ഞോ അറിയാതെയോ, അതു നമ്പൂതിരിമാരുടെയും നേരെ തിരിഞ്ഞടിച്ചിരുന്നു. സമുദായപ്രവത്തനത്തിൻെറ മന്ദഗതിക്കു് ഇതും ഒരു കാരണമായില്ലെന്നു പറഞ്ഞുകൂടാ. ഇതിൻെറ പ്രത്യാഘാതം രാഷ്ട്രീയരംഗത്തും കാണാമായിരുന്നു.

മാപ്പിളലഹളയിലെ ഏററവും ദുരന്തസംഭവമായ 'വാഗൺ ട്രാജഡി' അക്കാലത്താണു്. 1921 നവംബർ 19-ാംനു- ഒമ്പതു ഹിന്ദുക്കളടക്കം നൂറു ലഹളക്കാരെ ഒരു റെയിൽവെ വാഗണിൽ കുത്തിനിറച്ചു്, അടച്ചുപൂട്ടി, തിരൂർനിന്നു കോയമ്പത്തൂക്കയച്ചു. വഴിനീളെ വണ്ടിയിൽ മുറവിളി മുഴങ്ങി. അവരിൽ 56 പേർ വണ്ടിയിൽവെച്ചു ശ്വാസംമുട്ടി മരിച്ചു; ബാക്കിയിൽ 14 പേർ താമസിയാതെയും. ലഹളക്കാരുടെമേൽ ബ്രിട്ടീഷ് ഗവമ്മേണ്ടു സ്വീകരിച്ചിരുന്ന പൈശാചികനടപടിയുടെ ഒരുദാഹരണം.

1923 മേയ്മാസത്തിലാണു് പാലക്കാട്ടുവെച്ചു രണ്ടാം കേരളസംസ്ഥാനരാഷ്ട്രീയസമ്മേളനം പ്രസിദ്ധകവയിത്രിയായ സരോജനീനായിഡുവിൻെറ അധ്യക്ഷതയിൽ നടന്നതു്. അതോടുകൂടി കേരളത്തിലെ രാഷ്ട്രീയമ്ലാനതയ്ക്കു കുറച്ചെങ്കിലും പരിഹാരമുണ്ടായി എന്നു പറയാം. സി. രാജഗോപാലാചാരി, ദേവദാസ്ഗാന്ധി എന്നിവർ സജീവമായി സംബന്ധിച്ചിരുന്ന ആ സമ്മേളനം ഒരു ചലനം സൃഷ്ടിച്ചു. മലബാർലഹളയുടെ കാരണങ്ങളെക്കുറിച്ചന്വേഷിക്കാൻ ആ സമ്മേളനത്തിൽവെച്ചു് ഒരു കമ്മിററി രൂപീകരിച്ചു. തീണ്ടൽ എന്ന ദുരാചാരം അവ

സാനിപ്പിക്കണമെന്നഭ്യൎത്ഥിച്ചുകൊണ്ടു് അന്നു കെ. പി. ശങ്കരൻനമ്പൂതിരി അവതരിപ്പിച്ച പ്രമേയത്തെ പി. അച്ചുതൻ, കുറൂർ നീലകണ്ഠൻനമ്പൂതിരിപ്പാടു് എന്നിവർ ശക്തിപൂൎവ്വം പിന്താങ്ങിയപ്പോൾ, പ്രശസ്തവാഗ്മിയായ പാശ്ചിമൻ രാമൻനമ്പൂതിരി എതിൎത്തു. പക്ഷേ പ്രമേയം പാസ്സായി. പാശ്ചിമൻ രാമൻനമ്പൂതിരി യോഗക്ഷേമസഭാപ്രവൎത്തകനായിരുന്നു; സഭയിൽ ഉരുത്തിരിഞ്ഞുവന്നിരുന്ന പിന്തിരിപ്പൻവിഭാഗത്തിൻെറ നേതാവായിരുന്നു. നമ്പൂതിരിമാർക്കു് ആധുനികവിദ്യാഭ്യാസം തന്നെ ആവശ്യമില്ല എന്നു ശക്തിപൂൎവ്വം വാദിച്ചു് അവസാനം അദ്ദേഹം ആ സംഘടനയിൽനിന്നിറങ്ങിപ്പോകയാണുണ്ടായതു്.

## അനിശ്ചിതത്വത്തിൻെറ നീർച്ചുഴിയിൽ

പ്രായപൂൎത്തിയാവാത്ത, സ്വാവലംബനക്ഷമരല്ലാത്ത, തൻെറ രണ്ടു പുത്രന്മാരെ സമുദായനീതിപീഠത്തിൻെറ സവിധത്തിൽ വിട്ടുകൊണ്ടു ചിറനൂർ ആറാമൻ അന്തരിച്ചപ്പോൾ, സ്വാഭാവികമായി അതു യോഗക്ഷേമസഭയെയും കുഞ്ഞൻനമ്പൂതിരിപ്പാടിനെയും ബാധിച്ചു. രണ്ടു പുത്രന്മാർ എന്നിവിടെ വ്യവഹരിച്ചതു യോഗക്ഷേമസഭയെക്കൂടി ഉദ്ദേശിച്ചാണു്. ആ സമുദായസ്നേഹിയെസ്സംബന്ധിച്ചിടത്തോളം യോഗക്ഷേമസഭയും അദ്ദേഹത്തിൻെറ പുത്രനായിരുന്നു.

സാത്വികനും ശുദ്ധനുമായ അനുജൻ (നാരായണൻ) നമ്പൂതിരിപ്പാടു കുടുംബഭാരം ഏറെറടുത്തുവെങ്കിലും പ്രതാപശാലിയായിരുന്ന തൻെറ മുൻഗാമിയുടെ വ്യക്തിവൈശിഷ്ട്യത്തിൻെറ പരിവേഷംമാത്രമായിരുന്നു ദുർബ്ബലനായ അദ്ദേഹത്തിൻെറ കൈമുതൽ. അസ്തമിച്ച അൎക്കൻെറ പാടലപ്രഭ അന്തരീക്ഷത്തിലെത്ര നേരം തങ്ങിനില്ക്കും?

എട്ടും പൊട്ടും തിരിയാത്ത, ലോകമെന്തെന്നറിയാറായിട്ടില്ലാത്ത, പ്രായം. ജാത്യാചാരമനുസരിച്ചു് ഉപനയനം, സമാവ

ത്തനം തുടങ്ങിയ ക്രിയകൾ കഴിഞ്ഞു. പുത്രനെ വിദ്യാസമ്പന്ന നാക്കി ഉയർത്തണമെന്ന പിതാവിൻെറ ആഗ്രഹം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ബാലനായ 'കുഞ്ഞ'ൻെറ അമരക്കാരനില്ലാത്ത ജീവിതനൗക സാഹചര്യങ്ങളുടെ ഓളത്തിൽ ലക്ഷ്യമില്ലാതെ പാഞ്ഞോടി. എന്തു ചെയ്യണം? അറിഞ്ഞുകൂടാ. ആരും നിർദ്ദേശിക്കാനില്ല, നയിക്കാനില്ല, ശാസിക്കാനുമില്ല. പൈതൃകമായി ലഭിച്ച കനത്ത സാമ്പത്തികശേഷിയുള്ള കുടുംബത്തിൻെറ അനന്തരാവകാശി. സമ്പത്തുകൊണ്ടു നേടാവുന്നതെന്തും സാധിക്കാം. അപ്പോൾ........

മൂത്ത പുത്രൻെറ ചരമവും തുടർന്നു സംഭവിച്ച പതിദേവൻെറ ദേഹവിയോഗവുംമൂലം സന്തപ്തയായിക്കഴിഞ്ഞിരുന്ന സാധ്വിയായ നീലി അന്തർജ്ജനത്തിന്നു ബഹിശ്ചരപ്രാണനായി ശേഷിച്ച ഒരേ പുത്രനായ കുഞ്ഞൻ. പുത്രൻെറ ഭാവി ഭാസുരമാകണമെന്നുള്ള നിഷ്കളങ്കവും നിരന്തരവുമായ പ്രാർത്ഥനയിൽ പൂജിച്ച സ്നേഹകലശം മകനിൽ ചൊരിഞ്ഞതുമാത്രമാണ് അന്നത്തെ അനിശ്ചിതാവസ്ഥയിൽ അവലംബമായിരുന്നതെന്നു പറയാം.

അക്കാലത്ത് ആരുടെയോ പ്രേരണമൂലം സി. എൻ. എൻ. ഹൈസ്കൂളിൽ മൂന്നാംക്ലാസിൽ ചേർന്നു. പക്ഷേ നിയന്ത്രിക്കാനാരുമില്ലാത്തതിനാൽ അതു് ആറു മാസത്തേയ്ക്കുമാത്രമായിരുന്നു. വിദ്യാലയം വിട്ടിറങ്ങി. എന്നിട്ടോ? വാരങ്ങളും പൂരങ്ങളും ഓത്തൂട്ടുകളുമായി "സംഭവചക്രമുരുണ്ടങ്ങനെ" പോയി.

സാഹചര്യം മനുഷ്യൻെറ മാനസികഘടനയെ രൂപപ്പെടുത്തുന്നതിൽ അതിപ്രധാനമായ പങ്കു വഹിക്കുന്നു. സങ്കീർണ്ണമായ ഹൃദയം പലപ്പോഴും ഗതാനുഗതികത്വത്തിലൂടെയാണ് വികാസം പ്രാപിക്കുന്നതു്. അതു പ്രഹതപഥത്തിലേയ്ക്കു നയിക്കുന്നതായാൽ സംഭവിക്കുന്ന പരിണാമം ദുർന്നിരീക്ഷ്യമാണ്. പ്രത്യേകിച്ചും ഉരുകിയ മെഴുപ്രായത്തിലുള്ള ഹൃദയമാണ് ബാല

ന്മാരുടേതു്. അതിനെ രൂപപ്പെടുത്തുന്നതിൽ സാഹചര്യം സമർത്ഥനായ ശില്പിയാണു്. അപകടമേഖലയിലേയ്ക്കു് അനിയന്ത്രിതമായി കുതിച്ചുപായാതിരിക്കാൻ ശിക്ഷണം അനുപേക്ഷണീയവുമാണു്.

നാലഞ്ചു വർഷം ഇഴഞ്ഞുനീങ്ങി. 1099-ലെ വെള്ളപ്പൊക്കം കേരളത്തിൽ പല നാശങ്ങളും വരുത്തി. പ്രകൃതിയുടെ ക്ഷോഭം മാനവബോധമണ്ഡലത്തിലും വെള്ളപ്പൊക്കമുണ്ടാക്കിയിട്ടുണ്ടാവാം. സുപ്രസിദ്ധമായ വൈക്കംസത്യഗ്രഹം, അനുക്രമം ദുർബ്ബലമായിക്കൊണ്ടിരുന്ന യാഥാസ്ഥിതികത്വത്തിൻെറ ആചാരക്കോട്ടയിന്മേൽ വിടവുണ്ടാക്കിയതു് അന്നാണു്.

## കൂട്ടിവായിക്കാമോ?

മലയാളംകൊല്ലം ആയിരത്തിനുശേഷമുള്ള ഒരു നൂററാണ്ടിൻെറ അവസാനവർഷമായ 1100 ൽ ചേപ്പിൽ സി. എൻ. എൻ. ഹൈസ്കൂളിൽവെച്ചു യോഗക്ഷേമസഭയുടെ 17-ാംവാർഷികം കരിയന്നൂർ വാസുദേവൻനമ്പൂതിരിയുടെ അധ്യക്ഷതയിൽ നടന്നു. അതുവരെയും അനിശ്ചിതത്വത്തിൻെറ തടവുകാരനായി ലക്ഷ്യരഹിതമായി അലഞ്ഞിരുന്ന കുഞ്ഞൻനമ്പൂതിരിപ്പാടിൻെറ ജീവിതത്തെ സുനിശ്ചിതവും സുദൃഢവുമായ മാർഗ്ഗത്തിലേയ്ക്കു തിരിച്ചുവിടാനുള്ള സാഹചര്യം സംജാതമായതു് അന്നാണു്. അതൊരു വഴിത്തിരിവായിരുന്നു. ഒരു പുനരാവിഷ്കരണത്തിനുള്ള തയ്യാറെടുപ്പിലാണു് അന്നു യോഗക്ഷേമസഭ നിന്നിരുന്നതു്. പുതിയ ചക്രവാളത്തിലേയ്ക്കുള്ള വാതായനം തുറന്നപ്പോൾ, നൂതനമായ പ്രകാശം ഹൃദയത്തിലേയ്ക്കു കയറി.

ചിററൂർ അനുജൻനമ്പൂതിരിപ്പാടായിരുന്നു 17-ാംവാർഷികത്തിലെ സ്വാഗതസംഘാധ്യക്ഷൻ. അദ്ദേഹത്തിനുവേണ്ടി അച്ചടിച്ച സ്വാഗതപ്രസംഗം വായിക്കാൻ നിയുക്തനായതു കേവലം 15 വയസ്സായ കുഞ്ഞൻനമ്പൂതിരിപ്പാടായിരുന്നു. മലയാ

ളം കുട്ടിവായിക്കാനറിയാമോ? കുഞ്ഞൻനമ്പൂതിരിപ്പാട്ട് അമ്പരന്നു. ആ പ്രസംഗം വായിക്കാൻ അദ്ദേഹം അശക്തനാണ്. എത്രമാത്രം ഇരുട്ടിലാണ് താൻ അതുവരെയും നിന്നിരുന്നത്? ഒരു ഭീകരസത്യം തുറിച്ചുനോക്കി. താൻ വിചാരിച്ചതിലും എത്രയോ വിശാലമാണീ ലോകം. സ്വന്തം പിതാവു സ്ഥാപിച്ച നല്ല നിലയിൽ നടത്തിവരുന്ന ഒരു വിദ്യാലയത്തിൽവെച്ചു കൂട്ടുന്ന ഒരു സമ്മേളനവേദിയിൽ 15 വയസ്സായ താൻ അക്ഷരജ്ഞാനമില്ലാതെ അമ്പരന്നുനില്ക്കുക. വിദ്യാഭ്യാസം സാർവ്വത്രികമാക്കാൻ ദൃഢപ്രതിജ്ഞയെടുത്ത് അതിനായി തീവ്രയത്നം നടത്തിവരുന്ന ഒരു മഹാസംഘടനയുടെ വാർഷികത്തിലെ സ്വാഗതപ്രസംഗവേദിയിൽ നിസ്സഹായനായി മിഴിച്ചുനില്ക്കേണ്ടിവരിക. ലജ്ജാവഹമായ ഈ പരിതസ്ഥിതി സ്വാഭാവികമായും അദ്ദേഹത്തിൻെറ ആത്മാഭിമാനത്തെ തട്ടിയുണർത്തി. ജീവിതബോധത്തിൻെറ അങ്കുരം ആ അസ്വസ്ഥഹൃദയത്തിൽ ആദ്യമായി നാമ്പെടുത്തു. മലയാളം കുട്ടിവായിക്കാനറിയാമോ? ആ വെല്ലുവിളിയെ അഭിമുഖീകരിക്കാൻതന്നെ തീരുമാനിച്ചു. സമുദായാംഗങ്ങളും അല്ലാത്തവരുമായി ധാരാളം ആളുകൾ തിങ്ങിനിറഞ്ഞ ആ സദസ്സിൽ സ്വാഗതപ്രസംഗം അദ്ദേഹം വായിക്കുകതന്നെ ചെയ്തു—തപ്പും തടവും കൂടാതെ. വിശാലമായ പുതിയ പ്രവർത്തനമേഖലയിലേയ്ക്കു നയിക്കുന്ന ആ വഴിത്താരയെ അദ്ദേഹം ഉററുനോക്കി. സുദീർഘമായ പുതിയ പന്ഥാവു മുന്നിൽ തുറന്നുകിടക്കുന്നു. അങ്ങകലെ തിളങ്ങുന്ന ചക്രവാളം—ഇതാണോ തൻെറ മാർഗ്ഗം?


പില്ക്കാലത്തു യോഗക്ഷേമമഹാസഭയുടെ അമരത്തിരുന്നു വർഷങ്ങളോളം സമുദായപരിഷ്കരണപ്രക്രിയയ്ക്ക് ആവേശവും വെളിച്ചവും നല്കിയ കുഞ്ഞൻനമ്പൂതിരിപ്പാടിൻെറ ആദ്യത്തെ അരങ്ങേററമായിരുന്നു ആ സ്വാഗതപ്രസംഗം. ചരിത്രത്തിനും ഔചിത്യബോധമുണ്ടോ?

സ്വഗ്രസ്ഥനായ പിതാവു ചെയ്ത പ്രഖ്യാപനമനുസരിച്ചു് ഏതാനും നമ്പൂതിരിവിദ്യാർത്ഥികൾ ചിറവർമ്മനവക സ്ഥലത്തു താമസിച്ച സി. എൻ. എൻ. ഹൈസ്കൂളിൽ പഠിച്ചിരുന്നു അക്കാലത്തു്. അവരിൽ ഒരാളായ മടങ്ങർളി നാരായണൻനമ്പൂതിരിയുടെ സഹായത്തോടെയാണു് സ്വാഗതപ്രസംഗം വായിക്കാൻ പഠിച്ചതു്. അതിന്നുമുമ്പുതന്നെ മടങ്ങർളി കുഞ്ഞൻനമ്പൂതിരിപ്പാടിനെ പഠിക്കാൻ പ്രേരിപ്പിച്ചിരുന്നു. പക്ഷേ ആ പ്രേരണ ശരിക്കും ഹൃദയത്തിൽ ആഞ്ഞുതറച്ചതു് ഈ സന്ദർഭത്തിലാണെന്നുമാത്രം.

താമസമുണ്ടായില്ല, സി. എൻ. എൻ. ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്ന ഹരിഹരയ്യരുടെ കീഴിൽ ഇംഗ്ലീഷ്പഠിപ്പു് ആരംഭിച്ചു. ഒരു വർഷം ഒരു തീവ്രയത്നപരിപാടിയായി അതു തുടന്നു. ഇതിനിടയിൽ ഒരാറുമാസം മറെറാരദ്ധ്യാപകന്റെ കീഴിൽ ഹിന്ദിയും പഠിച്ചു. ഇത്രയുമാണു് വിദ്യാഭ്യാസം. പക്ഷേ ഇംഗ്ലീഷും ഹിന്ദിയും സാമാന്യമായി കൈകാര്യംചെയ്യാറായി. ഹിന്ദുമുതലായ ഇംഗ്ലീഷ്പത്രങ്ങൾ നിത്യവും പാരായണംചെയ്തിരുന്നതു വിജ്ഞാനമണ്ഡലത്തെ വിപുലമാക്കാൻ സഹായിച്ചു.

"ആചാര്യാത് പാദമാദത്തേ
പാദം ശിഷ്യഃ സ്വമേധയാ
പാദം സബ്രഹ്മചാരിഭ്യഃ
പാദം കാലക്രമേണ തു."

എന്ന പദ്യത്തിൽ പൂർവ്വാർദ്ധത്തിലെയും ഉത്തരാർദ്ധത്തിലെയും ആദ്യപാദങ്ങൾ നമ്പൂതിരിപ്പാടിനെസ്സംബന്ധിച്ച പറഞ്ഞാൽ വളരെ ശോഷിച്ചതും മററു പാദങ്ങൾ അസാധാരണമാംവിധം പോഷിച്ചതുമാണെന്നു കാണാം. സേവനത്തിൽനിന്നു സ്വയം നേടിയ വിജ്ഞാനമാണദ്ദേഹത്തിന്റെ കാര്യമായ വിദ്യാഭ്യാസം. സാഹചര്യവും അതായിരുന്നു. 1102-ൽ പ്രായപൂർത്തിയാ



കുഞ്ഞൻനമ്പൂതിരിപ്പാടും
പത്നി പാർവ്വതിഅന്തർജ്ജനവും

വുന്നതിന്നു മുമ്പുതന്നെ, അടുക്കും ചിട്ടയുമില്ലാതെ നാശോന്മുഖമായിക്കിടന്നിരുന്ന കുടുംബഭരണത്തിൽ ശ്രദ്ധ ചെലുത്തേണ്ടിവന്നു. ഒരു വർഷത്തിന്നുശേഷം 1103-ൽ സുപ്രസിദ്ധമായ അകവൂർനിന്നു് അദ്ദേഹത്തിന്റെ വിവാഹവും നടന്നു—സ്വസഹോദരിയെ അകവൂർക്കും—അതൊരു മാററമായിരുന്നു. അങ്ങനെ 18 വയസ്സിൽത്തന്നെ കുടുംബനാഥനും ഗൃഹസ്ഥനുമായിത്തീർന്നു. പക്ഷേ അതോടൊപ്പം സമുദായപ്രവർത്തനത്തിന്നുള്ള ആവേശം നീറിപ്പടരുകയാണുണ്ടായതു്. മന്ദഗതിയിലായിരുന്ന യോഗക്ഷേമസഭയുടെ പ്രവർത്തനവേദിയിലേയ്ക്കു് അദ്ദേഹം ഏതാനും സഹപ്രവർത്തകരോടൊപ്പം ദൃഢനിശ്ചയത്തോടെ കടന്നുചെന്നു. പിന്നീടുള്ള ഒന്നരവ്യാഴവട്ടക്കാലത്തെ കഥ യോഗക്ഷേമസഭയുടെ ചരിത്രമാണു്. സമുദായത്തിന്റെ മുഖച്ഛായമാററിയ പുരോഗതിയുടെ ചരിത്രമാണു്. വ്യക്തമായ ലക്ഷ്യബോധത്തോടെ സമുദായപ്രവർത്തനം പുതിയ രൂപവും ഭാവവും പൂണ്ടു.

## സങ്കല്പങ്ങൾ-ചില യാഥാർത്ഥ്യങ്ങളും

ആചാരബദ്ധനായിരുന്ന നമ്പൂതിരിക്കു് ആധുനികസങ്കല്പങ്ങളുമായി പൊരുത്തപ്പെടുക അത്ര എളുപ്പമല്ല. അത്രയധികം കെട്ടുപാടുകളുണ്ടതിന്നു്. പ്രതിബന്ധങ്ങളുടെ മഹാമേരുക്കൾതന്നെ ലക്ഷ്യത്തിലേയ്ക്കുള്ള പന്ഥാവിൽ ഉയർന്നുനിന്നു. ജാത്യഭിമാനത്തിന്റെയും ആദ്ധ്യാത്മികമേധാവിത്വത്തിന്റെയും ജീർണ്ണിച്ച മിഥ്യാസങ്കല്പങ്ങളിൽനിന്നു പ്രകടമായ ഒരു പരിവർത്തനത്തിന്നുവേണ്ടി സമുദായം വെമ്പൽക്കൊള്ളുകയാണു്. സമ്പുഷ്ടമായിരുന്ന നാലുകെട്ടുകളും എട്ടുകെട്ടുകളും ഉറക്കത്തി ദുർബ്ബലമായിവരികയാണു്. പഴയ സാമൂഹികസംഘടനയുടെ ആണിക്കല്ലുകൾ ഇളകിയിരുന്നു. ഒരു പുനസ്സംവിധാനം അനിവാര്യമാണു്. ഇരുളടഞ്ഞ അന്തഃപുരത്തിൽ വെളിച്ചം പരത്തണം. കുറേക്കൂടി വിശാലമായ അടിസ്ഥാനത്തിൽ നവീകരിക്കണം. കാല

ത്തിന്റെ വെല്ലുവിളിയുടെയും നാഗരികതയുടെയും നേരെ പുറം തിരിഞ്ഞു നില്ക്കുന്നതാണ് നമ്പൂതിരിയുടെ പരാഭവത്തിന്റെ അടിസ്ഥാനഹേതു.

സ്വധർമ്മാനുഷ്ഠാനത്തിൽ പൂർവ്വാധികം നിഷ്കർഷ പാലിക്കണമെന്ന് ഒരു വിഭാഗം ശക്തിപൂർവ്വം വാദിച്ചു. യോഗക്ഷേമമഹാസഭയുടെ ഔദ്യോഗികരേഖകളിൽത്തന്നെ ഇതിനെ ഊന്നിയിരുന്നു. ശാന്തി, ക്ഷാന്തി, ദയ, മംഗളം തുടങ്ങിയ ഉദാത്തഭാവനകളുടെ കേദാരമാണ് നമ്പൂതിരി. അതു കൂടുതൽ പ്രകാശമാനമാക്കണം.

"പലായധ്വം പലായധ്വം രേ രേ" എന്നു വെല്ലുവിളിച്ച ഉദ്ദണ്ഡശാസ്ത്രികളോട് ആദ്യറൗണ്ടിൽ പരാജയപ്പെട്ട നമ്പൂതിരി പരുങ്ങുകയല്ല ഉണ്ടായതു്. "തവ മാതാ പതിവ്രതാ" എന്ന ഉദ്ദണ്ഡന്റെ അവസാനത്തെ ആഗ്നേയാസ്ത്രത്തിന്ന്, വേദത്തിലെ പ്രസക്തഭാഗമാകുന്ന വാരുണാസ്ത്രം പ്രയോഗിച്ച പരാജയപ്പെടുത്തത്തക്ക മേധാശക്തിയെ സൃഷ്ടിക്കാനാണ് നമ്പൂതിരി മുതിർന്നതു്. ആ വിജ്ഞാനഭണ്ഡാഗാരം ശുഷ്കമാകാൻ അനുവദിച്ചുകൂടാ—എന്നിങ്ങനെ ആ വാദഗതി തുടന്നു.

ആദ്ധ്യാത്മികതയുടെ പേരിൽ അനാചാരങ്ങളെ മുറുകെപ്പിടിച്ച് ആധുനികജീവിതമണ്ഡലങ്ങളിൽ മാറിവരുന്ന മൂല്യങ്ങളെ അവഗണക്കുന്നതാപത്താണ്. ശാന്തി, ക്ഷാന്തി, ദയ തുടങ്ങിയവയുടെ പേരിൽ എന്താണ് നടക്കുന്നതു്? കിഴക്ക 'പരപരാ' വെളുക്കുമ്പോൾ ആരംഭിക്കുന്ന ഒരു ദിവസം മദ്ധ്യാഹ്നംവരെ 'അട്ടം നമസ്കാര'വും 'അനംസ്വാധ്യായ'വും സാളഗ്രാമപുഷ്പാഞ്ജലിതുടങ്ങിയവയുമായി നീങ്ങുന്നു. ആദ്ധ്യാത്മികത്വം ഒരു ശാപമാണെന്ന് അവഹേളിക്കുകയല്ല. അതുമാത്രമാണ് ജീവിതം എന്ന വിശ്വാസത്തോടാണെതിർപ്പ്. പൂർവ്വാർജ്ജിതമായ സമ്പത്തു വാരം പൂരം കരിങ്കല്പടവുകൾ എന്നിവയ്ക്കു ദ്രവ്യയംചെയ്തു സ്വയം നശിക്കുന്നു. ജ്യേഷ്ഠപുത്രൻമാത്രമേ സ്വജാതീവിവാഹം പാടുള്ളൂ.

കനിഷ്ഠന്മാർ വിജാതിയിൽ അപഹാസ്യമായ രീതിയിൽ 'സംബന്ധ'വുമായി കഴിയുക; പരിവേദനമായി ഒരാൾ സ്വജാതിയിൽനിന്നു വിവാഹംചെയ്താൽ അവർക്കു ഭ്രഷ്ടുകല്പിക്കുക. അധിവേദനം, വൃദ്ധവിവാഹം എന്നിവയെ പ്രോത്സാഹിപ്പിക്കുക—ഇതൊക്കെയല്ലേ നടക്കുന്നതു്? ഇവയെല്ലാം സ്വധർമ്മാനുഷ്ഠാനമെന്നാണു് പേരും. അതുകൊണ്ടു സ്വധർമ്മാനുഷ്ഠാനം എന്നതിന്നു വ്യക്തമായ നിർവ്വചനം വേണം—എന്നിങ്ങനെ മററു ചിലർ വാദിച്ചു.

ദേശം, കാലം, സാഹചര്യം എന്നിവയെ അടിസ്ഥാനപ്പെടുത്തി ആചാരങ്ങൾ പരിഷ്കരിക്കണമെന്നു പലരും ഉറച്ചു പറഞ്ഞുതുടങ്ങി. സ്വയം ആചാരങ്ങൾ പരിഷ്കരിച്ചുതുടങ്ങി. ചില വിഷമതകളും തന്മൂലം അവർക്കു നേരിടേണ്ടിവന്നു.

നമ്പൂതിരിമാരുടെ ഇടയിലെ ആഭ്യന്തരവഴക്കു്, ആഭിജാത്യം, കിടമത്സരം, 'യോഗ'ക്കാർതമ്മിലുള്ള ചരിദ്രം, ജന്മി-കുടിയാൻകാര്യം, കുടുംബറഗുലേഷൻ പാസ്സാക്കണമെന്നു ഗവർമ്മേണ്ടുകളോടഭ്യർത്ഥിച്ചു തൃപ്തിയടയുക—ഇത്തരം കാര്യങ്ങൾക്കു വേണ്ടി യോഗക്ഷേമസഭ അക്കാലത്തു മണിക്കൂറുകളോളം വിവാദംനടത്തുക പതിവാണു്. അന്നത്തെ പരിതസ്ഥിതിയിൽ അതു് ഏറക്കുറെ സ്വാഭാവികമാണുതാനും. സമുദായത്തിന്റെ ആഭ്യന്തരമായ കെട്ടുറപ്പിനെ ബാധിക്കുന്ന, സമുദായശരീരത്തിൽ നിസ്സാരങ്ങളായ പോറലേല്പിച്ചിരുന്ന, ഉപരിപ്ലവങ്ങളായ പ്രശ്നങ്ങൾക്കു ചുററും മഹാസഭ വട്ടംകറങ്ങുകയായിരുന്നു. ഊർജ്ജസ്വലരായ ഒരു വിഭാഗത്തിന്റെ നിരന്തരപരിശ്രമഫലമായി അടിസ്ഥാനപ്രശ്നമായ വിദ്യാഭ്യാസം കണക്കിലെടുത്തു കുറേ ദൂരം സഞ്ചരിച്ചിരുന്ന കാര്യം വിസ്മരിക്കുകയല്ല. 16-ാംവാർഷികത്തിന്നുശേഷം ആ പ്രവർത്തനത്തിനു കുറേക്കൂടി വ്യക്തമായ രൂപം കൈവന്നു.

വിജാതിയിലുള്ള 'സംബന്ധ'സമ്പ്രദായം സമുദായത്തിന്നു ഹാനികരമാണെന്നു 8-ാംവാർഷികത്തിൽ പ്രമേയം പാസ്സാക്കിയെങ്കിലും അതു കടലാസ്സിൽമാത്രം ഒതുങ്ങി. അതുവരെ അധികമാരും ചിന്തിക്കാത്ത സ്ത്രീവിദ്യാഭ്യാസപ്രശ്നം 16-ാംവാർഷികത്തിൽ ഉന്നീതമായി. അന്നുതന്നെ പലരും അതൊരപശബ്ദമായാണു് ശ്രവിച്ചതു്.

പ്രത്യേകവിദ്യാലയത്തിൻെറ സ്ഥിതി ശോചനീയമായിരുന്നു. 'ചത്തതിനൊക്കുമേ' എന്ന മട്ടിലായി. നടത്തിപ്പിന്നുള്ള ധനസ്ഥിതിയില്ല. വിദ്യാർത്ഥികൾ വേണ്ടത്ര മുന്നോട്ടു വരുന്നില്ല. ഈ പരിതസ്ഥിതിയിൽ സുബദ്ധവും ക്രിയാത്മകവുമായ ചില പരിപാടികൾ ചൈതന്യം തുളുമ്പുന്ന ഏതാനും യുവാക്കളുടെ പരിശ്രമഫലമായി സഭ ആവിഷ്കരിച്ചുതുടങ്ങി. 1102-ൽ കുമാരനെല്ലൂർ കൂടിയ 19-ാംവാർഷികത്തിൽ സ്ത്രീവിദ്യാഭ്യാസപ്രമേയത്തെ പിന്താങ്ങിക്കൊണ്ടു് അന്നു കേവലം 17 വയസ്സു പ്രായമായിരുന്ന കുഞ്ഞൻനമ്പൂതിരിപ്പാടു ശക്തിയുക്തം വാദിച്ചതു് ഇതിന്നുദാഹരണമാണു്. പിന്നീടു മൂന്നു വർഷത്തിന്നു ശേഷം നമ്പൂതിരിവിദ്യാലയത്തിൽ പെൺകുട്ടികൾ പഠിക്കാൻ ചേർന്നതിന്നും പാഞ്ഞാളിൽ ഒരു നമ്പൂതിരിബാലികാവിദ്യാലയം ഉടലെടുത്തതിന്നും വിദ്യാർത്ഥിനീസദനംവഴി ഉപരിവിദ്യാഭ്യാസത്തിന്നു പ്രചോദനം നല്കിയതിന്നും ആ പ്രമേയത്തിൻെറ അടിസ്ഥാനത്തിലുള്ള ഉഗ്രമായ പ്രചാരണമാണു് വഴിതെളിയിച്ചതു് എന്ന കാര്യം സ്മർത്തവ്യമാണു്. ആ യുവാവിനെ അന്നു മഹാസഭയുടെ ഖജാഞ്ചിയായി തിരഞ്ഞെടുത്തു; പിന്നീടു് ഒരു വർഷത്തിന്നുശേഷം ജനറൽസിക്രട്ടറിയായും.

"പ്രതിബന്ധമരുത്തേററം
പ്രതികൂലിച്ചടിക്കിലും
അതിനോടെതിരായ് മുന്നോ-
ട്ടതിവേഗം ഗമിക്കുവിൻ"

എന്ന ആഹ്വാനം ശരിക്കും ഉൾക്കൊണ്ട ഏതാനും പേരാണി തിന്നു നേതൃത്വം വഹിച്ചതു്. വി. ടി. രാമൻഭട്ടതിരിപ്പാട്ട്, സി. കെ. നമ്പൂതിരി, കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാട്ട്, കുമ്മിണി, മാടമ്പു നാരായണൻനമ്പൂതിരി, ഒ. എം. സി. നാരായണൻനമ്പൂതിരിപ്പാട്ട്, ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാട്ട്, എൻ. എം. ദാമോദരൻനമ്പൂതിരി, പാർവ്വതി നെന്മിനിമംഗലം, ആര്യാപള്ളം, ഇം. എം. ശങ്കരൻനമ്പൂതിരിപ്പാട്ട്, കെ. എൻ. കുട്ടൻനമ്പൂതിരിപ്പാട്ട്, സി. എസ്സ്. സുബ്രഹ്മണ്യൻപോററി, മൂത്തിരിങ്ങോട്ടു ഭവത്രാതൻനമ്പൂതിരിപ്പാട്ട്, മോഴികുന്നം ബ്രഹ്മദത്തൻനമ്പൂതിരി, കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട്, പാതിരിശ്ശേരി നാരായണൻനമ്പൂതിരി, കപ്ലിങ്ങാട്ടു ശങ്കരൻനമ്പൂതിരി, പഴയത്തു് ആര്യൻനമ്പൂതിരി തുടങ്ങി നിരവധിപേർ അന്നു മുന്നണിയിലുണ്ടായിരുന്നവരാണ്.

സമുദായത്തെ പ്രകമ്പനം കൊള്ളിച്ച വർഷങ്ങളാണ് 1100 മുതല്ക്കുള്ള ഒന്നരദശകം. പ്രതിബന്ധങ്ങളെ സ്വാഭാവികമായി നേരിടേണ്ടിവന്നു. പ്രതിലോമകാരികളും യാഥാസ്ഥിതികരും പിന്നാക്കം പിടിച്ചുനിർത്താൻ വെമ്പൽപൂണ്ടു. തീവ്രവാദികളായ 'വിപ്ലവവായാടികൾ' അപഥത്തിലേക്കു നയിക്കാൻ വ്യഗ്രതപൂണ്ടു. ഇതിനിടയിൽ സമനില തെററാതെ തന്ത്രപൂർവ്വം മുന്നോട്ടു പോവുക എന്ന ശ്രമകരമായ ജോലിയാണ് സഭയുടെ മുന്നിലുണ്ടായിരുന്നതു്.

# ഇരുപതാംനൂററാണ്ടിൻെറ ഇതിഹാസം നിർമ്മിച്ച ദശകങ്ങൾ

ഇരുപതാംനൂററാണ്ടിൻെറ ആദ്യപകുതി പല പരിവർത്തനങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്. അനപേക്ഷിതമായിത്തന്നെ രണ്ടു ലോകമഹായുദ്ധങ്ങൾ ലോകത്തെ ഗ്രസിച്ചു. രാഷ്ട്രങ്ങൾതമ്മിലുള്ള ബന്ധങ്ങൾക്കു പ്രകടമായ പരിവർത്തനം വന്നു. കോളനിഭരണത്തിൻെറ തകർച്ച, ഏകാധിപതികളുടെ പതനം, നവീനരൂപഭാവങ്ങളിലുള്ള അവയുടെ പുനരുത്ഥാനം, പതനം—അങ്ങനെ പലതും. ഒരൊററയടിക്കു ലക്ഷക്കണക്കിനു ജനങ്ങളെ ഒന്നിച്ചു കശാപ്പുചെയ്യാൻ കഴിയുന്ന മാരകായുധത്തെ ശാസ്ത്രജ്ഞന്മാർ ലോകത്തിന്നു സമ്മാനിച്ചതു് ഈ കാലത്താണു്. ശൂന്യാകാശത്തിലേയ്ക്കും അതുവഴി ചന്ദ്രനിലേയ്ക്കും യാത്രചെയ്യാനുള്ള ഒരുക്കങ്ങൾ അണിയറയിൽ കരുപ്പിടിച്ചതും ഇക്കാലത്താണു്.

ഭാരതത്തെസ്സംബന്ധിച്ചിടത്തോളവും ഐതിഹാസികവും അഭൂതപൂർവ്വവും അത്യുജ്ജ്വലവുമായ സംഭവങ്ങൾ ചരിത്രശൃംഖലയിൽ വിളക്കിച്ചേർത്തുകൊണ്ടാണു് 20-ാംനൂററാണ്ടിൻെറ പൂ

ർവ്വാർദ്ധം കടന്നുപോയതു്. തോക്കുചൂണ്ടി ഒരു ജനതയെ അടിച്ചമർത്തി ആധിപത്യം തുടരാമെന്ന പാശ്ചാത്യസങ്കല്പം സിദ്ധാന്തപരമായി തകർത്തുകൊണ്ടു സാമൂഹ്യമൂല്യങ്ങൾക്കു നൂതനവും ഭൗതികതത്ത്വത്തിൻെറ അധിപ്രസരത്തിൽ അചിന്ത്യവുമായ രൂപവും ഭാവവും ഉരുത്തിരിഞ്ഞുവന്നതു ചരിത്രഗതിയെത്തന്നെ മാററി. നൂററാണ്ടുകളായി പരാധീനതയുടെ ലോഹശൃംഖലയിൽ വീർപ്പുമുട്ടിക്കഴിഞ്ഞിരുന്ന ഒരു ജനത സർവ്വശക്തിയുക്തമായ, സൂര്യനസ്തമിക്കാത്ത, സാമ്രാജ്യശക്തിയുടെ മർദ്ദനവിധാനങ്ങളുടെ മുമ്പിൽ ഉയിർത്തെഴുന്നേററു മുട്ടുമടക്കാതെ അടരാടി. പീരങ്കിയുണ്ടകളെ പൂമാലയാക്കി മാററിയ മനുഷ്യൻെറ ഇച്ഛാശക്തിയുടെ മുമ്പിൽ ചരിത്രം തെല്ലിട പകച്ചുനിന്നു. പരാധീനതയിൽനിന്നുളവായ ആലസ്യത്തിൻെറ ചാരത്തിൽ ചേതനയററു കിടന്നിരുന്ന ചിരപുരാതനമായ ഭാരതസംസ്കാരത്തെ ജ്വലിപ്പിച്ച 'അർദ്ധനഗ്നനായ ഫക്കീർ' ഇരുപതാംനൂററാണ്ടിൻെറ സംഭവബഹുലമായ ഇതിഹാസത്തിൻെറ അത്ഭുതകേന്ദ്രമാണു്.

ചരിത്രത്തിൽ ഗാന്ധിയുഗം ആരംഭിച്ചു.

ഒന്നാം ലോകയുദ്ധം അവസാനിച്ചു. ചക്രവർത്തിയോടു കൂറോടുകൂടി ഇന്ത്യക്കാർ പൊരുതി. അതിന്നു പ്രതിഫലം ഒരു കരിനിയമമായിരുന്നു—സാമ്രാജ്യത്വത്തിൻെറ കൃതജ്ഞത. ഭാരതീയർ അതൃപ്തരായി. എന്താണു് ചെയ്യേണ്ടതു്? അറിഞ്ഞുകൂടാ. അസംതൃപ്തിയുടെ അലകൾ അങ്ങിങ്ങു പൊട്ടിത്തെറിച്ചു. അതിൽനിന്നുളവായ പിറേറാളങ്ങൾ ശാന്തമായി. ഇത്തരുണത്തിൽ പുതിയൊരു മനുഷ്യനെ ഭാരതീയർ ദർശിച്ചു. ഭൗതികദൃഷ്ട്യാ ദുർബ്ബലനെന്നു കരുതപ്പെട്ടിരുന്ന മഹാത്മജിയുടെ മസ്തിഷ്കത്തിൽ ഒരു നവീനായുധത്തിൻെറ മിനുക്കുപണി നടക്കുകയായിരുന്നു. ഭാരതീയർ അടിമകളാണു്; നിരായുധരുമാണു്. അപ്പോൾ?.......ഒടുവിൽ പുതിയ ആയുധം പുറത്തുവന്നു. നിസ്സ

ഹകരണം — അഹിംസാമാർഗ്ഗത്തിലൂടെ വിദേ്വഷരഹിതമായ സത്യഗ്രഹം.

"ശ്ശൂ....ഇതാണു്!" ബുദ്ധിജീവികൾവരെ പുച്ഛിച്ചുതള്ളി. പക്ഷേ പരാഭവത്തിന്നുമുമ്പിൽ പതറാത്ത ആ ദൃഢചിത്തൻ മുന്നോട്ടു നീങ്ങി. ഭാരതത്തിൻെറ ഹൃദയതന്ത്രികളെ തൊട്ടുണർത്താനുള്ള ആ നീക്കം ഒരു നവ്യചൈതന്യത്തിൻെറ പ്രകാശധാര പരത്തി.

അങ്ങനെ ചരിത്രത്തിലൊന്നാമതായി ഒരു കൂട്ടം നിരായുധയോധർ വമ്പിച്ച ഒരു സാമ്രാജ്യശക്തിയോടു യുദ്ധം പ്രഖ്യാപിച്ചു. രാജ്യവ്യാപിയായ ഒരു കോളിളക്കത്തിൻെറ നാന്ദി. സാമ്രാജ്യതചം വിദ്രോഹിയെന്ന മുദ്രയടിച്ചു. വിചാരണചെയ്തു. ശിക്ഷിച്ചു. ജയിൽഭിത്തികൾ അദ്ദേഹത്തെ അടക്കിനിർത്തിയില്ല. അക്ഷുണ്ണമായ ആത്മവിശ്വാസത്തോടെ സാമ്രാജ്യതചത്തെ വിചാരണയ്ക്കായി പ്രതിക്കൂട്ടിലേയ്ക്കു കയററുകയായിരുന്നു അദ്ദേഹം.

1928-ൽ സൈമൺകമ്മീഷനെ ബഹിഷ്ക്കരിച്ചുകൊണ്ടു് ആ വിചാരണ പുരോഗമിച്ചു. "സൈമൺകമ്മീഷണരേ, പോ, പോ, പോ" എന്ന പ്രതിഷേധങ്ങൾ ഭാരതത്തിലുടനീളം അലതല്ലി. 1929 ഡിസംബറിൽനിന്നു പുറപ്പെട്ട ഐതിഹാസികവും ധീരവുമായ പ്രഖ്യാപനം കേട്ടു ബ്രിട്ടീഷ്സാമ്രാജ്യം ഒന്നു ഞെട്ടി: "ഭാരതത്തിൻെറ ലക്ഷ്യം പൂർണ്ണസചാതന്ത്ര്യമാണു്." ആ ധീരശബ്ദത്തിൻെറ പ്രഭവസ്ഥാനത്തേയ്ക്കു ലണ്ടനിലെ 10-ാംനമ്പർ ഡൗണിങ്ങ് സ്ട്രീററിലെ ചെങ്കോൽധാരികൾ തിരിഞ്ഞുനോക്കി. ഹിമാലയശിഖരങ്ങളോളം തലയുയർത്തി, യുദ്ധസന്നദ്ധനായി, രഥാരൂഢനായി വർത്തിക്കുന്ന ആധുനികഭാരതയുദ്ധത്തിലെ സവ്യസാചിയെയാണവർ കണ്ടതു് — സചാതന്ത്ര്യസമരത്തിലെ അജയ്യസേനാനായകനായിരുന്ന പണ്ഡിതജവാഹർലാൽനെഹറുവിനെ. "ക്ഷുദ്രം ഹൃദയദൗർബ്ബല്യം ത്യക്തേചാ

ത്തിഷ്ഠ"— എന്നു ഉപദേശിച്ചുകൊണ്ടു നിരായുധനായ മഹാത്മാവു രഥത്തെ പോർക്കളത്തിലേക്കു നയിക്കുന്നു. ലോകത്തിലെ സ്വാതന്ത്ര്യപ്രേമികൾ ആഹ്ലാദിച്ചു: "അതാ, ഭാരതം സംസാരിക്കുന്നു." 1930 ജനുവരി 26-ാംനു ഇന്ത്യയൊട്ടുക്കു പൂർണ്ണസ്വാതന്ത്ര്യപ്രഖ്യാപനം അലയടിച്ചു.

1930 മാർച്ച് 12-ാംനു ആ പോരാട്ടം പുതിയൊരു പതനത്തിലേക്കു കാൽ കുത്തി. "വിജയം അല്ലെങ്കിൽ മരണം" എന്ന ഉഗ്രപ്രതിജ്ഞയുമായി മഹാത്മജി 70 അനുയായികളോടുകൂടി ഉപ്പുനിയമം ലംഘിക്കാൻ ചരിത്രപ്രസിദ്ധമായ 'ദണ്ഡിയാത്ര' ആരംഭിച്ചു. ഇതിൻെറയൊന്നും അർത്ഥവും വ്യാപ്തിയും പാശ്ചാത്യർക്കു പെട്ടന്നു പിടികിട്ടിയില്ല. ആത്മനിഷ്ഠമായിരുന്ന ആ ചൈതന്യത്തിൻെറ അന്തസ്സത്തയുൾക്കൊള്ളാൻ ഭൗതികവാദികളായ പാശ്ചാത്യർക്കെങ്ങനെ കഴിയാനാണ്? പക്ഷേ ആ അഭൂതപൂർവ്വമായ സമരത്തിൽ ആയിരക്കണക്കിനാളുകൾ തോക്കിൻെറയും ലാത്തിയുടെയും മുമ്പിൽ പതറാതെ നിന്നു. പീരങ്കിക്കു് ഒരു ജനതയുടെ ദൃഢനിശ്ചയത്തെയും സ്വാതന്ത്ര്യദാഹത്തെയും അടക്കിനിത്താമെന്ന വ്യാമോഹം ചരിത്രത്തിലാദ്യമായി തകന്നു. ഇതെന്തൊരു സമരം? സാമ്രാജ്യത്വം തെല്ലിട പകച്ചു നിന്നു. ഉരുക്കിനെയും ഇരിമ്പിനെയും രക്തവും മാംസവും ചെറുത്തുനില്ക്കുകയോ? വിശ്വസിക്കാൻ കഴിഞ്ഞില്ല. ശരിയായി ഭക്ഷണംപോലുമില്ലാത്ത ഈ കൊച്ചുമനുഷ്യൻ ഒരു നിർദ്ദേശം കൊടുത്താൽ ലക്ഷക്കണക്കിനാളുകൾ തോക്കിനെതിരെ പാഞ്ഞടുക്കുകയോ? ഇതെന്തൊരിന്ദ്രജാലം? പക്ഷേ അതാണു് സംഭവിച്ചുകൊണ്ടിരുന്നതു്.

ചരിത്രത്തിന്നു് അപ്രതീക്ഷിതമായി പലതും കുറിച്ചിടേണ്ടിവന്നു. ലോകത്തിലെ സ്വാതന്ത്ര്യപ്രേമികളുടെ ഒരു പ്രശ്നം സജീവമായി നിന്നു: "ഇന്ത്യ."

സാമ്രാജ്യത്വത്തെ ലോകമനസ്സാക്ഷിയുടെ പ്രതിക്കൂട്ടിൽ കയററിനിർത്തിയിരിക്കയാണു്. സരളഹൃദയനും സത്യസന്ധനും സർവ്വോപരി നിർഭയനുമായ മഹാത്മജി വിചാരണയാരംഭിച്ചു. ജർമ്മൻസർവ്വാധിപതിയുടെ 3000 ബോമ്പർവിമാനങ്ങൾ ഒരേസമയം ആക്രമണം നടത്തിയിട്ടും കുലുങ്ങാത്ത സുശക്തമായ ഭരണകൂടം ഈ കൊച്ചുമനുഷ്യന്റെ മുമ്പിൽ കിടിലംകൊണ്ടു.

ലൂയിഫിഷർ എന്ന അമേരിക്കൻപത്രപ്രവർത്തകൻ ഇന്ത്യ സന്ദർശിച്ചു. ഒരു വിരുന്നുസത്കാരത്തിൽവെച്ചു് അന്നത്തെ ഇന്ത്യാവൈസറോയി ലിൻലിത്ഗോപ്രഭു ഫിഷറോടു സ്വകാര്യമായി ചോദിച്ചു: "അത്ഭുതങ്ങളുടെ നാടായ ഇന്ത്യയിൽ നിങ്ങൾ കാണേണ്ട മഹാത്ഭുതം കണ്ടുവോ?" എന്താണതു്? താജ്മഹലോ കുത്തബ്മീനാറോ ഫാത്തിപ്പൂർസിക്രിയോ അജന്താഗുഹകളിലെ അത്ഭുതകലാശില്പങ്ങളോ? "അതൊന്നുമല്ല; മഹാത്മാഗാന്ധി." ലിൻലിത്ഗോ രഹസ്യമായി ചെവിയിൽ പറഞ്ഞു.

'സാമ്രാജ്യത്വം പിരിച്ചുവിടാനല്ല താൻ പ്രധാനമന്ത്രിയായതു്' എന്നു പ്രഖ്യാപിച്ച കരുത്തനും വിഖ്യാതനുമായ വിൻസ്റ്റൻ ചർച്ചിലിന്റെ അനുയായിയായ ആ ഭരണമേധാവിക്കു പോലും ശക്തനായ തന്റെ എതിരാളിയെക്കുറിച്ചു പറയാനുണ്ടായിരുന്നതു് ഇതാണു്.

സംഭവഗതികൾ അതിശീഘ്രം മുന്നോട്ടു നീങ്ങി. ആധുനികഭാരതയുദ്ധം യാതനകളിലൂടെയും അഗ്നിപരീക്ഷണങ്ങളിലൂടെയും നിർണ്ണായകഘട്ടത്തിലെത്തി. 1942-ൽ ഇന്ത്യയുടെ അന്തരാത്മാവിൽനിന്നു് ഉഗ്രമായ ഒരാജ്ഞയുയന്നു: "ഇന്ത്യ വിടുക." സാമ്രാജ്യത്വത്തിന്റെ അവസാനം ആരംഭിക്കുകയാണു്. ലോകം മുഴുവൻ അനുരണനമുണ്ടായി: "ക്വിററ് ഇന്ത്യ."

വിധിദിനം സമാഗതമാവുകയാണു്. സാമ്രാജ്യത്വത്തിന്റെ അസ്ഥിവാരം തകന്നു. ആത്മവീര്യത്തിന്റെ തിളക്കത്തിൽ

അണ്വായുധത്തിൻെറ പ്രണേതാക്കൾ അമ്പരക്കുകയും് അസ്വസ്ഥരാവുകയും അവസാനം ആയുധം അടിയറവെയ്ക്കുകയും ചെയ്തു. നൂററാണ്ടുകളായി ഭാരതീയരെ പൂട്ടിയിരുന്ന പാരതന്ത്ര്യശൃംഖല പൊട്ടിത്തെറിച്ചു. ഭാരതം ഒരു റിപ്പബ്ലിക്കായി.

"ഹാ, വരും വരും നൂനമദ്ദിനമെൻനാമിൻെറ
നാവനങ്ങിയാൽ ലോകം ശ്രവിക്കും കാലം വരും."

ഇന്ത്യാചരിത്രത്തിൽ അമ്പരപ്പിക്കുന്നവിധം അതിദ്രുതതരവും വിപ്ലവാത്മകവുമായ സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ, ആ പ്രചണ്ഡമായ കൊടുങ്കാററു കേരളത്തിലും ആഞ്ഞടിച്ചു. രാഷ്ട്രീയ-സാമൂഹ്യരംഗങ്ങളെ അതു പിടിച്ചുകുടഞ്ഞു.

1929 മേയ്മാസത്തിൽ പയ്യന്നൂർവെച്ചു പണ്ഡിത്ജവാഹർലാൽ നെഹറുവിൻെറ അധ്യക്ഷതയിൽ കൂടിയ നാലാം രാഷ്ട്രീയസമ്മേളനം 'ഇന്ത്യയുടെ പൂർണ്ണസ്വാതന്ത്ര്യപ്രമേയം' കെ. മാധവനാർ അവതരിപ്പിച്ചതു ബഹുഭൂരിപക്ഷത്തോടെ പാസ്സായി. കെ. കേളപ്പൻ, കുറൂർ നീലകണ്ഠൻനമ്പൂതിരിപ്പാട്, പി. രാമുണ്ണിമേനോൻ, സി. കുട്ടൻനായർ — അന്നു മുന്നണിയിൽ നിന്നു പ്രമേയത്തെ അനുകൂലിച്ചവരാണ്.

എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രങ്ങളിൽ ആരാധനാസ്വാതന്ത്ര്യം നല്കണമെന്ന ആവശ്യം വടകരവെച്ചു 1931-ൽ രാഷ്ട്രീയസമ്മേളനം ഉന്നയിച്ചു. ജെ. എൻ. സെൻഗുപ്തയായിരുന്നു അധ്യക്ഷൻ. സാമൂഹ്യാനാചാരദൂരീകരണത്തിന്നു കർമ്മമാർഗ്ഗത്തിലേയ്ക്കുള്ള കാൽവെപ്പായിരുന്നു. 1931 ആഗസ്റ്റ്മാസത്തിലെ കെ. പി. സി. സി. തീരുമാനമനുസരിച്ചു സെപ്തംബർ 25-ാംനു കേരളം ഒട്ടുക്കു 'ക്ഷേത്രപ്രവേശനദിനം' ആചരിച്ചു. മാത്രമല്ല, നവംബർ 1-ാംനു മുതൽ കേളപ്പൻെറ നേതൃത്വത്തിൽ

"പ്രണതവത്സലാ ഭഗവാനേ കൃഷ്ണാ,
പ്രണയവാരിധേ, മുചുകുന്ദാ,

അവശരാം ഞങ്ങൾക്കഖിലേശാ നിൻെറ
സവിധത്തിൽ വന്നീടരുതത്രേ.''

എന്നു പാടിക്കൊണ്ടു് അസ്പൃശ്യരെന്നു മുദ്രകുത്തി അകററിനി ത്തപ്പെട്ടിരുന്ന അധഃകൃതരുടെ ആരാധനാസ്വാതന്ത്ര്യത്തിന്നുവേണ്ടിയുള്ള ഗുരുവായൂർസത്യഗ്രഹം ആരംഭിച്ചു. പിന്നീടതു കേളപ്പൻെറ നിരാഹാരവ്രതത്തിലെത്തി. കേരളത്തിൽമാത്രമല്ല, ഇന്ത്യയിലാകെ അയിത്തമെന്ന അനാചാരത്തിന്നെതിരായ ഒരു പ്രസ്ഥാനം വളത്താൻ അതുപകരിച്ചു.

എണ്ണത്തിൽ കുറവാണെങ്കിലും കേരളത്തിൻെറ സാംസ്കാരികജീവിതമണ്ഡലത്തിൽ ഒരു കാലത്തു വ്യക്തിമുദ്ര ചാത്തിയ നമ്പൂതിരിമാർ ഈ നൂതനചിന്താധാരയിൽ തികച്ചും അലിഞ്ഞുചേന്നു. എടക്കുന്നിയിലും പിന്നീടു തൃശ്ശൂരും പ്രവത്തിച്ച നമ്പൂതിരിവിദ്യാലയത്തിലൂടെ നവീനവിദ്യാഭ്യാസം നേടി പുറത്തുവന്ന യുവാക്കളുടെ ചൈതന്യപൂണ്ണമായ ആവേശം കൂലംകുത്തിപ്പായുന്ന കാലപ്രവാഹത്തിലേയ്ക്കു് എടുത്തുചാടുവാൻ അവർക്കു കരുത്തു നല്കി.

സമുദായത്തിൽ പല പരിവത്തനങ്ങളും ഇക്കാലത്തു സംഭവിച്ചു. ചുററുപാടും വരുന്ന മാററങ്ങളിൽനിന്നു് ആവേശം പകന്നു. പ്രതിബന്ധമരുത്തു് ആഞ്ഞടിച്ചു എന്നതു ശരിയാണു്. അതു പ്രവത്തനത്തിന്നു ശക്തികൂട്ടി.

## പാലം അപകടം—പിന്തിരിയുക

മുല്ലത്തടത്തിൽ മുത്തങ്ങയും പാഴ്ച്ചെടികളും വളന്നാലോ? മുല്ലയുടെ ഉദ്ദേശലക്ഷ്യങ്ങളെ അതു ദുർബ്ബലപ്പെടുത്തും. ബോധപൂവ്വം പാഴ്ച്ചെടികൾ വളത്തുന്നതു വിപത്കരമായിരിക്കും. പരിസരം മുഴുവൻ സുരഭിലമാക്കേണ്ട മുല്ലയുടെ വളച്ചയെ അതു സാരമായി ബാധിക്കും. അവ പിഴുതുകളയുകയേ ഗതിയുള്ളു. ഇന്ത്യൻരാഷ്ട്രീയപ്രസ്ഥാനത്തിലെന്നപോലെ, സാമുദായികപ്ര

സ്ഥാനത്തിലും ഇത്തരം പാഴ്ശ്രമങ്ങൾ പല അവസരത്തിലും നടന്നതായിക്കാണാം. നവീനവിദ്യാഭ്യാസം, സ്ത്രീവിദ്യാഭ്യാസം, അധിവേദനനിരോധം, സംബന്ധബഹിഷ്കരണം, സ്വജാതീയവിവാഹം സാവ്വത്രികമാക്കൽ, ആചാരപരിഷ്കാരം തുടങ്ങിയ സമുദായത്തിലെ മുഴയും കമ്പും ചെത്തിമിനുക്കാനുള്ള സംരംഭങ്ങളെയും ഒരു വിഭാഗം യാഥാസ്ഥിതികർ എതിർത്തു. ദുർമ്മേദസ്സിനെ ദേഹപുഷ്ടിയായി അവർ വ്യാഖ്യാനിച്ചു.

ഈ എതിർപ്പുകാർ രണ്ടു തരക്കാരാണ്. ഒന്നു്: സ്വന്തം ഇല്ലത്തിൻെറ പൂമുഖത്തു നാൽവഴിയും പേരേട്ടം നിരത്തിവെച്ചു രസിച്ചിരിക്കുമ്പോൾ, കാര്യസ്ഥന്മാരോടും ആശ്രിതന്മാരോടും സമുദായപരിഷ്കാരപ്രസ്ഥാനത്തെ ശകാരിക്കുകയും ശപിക്കുകയും ചെയ്തു തൃപ്തിയടയുന്നവർ. രണ്ടു്: പ്രസ്ഥാനപ്രവത്തകരോടൊപ്പം പ്രവത്തനപഥത്തിൽനിന്നു "പാലം അപകടത്തിൽ, പിന്തിരിയുക" എന്നു മഹത്തായ ആ ജൈത്രയാത്രയെ തടസ്സപ്പെടുത്താനും കഴിയുമെങ്കിൽ പിന്തിരിപ്പിക്കാനും ശ്രമിച്ചു കുഴപ്പം സൃഷ്ടിക്കുന്നവർ. ആദ്യം പറഞ്ഞവർ നിരുപദ്രവികളാണ്. അവരുടെ വായാടിത്തം പ്രസ്ഥാനത്തെ സാരമായി ബാധിക്കുകയില്ല. എന്നാൽ പ്രസ്ഥാനദൂഷകരായ രണ്ടാമതു പറഞ്ഞവർ ഉപദ്രവകാരികളാണ്. അവർ പ്രവത്തനത്തെ തടസ്സപ്പെടുത്തും. ആശയക്കുഴപ്പം സൃഷ്ടിക്കും. ചില നിക്ഷിപ്തതാത്പര്യങ്ങളായിരിക്കും അവർക്കു പ്രേരണ. ഇത്തരക്കാരാണ് യഥാത്ഥത്തിൽ പ്രതിലോമകാരികൾ.

അന്നു പ്രതിലോമകാരികളുടെ നേതൃത്വംവഹിച്ചു രംഗത്തു പ്രത്യക്ഷപ്പെട്ടതു് ഒരു സമുദായപ്രവത്തകനും വാഗ്മിയുമായ പച്ചിമൻ രാമൻനമ്പൂതിരിയാണ്. പാലക്കാട്ടു രാഷ്ട്രീയസമ്മേളനത്തിൽ തീണ്ടൽ ആചരിക്കരുതെന്ന പ്രമേയത്തെ എതിർത്തു കുപ്രസിദ്ധി നേടിയ പച്ചിമൻ സമുദായപ്രസ്ഥാനത്തിൽ പ്രതിലോമകാരിയായി പ്രത്യക്ഷപ്പെട്ടതിലത്ഭുതമില്ല.

"പാശ്ചാത്യപരിഷ്കാരപാരാവാരപരമ്പരാപരിവീചികളിൽ പര്യടനംചെയ്യുന്ന പച്ചപ്പരിഷ്കാരികളെ"ന്നുള്ള പശ്ചിമൻെറ ആക്ഷേപഹാസ്യം തുളുമ്പുന്ന സംബോധന പുരോഗമനവാദികളിൽ നിന്ദാസ്തുതിയും സ്തുതിനിന്ദയുമായി വ്യാഖ്യാനിക്കപ്പെട്ടു. 'സ്വധർമ്മാനുഷ്ഠാന'ത്തിൻെറ പേരിൽ അക്കാലത്തു പശ്ചിമൻ നിരവധി ഉഗ്രപ്രസംഗങ്ങൾ നടത്തി. വാഗ്മിയായ അദ്ദേഹത്തിന്നു കുറെ അനുയായികളെയും കിട്ടി. യോഗക്ഷേമമഹാസഭയുടെയും ഉപസഭകളുടെയും യോഗങ്ങളിൽ അദ്ദേഹം അനുയായികളോടുകൂടി ഹാജരാവും. ആധുനികവിദ്യാഭ്യാസത്തോടുള്ള വിരോധം, അനാചാരത്തോടുള്ള ആഭിമുഖ്യം— ഇവയ്ക്കു മനുസ്മൃതിയുടെയും മററും പരിവേഷം നല്കി. വാചാലമായി അവതരിപ്പിച്ചു.

നമ്പൂതിരിവിദ്യാലയത്തിൻെറ സ്ഥിതി അന്നു ശോചനീയമായിരുന്നു എന്നാദ്യം സൂചിപ്പിച്ചിട്ടുണ്ടല്ലോ. സാമ്പത്തികഞെരുക്കംകാരണം അതു് ഉയർദ്ധ്വൻവലിക്കുമെന്ന ഘട്ടത്തിൽ, അക്കാര്യം ചർച്ചചെയ്യാനായി 1101 എടവം 10-ാംനു- പാഞ്ഞാൾ വെച്ചു യോഗക്ഷേമസഭയുടെ ഒരു പ്രത്യേകയോഗം മൂത്തമല പുരുഷോത്തമൻനമ്പൂതിരിയുടെ അധ്യക്ഷതയിൽ കൂടി. ഈ യോഗം കലക്കാനും യോഗോദ്ദേശത്തെ പരാജയപ്പെടുത്താനും പശ്ചിമൻ രാമൻനമ്പൂതിരിയും കൂട്ടുകാരും എത്തി. പ്രത്യേകവിദ്യാലയം നിർത്തണമെന്നും വിദ്യാലയത്തിന്നുവേണ്ടി ഒററപ്പൈസപോലും ആരും നല്കരുതെന്നും അദ്ദേഹം ആവേശത്തോടെ വാദിച്ചു. പ്രതിലോമപരമായ ഈ ആഹ്വാനത്തിൻെറ പ്രതികരണം രസാവഹമായിരുന്നു. 1000 ക. (റൊക്കമായി) അവിടെവെച്ചുതന്നെ പിരിഞ്ഞുകിട്ടി.

1102-ൽ കുമാരനെല്ലൂർകൂടിയ യോഗക്ഷേമസഭാവാർഷിക (19) ത്തിൽ പശ്ചിമൻ പതിവുപോലെ സ്വന്തം അനുയായികളോടുകൂടി വന്നു. പ്രസംഗവേദിയിൽക്കയറി അധ്യക്ഷൻെറ അ

നുമതിക്കൂടാതെ പ്രസംഗിക്കാൻ തുടങ്ങി. ബഹളമായി. ഒടുവിൽ പ്രസംഗവേദിയിൽനിന്നിറക്കാൻ സ്വല്പം ബലപ്രയോഗംതന്നെ വേണ്ടിവന്നു. പിന്നീടു മൂന്നാംവായന കഴിഞ്ഞു രാജാനുമതിക്കായി കാത്തുകിടന്നിരുന്ന നമ്പൂതിരിബില്ലിനെക്കുറിച്ചാലോചിക്കാൻ തൃപ്പൂണിത്തുറവെച്ച് ഒരു പ്രത്യേകയോഗംകൂടാൻ തീരുമാനിച്ചതിനെ പശ്ചിമൻ പോലീസിൻെറ സഹായത്തോടെ തടഞ്ഞു. അങ്ങനെ പ്രതിലോമകാരിയും പ്രതികാരദാഹിയുമായിരുന്ന പശ്ചിമൻ ക്രമേണ അനുയായികളോടുകൂടി രംഗത്തുനിന്നന്തർദ്ധാനംചെയ്തു.

പ്രസ്ഥാനത്തിൻെറ മുന്നോട്ടുള്ള പ്രയാണത്തിൽ വ്യക്തികൾ നിർണ്ണായകമായ പങ്കു വഹിക്കാറുണ്ടെങ്കിലും ഒരു പ്രസ്ഥാനവും വ്യക്തിയിൽ അധിഷ്ഠിതമല്ല. പ്രപഞ്ചമെന്ന പ്രതിഭാസത്തിൻെറ ആത്യന്തികധർമ്മംതന്നെ അനുസ്യൂതിയാണ്. മാനവസമുദായമെന്ന സങ്കുചിതവലയത്തിലും സ്ഥിതി വ്യത്യസ്തമല്ല. ''പുനരപി ജനനം, പുനരപി മരണം, പുനരപി ജനനീ ജഠരേ''—എന്നിങ്ങനെ ചക്രനേമിക്രമത്തിൽ നിരന്തരമായി അതു തിരിയുന്നു. അതിൽ എത്ര തുച്ഛമായ പങ്കാണ് വ്യക്തിക്കുള്ളതു്! എന്നിട്ടും മനുഷ്യൻ പൊങ്ങച്ചം പറയുന്നു.

## യാഥാസ്ഥിതികവാദക്കാരുടെ മണൽച്ചിറകൾ

''നമ്പൂതിരിമാരുടെ വിദ്യാഭ്യാസസംബന്ധമായും ധർമ്മാചാരസംബന്ധമായും ധനസംബന്ധമായും രാജനീതിസംബന്ധമായു''മുള്ള അഭിവൃദ്ധിയെ ലക്ഷ്യമാക്കി സ്ഥാപിച്ച യോഗക്ഷേമസഭയും കൂട്ടായ പ്രവർത്തനത്തിൻെറ ആകത്തുകയാണ്. വ്യക്തികൾ ആവേശത്തോടുകൂടി അതിൽ വരികയും അവജ്ഞയോടുകൂടി അതിൽനിന്നു വഴുതിപ്പോകയും ചെയ്ത ചരിത്രം നിരവധിയാണ്. സമുദായം മുഴുവൻ—വൈദികനും വാധ്യാനും സ്മാർത്തനും തന്ത്രിമാരുമടക്കം—അതിൽ ആദ്യം സഹകരിച്ചു. സഭ

യുടെ ഉദ്ദേശലക്ഷ്യങ്ങൾക്കു പുതിയ വ്യാഖ്യാനങ്ങളും അതനുസരിച്ചു പ്രവർത്തനപദ്ധതികളിൽ വ്യതിയാനവും സംഭവിച്ചുതുടങ്ങിയപ്പോൾ, ഒരു വിഭാഗം അസംതൃപ്തരായി. 'നീചഭാഷാഭ്യസനം'മൂലം 'ധർമ്മഭ്രംശം' സംഭവിക്കുമെന്ന പേരിൽ അവർ ഒഴിഞ്ഞുമാറാനും തിരിഞ്ഞെതിർക്കാനും തുടങ്ങിയതു നാം കണ്ടുവല്ലോ.

"അധ്യാപനം ചാധ്യയനം യജനം യാജനം തഥാ" എന്നതാണു് ധർമ്മമെന്നുരുവിട്ടുകൊണ്ടു സമുദായത്തിന്റെ മേലേത്തട്ടിലുള്ള ഒരു വിഭാഗം യാഥാസ്ഥിതികർ അനുയായികളോടുകൂടി അവജ്ഞയോടെ ഇറങ്ങിപ്പോയി. ജന്മി-കുടിയാൻപ്രശ്നങ്ങളിൽ സഭ സജീവമായി ശ്രദ്ധചെലുത്തിയിരുന്നതിനാൽ, "ധർമ്മാചാരങ്ങൾക്കു വിരുദ്ധമാവാതെ വിദ്യാഭ്യാസം" നടത്തുന്നതുകൊണ്ടു കുഴപ്പമില്ലെന്നു സമാധാനിച്ചുകൊണ്ടു ജന്മി-കുടിയാൻകാര്യങ്ങളിൽ ഊന്നിക്കൊണ്ടു പിന്നെയും കുറെ പഴമക്കാർ അതിൽ 'ഏടശ്ശുദ്ധമാവാതെ' തങ്ങിനിന്നു. ദേശീയപ്രസ്ഥാനം സജീവമായതോടെ സ്വാഭാവികമായി ജന്മിത്വത്തിനെതിരായ നീക്കം ആരംഭിച്ചു. സാഹചര്യംമൂലം കുടിയാനു രക്ഷ നല്കുന്ന നിയമനിർമ്മാണത്തെ പിടിച്ചുനിർത്താനുള്ള പരിപാടിക്കു സ്ഥാനമില്ലാതായി. അപ്പോൾ സമുദായപരിഷ്കരണത്തിൽമാത്രം സഭയുടെ ശ്രദ്ധ ഊന്നി. ഇതോടെ രണ്ടാമതു പറഞ്ഞ മിതവാദികൾ ക്രമേണ പിൻവലിഞ്ഞു.

കൊല്ലവർഷം 1100നു ശേഷമുള്ള കാലഘട്ടത്തിൽ, അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും പൊള്ളയായ ജാത്യഭിമാനത്തിന്നും എതിരായി ഉഗ്രമായ സമരത്തിന്നു് അരയും തലയും മുറുക്കി ആയുധം മൂർച്ചകൂട്ടിക്കൊണ്ടിരുന്നപ്പോൾ, പ്രഗത്ഭരായ പലരും രംഗത്തുനിന്നു പലായനംചെയ്യുകയുണ്ടായി. പശ്ചിമൻ രാമൻനമ്പൂതിരിയും തുടന്നു മാത്തൂർ വാസുദേവൻനമ്പൂതിരിപ്പാട്ടു്, കപ്ലിങ്ങാട്ടു ശങ്കരൻനമ്പൂതിരി, പാതിരപ്പിള്ളി

നാരായണൻനമ്പൂതിരി, പഴയത്തു് ആര്യൻനമ്പൂതിരി, പൂങ്ങാട്ടു പരമേശ്വരൻനമ്പൂതിരി, ചെറുമുക്കു വൈദികൻ വല്ലഭൻനമ്പൂതിരി തുടങ്ങിയവർ അത്തരത്തിൽ പെട്ടവരാണു്. ഇവരിൽ പശ്ചിമൻ രാമൻനമ്പൂതിരിയാണു് പ്രതിലോമകാരിത്വത്തിൻെറ പതാകാവാഹകനായി രംഗത്തുവന്നതു്. മററു പലരും താരതമ്യേന നിശ്ശബ്ദരും നിഷ്ക്രിയരുമായി തിരശ്ശീലയ്ക്കു പിന്നിൽ അപ്രത്യക്ഷരാവുകയാണുണ്ടായതു്.

പഴയ ആചാരങ്ങളെ മറികടക്കുന്നതു മഹാപാപമാണെന്നു് ആത്മാത്ഥമായി വിശ്വസിക്കുന്ന ശുദ്ധാത്മാക്കളുടെ മനോവൃത്തി മനസ്സിലാക്കാം. സമുദായത്തിലുള്ള മേധാവിത്വം നഷ്ടപ്പെട്ടുമെന്ന ആശങ്കമൂലം വൈദികനും വാദ്ധ്യാനും സ്മാത്തനും ആധുനികവിദ്യാഭ്യാസത്തെ ഭയപ്പെടുന്നതും സ്വാഭാവികമാണു്. പക്ഷേ പ്രഗത്ഭരും പ്രവത്തനകുശലരും 'സ്വധമ്മാനുഷ്ഠാന'കാര്യത്തിൽ സാഹചര്യവും സൗകര്യവുമനുസരിച്ചു വളരെ ദൂരം വഴി മാറി സഞ്ചരിച്ചവരുമായ പശ്ചിമനെപ്പോലുള്ളവർ നമ്പൂതിരിക്കു വിദ്യാഭ്യാസമേ ആവശ്യമില്ല എന്നു വാദിക്കുന്നതിൻെറ പിന്നിലുള്ള ചേതോവികാരം അന്നത്തെ പരിതസ്ഥിതിയിലും ദുരൂഹമാണു്. തങ്ങൾ സഞ്ചരിച്ചതുവരെമാത്രമേ സമുദായം പോകാവൂ, അതു 'സ്വധമ്മാനുഷ്ഠാന'ത്തിൻെറ നാലതിരുകൾക്കുള്ളിലാണു്, അതിനപ്പുറമുള്ളതു 'ധമ്മഭ്രംശ'മാണു് എന്ന മക്കടമുഷ്ടിയാണോ അതിൻെറ പിന്നിൽ? അറിഞ്ഞുകൂടാ. നമ്പൂതിരിക്കു വിദ്യാഭ്യാസം വേണ്ടാ. പിന്നെന്തു വേണം? നൂററാണ്ടുകളുടെ പിന്നിലേയ്ക്കു തുഴയുകയോ?

ഏതായാലും ചരിത്രം തറച്ചുനിന്നില്ല. ഈ പ്രതിലോമകാരികളുടെ മണൽച്ചിറകളെ തട്ടിനിരത്തിക്കൊണ്ടു് അതു ത്വരിതഗതിയിൽ നീങ്ങി.

മേല്പറഞ്ഞ പിന്തിരിപ്പൻപ്രവണത 'സുദശ്നം' എന്ന ഒരു പ്രതിവാരപത്രമായി 1101-ൽ പുറത്തു വന്നു. യോഗക്ഷേ

മസഭയുടെ ജിഹ്വയായി 'യോഗക്ഷേമ'വും കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിൻെറ സ്മാരകമായി 'ഉണ്ണിനമ്പൂതിരി'മാസികയും അന്നു നടന്നിരുന്നു. ഇവയുടെ പ്രചരണങ്ങൾക്കെതിരായ പടവാളുമായാണു് 'സുദർശനം' രംഗപ്രവേശനം ചെയ്തതു്.

"നമ്പൂതിരിമാരിൽ കണ്ടുവരുന്ന നവീനാഭിപ്രായങ്ങളോടെതിർത്തു് എന്തോ ചില പൂർവ്വികധർമ്മങ്ങളെ പുനഃസ്ഥാപിക്കുകയെന്നുള്ളതാണത്രേ സുദർശനപ്രവർത്തകരുടെ പ്രധാനോദ്ദേശം. ഇതിലേയ്ക്കായി ഒരു ദിഗ്വിജയയാത്രയ്ക്കൊരുങ്ങിയിട്ടുള്ള ചില ഭൂസുരേന്ദ്രന്മാരെക്കൊണ്ടും അവരുടെ സ്വധർമ്മരക്ഷണത്തിന്നായി മുമ്പിൽ നടക്കുന്ന മി: മേനവൻ മുക്തകങ്ങും പുറപ്പെടുവിക്കുന്ന 'ഹോയി'വിളികൾകൊണ്ടും തൃശ്ശൂർ പട്ടണം അനുഗൃഹീതമായിച്ചമഞ്ഞിരിക്കുന്നു..........." എന്നാണു് കെ. എൻ. കുട്ടൻനമ്പൂതിരിപ്പാടിൻെറ പത്രാധിപത്യത്തിൽ നടന്നിരുന്ന 'ഉണ്ണിനമ്പൂതിരി' 'സുദർശന'ത്തിൻെറ പുറപ്പാടിനെക്കുറിച്ചു് എഴുതിയ കുറിപ്പിൽ പറഞ്ഞിരിക്കുന്നതു്.

'സുദർശന'ത്തിന്നെതിരായി 'പാശുപതം' എന്ന ഒരു പത്രം കുമ്മിണി കൃഷ്ണൻനമ്പൂതിരിയുടെ പത്രാധിപത്യത്തിൽ പുറത്തുവന്നു. ഇവതമ്മിലുള്ള ആരോപണപ്രത്യാരോപണങ്ങൾകൊണ്ടു കുറേക്കാലത്തേയ്ക്കു സമുദായാന്തരീക്ഷം കലുഷമായി. ജുഗുപ്സാവഹവും സഭ്യതയുടെ അതിർത്തികളെ അതിലംഘിക്കുന്നതുമായ അവയിലെ പ്രതിപാദനങ്ങൾതന്നെ, അവയെ അല്പായുസ്സുകളാക്കുന്നതിന്നു കാരണമായി. എതിരാളിയെ ആഞ്ഞടിക്കാൻ കിട്ടുന്ന ഏതായുധവും കൈക്കലാക്കി രംഗം തകർത്ത ആ സമരത്തിൻെറ അന്ത്യത്തിൽ, അതിൻെറ പ്രതികരണമെന്നുതന്നെ പറയാം, രണ്ടു ദശകങ്ങളോളം പ്രശസ്തമായ നിലയിൽ സമുദായസേവനം നിർവ്വഹിച്ച യോഗക്ഷേമംപത്രവും ഉയർപ്പൻ വലിച്ചു.

ഒരു കരാറുപ്രകാരം യോഗക്ഷേമംപത്രം മഹാസഭ യോഗക്ഷേമംകമ്പനിയെ ഏല്പിച്ചിരിക്കയായിരുന്നു. 1105 കന്നി 30-ാനു അവർ (യോഗക്ഷേമംകമ്പനി) കരാറിൽനിന്നു് ഏകപക്ഷീയമായി ഒഴിഞ്ഞു. കമ്പനിക്കാർ പത്രത്തിൻെറ പേരിൽ വരുത്തിയിരുന്ന കടത്തിന്നുകൂടി യോഗക്ഷേമസഭ ഉത്തരവാദിയാവണമെന്നു കമ്പനി ശഠിച്ചു. ഇതിൻെറ പിന്നിൽ വല്ല കറുത്ത കൈകളും പ്രവൎത്തിച്ചിരുന്നുവോ എന്നറിഞ്ഞുകൂടാ. പക്ഷേ പിന്തിരിപ്പന്മാരും പുരോഗമനവാദികളും തമ്മിലുള്ള വടംവലിയുടെ പിരിമുറുക്കം ഈ പൊട്ടലിന്നു കാരണമായി എന്നനുമാനിക്കുന്നതിൽ തെററില്ല.

## പടയണി—മൗലികപ്രശ്നങ്ങളും

യുവജനവിഭാഗത്തിൻെറ നേതൃത്വം വഹിച്ചിരുന്ന വി. ടി. രാമൻഭട്ടതിരിപ്പാടിൻെറ 'രജനീരംഗം' എന്ന കഥാസമാഹാരം പുറത്തായതു് ഈ കാലഘട്ടത്തിലാണു്. യുവാക്കളുടെ മൃദുലവികാരങ്ങൾക്കു തീക്കൊളുത്തി, അവരെ ആവേശംകൊള്ളിക്കുന്നതിന്നു വി. ടി. യുടെ ഓജസ്സുററ ഭാഷക്കുള്ള കഴിവു് അന്യാദൃശമാണു്. ഹൃദയത്തിൽ കുറിക്കു കൊള്ളുന്ന അദ്ദേഹത്തിൻെറ ശൈലി സമുദായമധ്യത്തിൽ ചലനം സൃഷ്ടിച്ചു. യുവാക്കൾ ആവേശത്തോടെ രംഗത്തിറങ്ങി. കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിന്നുശേഷം സമുദായത്തെ അടിമുടി കുലുക്കിയ വിപ്ലവപ്രസ്ഥാനങ്ങൾക്കു നേതൃത്വം കൊടുത്ത ഒരു ശക്തിയായി വി. ടി. വൎത്തിച്ചു. അനാചാരങ്ങൾക്കു തണൽ വിരിച്ചുകൊടുത്തിരുന്ന നിരവധി വൻവൃക്ഷങ്ങൾ കടപുഴങ്ങി. രാഷ്ട്രീയസ്വാതന്ത്ര്യത്തിനുള്ള ഉത്കടദാഹം നിസ്സഹകരണപ്രസ്ഥാനത്തിൻെറ രൂപത്തിൽ ഭാരതത്തിൽ ആഞ്ഞുവീശിയപ്പോൾ അനാചാരങ്ങളുടെ കുരുക്കുകളിൽനിന്നു മോചനം നേടുന്നതിന്നും സ്ത്രീസ്വാതന്ത്ര്യത്തിന്നുമുള്ള പ്രക്ഷോഭം സമുദായത്തിലും കോളിളക്കം സൃ

ഷ്ടിച്ചു. പഴമയുടെ കരുത്തുററ കൽത്തുറുങ്കിൽ വെളിച്ചവും വായുവുമേല്ലാതെ, വ്യഥിതാന്തരാശമായിക്കഴിഞ്ഞിരുന്ന സമുദായത്തിലെ അദ്ധഭാഗത്തെ വെളിച്ചത്തിലേക്കു്, അരങ്ങത്തേക്കു്, നയിക്കാനുള്ള പടയണി സുസജ്ജമായി വരികയാണു്. എം. ആർ. ബി. യുടെ 'വാല്ക്കണ്ണാടി' എന്ന ഭാവോജ്ജ്വലകഥാകാവ്യം സമുദായത്തിലെ സ്ത്രീവിഭാഗത്തിൻെറ ദയനീയചിത്രം വരച്ചുകാട്ടി.

പ്രകടമായ ഒരു മാററം അനിവാര്യമാണു്. അതു സംഭവിക്കണം; സംഭവിച്ചേ തീരൂ. പഴമയുടെ വെളിച്ചപ്പാടന്മാർ ഉറഞ്ഞുതുള്ളി. കല്പിച്ചു. താക്കീതുചെയ്തു. പക്ഷേ ഭൂതകാലത്തിലെ ജീർണ്ണിച്ച സങ്കല്പങ്ങളുടെ സംഹാരപ്രക്രിയ ആരംഭിച്ചുകഴിഞ്ഞിരുന്നു. മുന്നോട്ടുള്ള ഈ ആച്ചിലിൻെറ അമ്പരപ്പിക്കുന്ന ഞെട്ടലിൽ പല പ്രഗത്ഭമതികളും തരിച്ചുനിന്നു; കൊഴിഞ്ഞുവീണു. ചിലർ പിന്തിരിഞ്ഞോടി.

ഈ പടയണിയുടെ മുൻനിരയിൽ പതറാതെ നിന്നു സമുദായത്തെ നയിച്ച എത്രയോ പേരുണ്ടു്. അനാചാരങ്ങളുമായി ഉഗ്രമായ ഏററുമുട്ടൽ നടന്ന ആ ഘട്ടത്തിൽ വിവിധമേഖലകളിൽ നിസ്തുലമായ പങ്കു വഹിച്ചവർ വളരെയുണ്ടു്. ഒരു യന്ത്രം ചലിക്കുമ്പോൾ അതിലെ ഓരോ ചക്രവും അതാതിൻെറ പങ്കു വഹിക്കുന്നതുപോലെ.

ആധുനികപരിഷ്കാരത്തിലേക്കുള്ള പ്രയാണം അപകടകരമായ അപഥസഞ്ചാരമെന്ന നിലയിൽ ഒരു വിഭാഗം മിതവാദികൾ പിന്നോക്കം വലിച്ചു. അതേ സമയം വിപ്ലവാഗ്നിയുടെ ചൂടിൽ സമനില തെററിയ ആവേശഭരിതരായ യുവാക്കൾ ആചാരധ്വംസനമെന്ന പേരിൽ, ത്യാജ്യഗ്രാഹ്യവിവേചനം കൂടാതെ പഴയതിനെയെല്ലാം സംഹരിക്കാൻ വ്യഗ്രതയോടെ പലതും ചെയ്തു. അക്കാലത്തുണ്ടായ ഒരു പൂണൂൽകരിക്കൽപ്രസ്ഥാനം ഇതിന്നുദാഹരണമാണു്. ഒരു കൂട്ടം യുവാക്കൾ ഒരു

ദിവസം തങ്ങളുടെ പൂണൂൽ ഊരി കരിച്ചു ഭസ്മമാക്കി വാദ്ധ്യാന യച്ചുകൊടുത്തു. പിറേറന്നു ബ്രഹ്മസ്വം മഠത്തിൽ അവർക്കു ഭക്ഷണം ലഭിച്ചില്ല. മഠമധികൃതർ പൂണൂലില്ലാത്തവർക്കു ഭക്ഷണം നിഷേധിച്ചു. ഭവിഷ്യത്തിനെക്കുറിച്ചു ചിന്തിക്കാത്ത കേവലം സംഹാരാത്മകത്വം എന്നതിൽക്കവിഞ്ഞു സൃഷ്ട്യുന്മുഖമായി അതിൽ എന്തെങ്കിലും ഉണ്ടായിരുന്നുവോ എന്നു സംശയമാണ്. പരമ്പരയായി നമ്പൂതിരി ആർജ്ജിച്ചിട്ടുള്ള ഉദാത്ത സംസ്കാരത്തെപ്പോലും പഴയതെന്ന കാരണത്താൽ അടിച്ചുടക്കാൻ ഉച്ഛൃംഖലമായ യുവവിഭാഗം ആവേശംകൊണ്ടതിൻെറ ഒരുദാഹരണം പറഞ്ഞു എന്നുമാത്രം. അതിലവരെ കുററപ്പെടുത്തിയിട്ടു കാര്യമില്ല. ഇത്തരം സന്ദർഭങ്ങളിൽ അടിസ്ഥാനപ്രശ്നങ്ങൾ വിസ്മൃതകോടിയിൽ പെട്ടുപോവുക സ്വാഭാവികമാണ്.

സമുദായമണ്ഡലത്തിൽ യാഥാപൂര്യം (മുമ്പെങ്ങനെയോ അങ്ങനെ) സ്ഥാപിക്കണമെന്ന വാദം കേവലം മരവിച്ചനില്പലാണ്. 'ചരൈവേതി, ചരൈവേതി' എന്ന പൂർവ്വികരുടെ സിദ്ധാന്തത്തെ അവഗണിക്കലാണ്. നിശ്ചയദാർഢ്യത്തോടെ അത്തരക്കാരുടെ പിടിയിൽനിന്നു കുതറിമാറാൻ ചങ്കുററം കാണിച്ച യുവാക്കളുടെ മുന്നണിയിൽനിന്നു കുഞ്ഞൻനമ്പൂതിരിപ്പാട്, ആവേശത്തിൻെറ അധിപ്രസരത്തിൽ മുൻപിൻ നോക്കാതെ വഴി തെററുന്നവരെ കടിഞ്ഞാണിടുന്നതിൽ, പക്വമതിയായ ഒരു പ്രവർത്തകൻെറ ക്രാന്തദർശിത്വമാണ് പ്രകടമാക്കിയത്. അടിസ്ഥാനപ്രശ്നങ്ങളെ അദ്ദേഹം വിസ്മരിച്ചില്ല.

ഉദാഹരണം എത്ര വേണമെങ്കിലുമുണ്ട്. 1105 ൽ നമ്പൂതിരിവിദ്യാലയം സാമ്പത്തികവിഷമംമൂലം നാമാവശേഷമാകുമെന്ന നിലയിലെത്തിയ ഒരു ഘട്ടത്തിൽ വിദ്യാലയനടത്തിപ്പിനു പ്രതിവർഷം പോരാതെ വരുന്ന സംഖ്യ, ആവശ്യമായ മൂലധനം ഉണ്ടാകുന്നതുവരെ, താൻ സംഭാവനചെയ്തുകൊള്ളാ

മെന്ന ധീരവാഗ്ദാനം ഒന്നുമാത്രം മതി, നമ്പൂതിരിപ്പാടിന്റെ ത്യാഗോദാരമായ സേവനചരിത്രത്തിന്നു മകുടം ചാർത്താൻ.

"ശ്രീമാൻ ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാടിന്റെ വിദ്യാലയത്തിനുള്ള സംഭാവനയെ എത്ര പ്രശംസിച്ചാലും അധികമാവില്ല. ഇദ്ദേഹത്തിന്റെ സഹായമുണ്ടായിരുന്നില്ലെങ്കിൽ ഇന്നു നമ്പൂതിരിമാരുടെ വിദ്യാഭ്യാസം പകുതിയിലധികം അധഃപതിക്കുമായിരുന്നു........"

"........ഉദാരമതിയായ ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാടു കൊല്ലംതോറും സംഭാവന ചെയ്യുന്ന 1000ക. കൊണ്ടാണ് വിദ്യാലയം വീഴ്ചകൂടാതെ നടന്നുവരുന്നതു്. ത്യാഗിവര്യനായ അദ്ദേഹത്തോടു സമുദായം എന്നന്നേയ്ക്കും കടപ്പെട്ടിരിക്കുന്നു........"

അക്കാലത്തെ യോഗക്ഷേമസഭയുടെയും വിദ്യാലയത്തിന്റെയും വാർഷികറിപ്പോർട്ടിലും ആവർത്തിച്ചു പ്രഖ്യാപിക്കാറുള്ള കൃതജ്ഞതാപ്രകടനത്തിന്റെ ഭാഗങ്ങളാണ് മേലുദ്ധരിച്ച വരികൾ.

കുറെ ശബ്ദമുണ്ടാക്കി പ്ലാററുഫോറവും നേതൃത്വവും പിടിച്ചടക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതു്. സ്വാധീനത്തിലുള്ള ധനം സമുദായസേവനത്തിനുവേണ്ടി ത്യാഗപൂർവ്വം വിനിയോഗിക്കുവാനുള്ള ഔദാര്യം ഉറുപ്പിക-പൈസയിൽ അധിഷ്ഠിതമായ ഇന്നത്തെ സാമൂഹ്യച്ചട്ടക്കൂട്ടിൽ അപൂർവ്വമായിമാത്രമേ കാണാൻ കഴിയൂ. 'സ്വന്തം കഴിവുകൾ ഉറുപ്പിക-പൈസയാക്കി മാററാൻ ശ്രമിക്കാതെ, അവ രാഷ്ട്രസേവനത്തിന്നർപ്പിക്കുക' എന്ന മഹാത്മജിയുടെ ഉപദേശം പ്രാവർത്തികമാക്കുന്നവർ ഇന്നെത്രയുണ്ടു്?

വിദ്യാലയത്തെ വീഴ്ചകൂടാതെ നടത്തുകമാത്രമല്ല, അതിന്നു സ്ഥിരമായ ഒരു മൂലധനമുണ്ടാക്കാൻ മുൻകൈയെടുത്തു പ്രവ

ത്തിക്കുകയും ചെയ്തു. അതിൻെറ ഫലമാണ് യോഗക്ഷേമംഭാഗ്യക്കുറി.

നമ്പൂതിരിപ്പാട്ട സംഭാവനചെയ്തിരുന്നില്ലെങ്കിലും വിദ്യാലയം ഏതെങ്കിലും വിധത്തിൽ നടക്കുമായിരുന്നില്ലേ, അഥവാ വിദ്യാലയം നാമാവശേഷമായിരുന്നെങ്കിൽപ്പോലും സമുദായം പുരോഗമിക്കുമായിരുന്നില്ലേ എന്നും മററുമുള്ള വിതണ്ഡാവാദങ്ങൾ മറുപടി അർഹിക്കുന്നില്ല.

സ്ത്രീവിദ്യാഭ്യാസപ്രശ്നം പ്ലാററ്ഫോറങ്ങളിലെ വാചാലമായ പ്രസംഗങ്ങളിൽ ഒതുങ്ങിനിന്ന കാലം. സമുദായത്തിലെ അർദ്ധഭാഗം അക്ഷരാർത്ഥത്തിൽത്തന്നെ 'അബല'കളായി അന്തഃപുരത്തിൽ അടച്ചിടപ്പെട്ടിരിക്കുകയാണ്. അവരെ സ്വതന്ത്രരാക്കണം. സ്വന്തം കാലിൽ ഉറച്ചുനില്ക്കാനുള്ള ശക്തി അവർക്കുണ്ടാവണം. എന്നും മററുള്ളവരുടെ ഔദാര്യത്തിൽ കഴിയുക എന്ന വിപര്യയം മാറിയേ തീരൂ. അജ്ഞാനതിമിരത്തിനു ഫലപ്രദമായ ഓപ്പറേഷൻ നടത്താതെ അങ്ങനെതന്നെ പിടിച്ചു പുറത്താക്കിയാൽ, അവർ അമ്പരക്കുകയേയുള്ളു. ജീവിതബോധത്തിൻെറയും സംസ്കാരജന്യമായ ത്യാജ്യഗ്രാഹ്യവിവേചനാശക്തിയുടെയും അഭാവത്തിൽ അവർ അടിതെററി ചളിക്കുണ്ടിലേയ്ക്കു പതിക്കുക എളുപ്പമാണ്. അപ്പോൾ ആദ്യമായി വിജ്ഞാനത്തിൻെറ വെളിച്ചമാണവരിൽ പതിയേണ്ടതു്.

## 'യത്ര നാര്യസ്തു പൂജ്യന്തേ'

സ്ത്രീ പുരുഷന്മാരുടെ സന്തോഷത്തിനുവേണ്ടിയുള്ള ഒരു ഉപഭോഗവസ്തുമാത്രമാണോ? അവൾ കേവലം അടിമയാണോ? അവൾക്കും ചില കർത്തവ്യങ്ങളും അവകാശങ്ങളുമില്ലേ? ഉണ്ട്. സ്ത്രീ ഗൃഹിണിയാണ്; മാതാവാണ്; പൂജ്യയാണ്; "യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാഃ"—അപ്പോൾ ഭാരതീയ സ്ത്രീ ഒരിക്കലും അടിമയല്ല. പക്ഷേ സ്ത്രീയുടെ പരിശുദ്ധി സംര

ക്ഷിക്കുന്നതിൽ വ്യഗ്രതപൂണ്ട പുരുഷൻ മനഃപൂർവ്വമായോ അല്ലാതെയോ അവളെ അന്തഃപുരത്തിലെ ഒരലങ്കാരവസ്തുവാക്കി. ''ന സ്ത്രീ സ്വാതന്ത്ര്യമർഹതി'' എന്നെല്ലാം എഴുതിവെച്ചു. ക്രമേണ അതു വഴക്കമായി. എന്നാൽ പൂജ്യയായ, സമുദായത്തിന്റെ മാതാവായ, സ്ത്രീക്കു ചില കർത്തവ്യങ്ങളും അവകാശങ്ങളുമുണ്ടു്. അതേ സമയം തുല്യതയ്ക്കു പരിമിതിയുണ്ടെന്ന കാര്യം അംഗീകരിച്ചേതീരൂ. ഏതു രംഗത്തും പുരുഷന്മാർക്കു തുല്യയാണു് സ്ത്രീയെന്ന സങ്കല്പം പ്രകൃതിയെ അവഹേളിക്കലാണു്. ചില അപവാദങ്ങളുണ്ടെന്നതു മറെറാരു കാര്യം. അവളുടെ കർത്തവ്യത്തെ വ്യവച്ഛേദിക്കുന്നതിൽ ഉപരിപ്ലവചിന്താഗതി സ്വാധീനം ചെലുത്തുമ്പോൾ അനൗചിത്യവും അപാകതയും സംഭവിക്കാറുണ്ടു്.

മാലാഖയുടെ മുഖലാവണ്യത്തോടും ചെകുത്താന്റെ ഹൃദയത്തോടും കൂടിയ ഒരു സത്യമാണു് സ്ത്രീയെന്നും അതല്ല, ദൈവത്തിന്റെ സൃഷ്ടിവിശേഷമായ സ്ത്രീ വിശുദ്ധിയുടെയും നിഷ്കളങ്കതയുടെയും മൂർത്തിഭാവമാണു് എന്നും മററുമുള്ള വ്യാഖ്യാനങ്ങൾ അപൂർണ്ണങ്ങളാണു്; ഭാഗികങ്ങളാണു്. സ്ത്രീ അവ്യാഖ്യേയമായ ഒരു പ്രതിഭാസമാണു്.

എങ്കിലും ഭാരതീയതത്വചിന്തകന്മാർ സ്ത്രീയുടെ കർത്തവ്യം നിർദ്ധാരണംചെയ്തിട്ടുണ്ടു്: ഭാവശുദ്ധി പരിപാലിച്ചുകൊണ്ടു്, മററുള്ളവർക്കു് ഒരു ബാധ്യതയാവാതെ, ഒരു യഥാർത്ഥഭാരത സ്ത്രീയാവുക എന്നതാണതു്. എന്നുവെച്ചാൽ? വിശ്വമഹാകവി ടാഗൂറിന്റെ ഈ വാക്യം ശ്രദ്ധിക്കുക:

''ഹേ സ്ത്രീ, നീ നിന്റെ ഗൃഹസേവനങ്ങളിൽ മുഴുകിച്ചരിക്കുമ്പോൾ, നിന്റെ അവയവങ്ങൾ ഒരു മലയരുവി അതിന്റെ ശിലാതലങ്ങളിലെന്നപോലെ സംഗീതമാലപിക്കുന്നു.''

കവിയുടെ വക്രോക്തി. പക്ഷേ അതിൽ കർത്തവ്യത്തിന്റെ അന്തസ്സത്ത വ്യക്തമാക്കിയിരിക്കുന്നു. അന്തഃപുരംമാത്രമാണു്

സ്ത്രീയുടെ പ്രവൎത്തനമേഖല എന്നാണോ വിവക്ഷ? ഒരിക്കലുമല്ല. അന്തഃപുരത്തിൽ സംസ്കാരത്തിൻെറ ഭദ്രദീപം കൊളുത്തേണ്ടതു് സ്ത്രീയാണു്. സമുദായത്തിൻെറ ഭാവരൂപങ്ങൾ കരുപ്പിടിക്കുന്നതു ഗൃഹാന്തൎഭാഗങ്ങളിലാണു്, മാതാവായ സ്ത്രീയിലൂടെയാണു്. അവൾ കേവലം അൎദ്ധാംഗിയല്ല. സമ്പൂൎണ്ണസമുദായത്തിൻെറയും മാതൃത്വമെന്ന മഹത്തായ ഉത്തരവാദിത്വമാണു് സ്ത്രീക്കുള്ളതു്. ആ ഉത്തരവാദിത്വത്തിൽ വേണ്ടിവന്നാൽ സ്വന്തം കാലിൽ ഉറച്ചുനിന്നു പുത്രന്മാരെ സംരക്ഷിക്കലും ഉൾപ്പെടുന്നു. അതിന്നു് അവൾ വിജ്ഞയാവണം. ഒരു ഇന്ദിരാഗാന്ധി വനിതാലോകത്തിൻെറ അഭിമാനഭാജനമായി രാഷ്ട്രനൗകയെ നയിക്കുന്ന കഥ വിസ്മരിക്കുന്നില്ല. കാവ്യമണ്ഡലത്തിൽ വാനമ്പാടിയായി വിശ്വപ്രശസ്തിയാൎജ്ജിച്ച സരോജിനീനായിഡുവിനെയും അവഗണിക്കുകയല്ല. തേർ തെളിച്ചുകൊണ്ടു സ്വകാന്തനെ യുദ്ധക്കളത്തിലേയ്ക്കു നയിച്ച സുഭദ്രയെപ്പോലുള്ള വീരവനിതകളുടെ കഥയും നമ്മുടെ സ്മൃതിപഥത്തിലുണ്ടു്. . പക്ഷേ അവ ചില അപൂൎവ്വങ്ങളായ ഉത്സൎഗ്ഗങ്ങൾമാത്രമാണു്. ഇനിയും ഇന്ദിരാഗാന്ധിമാൎക്കുവേണ്ടിയും സരോജിനിമാൎക്കുവേണ്ടിയും നാം യുഗങ്ങളോളം കാത്തിരിക്കേണ്ടിവരുമെന്നും അതോടൊപ്പം മറക്കാതിരിക്കുക. ഇവിടെ സാധാരണവനിതകളുടെ കാൎയ്യമാണു് പ്രതിപാദ്യം.

മഹാത്മജി സ്വാതന്ത്ര്യസമരത്തിൽ ഭാരതസ്ത്രീയെ തോക്കിൻെറ മുന്നിലേയ്ക്കുപോലും നയിച്ചില്ലേ, ജയിലുകളിലേയ്ക്കയച്ചില്ലേ, അതോ? എന്നെല്ലാം ചോദ്യമുതിൎക്കും. ശരിയാണു്. അതു മാതൃത്വം ഉണൎന്നെഴുന്നേററതിൻെറ മകുടോദാഹരണമാണു്. സ്വപുത്രന്മാർ ആപത്തിൽപ്പെട്ട ഒരു സന്ദൎഭത്തിൽ സന്താനവത്സലയായ ഒരു സിംഹിയുടെ പരാക്രമത്തോടെ ആ മാതാവു പടക്കളത്തിലിറങ്ങി. വിദേശാധിപത്യത്തോടു പടപൊരുതി. വിജയിച്ചു. അതു മാതാവിൻെറ കൎത്തവ്യമാണു്. വീണ്ടും അവൾ സ്വകൃത്യത്തിലേയ്ക്കു മടങ്ങുകയും ചെയ്തു.

നമ്പൂതിരിസ്ത്രീകളുടെ കാര്യമാണല്ലോ പറഞ്ഞുവന്നതു്. നമ്പൂതിരിസ്ത്രീകൾ കേവലം മൃഗതുല്യരായതിന്നു കാരണമെന്തു്? വിദ്യാവിഹീനത. അവരുടെ പ്രധാനാവശതകൾ എന്തു്? അടിമത്തം. സാപത്ന്യദുഃഖം, നിർബ്ബന്ധവൃദ്ധവിവാഹവിധേയത്വം, വൃദ്ധകന്യകാത്വം എന്നിവയുടെ മൂലമെന്തു്? വരശുല്ക്കത്താൽ വരിഞ്ഞുകെട്ടിയ സംസ്കാരശൂന്യമായ അപരിഷ്കൃതത്വം, സാമ്പത്തികമായ പരാധീനത. ഇവയെ അന്തഃപുരത്തിൽനിന്നു നിശ്ശേഷം നിർമ്മാർജ്ജനംചെയ്യാനുള്ള അടിസ്ഥാനപ്രവർത്തനമെന്ന നിലയിൽ സ്ത്രീവിദ്യാഭ്യാസം സാർവ്വത്രികമാക്കണമെന്നു വാദിച്ചവരിൽ മുന്നണിയിലാണു് കുഞ്ഞൻനമ്പൂതിരിപ്പാട്ടു്. പ്രസംഗിക്കുകയല്ല, പ്രവർത്തിക്കുകയാണദ്ദേഹം ചെയ്തതു്. പിന്നീടുണ്ടായ യോഗക്ഷേമംഭാഗ്യക്കുറിഫണ്ടിൽനിന്നു് 10000ത്തിലധികം ഉറപ്പിക സ്ത്രീവിദ്യാഭ്യാസത്തിന്നു നീക്കിവെച്ചതു് ഒരു തീവ്രയത്നപരിപാടി എന്ന നിലയിലാണു്. അതിന്നു വ്യക്തമായ ഫലം സിദ്ധിക്കുകയും ചെയ്തു. വിദ്യാസമ്പന്നകളായ ഒരു സംഘം സ്ത്രീകളെ പുറത്തിറക്കുവാൻ അതുമൂലം കഴിഞ്ഞു.

കാലഹരണംവന്ന 'ഇന്നലെ'യുടെ സങ്കല്പങ്ങളെ കെട്ടിപ്പുണർന്നു മരവിച്ചുനില്ക്കാതെ 'ഇന്നി'ൻെറ നൂതനപ്രവണതകളുമായി താദാത്മ്യം പ്രാപിച്ച 'നാളെ'യ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കു രൂപം കൊടുക്കാൻ പരിവർത്തനത്തിൻെറ ഓരോ ഘട്ടത്തിലും സന്ദർഭത്തിനൊത്തുയർന്ന നിസ്സ്വാർത്ഥനായ ഒരു നേതാവാണു് അദ്ദേഹം എന്നു നിസ്സംശയം പറയാം. ആ കാരണംകൊണ്ടുതന്നെ അജാതശത്രുവും അപ്രതിമനുമായി നമ്പൂതിരിപ്പാടു നേതൃത്വശൃംഗത്തിലേയ്ക്കു് അനായാസമായി ഉയരുകയും ചെയ്തു.

# അന്തഃപുരത്തിലൊരു വിപ്ലവം

1105ലെ ധനുമാസം. 1300ഓളം സമുദായാംഗങ്ങടക്കം 2000ത്തിൽപ്പരം ആളുകൾ തിങ്ങിനിറഞ്ഞ സദസ്സ്. നമ്പൂതിരി സമുദായത്തിൽനിന്നു് ആദ്യമായി എം. എ. ബിരുദം നേടിയെന്ന പ്രശസ്തി സമ്പാദിച്ച ഒരു സാഹിത്യകുശലനും മണ്ണടിനമ്പൂതിരിവിദ്യാലയസ്ഥാപകാംഗവുമായ സി. എസ്സ്. സുബ്രഹ്മണ്യൻപോററി (എം. എ.) യുടെ ഉജ്ജ്വലവും ഫലിതസമ്പൂർണ്ണവുമായ അധ്യക്ഷപ്രസംഗം കഴിഞ്ഞു. "ജന്മിത്വം തങ്ങൾക്കു ലഭിച്ചിട്ടുള്ള പ്രത്യേകാനുഗ്രഹമാണെ"ന്ന സങ്കല്പത്തിൽ "ബ്രാഹ്മണ്യം"കൊണ്ടു കുന്തിച്ചു നടക്കുന്ന അലസന്മാരെ താക്കീതു ചെയ്തുകൊണ്ടും ഉണരാനും എഴുന്നേററു മുന്നോട്ടു പോകാൻ ആഹ്വാനംചെയ്തുകൊണ്ടുമുള്ള ആ പ്രസംഗം സദസ്യർ. അയവിറക്കിക്കൊണ്ടിരിക്കുകയാണു്. കുറേ കത്തുകളും കമ്പികളുമായി ഉന്നതകായനായ ഒരാൾ സദസ്സിൽ പ്രത്യക്ഷപ്പെട്ടു—സമ്മേളനത്തിനെത്താൻ സാധിക്കാത്തവരുടെ ആശംസകളായിരുന്നു.

കെ. ആർ. കാറന്ത് (എം. എൽ. സി), എസ്സ്. സത്യമൂർത്തി (എം. എൽ. സി.) മിസിസ് ഗൗരീപവിത്രൻ (എം. എൽ.

സി.) ഡോക്ടർ പി. സുബ്ബരായൻ തുടങ്ങിയവർ ഇംഗ്ലീഷിലയച്ച കത്തുകളും മഹാകവി വള്ളത്തോൾ, പി. എസ്. വാരിയർ (കോട്ടക്കൽ), എ. എസ്സ്. ദാമോദരനാശാൻ, ചെറുളിയിൽ കുഞ്ഞുണ്ണിനമ്പീശൻ എന്നിവരുടെ മലയാളത്തിലുള്ള ആശംസകളും വ്യക്തമായി അദ്ദേഹം വായിച്ചു. അതു വായിച്ച യുവാവു് അന്നത്തെ സ്വാഗതസംഘത്തിന്റെ ഖജാഞ്ചിയായ ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാടായിരുന്നു.

അഞ്ചുവർഷംമുമ്പു ചെർപ്പു സി. എൻ. എൻ. ഹൈസ്ക്കൂളിൽവെച്ചു നടന്ന യോഗക്ഷേമമഹാസഭയുടെ 17-ാം വാർഷികത്തിൽ അച്ചടിച്ച മലയാളത്തിലുള്ള സ്വാഗതപ്രസംഗം കൂട്ടിവായിക്കാനാവാതെ അമ്പരന്നു നിന്നയാളാണു് രാഷ്ട്രീയനേതാക്കളുടെ ഇംഗ്ലീഷിലുള്ള ആശംസകൾ സ്ഫുടതയോടെ അനായാസമായി വായിച്ചതു്. ഒരു പള്ളിക്കൂടത്തിന്റെ പടവുകൾ കയറിയിട്ടില്ല. സ്വപരിശ്രമത്താൽമാത്രം. അഞ്ചുവർഷംമുമ്പു തന്നിലുള്ളവായ അധമത്വബോധം ഉയർത്തിയ വെല്ലുവിളിയെ നിശ്ചയദാർഢ്യത്തോടെ അഭിമുഖീകരിച്ചതിന്റെ ഫലമാണു് അന്നവിടെ കണ്ടതു്.

നമ്പൂതിരിമാരെസ്സംബന്ധിച്ചിടത്തോളം ആധുനികവിദ്യാഭ്യാസത്തിന്റെ പ്രഭവസ്ഥാനമായ എടക്കുന്നിയിൽവെച്ചു നടന്ന യോഗക്ഷേമസഭയുടെ 22-ാംവാർഷികം സമുദായപുരോഗതിയുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലാണു്; ഒരു വഴിത്തിരിവാണു്.

അന്തഃപുരത്തിലടച്ചിടപ്പെട്ടിരുന്ന സമുദായാർദ്ധത്തെ മറച്ചിരുന്ന തിരശ്ശീലയുയർത്തിയ 22-ാംവാർഷികം ആശങ്കാകുലമായ ഒരന്തരീക്ഷത്തിലാണു് നടന്നതു്. സ്വാതന്ത്ര്യത്തിന്റെയും വിജ്ഞാനത്തിന്റെയും വെളിച്ചത്തിലേയ്ക്കു നടന്നടുക്കുവാൻ അന്തർജ്ജനങ്ങളെ ആഹ്വാനംചെയ്ത 'അടുക്കളയിൽനിന്നരങ്ങത്തേയ്ക്കു" എന്ന പ്രഹസനം അന്തഃപുരത്തിലെമാത്രമല്ല, സമ്പൂർണ്ണ

സമുദായത്തിലെയും അനാചാരങ്ങൾക്കെതിരായി തൊടുത്തുവിട്ട ഒരു മിസൈലായിരുന്നു.

ഭാരതത്തിലെ രാഷ്ട്രീയാന്തരീക്ഷത്തിൽ വിപ്ലവത്തിന്റെ അഗ്നിപർവ്വതം പുകഞ്ഞുകൊണ്ടിരുന്ന കാലഘട്ടം. മഹാത്മജിയുടെ 'ദണ്ഡിയാത്ര' ഉദ്ഘാടനംചെയ്തതിന്റെ പശ്ചാത്തലം. അടിമത്തത്തിനെതിരായ ആയോധനപദ്ധതിയിൽ നൂതനമായ ഒരു രാസപരിണാമംതന്നെ സംഭവിച്ചു. തുടർന്നുണ്ടായ സമരത്തിൽ പങ്കെടുത്ത വീരവനിതകളുടെ കെട്ടുതാലികൾവരെ സാമ്രാജ്യത്വകിങ്കരന്മാർ പൊട്ടിച്ചെടുത്തു. അപമാനിക്കപ്പെട്ട സ്ത്രീത്വം ഉണർന്നെഴുന്നേററു. പടക്കളത്തിലേയ്ക്കു കൈക്കുഞ്ഞുങ്ങളുമായി പാഞ്ഞടുത്തു. വനിതകളിൽ സംജാതമായ ഈ നവചൈതന്യം സമുദായത്തിൽ പ്രതിഫലിച്ചില്ലെങ്കിലേ അത്ഭുതമുള്ളു.

## അടുക്കളയിൽനിന്നരങ്ങത്തേയ്ക്കു്

ഒരാദർശത്തെ ഉയർത്തിപ്പിടിച്ചു്, അനാചാരങ്ങളുടെ ചങ്ങലക്കെട്ടിൽ വീർപ്പുമുട്ടി സമുദായം അനുഭവിക്കുന്ന അവശതകളെ ഹൃദയദ്രവീകരണക്ഷമമായി ചിത്രീകരിച്ചു്, സമുദായാംഗങ്ങളെ ബോധവാന്മാരാക്കുന്ന ഒരു പ്രഹസനമാണു് വി. ടി. യുടെ 'അടുക്കളയിൽനിന്നു് അരങ്ങത്തെയ്ക്കു്'. സാമൂഹ്യപരിഷ്കരണപ്രസ്ഥാനത്തെ ഉദ്ദേശിച്ചു വിരചിതമായ ആദ്യത്തെ നാടകമായിരുന്നു അതെന്നു പറയാം.

മുൻഷി രാമക്കുറുപ്പിന്റെ 'ചക്കീചങ്കര'വും മററും വിസ്മരിക്കുകയല്ല. സി. വി. രാമൻപിള്ള, ഈ. വി. കൃഷ്ണപിള്ള തുടങ്ങിയ സാഹിത്യമല്ലന്മാരുടെ പ്രഹസനങ്ങളെ അവഗണിക്കുന്നുമില്ല. കുറുപ്പില്ലാക്കളരി, കയ്യാലപ്പുറത്തെ കടശിക്കൈ, കുറുപ്പിന്റെ തിരിപ്പു്, ബട്ളർ പപ്പൻ തുടങ്ങി സി. വി. രാമൻപിള്ളയുടെ പ്രഹസനങ്ങൾ നഗരജീവിതത്തിലെ ഉയർന്ന മണ്ഡലങ്ങളിലെ സാമൂഹ്യവിലക്ഷണതകളെ മറ നീക്കിക്കാണിക്കുന്നവയാണു്;

സമുദായത്തിൻെറ മുകൾത്തട്ടിലുള്ള വിദ്യാസമ്പന്നരുടെ ഉൗതിവീർപ്പിച്ച അഹന്തയും ഇംഗ്ലീഷിനോടുള്ള ഭ്രമവും സി. വി. യുടെ പരിഹാസത്തിന്നു ശരവ്യമായി. ബി. എ. മായാവി, പെണ്ണരശുനാട്ടു്, പ്രണയക്കമ്മീഷൻ തുടങ്ങി ഇ. വി. കൃഷ്ണപിള്ളയുടെ നാടകങ്ങളും സി. വി.യുടെ ചുവടു പിടിച്ചുകൊണ്ടുള്ളതാണു്. സ്വല്പംകൂടി താഴോട്ടിറങ്ങിവന്നിട്ടുണ്ടെന്നുമാത്രം.

സമുദായപ്രസ്ഥാനത്തിൻെറ കുതിച്ചുചാട്ടത്തിന്നു് ആക്കവും ചൈതന്യവും നല്കിയ ഒരു റിയലിസ്റ്റിക്‌കൃതിയെന്ന നിലയിലും അതു സമുദായത്തിൽ, അന്തഃപുരത്തിൽ പ്രത്യേകിച്ചും, ഉളവാക്കിയ പ്രതികരണങ്ങളെ വിലയിരുത്തിക്കൊണ്ടാണു് ആദ്യത്തെ സംരംഭമെന്നു ഞാൻ പറഞ്ഞതു്. പരിഹസിക്കാൻവേണ്ടിമാത്രമല്ലാതെ, സോദ്ദേശമായ ഇത്തരം ഒരു പ്രഹസനം അതിന്നുമുമ്പു, സമുദായ-രാഷ്ട്രീയരംഗത്തു് അരങ്ങേറിയിട്ടുണ്ടെന്നു തോന്നുന്നില്ല.

എടക്കുന്നിയിലെ വിശാലമായ പന്തലിൽ തിങ്ങിനിറഞ്ഞ സദസ്സിൽ, ഉത്കണ്ഠാകുലമായ അന്തരീക്ഷത്തിൽ പ്രഹസനത്തിൻെറ തിരശ്ശീല പൊന്തി. നരിക്കാട്ടിരിയുടെ ഓതിക്കനും വേദം ചൊല്ലുന്ന കുട്ടികളും പ്രത്യക്ഷപ്പെട്ടു. സദസ്യർ വീർപ്പടക്കി. ശൂദ്രരെപ്പോലും കേൾപ്പിക്കരുതാത്ത വേദം പരസ്യമായി ചൊല്ലുകയോ? എന്തൊരവിവേകം! രംഗം അവസാനിച്ചപ്പോൾ, ചെകിടടപ്പിക്കുന്ന ഹസ്തതാഡനം ദീർഘനേരം നീണ്ടുനിന്നു. അതു പൂർണ്ണവിജയമായിരുന്നു. ഒന്നാംരംഗംതന്നെ അതിൻെറ സൂചന നല്കി. ജിജ്ഞാസാഭരിതരായി അണിയറയിൽ നിന്നിരുന്ന അഭിനേതാക്കൾ പരസ്പരം കെട്ടിപ്പിടിക്കുകയും തുള്ളിച്ചാടുകയും ചെയ്തു.

വിദ്യാവിഹീനത വരുത്തിവെയ്ക്കുന്ന വിന, അനാചാരങ്ങളെ ആശ്ലേഷിക്കുന്നതുമൂലമുള്ള അപചയം, വൃദ്ധവിവാഹം അധിവേദനം ഇവ സൃഷ്ടിക്കുന്ന വിനാശകരമായ സ്ഥിതിവിശേ

ഷം — ഇവയെ കലാസുന്ദരമായി, ഹൃദയത്തിൽക്കൊള്ളുമാറ്, പ്രഹസനത്തിലാവിഷ്കരിച്ചു. ഈ ദുസ്ഥിതിയിൽനിന്നുള്ള മോചനമാർഗ്ഗം കാണിച്ചുകൊടുക്കുകയും ചെയ്തു. പിതാക്കളുടെ ഹൃദയഭിത്തിയിൽ പ്രശ്നത്തിൻെറ ഗൗരവം ആഴ്ന്നുതറച്ചു. വൃദ്ധൻെറ പത്നീപദത്തിൽ സപത്നികളുമായി മല്ലടിച്ചു ഹൃദയം തകൎന്നു ജീവിതം ഭാരമായിക്കഴിഞ്ഞിരുന്ന അന്തൎജ്ജനയുവതികളിലും അതു ചലനമുണ്ടാക്കി.

തങ്ങളുടെ ദാമ്പത്യമാകുന്ന ഇരുട്ടറയ്ക്കുള്ളിൽ മണിദീപം കൊളുത്തിയ വിളയൂരെ 'തേതി'യെയും 'ഇരുട്ടെഴുമാചാരച്ചങ്ങല പൊട്ടിച്ചുചാടിയ ഭൂസുരകേസരീന്ദ്ര'നായ മാധവനെയും കൎക്കിടാംകുന്നത്തച്ഛൻനമ്പൂതിരിയാകുന്ന കുററിയിൽ തളച്ചിട്ട അന്തൎജ്ജനങ്ങൾ അഭിനന്ദിക്കുമ്പോൾ, അന്തഃപുരത്തിൽനിന്നുയരുന്ന ദീനമായ തേങ്ങലുകളാണതിൽ കലൎന്നിട്ടുള്ളതു്. വികാരോഷ്മളമായ ആ രംഗം പ്രേക്ഷകരുടെ ഹൃദയത്തിൽ എത്ര ആഴത്തിലാണു് ചെന്നു തറച്ചതെന്നതിനു് അവരുടെ നനഞ്ഞ കൺപീലികൾ തെളിവാണു്. പ്രചരണത്തിനു താഴികക്കുടം വെയ്ക്കുന്ന ഒന്നായിരുന്നു പ്രസ്തുതപ്രഹസനം. തൻെറ ഭാവി ഭയാനകമായ അനിശ്ചിതത്വത്തിൽ കിടന്നാടുന്നതു കണ്ടു 'തേതി'യുടെ ചരടുപിടിച്ചുജപിക്കൽ, ഒരു കാരക്കൂറായ ഓതിക്ക (അദ്ദേഹത്തിനു് ഒരു ഞൊണ്ടലുണ്ടു്)ൻെറ ഉറക്കഭ്രാന്തോടുകൂടിയ ഓത്തുചൊല്ലിക്കൽ, ചെറുമിയെ 60 അടി അകലെ ഓടിച്ചു വാരസ്സ്യദൃശ്യം പോകുന്ന ശുദ്ധബ്രാഹ്മണൻെറ സംശയം തുടങ്ങി രസകരമായ ദൃശ്യങ്ങൾ, വൃദ്ധവിവാഹം, അധിവേദനം, മനുഷ്യനു മനുഷ്യനോടു സാമീപ്യസമ്പൎക്കധൎമ്മമെന്ന അനാചാരത്തിൻെറ വിശ്വരൂപം എന്നിവ ദുരാചാരക്കോട്ടയുടെ അടിക്കല്ലുകൾ ഇളക്കിയിട്ട, പിക്കാസുപ്രയോഗങ്ങളായിരുന്നു.

പ്രഗത്ഭരായ ഒരു സംഘം പ്രവൎത്തകരാണു് അതു രംഗത്തവതരിപ്പിച്ചതു്. എം. പി. ഭട്ടതിരിപ്പാടിൻെറ (പ്രേംജി) വിള

യ്യൂരച്ഛൻനമ്പൂതിരിയും നരിക്കാട്ടിരി പരമേശ്വരൻനമ്പൂതിരിയുടെ ഓതിക്കനും സി. കെ. നമ്പൂതിരിയുടെ ജോത്സ്യൻ ഉഴുത്രവാരിയരും വഞ്ഞേരി വാസുദേവൻനമ്പൂതിരിയുടെ മുത്തശ്ശിയും അയ്യങ്കാരും വമ്പിച്ച വിജയമായിരുന്നു. അതതു കഥാപാത്രങ്ങളായി അവർ രംഗത്തു ജീവിച്ചു. സാഹിത്യകാരന്മാരായ വി. ടി. ഭട്ടതിരിപ്പാടു്, മൂത്തിരിങ്ങോട്ടു ഭവത്രാതൻനമ്പൂതിരിപ്പാടു് എന്നിവരും കെ. എൻ. കേശവൻനമ്പൂതിരി, പി. എസ്സ്. കേശവൻനമ്പൂതിരി ബി. എ. ബി. എൽ. (ഇപ്പോൾ റി: ഡി: ജഡ്ജു്) എന്നിവരും അഭിനേതാക്കളായിരുന്നു. ഇതെല്ലാം അതിൻെറ ഗൗരവത്തെ വർദ്ധിപ്പിച്ചു.

ആശങ്കാകുലമായ ഒരന്തരീക്ഷത്തിലാണു് എടക്കുന്നിവാർഷികത്തിൽ ഈ നവീനപ്രചരണോപാധിയുടെ തിരശ്ശീല പൊങ്ങിയതെന്നു് ആദ്യം സൂചിപ്പിച്ചുവല്ലോ. ഈ പ്രഹസനത്തിൻെറ ആവിഷ്കർത്താക്കൾക്കുപോലും അതിൻെറ വിജയത്തിൽ ആത്മവിശ്വാസമുണ്ടായിരുന്നില്ല. വി. ടി. രാമൻഭട്ടതിരിപ്പാടാണു് പ്രഹസനരൂപരേഖയുടെ കർത്താവെങ്കിലും അതു രംഗത്തവതരിപ്പിച്ച എം. പി. ഭട്ടതിരിപ്പാടു്, നരിക്കാട്ടിരി, സി. കെ. നമ്പൂതിരി, കുമ്മിണി തുടങ്ങിയവരും മററുംകൂടിയാണു് അതിൻെറ സംവിധാനക്രമം ചിട്ടപ്പെടുത്തിയതു്. പ്രഹസനം റിഹേഴ്സൽ കഴിച്ചു തയ്യാറായി.

അപ്പോൾ, അതാ, വരുന്നു ഒരു പ്രതിബന്ധം. ഇത്തരം ഒരു സംരംഭത്തിന്നു് എതിരായ ഒരു നീക്കം യോഗക്ഷേമസഭാപ്രവർത്തകരുടെ ഇടയിൽനിന്നുതന്നെ ആരംഭിച്ചു. സമുദായത്തിൽ അന്ധവിശ്വാസജടിലങ്ങളായ അനാചാരങ്ങൾ പലതുമുണ്ടു്. സമുദായശരീരത്തെ കാർന്നുതിന്നുന്ന അനാശാസ്യവഴക്കങ്ങൾ നിരവധിയാണു്. അവയെ ഉന്മൂലനംചെയ്യണമെന്നതും ശരിയാണു്. പക്ഷേ അവയെല്ലാം ഒരു പൊതുരംഗത്തു തുറന്നുകാട്ടി സ്വയം പരിഹാസപാത്രമാവണോ? കൂടാതെ, മററുള്ളവ

രെ കേൾപ്പിക്കുകയോ അശ്രദ്ധമായി സ്വയം ജപിക്കുകയോ ചെയ്തുപോകരുതെന്നു വിലക്കിയിട്ടുള്ള വേദവും വേളിക്കുള്ള മന്ത്രങ്ങളും മററു സമുദായക്കാർ നിറഞ്ഞ സദസ്സിൽ ചൊല്ലുകയോ? വിധിനിഷേധങ്ങളെ ഒരതിത്തിവരെ മാനിക്കേണ്ടേ?— എന്നീ തരത്തിലായിരുന്നു എതിർപ്പുകാരുടെ വാദഗതികൾ.

സമുദായത്തിലെ പരിഹാസ്യമായ ആചാരങ്ങൾ മൂടിവെച്ചുകൊണ്ടല്ല, തുറന്നുകാണിച്ച് അതിൻെറ വിപത്കരമായ വശങ്ങളെക്കുറിച്ചു ബോധവാന്മാരാക്കുകയാണ് ആവശ്യം. വ്രണത്തിൻെറ ആഴവും പരപ്പും മനസ്സിലാക്കാതെ ഒരു ഭിഷഗ്വരനും അതു് ഓപ്പറേററ് ചെയ്യാനാവില്ല. നാം യാഥാർത്ഥ്യബോധമുള്ളവരാകണം. വേദമന്ത്രങ്ങളെക്കുറിച്ചാണെങ്കിൽ മ്ലേച്ഛന്മാരെന്നു വിശേഷിപ്പിക്കാറുള്ള പാശ്ചാത്യർപോലും അതു കൈകാര്യംചെയ്യുന്നുണ്ട്. പഠനാർഹമായ വ്യാഖ്യാനങ്ങൾപോലും യൂറോപ്യന്മാർ പുറത്തിറക്കിയിട്ടുണ്ട്. അർത്ഥബോധമില്ലാതെ, വേദം ഉരുവിടുകയെന്ന അന്ധമായ പ്രവണതയെയാണ് നാം തുറന്നുകാട്ടുന്നതു്. ഇവിടെ വിധിനിഷേധത്തിൻെറ പ്രശ്നമേ ഉദ്ഭവിക്കുന്നില്ല. വിധിനിഷേധങ്ങൾ കാലാനുകൂലമായി പരിഷ്കരിക്കുകയാണ് കർമ്മകുശലത. ഇന്നലെ അബദ്ധമാണെന്നു കരുതിയതു് ഇന്നു് അനുഷ്ഠേയമാവാം. അതിൽ അമ്പരന്നിട്ടു കാര്യമില്ല—പ്രഹസനാനുകൂലികളുടെ വാദഗതികൾ മേൽപ്രകാരം ക്രോഡീകരിക്കാം. ഈ രീതിയിൽ സംശയാലുക്കളായ മിതവാദികളും ചൊറുചൊറുക്കുള്ള ചെറുപ്പക്കാരും തമ്മിൽ ഒരു ശീതസമരം ഉരുത്തിരിഞ്ഞു. തുറന്ന സംഘട്ടനമൊന്നുമുണ്ടായില്ല.

തിരശ്ശീലയ്ക്കു പിന്നിൽ എതിർപ്പുകാരുടെ നേതൃത്വം വഹിച്ചിരുന്നതു സമുദായരഥത്തിൻെറ സാരഥ്യം വഹിച്ചിരുന്ന ചിലരായിരുന്നു. അക്കാലത്തെ സജീവപ്രവർത്തകരായ പലരും ആ അഭിപ്രായത്തിൻെറ പിന്നിൽ സ്വാഭാവികമായും അണിനിരന്നു. ഒരു സമുദായനേതാവായിരുന്ന കല്പിങ്ങാട്ടു ശങ്കരൻ ന

നൂതിരിവഴി പ്രഹസനപരിപാടി ഉപേക്ഷിക്കാൻ പ്രേരിപ്പി ക്കുന്ന പല ചരടുവലികളും മുറുകി. ഈ പരിതസ്ഥിതിയിൽ അതുപേക്ഷിക്കുകയേ ഗത്യന്തരമുള്ളൂ എന്ന നിലവന്നു. പ്രഹ സനത്തിൻെറ ആവിഷ്കർത്താക്കളും ഉത്സാഹശാലികളായ ചെറു പ്പക്കാരും അസ്വസ്ഥരായി. ഇനി എന്തു ചെയ്യണം?

വാർഷികത്തിൻെറ മൂന്നു ദിവസംമുമ്പു് ഒരു സംഘം യുവാ ക്കൾ ഇക്കാര്യത്തെക്കുറിച്ചു കുഞ്ഞൻനമ്പൂതിരിപ്പാടുമായി ചർച്ച നടത്തി. അവരുടെ ഉത്സാഹം മങ്ങിയിരിക്കയാണു്. അനി ശ്ചിതത്വത്തിൻെറ തടവുകാരായി എല്ലാവരും ഉഴലുകയാണു്. പ്രഹസനം അരങ്ങേറണോ? അതോ ഉപേക്ഷിക്കണോ? പെരുവ നം ഉപസഭയുടെ ആഭിമുഖ്യത്തിലാണു് വാർഷികം നടക്കുന്ന തു്. കുഞ്ഞൻ നമ്പൂതിരിപ്പാടു സ്വാഗതസംഘംഖജാഞ്ചിയാ ണു്. സ്വാഗതസംഘാധ്യക്ഷൻ വി. കെ. എം. ദാമോദരൻന നൂതിരിപ്പാടാണെങ്കിലും പ്രവർത്തനങ്ങളുടെ അമരത്തിരിക്കു ന്നതു കുഞ്ഞൻനമ്പൂതിരിപ്പാടായിരുന്നു. ചർച്ചയുടെ അവസാന ത്തിൽ കുഞ്ഞൻനമ്പൂതിരിപ്പാടു് ഉറച്ച സ്വരത്തിൽ പറഞ്ഞു: "പ്രഹസനം നടക്കും, തയ്യാറായിരുന്നുകൊള്ളൂ." പരിപാടി കൾ രൂപീകരിക്കുന്നതിൽ സ്വാഗതസംഘത്തിനു ചെലുത്താൻ കഴിയുന്ന സ്വാധീനമുപയോഗിക്കാമെന്ന നിലയിൽ ചെയ്ത ആ സുധീരപ്രഖ്യാപനം കേട്ടു ചെറുപ്പക്കാർ ആവേശഭരിത രായി. പ്രഹസനം അരങ്ങേറാൻ അത്യധ്വാനം ചെയ്തവരിൽ സി. കെ. നമ്പൂതിരി, വി. ടി. രാമൻഭട്ടതിരിപ്പാടു്, മൂത്തിരി ങ്ങോടു്, ഇ. എം. ശങ്കരൻനമ്പൂരിപ്പാടു്, എം. പി., എം. ആർ. ബി. തുടങ്ങിയവർ മുൻപന്തിയിൽ നിന്നു. പ്രഹസനംകൊണ്ടു് എന്തെങ്കിലും ദോഷം സമുദായത്തിനു സംഭവിച്ചാൽ അതി ൻെറ കർത്താവായ താൻ നാടുവിട്ടു പോയ്ക്കൊള്ളാമെന്നുവരെ ആ വേശഭരിതനായ വി. ടി. അന്നു് എതിർപ്പുകാരെ അറിയിക്കുക യുണ്ടായി. അന്നത്തെ സ്ഥിതിയെക്കുറിച്ചു കുഞ്ഞൻനമ്പൂതിരി പ്പാടു പറയുന്നതു ശ്രദ്ധേയമാണു്:

"പ്രഹസനം അരങ്ങേറുന്നതുമൂലം പല വിഷമങ്ങളുമുണ്ടാവുമെന്നു പലരും താക്കീതു നല്കിയിരുന്നു. ഉന്നതതലത്തിൽ ചിലർക്കു ശക്തിയായ എതിർപ്പുണ്ടു്. തന്മൂലം ഞങ്ങൾ (സ്വാഗതസംഘം) ധർമ്മസങ്കടത്തിൽപ്പെട്ടു. റിഹേഴ്സൽ ഞാൻ ശ്രദ്ധിച്ചതാണു്. അനാചാരങ്ങളുടെ നേരെ ശക്തിയായ ശരങ്ങളാണതിൽ തൊടുത്തുവിട്ടിട്ടുള്ളതു്. അതെങ്ങനെയും നടന്നേ തീരൂ എന്നു് അവസാനം തീരുമാനിച്ചു. മുൻപിൻനോക്കാതെയുള്ള ഒരു സാഹസം. പക്ഷേ പ്രഹസനത്തിൻെറ അഭൂതപൂർവമായ വിജയവും സമുദായമദ്ധ്യത്തിലതുളവാക്കിയ പ്രതികരണവും ആ സാഹസത്തിന്നു സാധൂകരണം നല്കി. എങ്കിലും ഈ തീരുമാനത്തിന്നു മുൻകൈയെടുത്ത എനിക്കു വ്യക്തിപരമായി പല വിഷമതകളെയും പിന്നീടു നേരിടേണ്ടിവന്നു........"

ശക്തരായ എതിരാളികളെയും പ്രഗത്ഭരായ സഹപ്രവർത്തകരെയും അവഗണിച്ചും സമുദായപുരോഗതിക്കു് അനിവാര്യമെന്നു തനിക്കു തോന്നിയ ഒരു കാര്യത്തിൽ അദ്ദേഹം സ്വീകരിച്ച സുദൃഢമായ നിലപാടു വ്യക്തമാക്കാനാണു് ഇത്രയും വിസ്തരിച്ചതു്. അനാചാരക്കോട്ടയുടെ നേരെ പ്രയോഗിച്ച ആ ആററംബോംബു സമുദായത്തിൻെറ ഭാവിയെ സാരമായി ബാധിച്ചു എന്നതു് അതിൻെറ പ്രാധാന്യത്തിന്നു മാററുകൂട്ടുന്നു. ഇതുമൂലം മിതവാദികളായ നേതാക്കളുടെ ശക്തിയായ വിമർശനത്തിനു് അദ്ദേഹം ശരവ്യനായി. പല വിഷമതകളെയും അഭിമുഖീകരിക്കേണ്ടിവരികയും ചെയ്തു. വ്യക്തിപരവും കുടുംബപരവുമായ വിദ്വേഷത്തോളം അതു വ്യാപിച്ചു. പക്ഷേ അദ്ദേഹം പതറിയില്ല; പിന്തിരിഞ്ഞില്ല. ഉറച്ചുനിന്നു. പ്രസ്ഥാനത്തെ പുതിയ വഴിത്താരയിലൂടെ നവ്യമായ ഒരു മേഖലയിലേയ്ക്കു നീങ്ങാൻ പ്രചോദനം നല്കിയ ചരിത്രപ്രസിദ്ധമായ എടക്കുന്നി വാർഷികപശ്ചാത്തലത്തിൽ നടന്ന ഈ അന്തർനാടകം അടിവരയിട്ടു രേഖപ്പെടുത്തേണ്ടതാണു്.

നൂററാണ്ടുകളായി നിലവിലുണ്ടായിരുന്ന ഘോഷാസമ്പ്രദായം ഉപേക്ഷിച്ചു് ഒരു നമ്പൂതിരിസ്ത്രീ ആധുനികവനിതകളുടെ വേഷത്തിൽ ആദ്യമായി പൊതുരംഗത്തു പ്രത്യക്ഷപ്പെട്ടതും എടക്കുന്നിവാർഷികത്തിലാണു്—മിസിസ്സ് പി. എം. മനേഴി. അടക്കളയിൽനിന്നു് അരങ്ങത്തേയ്ക്കു വന്ന ആദ്യത്തെ അജ്ജനം. 2000-ത്തിലധികം വരുന്ന സദസ്സിൻെറ സമ്പൂർണ്ണശ്രദ്ധയെ അവർ ആകർഷിച്ചു. ഒരപൂർവ്വദൃശ്യമെന്ന നിലയിൽ ആളുകൾ അമ്പരന്നു നോക്കി. അതുവരെ നടന്ന സമ്മേളനങ്ങളിൽ സമുദായത്തിൻെറ അർദ്ധഭാഗം—സ്ത്രീ—ഒഴിവായിരുന്നു.

മാവേലിക്കരവെച്ചു നടന്ന 21-ാം വാർഷികത്തിൽ അന്തർജ്ജനങ്ങളുടെ വേഷഭൂഷകൾ കാലോചിതമായി പരിഷ്കരിക്കണമെന്ന ഒരു പ്രമേയം അംഗീകരിച്ചിട്ടുണ്ടായിരുന്നതിനെ പ്രാവർത്തികമാക്കാൻ ധീരനായ മനേഴി മുന്നോട്ടുവന്നതാണു്. അങ്ങനെ കാകതാലീയന്യായേന 'അടുക്കളയിൽനിന്നു് അരങ്ങത്തേയ്ക്കു്' എന്ന പ്രഹസനവും ഘോഷബഹിഷ്കരിച്ച ഒരന്തർജ്ജനവും 22-ാം വാർഷികത്തിലെ പ്രത്യേകതകളായി.

സഭയിൽ പങ്കെടുത്തിരുന്ന നമ്പൂതിരിമാർ കുളിച്ചു ശുദ്ധമാവാതെ പരസ്യമായി ഷർട്ടിട്ടു ഭക്ഷണം കഴിക്കാൻ ധൈര്യപ്പെട്ടതു് അന്നത്തെ പരിതസ്ഥിതിയിൽ വലിയൊരു വിപ്ലവമായിരുന്നു. അതിന്നുംപുറമെ മിശ്രഭോജനമല്ലെങ്കിലും ഒപ്പമിരുന്നുണ്ണുന്നവർ ആരെല്ലാമാണെന്നു് ആരും നോക്കിയിരുന്നില്ല. മുത്തുലക്ഷ്മിറെഡ്ഡി, മന്ദത്തു പത്മനാഭപിള്ള, വി. കെ. കുമാരനെഴുത്തച്ഛൻ, എം. എൻ. നായർ, ടി. കെ. അയ്യാക്കുട്ടി, പുത്തേഴത്തുരാമമേനോൻ, ഇ. എ. പാർവ്വതി (ബി. എ. എൽ. ടി.) തുടങ്ങിയവർ അക്കൂട്ടത്തിലുണ്ടായിരുന്നു. പഴമയെ മുറുകെപ്പിടിച്ചിരുന്ന പലരും നെററിചുളിച്ചു. യുവതലമുറയ്ക്കു് അത്ഭുതം തോന്നാം.

20-ാം വാർഷികത്തിൽ കോട്ടായി കുമാരൻ, സി. കൃഷ്ണൻ മുതലായ അന്യസമുദായാംഗങ്ങൾ ഹാജരായിരുന്നുവെങ്കിലും ഇരുകൂട്ടരും കരുതലോടെ, അശുദ്ധമാവാതെയും ആക്കാതെയും, പെരുമാറുകയാണുണ്ടായതു്.

അന്നത്തെ ആവേശമാണു് ഇതെഴുതുന്ന എന്നെ നമ്പൂതിരിവിദ്യാലയത്തിൻെറ പടിക്കലേക്കു മാടിവിളിച്ചതെന്നുകൂടി ഈ സന്ദർഭത്തിൽ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. പ്രഹസനത്തിലെ മാധവൻെറ നിശ്ചയദാർഢ്യം ഞങ്ങളെപ്പോലുള്ളവർക്കു് ഉത്തേജനം നല്കി. അടുത്ത വിദ്യാലയവർഷത്തിൽ വിദ്യാർത്ഥികളുടെ സംഖ്യ അഭൂതപൂർവ്വമായി വർദ്ധിച്ചതുതന്നെ സമുദായത്തിൽ എത്ര വലിയ കോളിളക്കമാണു് എടക്കുന്നിവാർഷികവും പ്രഹസനവും സൃഷ്ടിച്ചതെന്നു വ്യക്തമാക്കുന്നതാണു്.

അന്നു കൊളുത്തിയ ആ വിപ്ലവാഗ്നിയുടെ പിന്നിൽ പ്രവർത്തിച്ച പ്രമുഖശക്തികളിലൊന്നു അന്നത്തെ സ്വാഗതസംഘംഖജാഞ്ചിയായ കുഞ്ഞൻ നമ്പൂതിരിപ്പാടായിരുന്നു. വോട്ടവകാശം സിദ്ധിക്കാനാവശ്യമായ 21 വയസ്സുപോലും തികഞ്ഞിട്ടില്ലാത്ത ചൊറുചൊറുക്കുള്ള ആ യുവാവു യുവപ്രവർത്തകരുടെ ആവേശത്തിന്നു രൂപം നല്കി. വിഖ്യാതനായ വി. ടി. യും ഇ. എം. എസ്സും മററും മുന്നണിയിലുണ്ടായിരുന്ന കാര്യം വിസ്മരിക്കുന്നില്ല. പക്ഷേ പ്രതിബന്ധങ്ങളോടു മല്ലിടേണ്ടിവന്നിരുന്ന ഘട്ടങ്ങളിൽ ഉറച്ച ഒരു പിൻബലമായിരുന്നു നമ്പൂതിരിപ്പാടു്.

## സങ്കീർണ്ണസാമൂഹ്യബന്ധങ്ങൾ

ആഭിജാത്യബ്രഹ്മരക്ഷസ്സിൻെറയും അനാചാരഗന്ധർവ്വൻെറയും ബാധയേററ പഴമയുടെ പൂക്കുലക്കുററിക്കാർ ഉറഞ്ഞുതുള്ളിയിട്ടും നവീനസംസ്കാരാദർശത്തിൻെറ വിജയപതാകയുമായി യുവാക്കൾ മുന്നോട്ടുതന്നെ പോയി. യോഗക്ഷേമസഭയുടെ

ലക്ഷ്യങ്ങൾക്കു പുതിയ വ്യാഖ്യാനങ്ങളും പരിപാടികൾക്കു പ്രകടമായ മാററങ്ങളും സംഭവിച്ചു.

ഒരു കാലത്തു കമനീയമായി അലംകരിച്ച മഹാസഭാവാഷിക പ്പന്തലിൽ ഭദ്രദീപം കൊളുത്തിവെച്ചു്, വെൺമഴുക്കൊടിയും പറപ്പിച്ചു് 'എടശ്ശുദ്ധം'പോലും ബാധിക്കാതെ 'പൂൎണ്ണബ്രാഹ്മണ്യം' പൊക്കിപ്പിടിച്ചു്, സ്ഥാനികളുടെയും ഇടപ്രഭുക്കളുടെയും സാന്നിധ്യത്തിൽ ഭാൎഗ്ഗവസ്വാമിയുടെ പാദപത്മത്തിൽ ചമ്രംപടിഞ്ഞിരുന്നു്, പ്രമേയം വായിച്ചു പാസ്സാക്കി കൈയടിച്ചു് ആത്മസംതൃപ്തിയടഞ്ഞിരുന്ന സ്ഥാനത്തു് അവ പ്രാവൎത്തികമാക്കാൻ തുടങ്ങി. പ്രസംഗമഞ്ചങ്ങളിലെ വാചകമടിക്കലിൽ ഒതുങ്ങി നിന്നിരുന്ന പല കാര്യങ്ങളും പ്രവൎത്തനത്തിൽ വരുത്തുവാൻ യുവാക്കൾ മുതിൎന്നു. വിപ്ലവത്തിൻെറ കാഹളം കേട്ടു യാഥാസ്ഥിതികത്വം ഇടിവെട്ടു കേട്ട ഉരഗങ്ങളെപ്പോലെ നടുങ്ങി.

മുത്തിരിങ്ങോടിൻെറ നാലു പരിവൎത്തനങ്ങൾ എന്ന പ്രസംഗപരമ്പര യുവപ്രവൎത്തകരെ കൎമ്മോന്മുഖരാക്കി. വി. ടിയുടെ വികാരതീക്ഷ്ണമായ കഥകളും 'അടുക്കളയിൽനിന്നു് അരങ്ങത്തേയ്ക്കു'' എന്ന പ്രഹസനവും അവർക്കു പ്രചോദനവും മാൎഗ്ഗനിർദ്ദേശവും നല്കി. എം. ആർ. ബി. യുടെ 'മറക്കുടയ്ക്കുള്ളിലെ മഹാനരകം' അക്കാലത്തു് ഒരു നമ്പൂതിരിഗൃഹാന്തൎഭാഗത്തു സംഭവിച്ച കുപ്രസിദ്ധമായ ഒരു മൎദ്ദനകഥയുടെ യഥാതഥമായ ചിത്രീകരണമായിരുന്നു. തുടൎന്നു നിരവധി പ്രഹസനങ്ങൾ—ഋതുമതിവരെ—അരങ്ങേറി. അവയിൽ പലതും അച്ചടിച്ചിട്ടില്ല.

എന്തു ചെയ്തും നമ്പൂതിരിവിദ്യാലയത്തെ നിലനിൎത്തുമെന്ന കുഞ്ഞൻ നമ്പൂതിരിപ്പാടിൻെറ സുദൃഢമായ നിലപാടു കൎമ്മമാൎഗ്ഗത്തിൽ വരുന്ന പ്രതിബന്ധങ്ങളെ തട്ടിത്തകൎക്കാനുള്ള കരുക്കൾ വാൎത്തെടുത്തു.

ആദർശം പ്രവൃത്തിരൂപത്തിലേയ്ക്കിറങ്ങുമ്പോഴാണ് സംസ്കാരം സമുദായശരീരത്തെ ചലിപ്പിക്കുന്നതു്. കർമ്മംകൊണ്ടുമാത്രമേ സംസ്കാരത്തിന്നു തിളക്കവും ചൈതന്യവും സർവ്വാംഗീണമായ അംഗീകാരവും സിദ്ധിക്കുകയുള്ളു. കർമ്മബദ്ധമായ ജീവിതത്തിൽ സംസ്കാരം അനിവാര്യമാണ്.

സംസ്കാരം എന്ന വാക്കിന്റെ അർത്ഥംതന്നെയെന്താണ്? സമ്യക്കരണശക്തി, സമീചീനീകരണശക്തി എന്നൊക്കെയല്ലേ? ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ, 'യാഥാഭവ്യം' (എങ്ങനെയാവണമോ അങ്ങനെ) സാധിക്കുന്ന ശക്തിവിശേഷമാണ് സംസ്കാരം. 'യാഥാപൂര്യം' (എങ്ങനെ ആയിരുന്നുവോ അങ്ങനെ) എന്നതു പ്രതിലോമകാരിതപമാണ്. "ചരൈവേതി, ചരൈവേതി"—........

സ്ത്രീവിദ്യാഭ്യാസകാര്യത്തിൽ ഭരണസഭയുടെ സഹായത്തോടുകൂടി പ്രചരണം നടത്താൻ ഗുരുവായൂർവാർഷിക (23) ത്തിൽവെച്ചു രൂപീകരിച്ച സ്ത്രീവിദ്യാഭ്യാസക്കമ്മിററിയിലെ സജീവാംഗമായിരുന്ന കുഞ്ഞൻ നമ്പൂതിരിപ്പാടു തന്റെ ചുമതല സ്തുത്യർഹമാംവണ്ണം നിർവ്വഹിച്ചതിന്റെ ഉദാഹരണമാണ് യോഗക്ഷേമംഭാഗ്യക്കുറി, തുടന്നുള്ള വിദ്യാർത്ഥിനീസദനം എന്നിവ. പരിചയസമ്പന്നനായ സി. കെ. നമ്പൂതിരിയുടെ ചിട്ടയിലുള്ള പ്രവർത്തനം, ഊർജ്ജസ്വലനും ദൃഢവ്രതനുമായ കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ കർമ്മവ്യഗ്രത, നിഗ്ഗർവ്വസേവകനായ എൻ. എം. ദാമോദരൻ നമ്പൂതിരിയുടെ തളരാത്ത ഉത്സാഹം, വി. ടി, ഒ. എം. സി., മൂത്തിരിങ്ങോടു തുടങ്ങിയവരുടെയും നൂറു കണക്കിനു ചെറുപ്പക്കാരുടെയും ആവേശം എന്നിവ ആ പ്രവർത്തനത്തെ സഹായിച്ചു.

സ്ത്രീവിദ്യാഭ്യാസം സാർവ്വത്രികമാക്കാനുള്ള പ്രചണ്ഡപ്രചരണത്തോടൊപ്പം, താത്കാലികാശ്വാസമെന്ന നിലയിൽ കനിഷ്ഠന്മാർ ആഭാസജടിലമായ സംബന്ധസമ്പ്രദായം

ഉപേക്ഷിച്ച സ്വജാതിയിൽനിന്നു വേളി കഴിക്കണമെന്നും അധ്വാനിച്ചു കുടുംബജീവിതം നയിക്കണമെന്നും യുവാക്കളെ ഉദ്ബോധിപ്പിച്ചു. വാസ്തവത്തിൽ അന്തഃപുരത്തിലെ വിപ്ലവത്തിന്നു കളമൊരുക്കുന്നതിന്റെ ഭാഗമായിരുന്നു അതു്.

സംബന്ധത്തെ ദാമ്പത്യമെന്നു വ്യവഹരിക്കാമോ? അന്യോന്യം മുതലവകാശമില്ല. പുലബന്ധമില്ല. ഭാര്യാമക്കളെ തൊട്ടാൽ അശുദ്ധമാകും; കുളിക്കണം; കണ്ടാൽ കാൽ കഴുകണം. ലജ്ജാകരമായ ഈ ഏർപ്പാടു നമ്പൂതിരിമാരെയെന്നപോലെ നായന്മാർ സ്ത്രീകളെയും അധഃപതിപ്പിക്കുന്നു. സാംസ്കാരികമായും സാമ്പത്തികമായും നായന്മാർക്കു നമ്പൂതിരിബാന്ധവംമൂലം കോട്ടങ്ങളോടൊപ്പം നേട്ടങ്ങളുമുണ്ടായിട്ടുണ്ടെന്നു വിസ്മരിച്ചിട്ടു ഫലമില്ല. ഈ സമ്പ്രദായം നമ്പൂതിരിമാർ നായന്മാരിൽ അടിച്ചേല്പിച്ചതാണെന്ന ഏകപക്ഷീയാരോപണം അർദ്ധസത്യമാണു്. ചരിത്രത്തെ വളച്ചൊടിക്കലാണു്. അരനൂററാണ്ടിന്നുമുമ്പു മലബാർഗസററിയർ വിരചിച്ച ചരിത്രകാരൻ പറയുന്നു:

"നമ്പൂതിരിമാർക്കു ധനസമൃദ്ധിയും സ്വാധീനശക്തിയും ഉണ്ടു്. അപാരമായ ഭൂസ്വത്തും ഇവർക്കുണ്ടു്........ഭയങ്കരങ്ങളായ ജ്ഞാതിശാസ്യം ഇവർ കല്പിക്കാറുണ്ടു്. നായർവനിതാകുസുമങ്ങൾ ഇവരെ ആകർഷിക്കുന്നു........ഇവരെ ഈശ്വരനിൽ താഴെയല്ലാതെയാണു് നായന്മാരും മററും ബഹുമാനിക്കുന്നതു്. മററു തരക്കാരെ അഭിവൃദ്ധിക്കു പ്രേരിപ്പിക്കുന്ന ആവശ്യങ്ങളുടെ ബുദ്ധിമുട്ടുകളിൽനിന്നു് ഇവർ മുക്തരാണു്...."

ഏതായാലും അപ്പോൾ സംബന്ധം എന്ന ഏർപ്പാടു് ഒരു സംസ്കാരമേ അല്ല. സമ്യക്കരണമാണല്ലോ സംസ്കാരം. താത്കാലികാവശ്യത്തിന്നുള്ള ഒരു പരസ്പരധാരണമാത്രം. രോക്ഷമായി ഈ സംബന്ധസമ്പ്രദായം നമ്പൂതിരിസ്ത്രീകളെ നിരാധാരകളാക്കുന്നു; അവരുടെ വിവാഹത്തെ കുഴഞ്ഞ ഒരു പ്രശ്നമാക്കുന്നു. വൃദ്ധകന്യകമാർ പിതാക്കൾക്കു് ഒരു ഭാരമായി. വൃദ്ധ

പത്നീത്വം, സപത്നീമത്സരം തുടങ്ങിയവ അനിവാര്യമാക്കി. അതു അന്തഃപുരത്തെ കണ്ണീർക്കയങ്ങളാക്കി. സ്വന്തം സഹോദരിമാരെ നിരാധാരരാക്കുന്ന ഒരു ദൂഷിച്ച ഏർപ്പാട് "അടിച്ചേല്പിച്ചു" എന്ന വാദത്തിന്നു കഴമ്പില്ല. ഉഭയസമ്മതപ്രകാരമാണ് ഇതു വ്യാപിച്ചതു്. അതിൽ നിസ്സഹകരിച്ചില്ല എന്നതു നമ്പൂതിരിയുടെ കുററമാണ്. പണ്ഡിതന്മാരും സാംസ്കാരികനേതാക്കളുമായിരുന്ന നമ്പൂതിരിമാരെ ആകർഷിക്കാൻ ഇടപ്രഭുക്കളും സ്ഥാനികളുമായ നായന്മാർ ശ്രമിച്ചിരുന്നു. നമ്പൂതിരിമാർമാത്രമേ വിവാഹം പാടുള്ളു എന്ന അലിഖിത നിയമം പുലർത്തുന്ന എത്രയോ നായർതറവാടുകൾ ഉണ്ടായിരുന്നില്ലേ? ചുരുക്കത്തിൽ ഉഭയകക്ഷികളും ഒരതിത്തിവരെ ഉത്തരവാദികളാണ്. എന്നിട്ടും പഴിയെല്ലാം നമ്പൂതിരിയിൽ ചാരി അതുകൊണ്ടുള്ള നേട്ടങ്ങളെയെല്ലാം മറച്ചുപിടിച്ചു്, കോട്ടങ്ങളെ പൊക്കിപ്പിടിച്ചു് ഒച്ചപ്പാടുണ്ടാക്കുന്നതു ചിലക്കൊരു ഫാഷനാണ്. അതിന്നവരെ കുററപ്പെടുത്തേണ്ടതില്ല. നേട്ടങ്ങളെല്ലാം തങ്ങളുടെ സാമർത്ഥ്യംകൊണ്ടും കോട്ടങ്ങളെല്ലാം അന്യർ വരുത്തിവെച്ചതുമാണെന്നു വ്യാഖ്യാനിച്ചു് ആത്മതൃപ്തിയടയുക എന്നുള്ളതു മനശ്ശാസ്ത്രപരമായ ഒരു പ്രവണതയാണല്ലോ. ഈ ചർച്ച ദീർഘിപ്പിക്കുന്നില്ല. എല്ലാം പഴയ കഥയാണ്. എന്തിനു വീണ്ടും കുത്തിപ്പൊക്കുന്നു?

## മഹാമനസ്കത—വിസ്മൃതം

നമ്പൂതിരിമാർ ഉദാരമതികളായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ല. താരതമ്യേന ബുദ്ധിജീവികളായിരുന്ന അവർ വിശാലാശയരും മഹാമനസ്കരുമാണെന്നതു് അത്ഭുതമല്ല. ഒരു വർഗ്ഗമെന്ന നിലയിലുള്ള പൊതുസ്വഭാവമാണിവിടെ വിവക്ഷ. എല്ലാ കാര്യത്തിലുമെന്നതുപോലെ ഇതിലും വ്യത്യസ്തതകളും അപവാദങ്ങളുമുണ്ടാവാമെന്നതു മററൊരു കാര്യം. ഭൂസ്വാമികളാ

യിരുന്ന അവർക്കു് അപാരമായ ധനശേഷിയുണ്ടായിരുന്നു. മുഴുവൻ സമുദായത്തിൻെറ ആധ്യാത്മികാവശ്യങ്ങൾ നിർവ്വഹിച്ചിരുന്ന നമ്പൂതിരിമാർ യോഗിയാതിരിമാരെ അവരോധിച്ചു സമൂഹഭരണം നടത്തിയിരുന്നവരാണല്ലോ.

എന്നാൽ തങ്ങളുടെ അധീനത്തിലുള്ള അപാരമായ സ്വത്തു വീണ്ടും സ്വരൂപിച്ചു കേടീശ്വരന്മാരാവാൻ ജൂജുബുദ്ധികളും ഹൃദയാലുക്കളുമായ അവർ മുതിർന്നില്ല. "സത്യം വദ, ധർമ്മം ചര" എന്ന വിശ്വാസപ്രമാണം അവർ മുറുകെ പിടിച്ചു. ഹിംസ പാപമാണെന്നവർ വിശ്വസിച്ചു: സ്വന്തം സുഖസൗകര്യങ്ങൾക്കു വേണ്ടി ധാരാളം ചെലവഴിച്ചുവെങ്കിലും അതിന്നു് ഒരു പരിമിതിയുണ്ടല്ലോ. ബാക്കിയെല്ലാം സത്കാരപ്രിയരും കലാസ്വാദകരുമായ അവർ സദ്യകൾക്കും കലകൾക്കുമായി ചെലവഴിച്ചു. മറിച്ചാണെന്നു് ആരും ആക്ഷേപിക്കുമെന്നു തോന്നുന്നില്ല. നേരെമറിച്ചു തങ്ങളുടെ സ്വാധീനമുപയോഗിച്ചു സമ്പത്തു പ്രത്യുത്പാദനപരമായ കാര്യങ്ങളിൽ നിക്ഷേപിച്ചിരുന്നു എങ്കിൽ കേരളത്തിൻെറ സമ്പദ്ഘടനയുടെ ചിത്രംതന്നെ മറെറാന്നായേനെ. അതൊന്നുമുണ്ടായില്ല. എന്നുതന്നെയല്ല, അവരുടെ സരളസാത്വികഭാവത്തെ മുററുള്ളവർ അതിസമർത്ഥമായ ചൂഷണത്തിന്നു വിധേയമാക്കുകയും ചെയ്തു.

സ്വാദുഫലങ്ങളെ പ്രദാനംചെയ്യുന്ന പട്ടക്കുററൻതേന്മാവുകൾപോലെയായിരുന്നു ഓരോ നമ്പൂതിരിപ്രഭുക്കുടുംബവും. ചുററുപാടുമുള്ളവരിൽ വലിയ ഒരു വിഭാഗത്തിന്നു് അതുപകരിച്ചു. കുറെ കഴിഞ്ഞപ്പോൾ മാവിൻെറ കൊമ്പുകൾ ഓരോന്നായി വെട്ടിക്കൊണ്ടുപോയി. അവസാനം തടിയും വെട്ടിയറുത്തു പലകകളാക്കി.

എൻെറതന്നെ ഒരനുഭവം പറയാം. വേദാധ്യയനത്തിന്നു വേണ്ടി 8വയസ്സിൽ വള്ളുവനാട്ടുതാലൂക്കിലുള്ള 'കാടമ്പററ' എന്ന സുപ്രസിദ്ധമായ പ്രഭുകുംടുംബത്തിൽ ഞാൻ താമസമാരംഭി

KOTT.AYAM PUBLIC L

ച്ചു. 1100-ലാണിതു്. എന്നെപ്പോലെ വൈദാധ്യയനം നടത്തുന്നതിന്നായി അരഡസനോളം കുട്ടികൾ താമസിച്ചിരുന്നു. ഇതിന്നുംപുറമെ തർക്കം, മീമാംസ തുടങ്ങി സംസ്കൃതവിദ്യാഭ്യാസത്തിന്നു് ഒരു ഡസനോളം മുതിൎന്നവരും ഉണ്ടായിരുന്നു. ചെലവും ശമ്പളവും കൊടുത്തു പണ്ഡിതനായ ഒരു സംസ്കൃതാധ്യാപകനെ അദ്ദേഹം നിയമിച്ചിരുന്നു. അധ്യാപകരുടെയും അധ്യേതാക്കളുടെയും ചെലവുകളെല്ലാം അദ്ദേഹം വഹിച്ചു—ഒരു ഗുരുകുലത്തിലെന്നപോലെ ഞങ്ങൾ അവിടെ ജീവിച്ചു.

15 അംഗങ്ങൾമാത്രമടങ്ങിയ അവിടെ അക്കാലത്തു് ഒരു ദിവസം ശരാശരി 4 പറ അരി ഭക്ഷണത്തിന്നുതന്നെ ചെലവായിരുന്നു. ചുററുപാടുമുള്ള നിരവധി മററുള്ളവർക്കും ഭക്ഷണം നല്കി. മററു ചെലവുകൾ വെറെയും. എത്രയോ കാലം ഇതു നടന്നിട്ടുണ്ടു്. ഇത്തരം നമ്പൂതിരിപ്രഭുകുടുംബങ്ങൾ വെറെയും ധാരാളം ചൂണ്ടിക്കാണിക്കാനുണ്ടു്.

ഇത്തരം ഔദാര്യത്തിന്നും ധാൎമ്മികസങ്കല്പങ്ങളിൽനിന്നുളവായ നിഷ്കളങ്കസേവനത്തിന്നും മററു വിഭാഗങ്ങളിലുളവാക്കിയ പ്രതികരണം വിചിത്രമായിരുന്നു. ഭോജനപ്രിയന്മാർ, പായസകുടിയന്മാർ, നമ്പൂതിരിവിഡ്ഢികൾ തുടങ്ങിയ 'പ്രശംസാ'പത്രങ്ങളാണവർക്കു ലഭിച്ചതു്. ഇതിന്നാരെയും കുററപ്പെടുത്തുകയല്ല. പാശ്ചാത്യസംസ്കാരത്തിന്റെ അധിപ്രസരത്തിൽ സത്യം, ധൎമ്മം തുടങ്ങിയവയൊന്നും പ്രായോഗികജീവിതത്തിന്നുതകാത്തതാണെന്ന ബോധം വേരൂന്നിത്തുടങ്ങിയിരുന്നു. അവ ഗ്രന്ഥങ്ങളിലൊതുങ്ങി. ഗ്രന്ഥങ്ങളെല്ലാം കെട്ടിമുറുക്കി അട്ടത്തുവെച്ചു. പ്ലാററുഫോറങ്ങളിലെ ഉപദേശപ്രസംഗങ്ങൾക്കു വേണ്ട റഫറൻസ്പുസ്തകങ്ങളാണവ.

അന്നദാനം പുണ്യമാണെന്നു നാം വിശ്വസിക്കുന്നു. വിശക്കുന്നവനു ഭക്ഷണം നല്കുന്നതുപോലെ നല്ലൊരു കാര്യം മറെറന്തുണ്ടു്? മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ ആദ്യത്തെയല്ലേ?

ഇന്നു നമ്മുടെ ചുററും നടക്കുന്ന സമരങ്ങളും പണിമുടക്കുകളും ഘേരാവോകളും മുദ്രാവാക്യങ്ങളും പ്രകടനങ്ങളും കൊള്ളയും കൊള്ളിവെപ്പുകളും—എല്ലാം ആത്യന്തികമായി പറഞ്ഞാൽ എന്തിനുവേണ്ടിയാണു്? ഒരു ചാൺ ഉദരം പൂർണ്ണമാക്കാനുള്ളതല്ലേ? അപ്പോൾ, കഴിയുന്നത്ര സാധുക്കൾക്കു ഭക്ഷണം നല്കിയിരുന്നതു് ഒരു തെററായി പറയാമോ?

നമ്പൂതിരിമാരുടെ ജീവിതരീതിപോലെതന്നെ ഭക്ഷണക്രമവും സാത്വികമായിരുന്നു. പരിശുദ്ധവും ലളിതവുമായ ഭക്ഷണം സ്വഭാവത്തിന്നു സംശുദ്ധിയുളവാക്കുന്നതായിരുന്നു. സ്വാദിഷ്ഠമായ ഭക്ഷ്യപേയങ്ങൾ ആവിഷ്കരിച്ചു.

മററു വിഭാഗക്കാർ ഭക്ഷണപരാങ്മുഖരാണോ? വായുഭക്ഷണക്കാരെ നിങ്ങൾക്കറിയാമോ?

കാപട്യംതീണ്ടാത്ത നിഷ്കളങ്കസ്വഭാവത്തിന്നുള്ള സർട്ടിഫിക്കററാണു് 'വിഡ്ഢികൾ' എന്നതു്. ആത്യന്തികഭാവത്തിൽ ഈ വിശേഷണംകൊണ്ടു് എന്താണർത്ഥമാക്കുന്നതു്? സരളഹൃദയനാണു്, വഞ്ചനയും ചൂഷണവും ഹിംസയും അറിഞ്ഞുകൂടാ. അഥവാ അതു പാപമാണു്. ചൂഷണം ചെയ്യപ്പെടുകയാണെങ്കിൽപ്പോലും സഹിക്കും. ചുരുക്കത്തിൽ 'നേരെ വാ നേരെ പോ' എന്ന ഋജുസ്വഭാവം—ഇതിനെയാണു് വിഡ്ഢിത്തമായി വ്യവഹരിക്കുന്നതു്.

ഒരാൾ ആത്മവഞ്ചനയും പരവഞ്ചനയും നടത്തി—വേണ്ടിവന്നാൽ കൊലപാതകംപോലും നടത്തി—ധനാർജ്ജനം നടത്തിയാൽ ആ വ്യക്തിയെക്കുറിച്ചു് ആളുകൾ പറയും: ''മിടുമിടുക്കൻ, സമർത്ഥൻ.'' മറിച്ചു സത്യത്തിന്നും നീതിക്കുംവേണ്ടി ത്യാഗം സഹിച്ചു കഷ്ടപ്പെടുന്നവരെക്കുറിച്ചു 'കൊള്ളരുതാത്തവൻ' 'വിഡ്ഢി' എന്നും പറയും. ഇതു നമുടെ ചുററും കണ്ണോടിച്ചാൽ കാണാം.

ഈയിടെ ഒരു റിട്ടയേർഡ് ജില്ലാജഡ്ജിയുമായി പലേ കാര്യങ്ങളെക്കുറിച്ചും സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:

“കാൽനൂററാണ്ടുകാലത്തെ എൻെറ ഔദ്യോഗികജീവിതത്തിനിടയിൽ ക്രിമിനല്പുള്ളിയായ ഒരു നമ്പൂതിരിയെ എനിക്കു കൈകാര്യംചെയ്യേണ്ടിവന്നിട്ടില്ല. കൊല, കൊള്ള, അടിപിടി, ബലാൽസംഗം—അങ്ങനെ ഏതെങ്കിലും കുററത്തിന്നു് ഒരു നമ്പൂതിരി പ്രതിയായി എൻെറ മുമ്പിൽ വന്നിട്ടില്ല. അവർ എണ്ണത്തിൽ കുറവായതുകൊണ്ടുമാത്രമല്ല ഇതു്............”

‘വിഡ്ഢി’കളായ നമ്പൂതിരിമാരുടെ സ്വഭാവത്തിന്നുള്ള ഒരു പ്രശംസയല്ലേ ഇതു്?

ഇതു സ്വല്പം പഴയ കഥയാണു്. ഇന്നു സംസ്കാരസമ്പന്നരായ പുതിയ തലമുറയിൽ പെട്ടവർ ഇത്തരത്തിൽ നമ്പൂതിരിയെ അപഹസിക്കുന്നതിൽനിന്നു പിന്മാറിയിരിക്കുന്നു. എന്നുതന്നെയല്ല; നമ്പൂതിരിയിലും പ്രകടമായ മാററം സംഭവിച്ചിരിക്കുന്നു. അവർ ‘വിഡ്ഢി’കളാവാതിരിക്കാൻ ബോധപൂർവ്വം പരിശീലിക്കുകയാണു്. എന്നുവെച്ചാൽ ആത്മവഞ്ചനയും പരവഞ്ചനയും ഉൾക്കൊണ്ട ഇന്നത്തെ സംസ്കാരത്തെ സ്വാംശീകരിക്കാൻ യത്നിക്കുകയാണു്. നാം പുരോഗമിക്കുകയല്ലേ? കുടിലതയും വക്രതയുമാണു് സാമർത്ഥ്യത്തിൻെറ അളവുകോലെങ്കിൽ അങ്ങനെ.

പ്രകൃതംവിട്ടു സഞ്ചരിക്കയല്ല. സാന്ദർഭികമായി ചില കാര്യങ്ങൾ പറഞ്ഞുവെച്ചതാണു്. നമ്പൂതിരിയുടെ വിജാതീയബാന്ധവത്തെക്കുറിച്ചു പറഞ്ഞപ്പോൾ അവരുടെ പൊതുസ്വഭാവം ചർച്ചാവിഷയമായതാണു്. ഇരുകക്ഷികളുടെയും പുരോഗതിക്കു് ഈ ദൂഷിച്ച സമ്പ്രദായം പ്രതിബന്ധമായതിനാൽ, കക്ഷികൾ സഹകരിച്ചുതന്നെ അതിനെ ഉന്മൂലനം ചെയ്യണം. യോഗക്ഷേമസഭ അതിന്നു് മുൻകൈയെടുത്തു. മഹാസഭയുടെ സമ്മേളനങ്ങ

ളിലേയ്ക്കു മററു സമുദായാംഗങ്ങളെ ക്ഷണിച്ചു്, തങ്ങളോടു സഹകരിക്കാനഭ്യത്ഥിച്ചു. പരസ്പരസൗഹാർദ്ദം വളത്തിക്കൊണ്ടു വിശാലമായ ഒരടിത്തറയിലാണു് സഭ പ്രവത്തിച്ചതു്. ഗുരുവായൂർ സമ്മേളിച്ച 23-ാംവാഷികം (1106ൽ) ത്തിൽ സൗഹാർദ്ദപ്രതിനിധിയായി സംബന്ധിച്ച എം. എൻ. നായർ (എൻ. എസ്സ്. എസ്സ്. പ്രതിനിധി) ഇങ്ങനെ പ്രസ്താവിച്ചു:

"നമ്പൂതിരിമാർ അവരുടെ പരിഷ്കരണോദ്യമങ്ങളിൽ പ്രദശിപ്പിക്കുന്ന ആദശശുദ്ധിയും കമ്മധീരതയും അന്യന്മാർ കണ്ടു പഠിക്കേണ്ടതാണു്. കുറച്ചു കാലംകൊണ്ടു് അത്ഭുതകരമായ പലതും അവർ സാധിച്ചു. എന്നാൽ ഗഹ്ണീയമായ ആചാരങ്ങളിൽ പലതും ഇന്നും നിലനില്ക്കുന്നു........ഇതിനൊരു ദൃഷ്ടാന്തം സംബന്ധംതന്നെ........അതിനെ നായന്മാർ കഠിനമായി വെറുക്കുന്നു........ഈ ഏപ്പാടു തങ്ങളുടെ സമുദായത്തെ ഭയങ്കരമായി വിഷമിപ്പിക്കുന്നു എന്നു നമ്പൂതിരിമാരും മുറവിളികൂട്ടുന്നു. രണ്ടു കൂട്ടർക്കും ഇതാവശ്യമില്ല.......നാം ഒത്തൊരുമിച്ചു ശ്രമിക്കുക, വിജയശ്രീലാളിതരാവുക............!"

മറെറാരു സമുദായനേതാവായ മന്ദത്തു പത്മനാഭപിള്ള പറഞ്ഞു:

"നമ്പൂതിരിയോഗക്ഷേമസഭയുടെ പന്ത്രണ്ടു സമ്മേളനങ്ങളിൽ തുടച്ചയായി സംബന്ധിച്ച ഒരാളെ നമ്പൂതിരിയായി ഗണിക്കാമെങ്കിൽ ഞാനിന്നൊരു നമ്പൂതിരിയായിരിക്കുന്നു...... ....നമുക്കു തോളോടുതോൾ ചേന്നു് അനാചാരങ്ങളോടു പടപൊരുതാം............"

എസ്സ്. എൻ. ഡി. പി.യോഗത്തിൻെറ പ്രതിനിധിയും ഈഴവസമുദായത്തിൻെറ അനിഷേധ്യനേതാവുമായിരുന്ന സഹോദരൻ അയ്യപ്പൻെറ പ്രതികരണം ശ്രദ്ധാഹ്മാണു്:

"ഞങ്ങൾ പഴയ ദുരാചാരങ്ങളെയെല്ലാം നശിപ്പിക്കാനുറച്ചിരിക്കുന്നു എന്ന മുദ്രാവാക്യമാണ് ഈ സമ്മേളനത്തിൽ എനിക്കു സ്വാഗതമരുളിയതു്. അധ്യക്ഷപ്രസംഗം ദുരാചാരക്കോട്ടകൾക്കെതിരെ ഉതിത്ത പീരങ്കിയാണ്........"

കെ. എൻ. കേശവൻനമ്പൂതിരിപ്പാടായിരുന്നു അന്നത്തെ അധ്യക്ഷൻ.

**ഒരു സമവായം**

ലക്ഷ്യം ഒന്നുതന്നെയെങ്കിലും യോഗക്ഷേമസഭ, യുവജനസംഘം എന്നീ രണ്ടു സംഘടനകളിൽ നമ്പൂതിരിമാർ പ്രവത്തിച്ചിരുന്നു. യോഗക്ഷേമസഭ മിതവാദികളുടെയും യുവജനസംഘം വിപ്ലവകാരികളുടെയും സംഘടനയാണെന്നു് എങ്ങനെയോ ഒരു ധാരണ പരന്നു. അത്ര പ്രകടമായ മാററമൊന്നും അവതമ്മിലുണ്ടായിരുന്നില്ല. കോൺഗ്രസ്സിൽ സോഷ്യലിസ്റ്റ് പാർട്ടി (സി. എസ്സ്. പി.) എന്നൊരു വിഭാഗം ഉരുത്തിരിഞ്ഞതുപോലെയാണെന്നു പറയാം. ആദശ്ങ്ങൾ പ്രാവത്തികമാക്കുമ്പോൾ ചില വിട്ടുവീഴ്ചകളും ഒത്തുതീപ്പുകളും ആവശ്യമായിവരുമെന്ന പരിപക്വമായ ചിന്താഗതിയെ വിപ്ലവാശയക്കാരായ ഒരു വിഭാഗം യുവാക്കൾ എതിത്തു. വിട്ടുവീഴ്ചചെയ്യുന്നതു ശത്രുക്കൾക്കു കീഴടങ്ങലാണെന്നു് അവർ വാദിച്ചു. ഇതുമൂലം ചെറിയൊരു വിടവു് അനുഭവപ്പെട്ടു.

യുവജനസംഘത്തിൻെറ അധ്യക്ഷനായിരുന്ന പി. എസ്സ്. കേശവൻനമ്പൂതിരി (റിട്ടഃ ഡി. ജഡ്ജി) രണ്ടു സ്ഥാപനങ്ങളും യോജിച്ചു പ്രവത്തിക്കണമെന്നു് അഭിപ്രായപ്പെട്ടു. അതിന്നുവേണ്ടി യത്നിച്ചു. ഒരു സമവായമെന്ന നിലയിൽ തളിപ്പറമ്പുവാഷികത്തിലവതരിപ്പിച്ചതു് അദ്ദേഹമാണ്. കൂട്ടത്തിൽ പറയട്ടെഃ യുവജനസംഘത്തിൻെറ അധ്യക്ഷനെന്ന നിലയിലുള്ള അദ്ദേഹത്തിൻെറ അധ്യക്ഷപ്രസംഗത്തിൽ ദേശീയതത്വത്തെ പ്രതി

ഫലിപ്പിക്കുന്ന ഭാഗം, അധികാരികളുടെ എതിൎപ്പുകാരണം വായിക്കുകയുണ്ടായില്ല. സമുദായപ്രവൎത്തനം ഏകരൂപമാക്കാൻ ഒരു സമവായം ആവശ്യമായിത്തീൎന്നു.

ആദൎശത്തിൻെറ സാക്ഷാത്കരണത്തിന്നുവേണ്ടിയായാൽപ്പോലും ശക്തിയും ചൈതന്യവും ദുൎവ്വ്യയംചെയ്യരുതു്. ശക്തി എങ്ങനെ ഉപയോഗിക്കണം, എപ്പോൾ ഉപയോഗിക്കണം എന്നീ കാര്യങ്ങളെക്കുറിച്ചു വ്യക്തമായ ധാരണയുണ്ടായിരിക്കണം. നേതൃത്വത്തിൽ വൎത്തിക്കുന്നവൎക്കു പ്രത്യേകിച്ചും. പ്രവൎത്തനമേഖലയിലേയ്ക്കു പ്രവേശിക്കുമ്പോൾ വ്യക്തമായ ഒരു പരിപാടി ആവശ്യമാണു്. പ്രവൎത്തനസ്വരൂപത്തെക്കുറിച്ചും അതിൻെറ ഫലത്തെക്കുറിച്ചും ശാന്തമായി ചിന്തിച്ചു നിഗമനത്തിലെത്തുകയാണാവശ്യം, ലക്ഷ്യരഹിതമായി വിപ്ലവം, വിപ്ലവം എന്നു മുറവിളിയുമായി രംഗം തകൎത്താൽ ചിലപ്പോൾ നേതൃത്വം ലഭിച്ചേയ്ക്കാം; അക്ഷമരായ വികാരജീവികളുടെ പ്രീതിയും നേടാൻ കഴിഞ്ഞേയ്ക്കും. പക്ഷേ അതു ശാശ്വതമാവില്ല. ചിലപ്പോൾ പുറകോട്ടടിക്കാനും ഇടയായെന്നു വരും. പ്രലോഭനങ്ങളും പ്രകീൎത്തനങ്ങളും ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ നേരിടുന്ന ശത്രുക്കളാണു്. ശക്തി ദുൎവ്വ്യയംചെയ്യാതെ ഉറച്ച കാൽവെപ്പോടെ മുന്നോട്ടു പോകുന്നതാണു് ധീരത. ഉപരിപ്ലവത്വം അക്ഷമയുടെയും പലപ്പോഴും ഭീരുത്വത്തിൻെറയും പൎയ്യായങ്ങളാണു്.

സഭാനേതൃത്വത്തിൻെറ സുചിന്തിതമായ നീക്കങ്ങളുടെ ഫലമായി ഒരു സമവായമുണ്ടായി. തളിപ്പറമ്പിൽ നടന്ന 24-ാം വാൎഷികാധ്യക്ഷനായി പി. എസ്സ്. കേശവൻനമ്പൂതിരിയെ തിരഞ്ഞെടുത്തുകൊണ്ടാണു് ചേരിപ്പോരിന്നു് ഒരു താത്കാലിക വിരാമമിട്ടതു്. പാൎവ്വതീനെന്മിനിമംഗലത്തിൻെറ അധ്യക്ഷതയിൽ യുവജനസംഘംവാൎഷികവും നടന്നു. അതിൽ കേളപ്പൻെറ നേതൃത്വത്തിലുള്ള ഗുരുവായൂർക്ഷേത്രപ്രവേശനസത്യാഗ്ര

ഹത്തെ അനുകൂലിച്ചുകൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചതു യോഗക്ഷേമസഭാധ്യക്ഷനായ പി. എസ്സ്.യിരുന്നു. ആ സമ്മേളനത്തിൽ സി. രാജഗോപാലാചാരി സംബന്ധിച്ചിരുന്നു എന്നാണോർമ്മ.

## യാചനായാത്ര—വിധിനിഷേധങ്ങൾ

നമ്പൂതിരിവിദ്യാലയത്തിന്റെ നിലനില്പ ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാടിന്റെ ഔദാര്യത്തെമാത്രം ആശ്രയിച്ചായിരുന്നു. ഇതിനൊരു വിരാമമിടുന്നതിന്റെ പ്രാരംഭമായി അന്നു യുവജനസംഘംസിക്രട്ടറിയായിരുന്ന വി. ടി., പാണ്ടം വാസുദേവൻനമ്പൂതിരി, യോഗക്ഷേമസഭയുടെ അസി: സിക്രട്ടറിയായിരുന്ന സി. കെ. നമ്പൂതിരി എന്നിവരുടെ നേതൃത്വത്തിൽ നമ്പൂതിരിയുവാക്കൾ വിദ്യാഭ്യാസഫണ്ടിന്നുവേണ്ടി ഒരു യാചനായാത്ര നടത്തി. തൃശ്ശൂരിൽനിന്നു പുറപ്പെട്ടു കേരളത്തിന്റെ ഉത്തരാതിർത്തിവരെ എല്ലാ നമ്പൂതിരികേന്ദ്രങ്ങളിലും കാൽനടയായി ആ സംഘം സഞ്ചരിച്ചു. സംഭാവനയായി കിട്ടിയതെല്ലാം വാങ്ങി. പ്രധാനകേന്ദ്രങ്ങളിൽ പൊതുയോഗങ്ങൾ സംഘടിപ്പിച്ചു. വിദ്യാലയത്തിന്നു ധനശേഖരണം എന്നതിന്നെക്കാളേറെ പ്രാധാന്യമുണ്ടായിരുന്നു അതിന്നു്. വിദ്യാഭ്യാസത്തിന്നനുകൂലമായ ശക്തിയായ ഒരു പ്രചരണവേലകൂടിയായിരുന്നു. സമുദായമധ്യത്തിൽ അതു ശക്തിയായ ചലനം സൃഷ്ടിച്ചു. തുടന്നു പിന്നെയും അത്തരം യാചനായാത്രകൾ പ്രാദേശികമായി സംഘടിപ്പിച്ചു. ഈ യാത്രകളിൽ വെയിലും മഴയും വകവെയ്ക്കാതെ കാതങ്ങളോളം കാൽനടയായി സഞ്ചരിച്ച സംഘത്തിൽ ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാട്ടുമുണ്ടായിരുന്നു. യാചനായാത്രയിൽ പിരിഞ്ഞ സംഖ്യ ചെലവഴിച്ചതിൽ പല ക്രമക്കേടുകളും ഉണ്ടായതായി അക്കാലത്തു് ആക്ഷേപം ഉയരുകയുണ്ടായി. ചില കറുത്ത കൈകൾ അതിന്നു പിന്നിലുണ്ടായിരുന്നതായും ആരോപണമുണ്ടായി.

സത്യഗ്രഹം, പ്രചരണയാത്ര, അഹിംസയിലധിഷ്ഠിതമായ നിസ്സഹകരണം, സമാധാനപരമായ പിക്കററിങ്ങ് തുടങ്ങിയ ആയുധങ്ങൾ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജി ആവിഷ്കരിച്ചതാണല്ലോ. സമുദായപരിഷ്കരണപ്രസ്ഥാനത്തിലും അവ പ്രയോഗിച്ചിട്ടുണ്ടു്. കേരളത്തിലെ മറെറാരു സമുദായവും ഇത്രയും വ്യാപകമായ തോതിൽ യാഥാപൂര്യവാദികൾക്കെതിരെ ഈ സമരായുധങ്ങൾ പ്രയോഗിച്ചിട്ടുണ്ടോ എന്നു സംശയമാണു്. സംബന്ധപ്പിക്കററിങ്ങു്, അധിവേദനപ്പിക്കററിങ്ങു് എന്നിവ ഇതിന്നുദാഹരണങ്ങളാണു്.

യോഗക്ഷേമസഭ നിഷിദ്ധമെന്നു വിധിച്ചിട്ടുള്ള കാര്യങ്ങളിൽ ഏപ്പെട്ടുന്നവക്കെതിരെ മുഖംനോക്കാതെ സഭ പ്രവത്തിച്ചു. വ്യക്തികൾക്കുവേണ്ടി ഒരു വിട്ടുവീഴ്ചയുമുണ്ടായില്ല. ഉദാഹരണം എത്ര വേണമെങ്കിലുമുണ്ടു്. സ്വാതന്ത്ര്യസമരത്തിലെ ഒരു സമുന്നതനേതാവായ കുറൂർ നീലകണ്ഠൻനമ്പൂതിരിപ്പാടു വിജാതീയവിവാഹത്തിന്നു മുതിന്നപ്പോൾ സഭാപ്രവത്തകർ അദ്ദേഹത്തെ തടയുകയുണ്ടായി. ഉത്സാഹശാലിയായ സമുദായപ്രവത്തകനായിരുന്നു പാതിരിശ്ശേരി നാരായണൻനമ്പൂതിരി. തന്റെ മകളെ (നായർ) അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ പുത്രനെക്കൊണ്ടു സംബന്ധംചെയ്യിക്കാൻ ശ്രമിച്ചപ്പോൾ അദ്ദേഹത്തെയും സന്നദ്ധഭടന്മാർ പിക്കററുചെയ്തു. വിദ്യാസമ്പന്നനായ ഒരു യുവാവു കവളപ്പാറക്കൊട്ടാരത്തിൽ സംബന്ധത്തിന്നു പുറപ്പെട്ടു. യോഗക്ഷേമസഭയുടെ നിർദ്ദേശമനുസരിച്ചു് ഒരു സംഘം നമ്പൂതിരിയുവാക്കൾ അവിടെ പിക്കററുചെയ്തു. കുപിതനായ കവളപ്പാറനായർ ആ സന്നദ്ധഭടന്മാരെ സ്വകിങ്കരന്മാരെ വിട്ടു കഠിനമായി മർദ്ദിച്ചു. അർദ്ധരാത്രിവരെ ഒരു മുറിയിലിട്ടു പൂട്ടി. ദുഷിച്ച ഈ പ്രവണതയ്ക്കെതിരായ ഒരന്തരീക്ഷം സൃഷ്ടിക്കുവാൻ ഇതെല്ലാം വളരെയേറെ സഹായിച്ചു. അന്നു കവളപ്പാറനായരാണു് എന്ന പരിഗണനവെച്ചു കത്തവ്യത്തിൽനിന്നു പി

ന്തിരിഞ്ഞില്ല. കുടുംബബന്ധങ്ങളെപ്പോലും ഉലച്ചിട്ടും മഹാസഭയും അതിന്റെ പ്രവർത്തകരും ഉറച്ചുനിന്നു.

സമുദായത്തിൽ ആദ്യമായി പരിവേദനം (ജ്യേഷ്ഠൻ വേളികഴിക്കാതെ അനുജൻ വേളികഴിക്കുക) ചെയ്ത ആളാണ് കുമ്മിണി രാമൻനമ്പൂതിരി. അതിൽ രോഷാകുലരായ പഴമക്കാർ കവളപ്പാറനായരെ അഭയം പ്രാപിച്ചു. അവരുടെ ഉപദേശങ്ങൾക്കു വഴങ്ങിയ നായർ കുമ്മിണിയെ ഒററപ്പെടുത്താൻ തന്റെ പ്രതാപവും സ്വാധീനവും ഉപയോഗിച്ചു. ഈററും മാററും മുടക്കി. കുമ്മിണിയുടെ വസതിയിലേക്കു് ആരും പോകരുതു്; ഒരു സഹായവും ചെയ്യരുതു്—അങ്ങനെ ഒരു 'നിരോധം' ഏർപ്പെടുത്തി. കവളപ്പാറനായരുടെ ആജ്ഞ സുഗ്രീവാജ്ഞയായിരുന്നു. കുമ്മിണി വീർപ്പുമുട്ടി. ഈ അവസരത്തിൽ യോഗക്ഷേമസഭയുടെ ആത്മാർത്ഥഭടനെന്ന നിലയിൽ കുമ്മിണിയെ തുണയ്ക്കാൻ കുഞ്ഞൻനമ്പൂതിരിപ്പാടു മുന്നോട്ടു വന്നു. തന്റെ സ്വാധീനമുപയോഗിച്ചു് ആവശ്യത്തിന്നു് ആളെയും മററും അയച്ചുകൊടുത്തു് ആ പരിവേത്താവിനെ തളരാതെ നിർത്തി.

അനാശാസ്യമായ ഇത്തരം സമ്മർദ്ദംചെലുത്തലിൽനിന്നു കവളപ്പാറനായരെ പിന്തിരിപ്പിക്കുവാൻ യോഗക്ഷേമസഭയുടെ നിർദ്ദേശമനുസരിച്ചു ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാടും മററുമടങ്ങിയ ഒരു സംഘം കവളപ്പാറനായരെക്കാണാൻ ശ്രമിച്ചു. പഴമക്കാരുടെ കുതന്ത്രത്തിൽ കുരുങ്ങിയ മൂപ്പിൽനായർ അവരെ കാണാൻപോലും കൂട്ടാക്കിയില്ല.

അന്നു കുമ്മിണിക്കു് ആ സഹായം ലഭിച്ചിരുന്നില്ലെങ്കിൽ അദ്ദേഹം തകർന്നേനെ. സ്വജാതീയവിവാഹം സാർവ്വത്രികമാക്കാനുള്ള തീവ്രയത്നത്തെ അതു പ്രതികൂലമായി ബാധിക്കുമായിരുന്നു. തുടർന്നു നിരവധി പരിവേദനങ്ങൾ നടക്കാൻ അതു പ്രേരകമായി. പരിവേദനമായി വിവാഹം കഴിച്ചാൽ പഴമക്കാരിൽനിന്നു്, വൈദിക-പൗരോഹിത്യാക്രമണങ്ങളിൽനിന്നു്,

രക്ഷനേടാൻ യോഗക്ഷേമസഭയുടെ പിന്തുണ ലഭിക്കുമെന്ന വിശ്വാസം യുവാക്കൾക്കു ധൈര്യം നല്കി.

സംബന്ധംപോലെത്തന്നെ അധിവേദനവും വൃദ്ധവിവാഹവും നിഷിദ്ധമാണെന്നു സഭ പ്രഖ്യാപിച്ചിരുന്നു. വാസ്തവത്തിൽ അന്തഃപുരത്തിൽ വിപ്ലവം നടക്കാനുള്ള പരിപാടിയുടെ ഭാഗമാണിതെല്ലാം. സ്ത്രീവിഭാഗത്തിൻെറ പുരോഗതിക്കാവശ്യമായ ചില വിധിനിഷേധങ്ങൾ കർശനമായി പാലിക്കുന്നതാവശ്യമാണ്. അവ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. പരിവേദനമായാലും അല്ലെങ്കിലും എല്ലാവരും വിവാഹം (സ്വജാതിയിൽനിന്നു) കഴിക്കണം. അപ്പോൾ വിജാതീയബാന്ധവം അവസാനിക്കാതെ തരമില്ലല്ലോ. അധിവേദനവും വൃദ്ധവിവാഹവും, തടയണമെങ്കിൽ എല്ലാവരും വേളി കഴിച്ചെങ്കിൽ മാത്രമേ പററൂ. അപ്പോൾ ഇതെല്ലാം ഒന്നിച്ചു പ്രയോഗിക്കണം. അധിവേദനത്തെ നിരുത്സാഹപ്പെടുത്തുവാനും അതിൽനിന്നു ബന്ധപ്പെട്ടവരെ പിന്തിരിപ്പിക്കുവാനും സഭാപ്രവത്തകർ ശ്രമിച്ചു. അററകൈയായി പിക്കററിങ്ങും നടത്തി.

പെരുവനം, ചേലക്കരയ്ക്കടുത്ത വെങ്ങാനെല്ലൂർ, തൃശ്ശൂർ, ഓങ്ങല്ലൂർ, പെരുമ്പാവൂർ തുടങ്ങിയ സ്ഥലങ്ങളിൽ അധിവേദനപ്പിക്കററിങ്ങുണ്ടായി. സഭയുടെ ആജ്ഞാനുവത്തികളെന്ന നിലയിൽ പി. എസ്സ്. കേശവൻനമ്പൂതിരി, സി. കെ. നമ്പൂതിരി (നമ്പൂതിരിവിദ്യാലയംസംസ്കൃതാധ്യാപകൻ) വി. ടി. രാമൻഭട്ടതിരിപ്പാട്, ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാട്, കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാട്, ഒ. എം. സി. നാരായണൻനമ്പൂതിരിപ്പാടു തുടങ്ങിയ പ്രമുഖരായവരും എന്നെപ്പോലുള്ള നിരവധി എളിയ പ്രവത്തകരും അതിൽ പങ്കെടുത്തിരുന്നു. ചില സ്ഥലങ്ങളിൽ അധിവേത്താവിനു സന്നദ്ധഭടന്മാരെ ചവിട്ടി കടന്നുപോകേണ്ടിവന്ന സംഭവങ്ങളുമുണ്ടായിട്ടുണ്ട്. അങ്ങനെ അധിവേദനക്കാരിൽ ഒരു കുററബോധമുളവാക്കാൻ ഇതുപകരിച്ചു.

നിഷിദ്ധമായ ഒരു ക്രൂരകമ്മം ചെയ്യുന്നവൻെറ അധമബോധ ത്തോടുകൂടി കഴിയുന്നതു ഗൂഢമായി അതു നിവ്വഹിക്കേണ്ട ഗതി കേടിലായി യാഥാസ്ഥിതികർ. സഭാപ്രവത്തകരുടെ വിജയമാ യിരുന്നു അതു്.

സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊണ്ട ഘട്ടമായിരുന്നു. ധമ്മഭടന്മാർ കഠിനമദ്ദനത്തിന്നു വിധേയരായി. കോഴിക്കോട്ടു കടപ്പുറത്തു നിയമം ലംഘിച്ചു് ഉപ്പു കുറുക്കിയതിന്നു മുഹമ്മദ് അബ്ദുൾറഹിമാൻ, പി. കൃഷ്ണപിള്ള, ആർ. വി. ശമ്മ, ടി. സു ബ്രഹ്മണ്യൻതിരുമുമ്പു്, കുറൂർ നീലകണ്ഠൻനമ്പൂതിരിപ്പാടു്— അങ്ങനെ നിരവധി പേർ മദ്ദനത്തിന്നിരയായി. കുറൂർ നമ്പൂ തിരിപ്പാടിനു് അന്നത്തെ മദ്ദനഫലമായി ശാശ്വതമായ ബാ ധിര്യം ബാധിച്ചു.

1931-മാച്ച് 4-ാനു- ഗാന്ധി—ഇർവിൻസന്ധി ഒപ്പിട്ട തോടെ താത്കാലികമായ ഒരു 'വെടിനിത്തൽ' ഉണ്ടായി. ബ്രിട്ടിഷ്ഗവമ്മേണ്ടു് ഒരടി പുറകോട്ടും സ്വാതന്ത്ര്യസമരപ്ര സ്ഥാനം ഒരടി മുന്നോട്ടും വെച്ചു. സമുദായപ്രസ്ഥാനത്തിലും ഇ ക്കാലത്തു് ഒരു 'യുദ്ധവിരാമം' അനുഭവപ്പെട്ടു. വൈദികത്വ ത്തിൻെറയും പഴമയുടെയും പടച്ചട്ടയണിഞ്ഞു പടക്കളത്തിലിറ ങ്ങിയവർ ഒരടി പുറകോട്ടു വെച്ചു. പലതും അവർ കണ്ണടച്ചു. കണ്ടില്ലെന്നു നടിച്ചു.

അന്നു സുനിശ്ചിതവും വ്യക്തവുമായ ഒരു കമ്മപദ്ധതിയു ണ്ടായിരുന്നു യോഗക്ഷേമസഭയ്ക്കു്. ഒരു ചതുർമ്മുഖപദ്ധതി. അ ടച്ചുപൂട്ടിയ അന്തഃപുരത്തിലെ അജ്ഞാതതമോമണ്ഡലത്തിൽ ത ള്ളിത്തടഞ്ഞു തമ്മിൽ കൂട്ടിമുട്ടിയും പിരണ്ടുവീണും മുറിവേററും കഴിഞ്ഞിരുന്ന സമുദായാംഗത്തെ വെളിച്ചത്തിലേയ്ക്കു് ആഹ്വാ നംചെയ്യുന്ന വിപ്ലവപരമായ പരിപാടികൾ ചിട്ടയിൽ മുന്നോ ട്ടുപോയി. പ്രായോഗികതലത്തിൽ ഇത്രയും ഊജ്ജിതപ്രവ ത്തനം അതിന്നുമുമ്പുണ്ടായിട്ടില്ല.

സംബന്ധംതുടങ്ങിയ സാമൂഹ്യാനാചാരങ്ങളെ കശനമാ യെതിർക്കുന്നതോടൊപ്പം ഘോഷാബഹിഷ്കരണം തുടങ്ങിയവ

യെ പ്രോത്സാഹിപ്പിച്ചു. അങ്ങനെ സദ്യഃഫലദായകങ്ങളായ പ്രവർത്തനം ഒരു വശത്തു്; സ്ത്രീവിദ്യാഭ്യാസം പ്രചരിപ്പിക്കുക എന്ന അടിസ്ഥാനപരിപാടി മറുവശത്തു്; സർവ്വോപരി നമ്പൂതിരിമാരുടെ ആചാരങ്ങളെയും കീഴ്വഴക്കങ്ങളെയും വ്യവച്ഛേദിച്ചുകൊണ്ടുള്ള നിയമനിർമ്മാണത്തിന്നുള്ള പ്രക്ഷോഭം—അങ്ങനെ ദൂരവ്യാപകമായ ഫലമുളവാക്കുന്ന പദ്ധതികളും.

കാറൽമണ്ണവെച്ചു യോഗക്ഷേമസഭയുടെ രജതജൂബിലി ആഘോഷിച്ചപ്പോൾ ഘോഷബഹിഷ്കരിച്ച 75-ൽപരം അന്തർജ്ജനങ്ങൾ മഹാസഭാഹാളിൽ ഹാജരായി. മൂന്നുവർഷംമുമ്പു് എടക്കുന്നിയിൽവെച്ചു് അടുക്കളയിൽനിന്നു് അരങ്ങത്തേയ്ക്കു് അവരെ ആഹ്വാനംചെയ്തവർപോലും ഇത്ര സമൃദ്ധമായ ഫലം പ്രതീക്ഷിച്ചിരുന്നോ എന്നു സംശയമാണു്. അതിന്നപ്പുറമെ പരസ്യമായ മിശ്രഭോജനം ആവാമെന്നായി. അഞ്ചുവർഷംമുമ്പു് അങ്ങാടിപ്പുറത്തുവെച്ചു വാർഷികത്തിൽ പങ്കെടുത്തവർ അശുദ്ധമായ ഭക്ഷണം കഴിച്ചു എന്നതിനു പ്രവർത്തകരുടെ ഇടയിൽത്തന്നെ മുറുമുറുപ്പുണ്ടായതോർക്കുമ്പോൾ അത്ഭുതം തോന്നും.

ഈ നരയും പതയും ഉപരിതലത്തിൽ നടക്കുമ്പോഴും അടിസ്ഥാനപ്രശ്നം വിസ്മരിച്ചില്ലെന്നതു് അതിപ്രധാനമായ കാര്യമാണു്. വിദ്യാഭ്യാസം പ്രചരിപ്പിക്കൽ, നമ്പൂതിരിവിദ്യാലയം നിലനിർത്തൽ, അതിന്നുവേണ്ടി യോഗക്ഷേമംഭാഗ്യക്കുറിക്കു് അംഗീകാരം വാങ്ങി. അതിന്നുവേണ്ടി ചിറമ്മൽ കുഞ്ഞൻനമ്പൂതിരിപ്പാടു പ്രസിഡണ്ടും കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാടു സിക്രട്ടറിയുമായി ഭാഗ്യക്കുറിക്കമ്മിററി രൂപവത്കരിച്ചു. 1107 ൽ ആരംഭിച്ച ആ തീവ്രയത്നം 1110 ൽ വിജയിച്ചു. ഭാഗ്യക്കുറിയിൽനിന്നു സ്ഥിരമായ ഒരു ഫണ്ടുണ്ടാക്കാൻ കഴിഞ്ഞു. സമുദായത്തിൻെറ ഭാവിക്കു് അടിത്തറയായിത്തീർന്ന ബൃഹത്തായ ആ സംരംഭത്തിൻെറ ഉത്തരവാദിത്വമേറിയ ഭാരം ഏറെറടുത്തതു ചിറമ്മൽ കുഞ്ഞൻനമ്പൂതിരിപ്പാടായിരുന്നു. അതുസംബന്ധിച്ചു വഴിയെ പറയാം.

## "സ ജാതോ യേന ജാതേന യാതി വംശസ്സമുന്നതിം."

യോഗക്ഷേമസഭയ്ക്കു പ്രായപൂർത്തി വന്നതു പെരുമനത്തു വെച്ചാണെന്നു പറയാം. സമുദായപ്രസ്ഥാനത്തിൻെറ പുരോഗമനോന്മുഖമായ പ്രയാണചരിത്രത്തിൽ പെരുവനത്തിന്നു സുപ്രധാനമായ സ്ഥാനമുണ്ടു്. വേദാധ്യയനവും അധ്യാപനവും യജനവും യാജനവും മാത്രമാണ് നമ്പൂതിരിയുടെ പ്രവൎത്തനമണ്ഡലം എന്നു വിശ്വസിച്ചു സാമൂഹ്യചലനങ്ങളിൽനിന്നു് ഒഴിഞ്ഞുമാറി ഒററപ്പെട്ടു കഴിഞ്ഞിരുന്ന നമ്പൂതിരിയെ ആധുനികസംസ്കാരത്തിൻെറ എ. ബി. സി. ഡി. പഠിപ്പിച്ചതു പെരുവനം അതിൎത്തിയിലുള്ള എടക്കുന്നിയിൽവെച്ചാണ്—നമ്പൂതിരിവിദ്യാലയംവഴി. സമുദായപരിഷ്കരണപ്രസ്ഥാനത്തിന്നു ചൈതന്യം കൈവന്നതു സ്വാഭാവികമായും യോഗക്ഷേമസഭ 18-ാം വയസ്സിലേയ്ക്കു പ്രവേശിച്ചതിന്നുശേഷമാണ്—സി. എൻ. എൻ. ഹൈസ്കൂളിൽവെച്ചു് 1100 ൽ നടന്ന വാർഷികത്തിന്നുശേഷം. നാലുകെട്ടിൻെറ നിലവറക്കുണ്ടിൽ വെളിച്ചം കാണാതെ, ശുദ്ധവായുവേല്ക്കാതെ, വിളർത്തു വികൃതമായിക്കഴി

ഞ്ഞിരുന്ന സമുദായാദ്ധ്യത്തെ 'അട്ടക്കളയിൽനിന്നു് അരങ്ങത്തേ യ്ക്കു' നയിച്ചതിന്റെ പ്രാരംഭം കുറിച്ചതും അതേ എടക്കുന്നി യിൽവെച്ചാണു്—ഇരുപത്തിരണ്ടാംവാർഷികത്തിൽ. പിന്നീ ട്ടു് ഒരു വ്യാഴവട്ടത്തിനുശേഷം 'നമ്പൂതിരിയെ മനുഷ്യനാക്കാൻ' ഓങ്ങല്ലൂരിൽവെച്ചു് ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിന്റെ നേ തൃത്വത്തിൽ ഉയിർത്തെഴുന്നേററ യോഗക്ഷേമപ്രസ്ഥാനത്തിന്റെ കൊട്ടിക്കലാശം നടന്നതും ഇതേ പെരുവനത്തുവെച്ചാണു്— 1947 ഡിസംബർ 31-ാനു കെ. എൻ. കുട്ടൻനമ്പൂതിരിപ്പാ ടിന്റെ അദ്ധ്യക്ഷതയിൽ സി. എൻ. എൻ. ഹൈസ്കൂളിൽ നട ന്ന 37-ാം വാർഷികം ഒരു തരത്തിൽ പറഞ്ഞാൽ അവസാന ത്തേതായിരുന്നു.

ഇന്നു നിഷ്പക്ഷമായി ആ ചരിത്രപശ്ചാത്തലത്തിലേയ്ക്കു തിരിഞ്ഞുനോക്കുമ്പോൾ, ഏതാനും ചിത്രങ്ങൾ കാണാം. വ ടക്കിനിയേടത്തു നമ്പൂതിരിപ്പാടന്മാർ, ചിററൂർ നമ്പൂതിരിപ്പാ ടന്മാർ, കിരാങ്ങാട്ടു നമ്പൂതിരിപ്പാടന്മാർ, അഷ്ടവൈദ്യൻ തൈ ക്കാട്ടു്, കടലായിൽ നമ്പൂതിരിപ്പാടന്മാർ, പടിഞ്ഞാറേടത്തു ഭട്ട തിരിപ്പാടന്മാർ തുടങ്ങി പെരുവനാതിർത്തിയിൽ പെട്ടവർ. വി ദ്യാഭ്യാസപ്രവർത്തനത്തിൽമാത്രമല്ല, വ്യവസായം, കൃഷിമുത ലായി സാമ്പത്തികജീവിതത്തിലും മററുള്ളവർക്കു മാതൃകയായി നവീനമാർഗ്ഗങ്ങൾ വെട്ടിത്തുറന്നവരും അതിൽപ്പെട്ടും. അഖില കേരളാടിസ്ഥാനത്തിൽ നോക്കിയാൽ ഒളപ്പമണ്ണ, പൂമുള്ളി, ദേ ശമംഗലം, വരിക്കാശ്ശേരി, മാത്തൂർ, കോടനാട്ടു്, കുറൂർ, തളി, കുമാരമംഗലത്തു്, കാണിപ്പയ്യൂർ നമ്പൂതിരിപ്പാടന്മാരും, വി. ടി., ഇ. എം. എസ്സ്, ചെറുപ്പൊയിലം, പാതിരിശ്ശേരി, വേദ്ദ്രക്കാ ട്ടു്, പശ്ചിമൻ, മൂത്തിരിങ്ങോട്ടു്, ചെറുമുക്കു്, കുമ്മിണി, കപ്ലി ങ്ങാട്ടു്, പി. എസ്സ്, മാടമ്പു്, പെരുമനം, ചെങ്ങഴിമിററം—അ ന്നെ ആ പട്ടിക വളരെ ദീർഘിച്ചതാണു്.

KOTTAYAM PUBLIC LIBRARY * KOTTAYAM *

ഈ പശ്ചാത്തലത്തിൻെറ ആദ്യഘട്ടത്തിൽ കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിനോടൊപ്പം ചിറവർ നാരായണൻനമ്പൂതിരിപ്പാടിൻെറ (ആറാമൻ) യും ചിത്രം തെളിഞ്ഞുകാണാം. അനന്തരകാലത്തു നാരായണൻനമ്പൂരിപ്പാടിൻെറ പുത്രൻ കുഞ്ഞൻനമ്പൂതിരിപ്പാടിൻെറയും ചിത്രത്തിന്നു അത്രതന്നെ തിളക്കവും വ്യക്തിത്വവുമുണ്ട്. പെരുവനത്തിൻെറമാത്രമല്ല, സമ്പൂൎണ്ണസമുദായത്തിൻെറയും പുരോഗതിയുടെ പന്ഥാവിൽ വ്യക്തിമുദ്ര ചാൎത്തിയവരാണവർ. സ്വന്തം വ്യക്തിത്വംകൊണ്ടു സമുദായത്തിന്നു നിറംപിടിപ്പിച്ച വ്യക്തികൾ വേറെയുമുണ്ട് എന്നതു വിസ്മരിക്കുന്നില്ല. പ്രവൎത്തനസരണികളിലും മേഖലകളിലും ഈഷദ്ഭേദങ്ങളുണ്ടാവാം. പക്ഷേ എല്ലാ നവീനപ്രവണതകളെയും ഉൾക്കൊണ്ട്, അടിസ്ഥാനപ്രശ്നങ്ങളിൽ ഉറച്ച് എല്ലാക്കാലത്തും സമുദായത്തെ സേവിച്ച വ്യക്തികൾ അപൂൎവ്വമല്ലേ? അതിൽപ്പെട്ട ഒരാളാണ് കുഞ്ഞൻനമ്പൂതിരിപ്പാട്. 1966 ലും 1969ലും യഥാക്രമം സുവൎണ്ണജൂബിലിയാഘോഷിച്ച സി. എൻ. എൻ. ഹൈസ്കൂളും നമ്പൂതിരിവിദ്യാലയവും ക്രാന്തദൎശിത്വത്തോടെ ആസൂത്രണംചെയ്ത സാമൂഹ്യപ്രവൎത്തനങ്ങളുടെ ശാശ്വതകീൎത്തിസ്തംഭങ്ങളാണ്—ചരിത്രത്തിന്നവഗണിക്കാൻ കഴിയാത്ത സ്ഥാപനങ്ങൾ.

76909

കൊല്ലവഷം 1100-ൽ ചേൎപ്പ് സി. എൻ. എൻ. ഹൈസ്കൂളിൽ നടന്ന യോഗക്ഷേമസഭയുടെ 17-ാംവാൎഷികത്തിലെ സ്വാഗതപ്രാസംഗികനായി പൊതുരംഗത്തു പ്രവേശിച്ചതുമുതൽ 1144-ൽ നമ്പൂതിരിവിദ്യാലയം സുവൎണ്ണജൂബിലിയുടെ സ്വാഗതപ്രസംഗം വികാരതരളിതനായി നിൎവ്വഹിച്ചതുവരെയുള്ള സുദീൎഘങ്ങളായ 44 വൎഷങ്ങളിൽ നമ്പൂതിരിപ്പാടിൻെറ പ്രവൎത്തനമണ്ഡലം വ്യാപിച്ചുകിടക്കുന്നു.

അത്ഭുതപ്രതിഭയോ ബുദ്ധിരാക്ഷസത്വമോ പാണ്ഡിത്യമോ ഒന്നും അവകാശപ്പെടാനില്ലാത്ത ഒരു സാധാരണമനുഷ്യൻ.

പിതാവിൻെറ പ്രവൎത്തനചരിത്രത്തിൽനിന്നും കാലത്തിൻെറ വെല്ലുവിളിയിൽനിന്നും പ്രചോദനം നേടി സമുദായപ്രവൎത്തനരംഗത്തേയ്ക്കു വന്നു. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ സമ്പന്നമായ ഒരു പ്രഭുകുടുംബത്തിൽ ജനിച്ചു; പരിബന്ധികളുടെ മാത്രമല്ല, സാമൂഹ്യോപരിമണ്ഡലത്തിൻെറ മുഴുവൻവാത്സല്യത്തിൽ വളൎന്നു സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ ചോദ്യംചെയ്യപ്പെടാതെ സഫലീകൃതമാവാനുള്ള സാഹചര്യം; അനിയന്ത്രിതമായാൽ അപഥത്തിലേയ്ക്കോ സത്പഥത്തിലേയ്ക്കോ തിരിയാവുന്ന, താരുണ്യം തളിരിട്ടുനില്ക്കുന്ന, കാലം; അപക്വഹൃദയം ഔചിത്യം ദീക്ഷിക്കാറില്ലല്ലോ. മാൎഗ്ഗഭ്രംശം സംഭവിക്കാതിരിക്കാൻ ആരുടെയും ഹസ്താവലംബമില്ല—ജീവിതത്തിൻെറ ഈ പശ്ചാത്തലത്തെ കണക്കിലെടുത്തുകൊണ്ടു വേണം സേവനത്തിൽ പരിനിഷ്ഠമായ അദ്ദേഹത്തിൻെറ പ്രവൎത്തനങ്ങളെ വിലയിരുത്തുക. സാഹചര്യത്തെക്കാളേറെ പ്രവൎത്തനംവഴിയാണു് അദ്ദേഹത്തിൻെറ ഉദാത്തവ്യക്തിത്വത്തെ രൂപപ്പെടുത്തിയതു്.

ആത്മാൎത്ഥത, സത്യസന്ധത, പ്രവൎത്തിക്കാനുള്ള ഉത്കടമായ ആവേശം—ഇവ കൈമുതലായുണ്ടായിരുന്ന ആ യുവാവിനു പ്രവൎത്തകരുടെ മുൻപന്തിയിലെത്തുക അനായാസമായിരുന്നു. അതു സ്വാഭാവികവുമാണു്. ബോധപൂൎവ്വമല്ല. പ്രസ്ഥാനത്തോടുള്ള ആഭിമുഖ്യവും പ്രവൎത്തനസന്നദ്ധതയും മുററിനിന്ന അദ്ദേഹത്തെ സമുദായം വാരിപ്പുണൎന്നു.

അങ്ങനെ ഓജസ്സും ചൈതന്യവുമുള്ള ജീവിതത്തിൻെറ "എന്തിരുപതു"കാലത്തുതന്നെ തന്നിലുള്ള കൎമ്മസിദ്ധി, സമുദായത്തിന്നുവേണ്ടി സമൎപ്പിച്ചു എന്നതു സൎവ്വഥാ പ്രാധാന്യമൎഹിക്കുന്നു. പടിപടിയായി ഉയൎന്ന സ്ഥാനങ്ങളിൽ എത്തി—ഉപജാപം നടത്തിയിട്ടോ കുതികാൽ വെട്ടിയിട്ടോ അല്ല. വിപുലമായ പ്രവൎത്തനമേഖലയിൽവെച്ചു പല ആഘാതങ്ങളും ഏല്ക്കേണ്ടിവന്നിട്ടുണ്ടു്. പലപ്പോഴും ക്ഷുദ്രവും നിരങ്കുശവുമായ വിമൎശ

ന്തങ്ങൾക്കു ശരവ്യമായിട്ടുണ്ടു്. എന്നാൽ നൈരാശ്യമോ വെറു പ്പോ കൂടാതെ, അത്തരം സന്ദർഭങ്ങളിൽ താൻ സേവിച്ച സംഘ ടനയെ ഒരിക്കൽപ്പോലും തള്ളിപ്പറയാതെ, ശാന്തമായി രംഗം ഒഴിഞ്ഞുകൊടുക്കുകയാണദ്ദേഹം പതിവു്. ഈ ആർജ്ജവം പൊ തുരംഗത്തു വിരളമായിമാത്രം കാണുന്ന ഒരു ഗുണവിശേഷമാ ണല്ലോ.

"ഞാനില്ലെങ്കിൽ സംഘടനയില്ല" അഥവാ "എനിക്കു ശേഷം പ്രളയം" എന്ന മനോഭാവമൊന്നും ഒരു കാലത്തും അ ദ്ദേഹം പ്രകടിപ്പിച്ചിട്ടില്ല.

## പൊതുപ്രവർത്തനത്തിൻ സത്യസന്ധത

സ്വകാര്യജീവിതത്തിലെന്നപോലെ പൊതുജീവിതത്തിലും സത്യം പാലിക്കണമെന്നു് ഉറച്ചുവിശ്വസിച്ചിരുന്ന ഒരു പ്രവ ർത്തകനാണു് കുഞ്ഞൻനമ്പൂതിരിപ്പാട്ടു്. അതദ്ദേഹത്തിന്റെ ഒരു ദുർബ്ബലതയായിപ്പോലും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ടു്. രാഷ്ട്രീയ സാമൂഹ്യമണ്ഡലങ്ങളിൽ സത്യസന്ധത പാലിക്കുന്നവരിന്നെത്ര യുണ്ടു്? ഈശ്വരൻ സത്യമാണു് എന്ന മഹാത്മജിയുടെ തത്വ ത്തിൽ വിശ്വസിച്ച മഹാത്മാവിനോടടുത്തുനിന്നു പ്രവർത്തിച്ച വരുടെ തലമുറയോടൊപ്പം ആ വിശ്വാസപ്രമാണവും പ്രായോ ഗികജീവിതത്തിൽനിന്നപ്രത്യക്ഷമാവുകയാണു്. മഹാത്മാവി ന്റെ തത്വഗ്രന്ഥങ്ങളെല്ലാം കെട്ടിവെച്ചു 'സരസ്വതീപൂജ' നടത്തി തൃപ്തിപ്പെടുകയാണു് ഇന്നത്തെ തലമുറ. സത്യസന്ധത, ധർമ്മതത്പരത, സദാചാരമൂല്യങ്ങളോടുള്ള ആഭിമുഖ്യം എന്നീ ഉദാത്തഗുണങ്ങൾ പ്രായോഗികജീവിതത്തിൽ ദൗർബ്ബല്യത്തി ന്റെയും ജീവിതബോധമില്ലായ്മയുടെയും പര്യായങ്ങളായി വി ശേഷിപ്പിക്കപ്പെടുന്നു. ഇന്നത്തെ സമൂഹത്തിന്റെ പൊതുസ്വ ഭാവമാണിതു്. ഈ പരിഹാസശരമേററു തളന്നു സത്യധർമ്മാദി കൾ പൊതുരംഗത്തുനിന്നു രക്ഷപ്പെട്ടു പൗരാണികാചാര്യന്മാരു

ടെയും മഹാത്മജി തുടങ്ങിയ ആധുനികകർമ്മയോഗികളുടെയും ഗ്രന്ഥങ്ങളിൽ അഭയം പ്രാപിച്ചിരിക്കുകയാണു്.

അപ്പോൾ സമൂഹം അന്തംകെട്ടതാണോ? എന്നു ഞാൻ പറയുന്നില്ല. ജനനേതാക്കളെന്നു പറയുന്നവർ തിരിഞ്ഞുനിന്നെതിർക്കും. പക്ഷേ ഒരു കാര്യം: സമൂഹം എന്നു വ്യവഹരിക്കുന്ന വസ്തു ഇന്നു വിശ്വാസരാഹിത്യത്തിൻെറ ചുഴിയിൽ കിടന്നു തിരിയുകയാണു്. എന്താണതിൻെറ ആവശ്യമെന്നു വ്യവച്ഛേദിക്കുക വിഷമമാണു്. സദാ അസംതൃപ്തിയാണതിന്നു്. എന്തിനോവേണ്ടിയുള്ള അടങ്ങാത്ത ദാഹം. ഒടുങ്ങാത്ത അസംതൃപ്തി. അതിൽനിന്നു വിശ്വാസരാഹിത്യം ഉടലെടുക്കുന്നു. വ്യക്തി സംസ്കാരസമ്പന്നനാണു്. പക്ഷേ അയാൾ സമൂഹത്തിൽ ലയിക്കുമ്പോൾ അയാളുടെ വ്യക്തിത്വം അതിൽ പ്രതിഫലിക്കുകയല്ല, സമുദായത്തിൻെറ അസംതൃപ്തി അയാളിൽ സ്വാധീനം ചെലുത്തുകയാണു്.

നമ്മുടെ ചുററും എത്ര ഉദാഹരണങ്ങൾ വേണം? എൻെറ ഒരു സുഹൃത്തു് ഒരു ജനനേതാവുണ്ടു്. അദ്ദേഹത്തിൻെറ കക്ഷി യെടുത്ത ചില തീരുമാനങ്ങൾ സത്യത്തിന്നും നീതിക്കും നിരക്കാത്തതല്ലേ എന്നു ഞാനൊരിക്കൽ ചോദിച്ചു. ശരിയാണെന്നദ്ദേഹം സമ്മതിച്ചു: പക്ഷേ "സാമൂഹികദൃഷ്ട്യാ തെററില്ല. എന്തു ചെയ്യാം. ഇതു രാഷ്ട്രീയമാണു്....ജനകീയമാണു്." അദ്ദേഹം കൂട്ടിച്ചേർത്തു. അപ്പോൾ തനിക്കു ശരിയല്ലെന്നു തോന്നിയ ഒരു കാര്യത്തിന്നു സമൂഹതലത്തിൽ അദ്ദേഹം വാദിക്കുന്നു.

രാഷ്ട്രപിതാവായ മഹാത്മജിയും രാഷ്ട്രശില്പിയായ പണ്ഡിതജവാഹർലാൽനെഹറുവും ജനങ്ങളെ നയിച്ചവരാണു്. സത്യത്തിലും നീതിയിലും അധിഷ്ഠിതമായ ഒരു സമൂഹക്രമം രൂപപ്പെടുത്താൻ ജനങ്ങളെ സജ്ജമാക്കാനാണവർ ശ്രമിച്ചതു്. ഒരതിർത്തിവരെ വിജയിക്കുകയും ചെയ്തു. സ്വന്തം വ്യക്തിത്വം

സമൂഹത്തിൽ പ്രതിഫലിപ്പിച്ചവരാണവർ. നേരെ മറിച്ച് ഉത്ക്കടമായ അസംതൃപ്തിയിൽ സമനില തെററിയ സമൂഹത്തിന്റെ മുന്നിൽ കയറിനിന്നു് ആ പരക്കംപാച്ചിലിന്നു 'ഹലേലുയ്യ' പാടി നേതൃത്വം അവകാശപ്പെടുകയാണിന്നു പലരും. ഇവിടെ സത്യം മരിക്കുന്നു; ധർമ്മം കാടുകയറുന്നു. എന്നിട്ടും സത്യത്തോടും ധർമ്മത്തോടും നീതി പുലർത്താൻ ആരെങ്കിലും ശ്രമിച്ചാൽ അയാൾ ഒററപ്പെടുന്നു, അമ്പരക്കുന്നു. ആ സംരംഭം ഉപേക്ഷിച്ച് അയാളും സമൂഹത്തിൽ ലയിക്കുന്നു. അപ്പോൾ സമൂഹം അന്തംകെട്ടതാണോ എന്നു വീണ്ടും ചോദിക്കുകയാണ്. അല്ലായിരിക്കാം. പക്ഷേ ഈ പോക്കെങ്ങോട്ട് എന്നു ന്യായമായും വ്യക്തിയെന്ന നിലയിൽ ആരും ചോദിച്ചുപോകും. ഉത്തരം കിട്ടാനല്ല. ഇതു ഡമോക്രസിയോ മോബോക്രസിയോ? ഡമോക്രസിയെക്കുറിച്ച് ഉപന്യസിക്കാൻ എനിക്കർഹതയില്ല. അതുകൊണ്ടു് ഇവിടെ നിർത്തുന്നു.

> "സത്യധർമ്മാദി വെടിഞ്ഞീടിന പുരുഷനെ
> ക്രുദ്ധനാം സർപ്പത്തെക്കാളെത്രയും പേടിക്കണം."

എന്ന നീതിവാക്യം പഴയ ഗ്രന്ഥത്തിൽ മങ്ങിക്കിടന്നു നീറുകയാവും. അതു് എന്തുകൊണ്ടോ ഓർത്തുപോയി എന്നുമാത്രം. ഞാനും നിങ്ങളും ഈ വിശ്വാസരാഹിത്യത്തിൽനിന്നു വിമുക്തരല്ല. ഗുരുലഘുത്വമുണ്ടാവാം.

പ്രകൃതം വിട്ടുമാറിയതല്ല. പൊതുപ്രവർത്തനത്തിൽ താരതമ്യേന സത്യസന്ധവും നീതിനിഷ്ഠവുമായ നിലപാടു സ്വീകരിച്ച കുഞ്ഞൻനമ്പൂതിരിപ്പാടിന്റെ പ്രവർത്തനത്തെ പരാമർശിക്കാൻ മുതിർന്നപ്പോൾ ഇത്രയും ചിന്തിച്ചുപോയതാണ്. താരതമ്യേന എന്നു ബോധപൂർവ്വം അടിവരയിട്ടു പറയുകയാണ്. കാരണം, സാമൂഹ്യചലനത്തിന്റെ സമ്മർദ്ദത്തിൽ സ്വാഭാവികമായും ചിലപ്പോൾ വ്യതിചലനങ്ങൾ സംഭവിച്ചിട്ടുണ്ടാകാം.

കൊല്ലവർഷം 1102 ധനു 19-ാംനു- യോഗക്ഷേമസഭയുടെ ഖജാഞ്ചിയായി തിരഞ്ഞെടുക്കപ്പെട്ടതോടുകൂടി സഭയുടെ പ്രവത്തനങ്ങളിൽ സജീവമായി പങ്കെടുക്കാൻ തുടങ്ങി. 1103-ൽ ജനറൽസിക്രട്ടറിയുമായി. പശ്ചിമൻ രാമൻനമ്പൂതിരിയുടെ നേതൃത്വത്തിൽ ഏതാനും പേർ സഭ വിട്ടിറങ്ങിപ്പോയ കാലമായിരുന്നു അതു്. തുടന്നു ഭരണസഭാംഗമായും വിവിധകമ്മിററിയംഗമായും അദ്ദേഹം പ്രവത്തിച്ചിട്ടുണ്ടു്.

സഭയുടെ കമ്മപദ്ധതികളിലെല്ലാം ഒരെളിയ ഭടനെന്നനിലയിൽ സഹകരിച്ചിരുന്ന അദ്ദേഹം വിദ്യാഭ്യാസകാര്യത്തിൽ കൂടുതൽ താത്പര്യം കാണിച്ചു. അതു സ്വാഭാവികമാണു്. ഒന്നാമതു്, സ്വപിതാവിൻെറ താത്പര്യം അതിലായിരുന്നു. രണ്ടാമതു്, തനിക്കു ചില പ്രത്യേകപരിതസ്ഥിതിയിൽ, വിദ്യാഭ്യാസത്തിനുള്ള സൗകര്യം നഷ്ടപ്പെട്ടു. ആ വിഷമം മററുള്ളവർക്കെങ്കിലും സംഭവിക്കാതിരിക്കട്ടെ എന്ന ചിന്തയാവാം. പോരാത്തതിന്നു ഭാവിയെ കരുപ്പിടിപ്പിക്കുവാനുള്ള അടിസ്ഥാനവും അതാണല്ലോ. ഈ പരിതസ്ഥിതിയിലാണു് തൃശ്ശൂർ നമ്പൂതിരിവിദ്യാലയം നിന്നുപോകുമെന്ന് സ്ഥിതിവിശേഷം സഞ്ജാതമായപ്പോൾ, അതിൻെറ നിലനില്പിന്നു് ആവശ്യമായ സംഖ്യ പ്രതിവർഷം സംഭാവനചെയ്യാമെന്നു കുഞ്ഞൻനമ്പൂതിരി വാഗ്ദാനംചെയ്തതു്. തുടന്നു വിദ്യാലയത്തിൻെറ രക്ഷാകത്താവായ അദ്ദേഹത്തെ വിദ്യാലയംകമ്മിററി പ്രസിഡണ്ടായി തിരഞ്ഞെടുത്തു. കഴിഞ്ഞ നാലുദശകങ്ങളായി അതു തുടരുന്നു.

## ശാശ്വതനിധിസംഭരണം

സ്ത്രീവിദ്യാഭ്യാസം പ്രചരിപ്പിക്കാൻ യോഗക്ഷേമസഭ നിയോഗിച്ച കമ്മിററിയദ്ധ്യക്ഷനെന്ന നിലയിൽ പെൺകുട്ടികളെ വിദ്യാലയത്തിൽ ചേക്കാൻ പരമാവധി പ്രേരണ നല്കി

യതിന്നു പുറകെ വിദ്യാലയത്തിന്നു് ഒരു ശാശ്വതനിധിയുണ്ടാക്കാനുള്ള പ്രവൎത്തനവും പുരോഗമിച്ചു. യോഗക്ഷേമംഭാഗ്യക്കുറിക്കു ഗവൎമ്മേണ്ടംഗീകാരം സിദ്ധിച്ചു. ഭാഗ്യക്കുറിക്കമ്മിററിയുടെ പ്രസിഡണ്ടു് കുഞ്ഞൻനമ്പൂതിരിപ്പാടായിരുന്നു. ഉത്സാഹശാലികളായ നിരവധി ചെറുപ്പക്കാർ പ്രവൎത്തനസന്നദ്ധരായി മുന്നോട്ടു വന്നു. ഉപസഭകൾവഴിയും മറേറജൻസികൾവഴിയും ഊൎജ്ജിതമായ പ്രവൎത്തനം ആരംഭിച്ചു. പ്രശസ്തപണ്ഡിതനും ഗൃഹശില്പശാസ്ത്രജ്ഞനും സംസ്കൃത-മലയാളംശബ്ദകോശത്തിൻെറ കൎത്താവും ഊൎജ്ജസ്വലനായ സമുദായപ്രവൎത്തകനുമായ കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാടായിരുന്നു കമ്മിററിസിക്രട്ടറി. മഹാസഭയുടെ പ്രാരംഭംമുതൽതന്നെ സ്ത്രീവിദ്യാഭ്യാസം, സ്വാതന്ത്ര്യം എന്നിവയെ ഉപജീവിച്ചു ലേഖനങ്ങൾവഴിയും ലഘുലേഖകൾവഴിയും അത്യുഗ്രമായി വാദിച്ചിരുന്നാളാണു് കാണിപ്പയ്യൂർ. പരിപാടികളിൽ തനിക്കു ശരിയെന്നു തോന്നുന്ന എല്ലാ പ്രവൎത്തനങ്ങളുടെയും മുൻപന്തിയിൽ കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാടിനെ കാണാമെന്നതു സൎവ്വവിദിതമാണു്.

വെളുത്തു വടിവൊത്ത ആകാരം. തലയുയൎത്തി ധൃതിപിടിച്ചുകൊണ്ടുള്ള നടത്തം. ക്ലേശലില്ലാത്ത ഭാവം. ദൃഢനിശ്ചയം സ്ഫുരിക്കുന്ന തിളങ്ങുന്ന നേത്രങ്ങൾക്കു് ഒരു വെല്ലുവിളിയുടെ ഭാവമുണ്ടു്. എതിരാളികളുടെ വാദമുഖങ്ങളെ കണ്ടംതുണ്ടമാക്കുന്ന, ശക്തിയുക്തമായ, വാചാലത—കാണിപ്പയ്യൂരിൻെറ ഈ ചിത്രം അക്കാലത്തെ യോഗക്ഷേമസഭായോഗങ്ങളിൽ സംബന്ധിക്കാനിടയായിട്ടുള്ളവരുടെ ഹൃദയങ്ങളിൽനിന്നു് ഒരിക്കലും മാഞ്ഞുപോകയില്ല.

സന്ദൎഭത്തിനനുയോജ്യമായവിധം കന്യാകുമാരിമുതൽ കാസർക്കോട്ടുവരെയും പ്രചണ്ഡമായ പ്രചരണം നടന്നു. കേവലം ഭാഗ്യക്കുറി ടിക്കററു വില്പനയല്ല, സഭയുടെ സന്ദേശങ്ങൾ

സമുദായമദ്ധ്യത്തിലെത്തിക്കാനുള്ള മാധ്യമമായും അതിനെ ഉപയോഗപ്പെടുത്തി. അതൊരു ദ്വിമുഖപരിപാടിയായിരുന്നു—സദ്യഃഫലദായകമെന്നതുപോലെ ഭാവി ഉറപ്പിക്കുന്നതിന്നുമുള്ള പ്രവൎത്തനം സമാന്തരമായി നീങ്ങി. ഈ പ്രവൎത്തനത്തിൽ സൎവ്വഥാ സഹകരിച്ചവരുടെ പട്ടിക വളരെ നീണ്ടതാണു്. 1107 ൽ ആരംഭിച്ച ഭാഗ്യക്കുറി പ്രവൎത്തനം 1110ൽ വിജയപൂൎവ്വം അവസാനിച്ചു.

ഭാഗ്യക്കുറിക്കമ്മിററിസിക്രട്ടറിയായിരുന്ന കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാടു് അതിനെക്കുറിച്ചു് ഇപ്രകാരം പറഞ്ഞു:

"യോഗക്ഷേമംഭാഗ്യക്കുറിക്കുവേണ്ടി അക്കാലത്തു നടന്ന പ്രചരണപ്രവൎത്തനങ്ങൾ അന്യാദൃശമായിരുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഏജൻസികൾ സംഘടിപ്പിച്ചു നടത്തിയ പ്രചരണത്തിൽ സിക്രട്ടറിയെന്ന നിലയിൽ ഞാൻ സജീവമായി പങ്കെടുത്തു. നമ്പൂതിരിമാരുടെ വിദ്യാഭ്യാസത്തിന്നു് ഒരു ശാശ്വതനിധി സംഭരിക്കുക എന്ന ലക്ഷ്യത്തെക്കുറിച്ചുള്ള ബോധം ഞങ്ങളെ ആവേശഭരിതരാക്കി. കമ്മിററിപ്രസിഡണ്ടായ ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാട്ടും അദ്ദേഹത്തിൻെറ കീഴിൽ ചൊവ്വുചൊവ്വുക്കോടെ പ്രവൎത്തിച്ച നിസ്സ്വാൎത്ഥരായ പ്രവൎത്തകരും ആ ആവേശത്തെ ഉജ്ജ്വലിപ്പിച്ചു. പ്രസിഡണ്ടെന്ന നിലയിൽമാത്രമല്ല, വിദ്യാലയത്തെ നാശഗൎത്തത്തിൽനിന്നുദ്ധരിച്ച വ്യക്തിയെന്ന നിലയിലും യോഗക്ഷേമസഭയുടെ നേതാവെന്ന നിലയിലും കുഞ്ഞൻനമ്പൂതിരിപ്പാട്ടു ചെയ്തിട്ടുള്ള നിസ്തുലസേവനം സമുദായത്തിന്നു മറക്കാൻ വയ്യാ...."

ഉദ്ദിഷ്ടമായ രീതിയിൽ കനത്ത ഒരു ഫണ്ടുണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിലും 25000-ത്തിൽപ്പരം വരുന്ന ഒരു തുക ചെലവു കഴിച്ചു മിച്ചമുണ്ടാക്കാൻ കഴിഞ്ഞു.

വിദ്യാലയസുവർണ്ണജൂബിലിയെക്കുറിച്ചു സംസാരിച്ചപ്പോൾ അദ്ദേഹം വികാരതരളിതനായി. താൻ ലാളിച്ചുവളർത്തിയ പുത്രൻ ഉയർന്ന പരീക്ഷകളിൽ ഒന്നാമനായി പുറത്തുവരികയോ സമ്മാനിതനാകയോ ചെയ്താൽ ഒരു പിതാവിനുണ്ടാകാവുന്ന ഹർഷപുളകമായിരുന്നില്ലേ അതു്?

അക്കാലത്തെ പ്രവർത്തനങ്ങളെപ്പററി അദ്ദേഹത്തിൻെറ പ്രതികരണം ഇപ്രകാരമാണു്:

"നമ്പൂതിരിവിദ്യാലയത്തിന്നു ഫണ്ടില്ല. അതു നശിച്ചുപോകും എന്ന ചിന്ത ഞങ്ങളെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. അന്യരുടെ ഔദാര്യത്തിൽ എത്ര കാലം നില്ക്കും? ഇതിന്നു ശാശ്വതമായ ഒരു മുക്തിമാർഗ്ഗം കാണാനുള്ള ദൃഢനിശ്ചയമാണു് ഭാഗ്യക്കുറിപ്രവർത്തനത്തിലേയ്ക്കു നയിച്ചതു്. തന്മൂലം അതു വിജയത്തിലെത്തിക്കേണ്ടതു വിദ്യാലയത്തെസ്സംബന്ധിച്ചു്—സ്ത്രീവിദ്യാഭ്യാസകാര്യത്തിൽ പ്രത്യേകിച്ചും—ഒരു ജീവന്മരണപ്രശ്നമായിരുന്നു. വിദ്യാലയംകമ്മിററിപ്രസിഡണ്ടെന്ന നിലയിൽ സ്വാഭാവികമായും അതിൻെറ ചുമതല എന്നിലാണർപ്പിതമായതു്. അതിബൃഹത്തായ ആ ഉത്തരവാദിത്വം ആദ്യം എന്നെ അമ്പരപ്പിച്ചുകളഞ്ഞെങ്കിലും സഹപ്രവർത്തകരുടെ ഊർജ്ജസ്വലത എനിക്കു ധൈര്യം നല്കി. വിദ്യാലയത്തിന്നു ഫണ്ടു വേണം. കൂടാതെ, സമുദായം എന്നിലർപ്പിച്ച വിശ്വാസത്തോടു നീതി പ്രവർത്തിക്കയും വേണം. ഈ ചിന്ത എൻെറ പ്രവർത്തനത്തെ നയിച്ചു. എന്നെസ്സംബന്ധിച്ചിടത്തോളം ആ കാലത്തു മുഴുവൻ സമയവും പ്രവർത്തിച്ചു. രാവിലെ ഇറങ്ങിത്തിരിച്ചാൽ മിക്കവാറും അർദ്ധരാത്രിക്കുശേഷമാണു് തിരിച്ചെത്തുക. കുടുംബകാര്യങ്ങളും കൃഷികാര്യങ്ങളും പിൻതള്ളപ്പെട്ടു. നിരവധി പ്രവർത്തകർ അക്കാലത്തു് അഹമഹമികയാ മുന്നോട്ടുവന്ന കാര്യം അവിസ്മരണീയമായ ഒരനുഭവമായിരുന്നു. അങ്ങനെ കൂട്ടായ തീവ്രയത്നത്തിൻെറ ഫല

മായി ഒരതിത്തിവരെയെങ്കിലും അതു വിജയിച്ചു. ഒരു പക്ഷേ, അന്നു നിന്നുപോകുന്ന വിദ്യാലയം ഇന്നു സുവർണ്ണജൂബിലി...."

വികാരതരളിതനായ അദ്ദേഹം നിർത്തി. ഞാനും നിശ്ശബ്ദനായി. ഭാഗ്യക്കുറിപ്രവർത്തനത്തിൽ ഞാനും ഒരെളിയ പ്രവർത്തകനായിരുന്നു. എന്നുതന്നെയല്ല, ഇന്നു ചിലതു കുറിക്കുന്ന എൻെറ തൂലികയിൽ ആദ്യമായി മഷി നിറച്ചതു് ഇതേ നമ്പൂതിരിവിദ്യാലയം പകുന്നുതന്ന വിജ്ഞാനത്തിൽനിന്നാണു്.

സമുദായപ്രവർത്തനത്തിൻെറ സങ്കുചിതവലയത്തിൽനിന്നു കുതറിമാറി വിശാലമായ രാഷ്ട്രീയമണ്ഡലത്തിലേയ്ക്കു കുതിച്ചുചാടിയ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു പത്തുവർഷത്തിനുശേഷം തിരിച്ചുവന്നു് ഓങ്ങല്ലൂർ അധ്യക്ഷവേദിയിൽനിന്നു് "നമ്പൂതിരിയെ മനുഷ്യനാക്കാൻ' ആഹ്വാനംചെയ്തപ്പോൾ, മനുഷ്യനാവാനുള്ള ഉപാധിയായി അദ്ദേഹം നിർദ്ദേശിച്ചതു് "നമ്പൂതിരി ഫാക്ടറിത്തൊഴിലാളിയാവണം; കൃഷിക്കാരനാവണം; കൃഷിത്തൊഴിലാളിയാവണം; കയ്യിലുള്ള വസ്തുവഹകൾ (ഉള്ളവർ) വിററു അളഗപ്പച്ചെട്ട്യാരെപ്പോലെ വ്യവസായിയാവണം...." തുടങ്ങിയവയാണു്. ഒരു രാഷ്ട്രീയതത്വസംഹിതയുടെ വ്യാഖ്യാതാവും പ്രചാരകനുമായിരുന്ന ഇ. എം. എസ്സിൻെറ നിർദ്ദേശങ്ങൾ സമുദായത്തിൻെറ ശ്രദ്ധയാകർഷിച്ചു. സമ്മിശ്രപ്രതികരണമാണതിനു സമുദായത്തിലുണ്ടായതു്. ദരിദ്രരായ സമുദായാംഗങ്ങൾക്കു ജീവിതമാർഗ്ഗം വെട്ടിത്തുറക്കുന്ന നിർദ്ദേശം, ധനികരായ ജന്മികൾക്കു് ആദായം വികസിപ്പിക്കാനുള്ള ഉപാധി എന്നീ നിലകളിൽ പലരും അതിനെ സ്വാഗതം ചെയ്തു. എന്നാൽ സ്വന്തം രാഷ്ട്രീയാശയങ്ങൾ പ്രചരിപ്പിക്കാനുള്ള തന്ത്രപൂർവ്വമായ നീക്കമായി പലരും സംശയദൃഷ്ടിയോടെ വീക്ഷിച്ചു.

അതുവരെയും നമ്പൂതിരി മനുഷ്യനായിരുന്നില്ല എന്ന ഒരു ധ്വനിയുണ്ടല്ലോ അതിൽ. അതിനെയും ചിലർ ചോദ്യംചെ

ണ്ടു. വാസ്തവത്തിൽ ‘നമ്പൂതിരിയെ മനുഷ്യനാക്കാൻ’ എന്നതു് ഒരാലങ്കാരികപ്രയോഗമാണു്. മനുഷ്യത്വത്തിന്നു നിരക്കാത്ത പല അനാചാരങ്ങളും കീഴ്‌വഴക്കങ്ങളും വെച്ചുപുലർത്തുന്നവരാണു് ഇ. എം. എസ്സിന്റെ ലക്ഷ്യം. അതിൽ എന്തു തെററുണ്ടു്? എന്നാൽ അതോടൊപ്പം നമ്പൂതിരി നമ്പൂതിരിയല്ലാതാവണം; എങ്കിലേ മനുഷ്യനാവൂ എന്നതിനോടു പലർക്കും യോജിക്കാൻ കഴിഞ്ഞില്ല. നമ്പൂതിരി തനതായ ഒരു സംസ്കാരത്തിന്റെ അവകാശിയാണു്. ആ സംസ്കാരത്തിൽ പല അന്ധവിശ്വാസങ്ങളും കാലാന്തരത്തിൽ കടന്നുകൂടി അതിനെ വികൃതപ്പെടുത്തിയിട്ടുണ്ടു്. അവ നിർമ്മാർജ്ജനം അർഹിക്കുന്നവതന്നെ. അതിന്നുവേണ്ടിയാണു് യോഗക്ഷേമസഭ പ്രവർത്തിച്ചിരുന്നതും. അതൊടൊപ്പം പല നന്മകളും അവരുടെ സംസ്കാരത്തിലുണ്ടു്. അവയെ കുഴിച്ചുമൂടുന്നതിന്നു പകരം മററുള്ളവർക്കുകൂടി ഉപകാരപ്രദമായ രീതിയിൽ ഉപയോഗിക്കുകയല്ലേ അഭികാമ്യം? സംസ്കാരത്തെ സ്ഫുടം ചെയ്തെടുക്കലല്ലേ ബുദ്ധിപൂർവ്വകം? ഇവിടെ നമ്പൂതിരി നമ്പൂതിരിയല്ലാതാവാമെന്നു വെയ്ക്കുക. പിന്നെ ആരാവണം? നായരും ഈഴവനാകാം; അധഃകൃതനോ ക്രിസ്ത്യാനിയോ ആകാം. ഇതേ ഗതിയുള്ളൂ. കേരളത്തിന്റെ സ്ഥിതി അതാണല്ലോ. അധഃകൃതനോ മുസ്ലീമോ ആയതുകൊണ്ടു് ആർക്കു എന്തു നേട്ടം? പ്രായോഗികാനുഭവമുള്ള ഇ. എം. എസ്സ്., ഒരു പക്ഷേ, അതുദ്ദേശിച്ചിരിക്കയില്ല.

എതായാലും നമ്പൂതിരി സാമൂഹികജീവിതത്തിൽ മററു വിഭാഗങ്ങളോടൊപ്പം മുന്നോട്ടുപോകണമെന്ന അർത്ഥത്തിൽ “നമ്പൂതിരി മനുഷ്യനാവണം” എന്ന മുദ്രാവാക്യത്തെ സ്വീകരിക്കുകയാണെങ്കിൽ, അതിന്നുള്ള അടിസ്ഥാനപരമായ പ്രവർത്തനമാണു് യോഗക്ഷേമസഭ ഭാഗ്യക്കുറിവഴിയായി വിദ്യാലയത്തിന്നു ഫണ്ടു പിരിച്ചതെന്നു പറയാം. ഇ. എം. എസ്സിന്റെ നിർദ്ദേശത്തിൽ എന്തടങ്ങിയിരുന്നുവോ, അതിന്നുതക്കവിധം ഭാവിയെ

കരുപ്പിടിപ്പിക്കുവാൻ പരികരബദ്ധമായ തലമുറയെ വാർത്തെടുക്കുകയാണു് ഭാഗ്യക്കുറിപ്രവത്തനത്തിൻെറയും പിന്നിലുണ്ടായിരുന്നതെന്നത്ഥം. "ഓഞ്ഞല്ലൂരിൻെറ ആഘപാന"ത്തെ തരംതാഴ്ത്തിക്കെട്ടുകയല്ല. അതിന്നു് അതിൻേറതായ പ്രാധാന്യമുണ്ടു്. അതിൽ തള്ളേണ്ടതും കോള്ളേണ്ടതും വകതിരിച്ചു് ആവശ്യമായതു സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്. അതിന്നുള്ള തൻേറടം സമുദായം നേടിയതു വിദ്യാഭ്യാസംവഴിയാണു്—വിദ്യാലയം അതിന്നു കളമൊരുക്കി.

പൊതുവിദ്യാലയങ്ങളിൽ നമ്പൂതിരിമാർ ചേന്നു പഠിക്കുന്നതിന്നുള്ള പ്രോത്സാഹനമെന്ന നിലയിൽ സ്വപിതാവു സ്ഥാപിച്ച സി. എൻ. എൻ. ഹൈസ്കൂളിൽ നമ്പൂതിരിമാരെ ഫീസില്ലാതെ പഠിപ്പിച്ചിരുന്നു എന്നതു നിസ്സാരമായി തോന്നാമെങ്കിലും പ്രാധാന്യമഹിക്കുന്നതാണു്. പിതാവായ നാരായണൻ നമ്പൂതിരിപ്പാട്ട് ഒരു വ്യാഴവട്ടത്തിന്നു മുമ്പു ചെയ്ത വാഗ്ദാനം പാലിക്കുകയായിരുന്നു കുഞ്ഞൻ നമ്പൂതിരിപ്പാട്ടു്. ഒരടികൂടി അദ്ദേഹം മുന്നോട്ടുവെച്ചു. ഫീസില്ലാതെ പഠിപ്പിക്കുകമാത്രമല്ല, അവിടെ പഠിക്കുന്ന വിദ്യാത്ഥികളിൽ ആവശ്യവും അഹതയുള്ളവർക്കു് ഭക്ഷണം, താമസം മുതലായ എല്ലാ സൗകര്യങ്ങളും അദ്ദേഹം ചെയ്തുകൊടുത്തു. ഇന്നു വിവിധതുറകളിൽ ഉന്നതനിലകളിൽ വത്തിക്കുന്ന പലരും സി. എൻ. എൻ. എച്ച്. എസ്സിൽ നമ്പൂതിരിപ്പാടിൻെറ ആതിത്ഥ്യം സ്വീകരിച്ച സൗജന്യമായി വിദ്യാഭ്യാസം നേടിയവരാണു്. വളരെ നീണ്ട ഒരു പട്ടികയാണവരുടേതു്. പുറമെ തൃശ്ശൂരും മററും വിദ്യാഭ്യാസത്തിന്നുവേണ്ടി വിഷമിച്ചിരുന്ന നിരവധി പേക്കു് അദ്ദേഹം സാമ്പത്തികസഹായം നല്കിയിരുന്നു. അദ്ദേഹത്തിൻെറ സഹായംകൊണ്ടു പഠിപ്പു പൂത്തിയാക്കാൻ കഴിഞ്ഞ പലരെയും എനിക്കു നേരിട്ടറിയാം. ഏതെങ്കിലും പൊതുകാര്യത്തിന്നു നിസ്സാരമായ സംഭാവനചെയ്തു ഫോട്ടോ പിടിപ്പി

ച്ച പത്രങ്ങളിൽ പ്രകാശിപ്പിച്ച നേതൃത്വം ചമയുന്ന ഇന്നത്തെ രീതിയുമായി താരതമ്യപ്പെടുത്തി വേണം അദ്ദേഹത്തിൻെറ സേവനമൂല്യത്തെ നിൎദ്ധാരണംചെയ്യാൻ.

## കിഞ്ചിച്ഛേഷം

ഭാഗ്യക്കുറിയിൽനിന്നു് 25000 ത്തിൽ പരം വരുന്ന ഒരു തുക മെച്ചമുണ്ടാക്കാൻ കഴിഞ്ഞതായി സൂചിപ്പിച്ചുവല്ലോ. അതിൽനിന്നു സ്ത്രീവിദ്യാഭ്യാസപ്രോത്സാഹനത്തിന്നുവേണ്ടി നല്ലൊരു സംഖ്യ യോഗക്ഷേമസഭയുടെ അനുവാദത്തോടെ ചീലവഴിക്കാൻ തീരുമാനിച്ചു. വിദ്യാൎത്ഥിനീസദനം തൃശ്ശൂരിൽ ആരംഭിച്ചതു് അതിൽനിന്നാണു്. നമ്പൂതിരിപ്പെൺകിടാങ്ങൾക്കു കോളേജുകളിലും മററും പോകാനുള്ള പ്രോത്സാഹനം അതു നല്കി. ഒരു പഞ്ചവത്സരപദ്ധതിയുടെ അടിസ്ഥാനത്തിലാണു് ആ പ്രവൎത്തനം സംഘടിപ്പിച്ചതു്. സ്ത്രീവിദ്യാഭ്യാസകാര്യത്തിൽ മുന്നോട്ടുള്ള ഒരു കുതിച്ചുചാട്ടം അതുമൂലമുണ്ടായി.

ഗവൎമ്മേണ്ടംഗീകാരത്തിന്നു വിധേയമായി ബാക്കി സംഖ്യ ഒരു വിദ്യാഭ്യാസനിധിക്കമ്മിററിയെ ഏല്പിച്ചു. എന്താണിതിൽ കിഞ്ചിച്ഛേഷം?

എ. കെ. ടി. കെ. എം. ഗുപ്തൻ നമ്പൂതിരിപ്പാടു്, ചിററൂർ കുഞ്ഞൻ നമ്പൂതിരിപ്പാടു്, കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടു എന്നിവരായിരുന്നു നിധികമ്മിററി അംഗങ്ങൾ. ശാശ്വതമായ ഒരു നിധിയായതിനാൽ സുരക്ഷിതമായ ഒരു കമ്മിററിയെ തിരഞ്ഞെടുത്തതാണു്.

പത്തു വൎഷത്തിന്നുശേഷം ഇതുസംബന്ധിച്ച ഒരു തൎക്കം നടന്നു. കമ്മിററി ശരിക്കു പ്രവൎത്തിക്കാത്തതുകൊണ്ടല്ല; നിലവിലുള്ള സംഖ്യ ദുൎവ്യയം ചെയ്തതുകൊണ്ടുമല്ല. പിന്നെയോ?

1944 ഡിസംബറിൽ ഓങ്ങല്ലൂർവെച്ചു് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിൻെറ അധ്യക്ഷതയിൽ നടന്ന 34-ാം വാൎഷിക

ത്തിന്നുശേഷമാണു് ആ തക്കത്തിന്നുള്ള പശ്ചാത്തലമൊരുങ്ങിത്തുടങ്ങിയതു്. "നമ്പൂതിരിയെ മനുഷ്യനാക്കാൻ" ആഹ്വാനം ചെയ്ത ഇ. എം. എസ്സിൻെറയും അനുയായികളുടെയും പ്രവൎത്തനത്തിൻെറ പ്രേരകഘടകം സമുദായപരിഷ്കരണവ്യഗ്രതയെക്കാളേറെ രാഷ്ട്രീയമാണെന്നു പലരും വാദിച്ചു. സങ്കുചിതമായ സമുദായവലയം ഭേദിച്ചു പുറത്തു ചാടിയവർ ഒരു സുപ്രഭാതത്തിൽ കെട്ടും ഭാണ്ഡവുമായി ആ സങ്കുചിതവൃത്തിലേയ്ക്കു തിരിച്ചുവന്നതു് ഒരു രാഷ്ട്രീയദൗത്യമാണു്. വ്യക്തമായ ഒരു രാഷ്ട്രീയതത്വസംഹിതയുടെ പ്രതിനിധിയായ ഇ. എം. എസ്സിൻെറ കൂറു് ഒന്നാമതായി പാൎട്ടിയോടായിരിക്കും. നമ്പൂതിരിസമുദായത്തോടാവില്ല—കമ്മ്യൂണിസ്റ്റു് പാൎട്ടിയെസ്സംബന്ധിച്ചു പ്രത്യേകിച്ചും. പോരാത്തതിന്നു് എൻ. എസ്സ്. എസ്സ്., എസ്സ്. എൻ. ഡി. പി. തുടങ്ങിയ സാമുദായികസംഘടനകളിൽ അക്കാലത്തു പാൎട്ടിപ്രവൎത്തകർ കടന്നുകൂടി കഴിയുമെങ്കിൽ അവയിൽ സ്വാധീനം ചെലുത്തുകയും നിയന്ത്രിക്കുകയും ചെയ്യണമെന്ന പാൎട്ടിയുടെ നയത്തിൻെറ ഒരു ഭാഗമാണിതു്. എന്നീ തരത്തിൽ ഒരു വിഭാഗം ശക്തിയായി വാദിച്ചു. അക്കാലത്തെ പ്രവൎത്തനങ്ങൾ ആ വാദഗതിക്കുപോൽബലകമായി എടുത്തു കാട്ടി. പാൎട്ടിയുടെ രാഷ്ട്രീയവീക്ഷണത്തോടു യോജിക്കാത്തവരെയെല്ലാം സമുദായമദ്ധ്യത്തിൽ "പിന്തിരപ്പന്മാരും" "ബൂഷ്വ"യുമായി 'തൊലിയുരിച്ചുകാണിക്കലും' മററും അന്നു സാധാരണയായിരുന്നു. അതോടൊപ്പം സഹയാത്രികരാവാൻ മുന്നോട്ടുവരുന്നവരെ തലോടലും.

ഓങ്ങല്ലൂർവെച്ചു സഭയുടെ നേതൃത്വം കയ്യിലായതോടെ ചരിത്രപരമായ കടമ നിൎവ്വഹിക്കുക എന്ന നിലയിൽ മെല്ലറഞ്ഞ "തല്ലൽ തലോടൽ" പ്രക്രിയ ആരംഭിച്ചു. മഹാസഭയുടെയെന്ന നിലയിൽ "യോഗക്ഷേമം"പത്രത്തിൻെറ നിയന്ത്രണവും കയ്യിലമർന്നതോടെ, പ്രചരണായുധവുമായി. പലരും "തൊലിയുരി

കലിൽ" ചൂളി. ചിലർ രംഗംവിട്ടു. തിരിഞ്ഞു നിന്നെതിർത്തവരുമുണ്ടു്. ഭാഗ്യാന്വേഷികളായ ചിലർ സഹയാത്രികരായി. സമുദായപുരോഗതി ഇച്ഛിക്കുന്ന ഏതാനും ശുദ്ധമനസ്കർ പലതിലും എതിർപ്പുണ്ടെങ്കിലും സഹകരിച്ചു. ഏതായാലും സമുദായോൽക്കർഷം ലക്ഷ്യമായിട്ടുള്ളവരെയെല്ലാം ഏകോപിപ്പിച്ചു പ്രവർത്തനം മുന്നോട്ടു കൊണ്ടുപോവുക അസാധ്യമായി. യോഗക്ഷേമസഭ എന്ന സമുദായസ്ഥാപനത്തിൻെറ അവസാനത്തിൻെറ ആരംഭമായിരുന്നു ഓങ്ങല്ലൂരിൽ. പിന്നീട്ടുള്ള ചരിത്രം അതു തെളിയിച്ചു.

തന്ത്രപൂർവ്വമായ അന്നത്തെ നീക്കത്തെക്കുറിച്ചു് ഇ. എം. എസ്സ്. പറയുന്നു:

"കമ്യൂണിസ്റ്റ്പാർട്ടിയുടെയും യോഗക്ഷേമസഭയുടെയും ആദർശങ്ങൾതമ്മിൽ വ്യത്യാസമുണ്ടെന്നതു വാസ്തവമാണ്. കമ്യൂണിസം സ്ഥാപിക്കുകയാണ് പാർട്ടിയുടെ ഉദ്ദേശമെങ്കിൽ, നമ്പൂതിരിമാരെ രക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയുമാണ് യോഗക്ഷേമസഭയുടേതു്. പക്ഷേ നമ്പൂതിരി ഇന്നെന്തു ചെയ്യണമെന്ന കാര്യത്തിൽ പാർട്ടിയും സഭയും തമ്മിൽ അഭിപ്രായ വ്യത്യാസമില്ല........നമ്പൂതിരിസ്ത്രീകൾക്കു വൈവാഹികമായി ഇന്നുള്ള അവശതകൾ തീർത്തു് അവരെ സ്വതന്ത്രരാക്കണം........ഞങ്ങൾ കമ്മ്യൂണിസം ഉപേക്ഷിക്കുമെന്നു നിങ്ങൾ പ്രതീക്ഷിക്കേണ്ട. നിങ്ങൾ കമ്മ്യൂണിസം സ്വീകരിക്കുമെന്നു ഞങ്ങളും പ്രതീക്ഷിക്കുന്നില്ല. യോഗക്ഷേമസഭയ്ക്കു വെളിയിൽ കമ്മ്യൂണിസത്തിന്നുവേണ്ടി പ്രവർത്തിക്കാൻ ഞങ്ങൾക്കും അതിനെ എതിർക്കാൻ നിങ്ങൾക്കും പൂർണ്ണമായ അവകാശമുണ്ടു്........"

ഇതൊക്കെയാണ് പറഞ്ഞിരുന്നതെങ്കിലും അദ്ദേഹവും അനുയായികളും യോഗക്ഷേമസഭയിൽ പ്രവർത്തിച്ചിരുന്നതു് അദ്ദേഹം വ്യക്തമാക്കിയ കാര്യങ്ങൾ മററുള്ളർക്കുമാത്രം ബാധ

കമെന്ന നിലയിലായിരുന്നു. 'യോഗക്ഷേമം'പത്രത്തിൻെറ അക്കാലത്തെ ലക്കങ്ങൾ മറിച്ചുനോക്കിയാൽ അതു വ്യക്തമാവും. ഇ. എം. എസ്സിൻെറ ആത്മാൎത്ഥതയെ ചോദ്യംചെയ്യുകയല്ല; എന്നുതന്നെയല്ല അദ്ദേഹത്തിൻെറ ആത്മാൎത്ഥതയ്ക്കുള്ള ഒരു മികച്ച തെളിവുകൂടിയാണിതു്. പാൎട്ടിയോടു കൂറുള്ള ഒരു പ്രവൎത്തകൻെറ ആത്മാൎത്ഥതയാണു് അദ്ദേഹത്തിൽ തെളിഞ്ഞു കണ്ടതു്.

നൂറാണ്ടിന്നുമുമ്പു മാൎക്സ് ആവിഷ്കരിച്ച ഒരു തത്വസംഹിതയെ മുറുകെ പിടിച്ചു ലോകത്തിൻെറ സായൂജ്യം അതിലാണു്, അതിൽമാത്രമാണു് എന്നു ദൃഢമായി വിശ്വസിച്ചു്, അതിൻെറ പ്രചരണത്തിന്നുവേണ്ടി അക്ഷീണം പ്രവൎത്തിക്കുന്ന ബുദ്ധിമാനായ ഇ. എം. എസ്സിനോടുള്ള ബഹുമാനാദരങ്ങൾ വെച്ചുകൊണ്ടുതന്നെ, അതിനപ്പുറവും ചിലതുണ്ടെന്നു ചിന്തിക്കാതിരിക്കാൻ കഴിയാത്തത്ര വിശാലമാണു് ഭാരതീയസംസ്കാരം. സാധാരണജീവിതതലത്തിൽ ഗാന്ധിജിയുടെയും ടാഗൂറിൻെറയും ജീവിതവീക്ഷണം അതിനെ കൂടുതൽ വികസിപ്പിച്ചിട്ടുണ്ടു്. തോക്കിൻകുഴലിലൂടെയാണു് അധികാരം രംഗപ്രവേശം ചെയ്യുകയെന്നും അതു നിലനില്ക്കുക എന്നും അതുവഴി സാധാരണക്കാരൻെറ സൎവ്വാധിപത്യം (!) സ്ഥാപിച്ചു സോഷ്യലിസവും കമ്യൂണിസവും ആവാഹിച്ചെടുക്കാമെന്ന തത്വശാസ്ത്രവും "പഴയ സമുദായത്തിൻെറ ഗൎഭപാത്രത്തിൽ രൂപംകൊള്ളുന്ന പുതിയ സമുദായത്തിൻെറ വയററാട്ടിയാണു് ബലപ്രയോഗം" എന്ന മാൎക്സിയൻസിദ്ധാന്തവും,

"മാ നിഷാദ പ്രതിഷ്ഠാം ത്വ-
മഗമശ്ശശ്വതീസ്സമാഃ
യൽ ക്രൗഞ്ചമിഥുനാദേക-
മവധീഃ കാമമോഹിതം"

എന്നു പാടിയ ആദികവിയുടെയും തോക്കിൻകുഴലിലൂടെയല്ലാ

തെതന്നെ ഇന്ത്യ എന്ന മഹാരാഷ്ട്രത്തെ സ്വാതന്ത്ര്യത്തിലേയ്ക്കു നയിച്ച മഹാത്മജിയുടെയും നാടായ ഭാരതം ചോദ്യംചെയ്യാതെ അംഗീകരിക്കാൻ വിഷമമുണ്ടാവാം.

തൊഴിലാളികളുടെയായാലും കൃഷിക്കാരൻെറയായാലും സർവ്വാധിപത്യം (ഏകാധിപത്യം) അഭികാമ്യമാണെന്നെങ്ങനെ വിശ്വസിക്കും? നേതൃമണ്ഡലത്തിലോ നിർവ്വാഹകഘടകത്തിലോ വരുന്നവർക്കു് അഭ്യസൂയാർഹമായ നേട്ടമുണ്ടാവാം. ഏകാധിപത്യം, അതെത്രമാത്രം കരുണാമസൃണമായാലും, ഏകാധിപത്യംതന്നെയാണ്. ജനാധിപത്യത്തിലെന്നപോലെ ചോദ്യം ചെയ്യാനുള്ള അവകാശം ഭരണീയർക്കില്ല. 'സർവ്വം പരവശം ദുഃഖം സർവ്വമാത്മവശം സുഖം' എന്ന പ്രാകൃതവേദാന്തത്തിൻെറ പരിഷ്കൃതരൂപമല്ലേ ഇതു്? തോക്കിൻെറ കുഴലിലൂടെ വരുന്ന അധികാരം അതിൻെറ കാഞ്ചി കൈയിലുള്ളവർക്കു് അഭികാമ്യമാവാം. അതിൻെറ ലക്ഷ്യത്തിൽ ജീവിതവും മരണവുമായി മല്ലിടുന്നവർക്കോ?

ഈ സാഹചര്യത്തിലാണു് ശാശ്വതവിദ്യാഭ്യാസനിധിയുടെ നിയന്ത്രണം 'പിന്തിരപ്പ'ന്മാരിൽനിന്നും 'മൂരാച്ചി'കളിൽനിന്നും വിമോചിപ്പിക്കണമെന്നു തീരുമാനിച്ചതു്. 'ശാശ്വതവിദ്യാഭ്യാസനിധി' എന്നതു് ആപേക്ഷികമാണെന്നായിരുന്നു അവരുടെ " നിലപാടു്. നമ്പൂതിരിവിദ്യാലയം നിർത്തി പ്രസ്തുതഫണ്ടു് അന്നു ലക്കിടിയിൽ അന്തർജ്ജനങ്ങൾക്കൊരു തൊഴിൽകേന്ദ്രമെന്ന നിലയിൽ ആരംഭിച്ചിട്ടുള്ള 'വർക്ക്ഷാപ്പി'ന്നുവേണ്ടി വിദ്യാലയഫണ്ടു തിരിക്കണമെന്നായിരുന്നു അവരുടെ പരിപാടി. ശുകപുരം വാർഷികസമ്മേളനത്തിൽ ഇ. എം. എസ്സ്. തന്നെ ഇത്തരത്തിലൊരു പ്രമേയം അവതരിപ്പിച്ചെങ്കിലും അംഗീകാരം കിട്ടിയില്ല. പിന്നീടു ചൊവ്വരവെച്ചു നമ്പൂതിരിയുവാക്കൾക്കു രണ്ടാഴ്ചത്തെ ഒരു സ്റ്റഡിക്ലാസ്സു നടത്തി. ഫണ്ടു വിദ്യാലയത്തിനുവേണ്ടിയുള്ളതാണെന്നും അതു മററൊ

ന്നിലേയ്ക്കു തിരിക്കുവാൻ പാടില്ലെന്നും ഒരു വിഭാഗം ശക്തിയായി വാദിച്ചു.

ഈ വാദകോലാഹലം നടന്നുകൊണ്ടിരിക്കേ മറെറാരു വഴിയിലൂടെ ഫണ്ടിൻെറ നിയന്ത്രണത്തിൽ സ്വാധീനം ചെലുത്താനുള്ള വഴികൾ ആരാഞ്ഞുകൊണ്ടിരുന്നു.

ലക്കിടി'തൊഴിൽകേന്ദ്ര'ത്തെച്ചൊല്ലിയും സമുദായമധ്യത്തിൽ ചേരിത്തിരിവുണ്ടായി. അവിടെ അന്തർജ്ജനങ്ങൾക്കു വേണ്ടി സ്റ്റഡിക്ലാസ്സുകൾ നടത്തിയിരുന്നതു സമുദായപ്രവർത്തകരെക്കാൾ കൂടുതൽ കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ ഉന്നതനേതാക്കളായിരുന്നു. പാർട്ടിനേതാക്കൾ പാർട്ടിക്കുവേണ്ടിയല്ലാതെ പ്രവർത്തിക്കുമെന്നു വിഡ്ഢികൾമാത്രമേ വിശ്വസിക്കുകയുള്ളു.

''യോഗക്ഷേമസഭയ്ക്കകത്തു കമ്മ്യൂണിസം പ്രചരിപ്പിക്കുകയില്ല' എന്ന ഇ. എം. എസ്സിൻെറ പ്രഖ്യാപനവുമായി ഇതു പൊരുത്തപ്പെടുന്നില്ലെന്നവർ വാദിച്ചു. കാലഹരണം വന്ന മാർക്സിൻെറ ആശയങ്ങൾ വ്യാഖ്യാനിച്ച് അതനുസരിച്ചു ജീവിച്ചാൽമാത്രമേ മനുഷ്യനാവുകയുള്ളു എന്ന വാദം അന്ധവിശ്വാസത്തിൻെറ ഒരു പുതിയ പതിപ്പാണു്; ഒരുതരം ഉച്ചഭ്രാന്താണു്. അത്തരത്തിലുള്ള ഒരു കമ്മ്യൂണിസ്റ്റ്ക്യാമ്പിന്നുവേണ്ടി വളരെ യാതനകൾക്കുശേഷം സംഭരിച്ച വിദ്യാലയശാശ്വതനിധി ദുർവ്യയം ചെയ്യാൻ ഒരിക്കലും പാടില്ല. എന്നിങ്ങനെ സമുദായത്തിലെ വലിയൊരു വിഭാഗം വാദിച്ചു.

ഈ വാദം ശരിയോ തെറേറാ ആവാം. പക്ഷേ ഒരു കാര്യം വ്യക്തമാണു്. ലക്കിടിതൊഴിൽകേന്ദ്രത്തിന്നു സമുദായപുരോഗതിക്കു് എന്തെങ്കിലും സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതിലെ അന്തേവാസികൾക്കുപോലും ഒരു നേട്ടവും ഉണ്ടായതായി അറിവില്ല. 1947 ഡിസംബർ 4-ാംനു- പാലിയം റോഡുസത്യഗ്രഹം എന്ന പേരിൽ ആരംഭിച്ച ഒരു പ്രക്ഷോഭണ

ത്തിൽ തൊഴിൽകേന്ദ്രത്തിലെ അന്തേവാസികളായ അന്തജ്ജന ങ്ങളെ പങ്കെടുപ്പിച്ച് പോലീസുമർദ്ദനത്തിന്നു വിധേയരാക്കിയ തൊഴിച്ചാൽ ഒരു പ്രവർത്തനത്തിലും അവർ ഭാഗഭാക്കായതായി അറിവില്ല. പാലിയംറോഡുസത്യഗ്രഹത്തിന്നു നേതൃത്വം ന ല്കിയിരുന്നതു കമ്മ്യൂണിസ്റ്റുകാരായിരുന്നുതാനും. ശരിയായാ ലും തെററായാലും അത്തരമൊരു പ്രക്ഷോഭണത്തിൽ പങ്കെടുക്കു ന്നതു സമുദായപ്രവർത്തനമാവുകയില്ലല്ലോ.

വിദ്യാഭ്യാസഫണ്ടു് തൊഴിൽകേന്ദ്രത്തിലേയ്ക്കുവേണ്ടി കമാററി ചിലവുചെയ്തിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്നതു അങ്ങിനെ സംഭവിച്ചില്ല എന്ന യാഥാർത്ഥ്യത്തിൻെറ മു മ്പിൽ അപ്രസക്തമാണു്. അതു സംഭവിക്കാത്തതുകൊണ്ടു കഴി ഞ്ഞ മാർച്ചിൽ സുവർണ്ണജൂബിലിയാഘോഷിച്ച നമ്പൂതിരിവിദ്യാ ലയത്തിന്നു് ഒരു പിൻബലമായി ഇന്നും നിലനില്ക്കുന്നു എന്ന യാഥാർത്ഥ്യം അവശേഷിക്കുന്നു. ആ കാര്യത്തിൽ നിധിസൂക്ഷി പ്പുകാർ അവഹേളനമല്ല, അഭിനന്ദനമാണർഹിക്കുന്നതു്.

1122 മേടം 13, 14, തിയ്യതികളിൽ പാഴൂർവെച്ചു കൂടിയ സഭയുടെ വാർഷികത്തിൽ വി. ടി. രാമൻഭട്ടതിരിപ്പാടു്, ഒ. എം. സി. നാരായണൻനമ്പൂതിരിപ്പാടു്, മൂത്തിരിങ്ങോട്ടു ചിത്രഭാനുന മ്പൂതിരിപ്പാടു് എന്നിവരെ ഭാഗ്യക്കുറിസ്ത്രീംഫണ്ടുകമ്മിററിയായി തിരഞ്ഞെടുത്തു. വിദ്യാഭ്യാസനിധി കുഞ്ഞൻനമ്പൂതിരിപ്പാടു മു തൽപേരിൽനിന്നു കൈമാററിക്കിട്ടിയാൽ അതെങ്ങനെയും തി രിക്കാമെന്നു് അവർ കണക്കുക്കൂട്ടി. അതുകൊണ്ടു പുതിയ കമ്മി ററിക്കു സംഖ്യ ഏല്പിച്ചു കൊടുക്കാനാവശ്യപ്പെട്ടുകൊണ്ടു് അന്നു മഹാസഭാസിക്രട്ടറിയായിരുന്ന പാണ്ടം വാസുദേവൻനമ്പൂ തിരി കുഞ്ഞൻനമ്പൂതിരിപ്പാടിന്നു് ഒരു കത്തയച്ചു. അതു് ഒരു തു റന്ന കത്തായി യോഗക്ഷേമംപത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. 'തനിനിറം' കാണിക്കുകയെന്ന അക്കാലത്തെ നയത്തി ൻെറ ഭാഗമാവാം, ആ കത്തു പ്രസിദ്ധീകരിച്ചതു്. വിദ്യാഭ്യാസ

നിധിയുടെ സിക്രട്ടറിയായ കുഞ്ഞൻനമ്പൂതിരിപ്പാടു് അനധികൃതമായി നിധി കയ്യടക്കിയിരിക്കുന്നു എന്ന ധ്വനിയുണ്ടായിരുന്നു ആ കത്തിൽ. അങ്ങനെ കയ്യടക്കിവെയ്ക്കുന്നതു "സഭയെയും സ്ഥാപനങ്ങളെയും ബുദ്ധിമുട്ടിക്കാനോ നശിപ്പിക്കാനോ ആണെ"ന്നു ആ റജിസ്റ്റർകത്തിൽ സംശയം പ്രകടിപ്പിച്ചിരുന്നു........ "സഭയ്ക്കു ന്യായമായി കിട്ടേണ്ട സംഖ്യ കിട്ടുവാൻ എല്ലാ നടപടികളുമെടുക്കുവാൻ സഭ നിർബ്ബന്ധിക്കപ്പെട്ടും........അതുകൊണ്ടു നമ്പൂതിരി ഒന്നുകൂടി ആലോചിച്ചു് ഇക്കാര്യത്തിൽ നീതിപരമായ തീരുമാനമെടുക്കുവാൻ അഭ്യർത്ഥിക്കുന്നു........" എന്നാണു് ആ തുറന്ന കത്തവസാനിപ്പിച്ചിരിക്കുന്നതു്.

വിദ്യാലയം നശിക്കുമെന്ന നിലവന്ന ഒരു ഘട്ടത്തിൽ യാതൊരു പ്രതിഫലവുമിച്ഛിക്കാതെ, തിരികെ കിട്ടുമെന്ന യാതൊരു പ്രതീക്ഷയും കൂടാതെ, പോരാതെ വരുന്ന സംഖ്യ സ്വയം വഹിക്കാൻ തയ്യാറായ ഒരാളുടെ പേരിലാണു് ഈ ആരോപണമുന്നയിച്ചതെന്നതു് അതിൻെറ ഔചിത്യത്തെയും സത്യസ്ഥിതിയെയും കുറിച്ചു്, നിഷ്പക്ഷമതികൾക്കു സംശയം ജനിക്കും. കേവലം "വിഗ്രഹഭഞ്ജന"മായിരുന്നില്ലേ അതിൻെറ പിന്നിലെ പ്രേരണ?

വാസ്തവത്തിൽ അതു കയ്യടക്കുകയായിരുന്നുവോ? കുഞ്ഞൻ നമ്പൂതിരി അയച്ച മറുകത്തിലെ പ്രസക്തഭാഗം അതു വ്യക്തമാക്കും:

"യോഗക്ഷേമമഹാസഭാസിക്രട്ടറി അവർകൾക്കു്, തൃശ്ശിവപേരൂർ.

യോഗക്ഷേമമഹാസഭാസിക്രട്ടറി ശ്രീ. പാണ്ടം വാസുദേവൻനമ്പൂതിരി പക്കൽനിന്നും 19—4—1123ൽ എഴുതി റജിസ്ട്രു ചെയ്തു് എനിക്കു് അയച്ചതായ ആ കത്തു് 22—4—1123ൽ എനിക്കു കിട്ടുകയുണ്ടായി. എന്നാൽ അതിന്നൊരു മറുപടി പ്ര

തീക്ഷിക്കുവാനുള്ള സന്മനസ്സോ സാമാന്യമര്യാദയോ കണിക്കാതെ, ആ കത്തുതന്നെ വൃശ്ചികം 24-ാംനു-ത്തെ യോഗക്ഷേമത്തിൽ പ്രസിദ്ധീകരിച്ചു കാണുകയുണ്ടായി. ആ കത്തിനു് ആസ്പദമായി എനിക്കു പറയാനുള്ള മറുപടി താഴെ ചേക്കാമെന്നുദ്ദേശിക്കുന്നു.

"1122 മേടം 13, 14 തിയ്യതികളിൽ പാഴൂർവെച്ചു കൂടിയ നമ്പൂതിരിയോഗക്ഷേമമഹാസഭയുടെ 36-ാം വാഷികയോഗം പ്രതിനിധിസമ്മേളനത്തിൽ 1-ാംതീരുമാനത്തിലെ പകപ്പും അതിനെ ആസ്പദമാക്കി ഭാഗ്യക്കുറിഫണ്ടിൻെറ കണക്കുകളും മററു റിക്കാർട്ടുകളും കയ്യിരിപ്പും മററും ഇപ്പോഴത്തെ കമ്മിററിയിലെ ഉത്തരവാദപ്പെട്ട മെമ്പറായ മൂത്തിരിങ്ങോട്ട ചിത്രഭാനുനമ്പൂതിരിപ്പാടിനെ കഴിയുന്നതും വേഗം ഏല്പിച്ചുകൊട്ടക്കുവാനും വിവരം സഭയെ അറിയിക്കുവാനും" ആയ ഒരു കത്തും ടി. സഭയുടെ ആപ്പീസ്മാനേജർ ശാസ്തശമ്മൻ കരിക്കാട്ട 3-11-1122ൽ അയച്ചുതന്നതു് 7-11-1122ൽ എനിക്കു കിട്ടി.......എനിക്കു തനിച്ചു മറുപടി അയയ്ക്കാവുന്ന ഒന്നല്ലെന്നുള്ള ബോധത്തോടുകൂടിമാത്രമാണു് മറുപടിക്കു താമസിച്ചതും. ആ കമ്മിററിയുടെ സിക്രട്ടറി എന്ന നിലയ്ക്കു കമ്മിററിയുടെ ഒരു യോഗം വിളിച്ചുകൂട്ടുവാൻ ഉടനെ ഏപ്പാടുചെയ്യുകയും 26-11-1122ൽ ദേശമംഗലത്തു മനക്കൽവെച്ചു കമ്മിററിയോഗം ചേരുകയും സഭയിൽനിന്നും അയച്ച കത്തു് അതിൽ വെയ്ക്കുകയും ചെയ്തു. കമ്മിററിയുടെ തീരുമാനത്തെ ആ 28-ാംനു-തന്നെ സഭാസിക്രട്ടറിക്കയച്ചുകൊട്ടക്കുകയുമുണ്ടായി. അതുപ്രകാരമാണു് "തൃശ്ശിവപേരൂർ നമ്പൂതിരിവിദ്യാലയത്തിൻെറ നടത്തിപ്പിനും മററുമായി ഗവമ്മെണ്ടനുവാദത്തോടുകൂടി പിരിച്ചുണ്ടാക്കിയ ഭാഗ്യക്കുറിഫണ്ടുവക സംഖ്യ ഗവമ്മെണ്ടിൻെറ മേൽനോട്ടത്തിൽത്തന്നെയിരിക്കുന്നതും, ഭാഗ്യക്കുറിക്കമ്മിററിക്കാർ ഗവമ്മേണ്ടിനെ ബോധ്യപ്പെടുത്തുവാൻ ചുമതലപ്പെട്ടതായ കണക്കുകൾ, മഹാസഭാ

പൊതുയോഗത്തിൽനിന്നും തിരഞ്ഞെടുത്തു ഗവൎമ്മെണ്ടംഗീകാരം സിദ്ധിച്ചതായ ഈ കമ്മിററി ബോധ്യപ്പെടുത്തുവാൻ ചുമതലപ്പെട്ടിട്ടുള്ളതും, അതുപ്രകാരം ചെയ്യുവരുന്നതുമാണു്. ആയതിനാൽ മഹാസഭാവാൎഷികയോഗത്തിന്റെ പ്രതിനിധിസമ്മേളനത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടതായ പുതിയ കമ്മിററി മേൽവിവരിച്ച ബാധ്യതകൾ ഏറെറടുത്തു ഗവൎമ്മെണ്ടിന്റെ അനുമതി വാങ്ങിയതിന്നുശേഷം ടി കമ്മിററിവക മുതലും കണക്കുകളും മററും ഏല്പിച്ചു കൊടുക്കേണ്ടതാണെന്നു തീരുമാനിച്ചു.'' ഈ തീരുമാനം സ്വയം വ്യക്തമാണു്.......അടുത്ത ഒരവസരത്തിൽ വി. ടി. രാമൻഭരതിരിപ്പാടിനെയും കണ്ട അവസരത്തിൽ കമ്മിററിയുടെ ആ തീരുമാനത്തിന്നു് അടിസ്ഥാനമായ നില വിശദീകരിച്ചിട്ടുമുണ്ടു്....എന്നാൽ പത്രത്തിൽ വന്ന തുറന്ന കത്തിൽ മേല്പറഞ്ഞ തീരുമാനം അയച്ചുകിട്ടിയിട്ടുണ്ടെന്നു പ്രസ്താവിച്ചുകണ്ടില്ല....സഭാസിക്രട്ടറി പുതിയ കമ്മിററിയുടെ അംഗീകാരത്തിന്നായി കൊച്ചിഗവൎമ്മെണ്ടുസിക്രട്ടറിക്കു് 1947 ജൂലായി 17-ാംനു- അയച്ച അപേക്ഷയിൽ ഒടുവിത്തെ വാചകം ''I request that the new committee may be approved as her requisition of the old committee'' എന്നാണു്.......ഫണ്ടുകൾ നിക്ഷേപിച്ചിട്ടുള്ളതു തൃശ്ശൂർ മുനിസിപ്പാലിററി വക ബോണ്ടുകളിലാണെന്നു.......സഭാറിക്കാർട്ടുകൾ പരിശോധിച്ചാലറിയാവുന്നതാണു്.......പുതിയ കമ്മിററിക്കു ഗവൎമ്മെണ്ടു് അംഗീകരിച്ചാലുടനെ ഫണ്ടും കണക്കുകളും ഏല്പിച്ചുകൊടുക്കുവാനും തയ്യാറാണു്. ഫണ്ടുവക ഭരണം ഈ കമ്മിററി വേണ്ടവിധം നടത്തിയിട്ടുണ്ടെന്നു സമുദായാംഗങ്ങൾക്കു ബോധ്യമായിട്ടുണ്ടെന്നാണു് വിശ്വസിക്കുന്നതു്. അല്ലാത്തപക്ഷം, മൂന്നുകൊല്ലത്തേയ്ക്കുമാത്രം തിരഞ്ഞെടുത്ത ഒരു കമ്മിററിക്കു 12 കൊല്ലം തുടൎച്ചയായി നിലനില്ക്കുവാൻ കഴികയില്ലല്ലോ.......സഭയെയും സമുദായാംഗങ്ങളെയും ഒരു കാര്യം വ്യക്തമായി അറിയിക്കാൻ ഞാനാഗ്രഹിക്കു

ന്നു: ഈ ഫണ്ടുകാര്യത്തിൽ.......യാതൊരുവിധദുരുദ്ദേശങ്ങളു മില്ലെന്നുള്ളതാണ്. സമുദായാംഗങ്ങൾക്കു് എന്റെ പേരിൽ വെറുപ്പും വിദ്വേഷവും ഉണ്ടാക്കണമെന്ന ഏക ഉദ്ദേശത്തോടു കൂടിയ ആ തുറന്ന കത്തിലെ അവസാനഖണ്ഡികകൾ സഭാസിക്രട്ടറി എന്ന ഉത്തരവാദപ്പെട്ട സ്ഥാനത്തിരുന്നുകൊണ്ടു ശ്രീ. പാണ്ടത്തിന്നു് എഴുതുവാൻ ധൈര്യമുണ്ടായെങ്കിലും, അവയ്ക്കു മറുപടി പറയാനുള്ള വകതിരിവില്ലായ്മ എനിക്കുണ്ടാകുമെന്നു് അധികമാരും പ്രതീക്ഷിച്ചിട്ടുണ്ടാവില്ല ......"

ഇതിനെക്കുറിച്ചു കൂടുതൽ വിശദീകരണം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഗവമ്മേണ്ടംഗീകാരത്തിന്നു വിധേയമായാണ് നിധികമ്മിററി പ്രവത്തിച്ചിരുന്നതു്. യോഗക്ഷേമസഭ തിരഞ്ഞെടുത്തുവെന്നു പറയുന്ന പുതിയ കമ്മിററിയോ യോഗക്ഷേമസഭയോ ആ അംഗീകാരം വാങ്ങാൻ മിനക്കെടാതെയാണ്, കുഞ്ഞൻനമ്പൂതിരിപ്പാടിന്റെ നേരെ സമരധ്വജമുയത്തിയതു്. ചേർപ്പിൽ സി. എൻ. എൻ. ഹൈസ്കൂളിൽവെച്ചു യോഗക്ഷേമസഭയുടെ 37-ാംവാഷികം നടന്നതിന്റെ തൊട്ടു മുമ്പാണിതു്.

"ഈ പരിപ്പിനി വേവില്ല" എന്ന ശീഷകത്തിൽ 1123 ധനു 2-ാംനു-ത്തെ യോഗക്ഷേമത്തിൽ ഫണ്ടു് ഏല്പിച്ചുകൊടുക്കാത്തതിൽ കുപിതനായ പത്രാധിപർ കുഞ്ഞൻനമ്പൂതിരിപ്പാടിനെ വ്യക്തിപരമായി അധിക്ഷേപിച്ചുകൊണ്ടു മുഖക്കുറിപ്പെഴുതി. മഹാസഭാസിക്രട്ടറി പാണ്ടംതന്നെയാണ് പത്രാധിപരുമെന്നതിനാൽ അതിൽ അതിശയമില്ല.

"യോഗക്ഷേമത്തിന്റെ പഴയ പാരമ്പര്യവും തറവാടിത്തവുമുള്ള ചിററർ കുഞ്ഞൻനമ്പൂതിരിപ്പാടുമുതൽപേർ ഇപ്പോഴിതാ തിരനീക്കി സഭയെ വെല്ലുവിളിക്കാനാരംഭിച്ചിരിക്കുന്നു. സഭാസിക്രട്ടറി പാണ്ടവും കുഞ്ഞൻനമ്പൂതിരിപ്പാട്ടും തമ്മിലുണ്ടായ കത്തിടപാടുകളിൽനിന്നും അതാണ് നാം മന

സ്സിലാക്കേണ്ടതു്. ഫണ്ടു വിട്ടുതരുന്നതിൽ കുഞ്ഞൻനമ്പൂതിരിപ്പാട്ടു് ഉണ്ടെന്നു പറയുന്ന സാങ്കേതികതടസ്സങ്ങളുടെ ന്യായാന്യായതകളെപ്പററി ഞങ്ങൾ ഇപ്പോൾ വിമർശിക്കുന്നില്ല.......ഈ സാമുദായികഫണ്ടുകൾ കയ്യടക്കിവെച്ചിട്ടുള്ളവരെല്ലാം ഒരു കാര്യം ഓർമ്മിക്കണം.......ഈ ഫണ്ടുകൾ സമുദായത്തിന്നു് ഇന്നാവശ്യമുണ്ടു്.......അത്രതന്നെ, അഥവാ അതിലും അധികം ആവശ്യമാണു് സാങ്കേതികതടസ്സങ്ങളും മററു് ഓരോ ഉഴന്ന ന്യായങ്ങളും പറഞ്ഞു് ഈ ഫണ്ടുകളുടെ പേരിൽ പ്രസ്ഥാനത്തെ തുരങ്കംവെയ്ക്കാൻ തുനിഞ്ഞിറങ്ങുന്നവരുടെ തനിനിറം തുറന്നുകാട്ടലും.......താമ്രപ്രമാണിത്തത്തിൻെറ മുമ്പിൽ, അവർക്കെന്തു കുലമഹിമയോ പാരമ്പര്യമോ ഉണ്ടായാലും ശരി, തലകുനിക്കാൻ ഇന്നത്തെ തലമുറ തെയ്യാറില്ല.... ...ഇവരുടെ മുമ്പിൽ രണ്ടു വഴി തെളിഞ്ഞുകിടപ്പുണ്ടു്. ഒന്നുകിൽ സാമുദായികഫണ്ടുകൾ മടക്കിക്കൊടുത്തു മര്യാദക്കാരായി ജീവിക്കാം. അല്ലെങ്കിൽ സമുദായസ്വത്തു് അനഹ്മായി അപഹരിച്ചു സമുദായദ്രോഹികളായി അധഃപതിക്കാം.......''

സ്ഥാലീപുലാകന്യായേന ഒരു ഭാഗം ഉദ്ധരിച്ചതാണു്. ഇത്തരം ലേഖനങ്ങൾ അക്കാലത്തു സുലഭമായിരുന്നു. അധിക്ഷേപവഷം നടത്തുകയും 'തൊലിയുരിക്കലും' 'തനിനിറം' കാണിക്കലും കുറെ നടത്തിയതല്ലാതെ ഉത്തരവാദിത്വത്തോടുകൂടി ശാശ്വതനിധി ഏററെടുക്കുവാൻ യാതൊന്നും പുതിയ കമ്മിററിയോ മഹാസഭയോ ചെയ്യുകയുണ്ടായില്ല. ആ കമ്മിററി അങ്ങനെ കുറെ ദുഷിച്ച പുക തുപ്പിയതിന്നുശേഷം ചീററിപ്പോകയാണുണ്ടായതു്. മഹാസഭതന്നെ ചേപ്പിൽവെച്ചു നടന്ന 37-ാം വാഷികത്തോടെ ഏതാണ്ടു് 'പെട്ടിവെച്ചു കളിച്ചു.'

കവളപ്പാറ എൻ. വൈ. ഉപസഭയുടെ അധീനത്തിലും ഒരു ചെറിയ ഫണ്ടുണ്ടായിരുന്നു. അതു കുമ്മിണി രാമൻനമ്പൂ



കവളപ്പാറ ഉപസഭവക കെട്ടിടം ഉദ്ഘാടനം ചെയ്തപ്പോൾ —
ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്, മൂത്തിരിങ്ങോട്ട ഭവത്രാതൻനമ്പൂതിരിപ്പാട്,
വി. ടി. ഭട്ടതിരിപ്പാട് എന്നിവരേയും കാണാം.

തിരിയുടെ അധീനതയിലായിരുന്നു നിന്നിരുന്നതു്. അതു വിട്ടു കിട്ടുന്നതിന്നും ഒരു ‘തൊലിയുരിക്കൽസമരം’ നടത്തുകയുണ്ടായി. ഈ ഫണ്ടിൻെറ ചരിത്രം ഇതാണു്: കുമ്മിണി രാമൻനമ്പൂതിരിയുടെ നേതൃത്വത്തിൽ കവളപ്പാറ ഉപസഭ സമുദായാംഗങ്ങളിൽനിന്നു് ഒരു ഫണ്ടു പിരിച്ചു ഷൊറണ്ണൂർ റെയിൽവേസ്റ്റേഷനടുത്തു് ഒരു സ്ഥലം വാങ്ങിയിരുന്നു. കുഞ്ഞൻനമ്പൂതിരിപ്പാടും മററു പലരും അതിന്നു പ്രോത്സാഹനം നല്കിയിരുന്നു. സഭവകയായി വാങ്ങിയ ആ സ്ഥലത്തിൻെറ ഉദ്ഘാടനം നടത്തിയതു കുഞ്ഞൻനമ്പൂതിരിപ്പാടും അന്നത്തെ ചടങ്ങിൽ അധ്യക്ഷതവഹിച്ചതു് ഇ. എം. എസ്സുമായിരുന്നു. പിന്നീടു് ആദ്യത്തെ ഉദ്ദേശത്തിന്നനുകൂലമായ സാഹചര്യം ശരിയാവാത്തതിനാൽ ആ സ്ഥലം വിററു. ആ സംഖ്യയാണു് ഒരു ഫണ്ടായി നിന്നിരുന്നതു്.

ഫണ്ടിനുവേണ്ടി പടവാളുയർത്തി സമുദായമധ്യത്തിൽ ഒച്ചയിട്ടു നടന്നിരുന്ന ഈ കാലത്തു തൃശ്ശൂരിൽ “യോഗക്ഷേമം ലിമിററഡ്” എന്ന ഒരു സ്ഥാപനം സഭാപ്രവർത്തകന്മാരായവർ രൂപപ്പെടുത്തി. മൂത്തിരിങ്ങോട്ടു ചിത്രഭാനുനമ്പൂതിരിപ്പാട്ടു്, എ. കെ. ടി. കെ. എം. വാസുദേവൻനമ്പൂതിരിപ്പാട്ടു്, ഒ. എം. സി. നാരായണൻനമ്പൂതിരിപ്പാട്ടു്, പി. എം. സി. ദിവാകരൻനമ്പൂതിപ്പാട്ടു്, പൂമുള്ളി ചെറിയ നാരായണൻനമ്പൂതിരിപ്പാട്ടു്, വി. ടി. രാമൻ ഭട്ടതിരിപ്പാട്ടു്, കുറിയേടത്തു് നീലകണ്ഠൻനമ്പൂതിരി, പി. എൻ. നമ്പൂതിരി, എൻ. വാമവൻനമ്പൂതിരി എന്നിവർ ഡയരക്ടർമാരായി റജിസ്റ്റർചെയ്ത ആ സ്ഥാപനത്തിന്നുവേണ്ടി സമുദായപ്രവർത്തകരുടെ ഇടയിൽനിന്നു ഷെയറുകൾ ഗണ്യമായ തോതിൽ പിരിച്ചിരുന്നു. ഇതെഴുതുന്നാൾപോലും സമുദായപ്രവർത്തനത്തിന്നു സഹായകമാവുമെന്നു വിശ്വസിച്ചു് അതിൽ ഏതാനും ഷെയറുകൾ വാങ്ങുകയുണ്ടായി. ഇന്നു 23 വർഷത്തിന്നുശേഷവും അതു സമ്പാദിച്ച രശീതിക

ളും പ്രാരംഭറിപ്പോർട്ടും മററും എൻെറ മേശയിൽ കിടന്നു പാററ തിന്നു ദ്രവിച്ചിരിക്കുന്നതല്ലാതെ, ആ സ്ഥാപനംകൊണ്ടു സമുദായ ത്തിന്നോ ഷെയറുടമകൾക്കോ എന്തെങ്കിലും കാര്യമുണ്ടായതായി അറിവില്ല. പ്രാരംഭറിപ്പോർട്ടിൽ 15000ത്തോളം ഉറുപ്പികയുടെ കണക്കു കാണാം. പത്രനടത്തിപ്പിന്നുവേണ്ടി യന്ത്രോപകരണ ങ്ങൾ വാങ്ങാൻ 7500 ക. ചെലവഴിച്ചിട്ടുണ്ടു്. പിന്നീടു പ്രസ്സി ലും ഓഫീസ്സിലും അത്ഭുതകരമായ ഒരു മോഷണം നടന്നതോടു കൂടി എല്ലാം അവസാനിച്ചു എന്നാണു് പറയുന്നതു്. വ്യക്തമാ യി അറിഞ്ഞുകൂടാ. എന്തായാലും പാവപ്പെട്ട നിരവധി പ്രവ ർത്തകർ നല്കിയ ഷെയർസംഖ്യ വെള്ളത്തിലായി. ആരാണിതി ന്നുത്തരവാദി? ശാശ്വതനിധി ഏറെറടുക്കാൻ വെമ്പിപ്പാഞ്ഞു നടന്നവർ ഇതിൻെറയും ഡയറക്ടർമാരായിരുന്നു എന്നതും ഓ ർക്കുക. ഞാൻ ഷെയർ നഷ്ടപ്പെട്ട ആളായതുകൊണ്ടു് അക്കാര്യം അനുഭവത്തിൽനിന്നു പറയുകയാണു്. ഡയറക്ടർമാർ ഒരുപ ക്ഷേ ഉത്തരവാദികളല്ലായിരിക്കാം. അവരിൽ ഭൂരിഭാഗവും യ ഥാർത്ഥത്തിൽ നിരപരാധികളാവാം. വസ്തുതകളുടെ വെളിച്ച ത്തിൽ സാങ്കേതികമായി അവർക്കു് ഒഴിഞ്ഞുമാറാൻ പററില്ല ല്ലോ. അതേ സമയം വിദ്യാലയശാശ്വതനിധി (ഇന്നും അ തിൻെറ സിക്രട്ടറി കുഞ്ഞൻനമ്പൂതിരിപ്പാടുതന്നെ) വിദ്യാലയ വികസനപ്രവർത്തനങ്ങൾക്കു് ഉപകരിച്ചുകൊണ്ടു് (ഇതിനിട യിൽ 5000ക. യ്ക്കു് ഒരു പ്ലോട്ടു വിദ്യാലയത്തിനുവേണ്ടി വാ ങ്ങിയിട്ടുണ്ടു്) ഫണ്ടിൽ കുറവുവരാതെ നിലനില്ക്കുന്നു എന്ന കാ ര്യം ശ്രദ്ധിക്കുക. 23 വർഷത്തിന്നു ശേഷവും എന്തായാലും വി ദ്യാലയഫണ്ടു നശിച്ചില്ല. അതിന്നുവേണ്ടി കുഞ്ഞൻനമ്പൂതി രിയെ എതിരാളികൾ 'തേജോവധം' നടത്തി; 'തനിനിറം' കാട്ടി ഭീഷണിപ്പെടുത്തി. പക്ഷേ,

'ആകാശംതന്നെയിടിഞ്ഞുവീണീടിലു-
മാകാത്ത കർമ്മത്തിൽ കൈചെല്ലാതെ'' വർത്തിച്ചു് അദ്ദേ ഹം എല്ലാം സഹിച്ചു; ഉറച്ചുനിന്നു. ഒന്നു തീർച്ച: എതിരാളികൾ

അന്നു് അദ്ദേഹത്തിൽ കോരിയൊഴിച്ച താർമഷി ഭാവിചരിത്രം സുവർണ്ണമാക്കി മാററി.

"വരുമവിടെയങ്ങേ സ്തുതിച്ചിടാനിന്നുള്ളൊ-
രരികളുടെ മക്കളും മക്കൾതൻമക്കളും."

## അധിവേദനമെന്ന ആത്മവിഡംബനം

യോഗക്ഷേമസഭയുടെ ആഹ്വാനമനുസരിച്ച കുമ്മിണി രാമൻനമ്പൂതിരി ആദ്യമായി പരിവേദനവിവാഹം നടത്തിയതും കവളപ്പാറ നായർ 'ഈററും മാററും' മുടക്കിയതും അന്നു കുഞ്ഞൻനമ്പൂതിരിപ്പാടിൻെറയും മററും നേതൃത്വത്തിൽ കുമ്മിണിയെ സഹായിച്ചതും മററും ആദ്യം പറഞ്ഞുവല്ലോ. രണ്ടാമതായി പള്ളത്തേരിയാണു് പരിവേദനം നടത്തിയതു്. അദ്ദേഹത്തിന്നും പല വിഷമതകളും നേരിട്ടു. നമ്പൂതിരിപ്പാടിൻെറ സഹായഹസ്തം അവിടെയും നീളുകയുണ്ടായി.

1110ൽ ഹരിപ്പാട്ട് 'ഭാർഗ്ഗവനഗറി'ൽവച്ച നടന്ന യോഗക്ഷേമസഭയുടെ 27-ാംവാർഷികത്തിൽ അധ്യക്ഷനായി കുഞ്ഞൻനമ്പൂതിരിപ്പാടാണു് തിരഞ്ഞെടുക്കപ്പെട്ടതു്. (അക്കാലത്തു് നമ്പൂതിരിത്വം എന്നതു സങ്കുചിതമാണെന്നു പറഞ്ഞു് ഒരു വിഭാഗം സമുദായത്തിൽനിന്നു വിട്ടുപോയിരുന്നു. ഇ. എം. എസ്സ്., വി. ടി. തുടങ്ങിയ പ്രമുഖർ അക്കൂട്ടത്തിൽപ്പെട്ടും. പിന്നീട്ടു് ഏതാനും വർഷങ്ങൾക്കുശേഷം ഓങ്ങല്ലൂർവെച്ചാണു് ഏതോ ബോധോദയമുണ്ടായതുപോലെ വീണ്ടും കയറി വന്നതു്.)

1113ൽ തൃശ്ശൂർവെച്ച നടന്ന 30-ാംവാർഷികത്തിലും കുഞ്ഞൻനമ്പൂതിരിപ്പാട്ടുതന്നെയായിരുന്നു അധ്യക്ഷൻ. മഹാസഭയുടെ അധ്യക്ഷപദം ഒന്നിലധികം തവണ വഹിച്ചവർ വേറെയില്ല. ആദ്യമായി അധ്യക്ഷപദത്തിലേയ്ക്കുയർത്തിയപ്പോൾ കേവലം 25 വയസ്സു പ്രായമാണദ്ദേഹത്തിന്നു്.

"യോഗക്ഷേമസഭ ഇനി ആവശ്യമില്ല. വ്യക്തിപരമായ സ്വാതന്ത്ര്യം സാർവ്വജനീനമായിത്തീർന്നു. സാമുദായികത്വം സർവ്വ സാഹോദര്യത്തെ നശിപ്പിക്കുന്നു. നമ്പൂതിരി മനുഷ്യനാവുക യാണു് വേണ്ടതു്........"

തുടങ്ങിയ സുന്ദരമായ ആശയങ്ങൾ താല്ക്കാലികസാഹ ചര്യത്തിൽ അപ്രായോഗികമാണെന്നു് ഈ കാലഘട്ടത്തിൽ അദ്ധ്യക്ഷപ്രസംഗത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും സമുദാ യത്തെ അദ്ദേഹം അനുസ്മരിച്ചു.

"സമുദായത്തിലെ സ്ത്രീവിഭാഗത്തിന്റെ സ്ഥിതി എത്ര ദ യനീയമാണു്! തക്കസമയത്തു് അനുരൂപരായ വരന്മാരെ ല ഭിക്കാത്തതുമൂലം വൃദ്ധകന്യകാത്വം. അല്ലെങ്കിൽ അവരുടെ കരവല്ലി അർപ്പിക്കേണ്ടിവരുന്നതു് പാണിഗ്രഹണത്താൽ തഴ മ്പിച്ച ഒരു വൃദ്ധന്റെ വിലക്ഷണമായ കയ്യിൽ....സ്നേഹശൂ ന്യവും സപത്നീമത്സരത്തിന്റെ സാഹസങ്ങൾ നിറഞ്ഞതു മായ ഒരു ദാരുണദാമ്പത്യം........നമ്പൂതിരിസ്ത്രീയുടെ ജീവി തം—ദുരന്തമായ ഒരു ദുഃഖകഥയാണു്........" അദ്ധ്യക്ഷപ്രസം ഗം).

ഇക്കാലത്തു കേരളംമുഴുവൻ ഒരു പ്രചരണയാത്ര സംഘ ടിപ്പിക്കുകയുണ്ടായി. ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാടിന്നു (നേ താവു്) പുറമെ എൻ. കേശവൻനമ്പൂതിരി (ബി. എ. ബി. എൽ) സി കെ. നമ്പൂതിരി (അംഗങ്ങൾ) എന്നിവരാണു് അതു നടത്തിയതു്. അധിവേദനത്തിൽനിന്നു ബന്ധപ്പെട്ട വ്യക്തിക ളെ അതിൽനിന്നു പിന്തിരിപ്പിക്കാൻ ശ്രമിച്ചു. അററകയ്യായി പിക്കററിങ്ങ് നടത്തുകയായിരുന്നു പരിപാടി. വെങ്ങാനെല്ലൂർ (ചേലക്കര) കിഴിയേടത്തിന്റെ ഒരു പെൺകൊട അധിവേദ നമായി നടത്താൻ തീരുമാനിച്ചതായി തലേദിവസം അറിയാ നിടയായി. അന്നു മഹാസഭാസിക്രട്ടറിയായിരുന്ന സി. കെ. നമ്പൂതിരി പറയുന്നതിങ്ങിനെയാണു്.

“ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാട്ടും ഞാനുമടക്കം ഏതാനും പ്രവത്തകർ കിഴിയേടത്തിൻെറ ഇല്ലത്തുചെന്നു് അദ്ദേത്തോട്ട് അനാശാസ്യമായ ആ കൃത്യത്തിൽനിന്നും പിന്മാറാൻ അഭ്യത്ഥിച്ചു. വിവാഹപ്രായം കവിഞ്ഞു് ഒന്നുമാവാതെ നില്ക്കുമ്പോൾ പൊരുത്തവും മററും യോജിച്ചു വന്നതുകൊണ്ടു നടത്തുകയാണെന്നും, മറേറതെങ്കിലും വിധത്തിൽ (അധിവേദനമല്ലാതെ) ഇതു നടത്തിത്തരുകയാണെങ്കിൽ വളരെ സന്തോഷമാണെന്നും അദ്ദേഹം മറുപടിപറഞ്ഞു. വിവാഹത്തിന്നു തയ്യാറുള്ള ഒരു വരനെ അന്വേഷിച്ചു ഞങ്ങൾ ഉടനെ കാറിൽ പുറപ്പെട്ടു. പരിഹാസ്യമായി തോന്നാം. 100-ലധികം നാഴിക ആ രാത്രിതന്നെ അതിന്നുവേണ്ടി കാറോടിച്ചു. ‘അകത്തുകടക്കൽ’ എന്ന ക്രിയ കഴിഞ്ഞിരുന്ന വരനെ ഒരു വിധത്തിൽ മടക്കിയയച്ചു. അദ്ദേഹത്തോട്ട പതിനഞ്ചുദിവസത്തെ ഏടവാങ്ങി.........”

അധിവേദനം നടത്തുന്ന വ്യക്തികളുമായുള്ള മററു സൗഹൃദബന്ധങ്ങളെയൊന്നും കണക്കിലെടുക്കാതെ, മഹാസഭയുടെ ആജ്ഞാനുവത്തികളെന്ന നിലയിൽ ഇത്തരം നിരവധി കാര്യങ്ങളിൽ തലയിടേണ്ടിവന്നിട്ടുണ്ടെന്നു നമ്പൂതിരിപ്പാട്ടതന്നെ ഒരിക്കൽ പറയുകയുണ്ടായി.

## ധാമ്മികരോഷം ആളിക്കത്തിയ ഒരു സംഭവം

ഇതിനിടയിൽ വടക്കാഞ്ചേരി ഹൈസ്കൂളിൽ നടന്ന 29-ാം വാർഷിക(1112-ൽ)ത്തിൽ ചില ചീറലും പൊട്ടലും ഉണ്ടായതു ചിലരെങ്കിലും ഓർക്കുന്നുണ്ടാവും. അന്നത്തെ അദ്ധ്യക്ഷൻ സാഹിത്യകാരനായ മൂത്തിരിങ്ങോട്ട ഭവത്രാതൻനമ്പൂതിരിപ്പാടായിരുന്നു.

മഹാസഭയുടെ പ്രവത്തനത്തിൽ അതൃപ്തരായ ഉത്പതിഷ്ണുക്കളെന്നു പറയുന്ന ഒരു വിഭാഗം പിറുപിറുക്കാൻ തുടങ്ങിയിരു

ന്നതാണിതിന്നു കാരണം. യോഗക്ഷേമസഭയുടെ നേതൃത്വം പിന്തിരിപ്പനാണെന്നും യാഥാസ്ഥിതികത്വവുമായി അവർ സന്ധിചെയ്യുന്നുവെന്നും ആയിരുന്നു ഈ വിമതന്മാരുടെ പരാതി. ഈ ശീതസമരത്തിൻെറ പ്രഭവസ്ഥാനം ഗ്രഹിക്കുന്നതിന്നു് ഒരു നാലുവർഷമെങ്കിലും പിന്നാക്കം പോകേണ്ടതുണ്ടു്. പേരാമംഗലത്തുവെച്ചു നടന്ന 26-ാംവാർഷികത്തിന്നുമുമ്പുവരെ. പേരാമംഗലംവാർഷികത്തിന്നുതൊട്ടുമുമ്പു വന്നേരി ഉപസഭയുടെ വാർഷികത്തിൽവെച്ചു വി. ടി. 'യോഗക്ഷേമസഭയെ' 'ആഢ്യൻകൂലികളുടെ കഴുതകളി' എന്നു വിശേഷിപ്പിച്ചു. (പേരാമംഗലം വാർഷികാധ്യക്ഷൻ ഡി. എച്ച്. നമ്പൂതിരിപ്പാട്ടും യുവജനസംഘാധ്യക്ഷൻ അഡ്വക്കററ് തേനേഴി നമ്പൂതിരിപ്പാട്ടും—രണ്ടും ആഢ്യന്മാർ—ആയിരുന്നു. അതു ഉള്ളിൽവെച്ചുകൊണ്ടു വി. ടി. തൊടുത്തുവിട്ട ഒരു പരിഹാസശരമായിരുന്നു മേൽ പറഞ്ഞതു്) 'ഇനി നമുക്കമ്പലം തീ കൊളുത്താം' എന്ന സുപ്രസിദ്ധമായ 'വിപ്ലവ'പ്രസംഗത്തെത്തുടന്നു് അന്നു വി. ടി. ക്കു കൊച്ചിയിൽ പ്രവേശനം നിഷേധിച്ചിരുന്നു. അതുകൊണ്ടാണു്, വന്നേരി (അന്നു മലബാർ) വെച്ചു് ഈ അസ്ത്രംതൊടുത്തുവിട്ടതു്. പേരാമംഗലം വാർഷികത്തിന്നു വി. ടി.ക്കു വരാൻ പററില്ലല്ലോ. ഈ ആഢ്യൻകൂലികളുടെ കഴുതകളിപ്രയോഗം സമുദായത്തിൽ കോളിളക്കമുണ്ടാക്കി.

പേരാമംഗലത്തുവെച്ചു യുവജനസംഘാധ്യക്ഷനായിരുന്ന അഡ്വക്കേററ് തേനേഴിപരമേശ്വരൻനമ്പൂതിരിപ്പാടിൻെറ 'പുകഞ്ഞകൊള്ളി പുറത്തു്' എന്ന പ്രത്യാഖ്യാനം ഉഗ്രമായിരുന്നു. അതോടെ യുവജനസംഘം നശിച്ചു. അന്നാരംഭിച്ചിരുന്ന ആ ഉൾപ്പോരിൻെറ കനലുകൾ അവിടവിടെ പുകഞ്ഞുകൊണ്ടിരുന്നതു് ഒന്നാളിയതാണു് വടക്കാഞ്ചേരിയിൽ. ഇതോടെ വി. ടി. രാമൻഭട്ടതിരിപ്പാട്ടു് 'ഉൽബുദ്ധകേരള'വും മററുമായി രംഗത്തുനിന്നു് അപ്രത്യക്ഷമാവുകയും ചെയ്തു. ആദശ്

വാദിയും വിപ്ലവകാരിയുമായ വി. ടി. യാത്രയിൽ എപ്പോഴും ഏതാനും ദൂരം മുന്നിലായിരിക്കും. പലപ്പോഴും മററുള്ളവർക്ക ഗമ്യമായ വഴിയിലൂടെയാവും.

പ്രവൎത്തനത്തിൽ ഔചിത്യദീക്ഷ വേണമെന്നും ഓരോ അടി വെയ്ക്കുമ്പോഴും നിരന്തരമായ പ്രചരണംകൊണ്ടു് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടു വേണം പരിവൎത്തനം സാധിക്കാനെന്നുമുള്ള സഭാനേതൃത്വത്തിൻെറ നിലപാടിനെ വിമതന്മാർ ചോദ്യംചെയ്തു. 'വിപ്ലവം, പരിവൎത്തനം' എന്നീ വാക്കുകൾ ഈ വിവാദത്തിൽ സുലഭമായി എടുത്തു പെരുമാറി. സഭയുടെ മൎമ്മസ്ഥാനങ്ങളിലും വിമതന്മാരിൽ ചിലർ കടന്നുകൂടിയിരുന്നു. അതുമൂലം കലക്കം ഉണ്ടാക്കാൻ കഴിഞ്ഞു. പ്രവൎത്തനത്തിൽ പല കുത്തിത്തിരിപ്പുകളും ഉണ്ടായി. പ്രവൎത്തനം മന്ദമായി. വടക്കാഞ്ചേരിവാർഷികത്തിൻെറ പശ്ചാത്തലം ഇതായിരുന്നു. പരിവൎത്തനമെന്നാൽ ഒച്ചുപോലെ 'ഇഴഞ്ഞിഴഞ്ഞു നീങ്ങ'ലാണെന്നും വിപ്ലവമെന്നാൽ ത്വരിതമായ കുതിച്ചുചാട്ടമാണെന്നും വ്യവഹരിക്കപ്പെട്ടു. സഭാനേതാക്കളെ 'പരിവൎത്തന'ക്കാരെന്നു വിമതന്മാർ പുച്ഛിച്ചു. 'വിപ്ലവത്തിൻെറ കോടാലിക്കൈ'കളെന്നു മറിച്ചും. പരിവർത്തനം, വിപ്ലവം എന്നീ വാക്കുകൾ തമ്മിൽ അത്ര പ്രകടമായ അൎത്ഥവ്യത്യാസമുണ്ടോ എന്ന വാദത്തിലേയ്ക്കിപ്പോൾ കടക്കുന്നില്ല. സമുദായപ്രവൎത്തകരിലുണ്ടായ ഈ ഭിന്നാഭിപ്രായങ്ങൾ വടക്കാഞ്ചേരിയിലെത്തിയപ്പോഴയ്ക്കും അന്തരീക്ഷത്തിലുരുണ്ടുകൂടി എന്നുമാത്രം.

യോഗക്ഷേമസഭയുടെ പ്രതിനിധിയെന്നനിലയിൽ ഈ വിമതന്മാരുമായി ഭിന്നതയുള്ള കാര്യങ്ങൾ ചൎച്ചചെയ്തു പരിഹരിക്കുവാൻ ചിററൂർകുഞ്ഞൻനമ്പൂതിരിപ്പാടു വടക്കാഞ്ചേരിവാൎഷികത്തിന്നുമുമ്പു് ഒരു ശ്രമം നടത്തി. വാർഷികാധ്യക്ഷനായ മൂത്തിരിങ്ങോടുമായി ചില എഴുത്തുകുത്തുകൾ നടത്തി. അതൊന്നും ഫലപ്രാപ്തിയിലെത്തിയില്ല. വിമതന്മാർ നേതൃത്വ

ത്തിൻെറ നേരെ പടവാളുയർത്തിക്കൊണ്ടാണു് വടക്കാഞ്ചേരിയിൽ പ്രത്യക്ഷപ്പെട്ടതു്. അറിഞ്ഞോ അറിയാതെയോ അവരുടെ വക്താവായാണു് സഭാധ്യക്ഷൻ (മൂത്തിരിങ്ങോട്ടു്) നിലകൊണ്ടതു്; സഭാനേതൃത്വത്തിന്നുനേരെ പ്രയോഗിക്കാനുള്ള വാളായും.

"എതിരാളിയോടു പടപൊരുതേണ്ടതിന്നു പകരം നിങ്ങൾ അയാളുടെ ആയുധങ്ങളോടു പടവെട്ടി........ആളോടു നേരിടേണ്ടിടത്തു വാളോടു നേരിട്ടു........ഇതാണു് നമ്മുടെ പരാജയം........യഥാർത്ഥശത്രു മുരച്ച മുതലാളിത്തം, നശിച്ച ദുഷ്പ്രഭുത്വം എന്നിവയാണു്........"

അതുവരെയുള്ള സഭയുടെ നേതാക്കളെയും പ്രവർത്തനങ്ങളെയും പരോക്ഷമായി വിമർശിച്ചുകൊണ്ടുള്ള അധ്യക്ഷപ്രസംഗത്തിലെ ഒരു ഭാഗമാണു് മേലുദ്ധരിച്ചതു്. ഒരുതരം നിഴൽയുദ്ധമാണദ്ദേഹം നടത്തിയതു്. മൂത്തിരിങ്ങോടിനെപ്പോലെ ആത്മാർത്ഥതയുള്ള ഒരാളിൽനിന്നു പ്രതീക്ഷിക്കാത്തതായിരുന്നു അതു്. ഏതോ ദൂഷിതവലയത്തിൽപ്പെട്ടതാവാം. ചില ഛിദ്രശക്തികളുടെ കരുവായതാകാം. അതുകൊണ്ടായിരിക്കും വണ്ടിയുടെ പിന്നിൽ കുതിരയെ കെട്ടി ലക്ഷ്യത്തിലെത്താമെന്നു വ്യാമോഹിച്ചതു്. അധരവ്യായാമം ആരെയും എങ്ങും എത്തിക്കുകയില്ലല്ലോ.

ഏതായാലും ഒരു ബലപരീക്ഷയ്ക്കു തയ്യാറായാണു് വിമതന്മാർ അരയും തലയും മുറുക്കി എത്തിയതു്. ഈ വാദത്തിലെ ശരിയും തെററും വ്യവച്ഛേദിക്കാൻ ഇവിടെ തുനിയുന്നില്ല. ഇരുവിഭാഗത്തിൻെറയും ലക്ഷ്യം സമുദായപുരോഗതിയായിരുന്നതിനാൽ പ്രവർത്തനപരിപാടിയിലുള്ള നിസ്സാരഭിന്നതകൾമാത്രമായിരുന്നു അതെന്നാണോർമ്മ. ആത്യന്തികമായി പറഞ്ഞാൽ ചില വ്യക്തികൾതമ്മിലുള്ള മത്സരമായിരുന്നില്ലേ അതിൻെറ പശ്ചാത്തലം?

വാഷിക‌ത്തിൽ ബലപരീക്ഷ നടന്നു. വോട്ടെടുപ്പ് എല്ലാററിനും ആവശ്യമായി. വിമതന്മാർ അതിൽ പരാജയപ്പെടുകയും ചെയ്തു. ഈ സന്ദർഭത്തിൽ പരസ്പരം യോജിച്ചുപോകാനുള്ള സാധ്യതകളെക്കുറിച്ചും മററും ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാടു വാഷികാധ്യക്ഷനായ മൂത്തിരിങ്ങോടിനു വ്യക്തിപരമായ നിലയിൽ അയച്ചിരുന്ന ചില കത്തുകൾ സഭയിൽ വായിക്കാൻ അധ്യക്ഷനായ മൂത്തിരിങ്ങോടു ശ്രമിച്ചതു വലിയ ക്ഷോഭത്തിനിടയാക്കി. സഭയിലാകെ ബഹളമായി. താനെഴുതിയ കത്തു തന്റെ അനുമതികൂടാതെ സഭാവേദിയിൽ വായിക്കാൻ പാടില്ലെന്നും അതിന്നു വിരുദ്ധമായി അതു വായിക്കുകയാണെങ്കിൽ തനിക്കും അത്തരം ചിലതു വായിക്കാനുണ്ടെന്നും കുഞ്ഞൻനമ്പൂതിരിപ്പാടു രോഷാകുലനായി പറഞ്ഞു.

> ‘‘സ്വതവേ ശാന്തനായ കുഞ്ഞൻനമ്പൂതിരിപ്പാട് ആ സന്ദർഭത്തിൽ ധാമ്മികരോഷത്തിന്റെ മൂത്തിയായി നിന്നതു ഞാനിന്നും ഓർക്കുന്നു. അദ്ദേഹത്തെ ഇത്രയും ക്ഷുഭിതനായി അതിന്നു മുമ്പോ പിമ്പോ ഞാൻ കണ്ടിട്ടില്ല....... പ്രതികരണം അത്ര സുഖകരമാവില്ലെന്നു കണ്ടതുകൊണ്ടാവാം, അധ്യക്ഷൻ സ്വകാര്യക്കത്തു വായിക്കുക എന്ന സാഹസത്തിൽനിന്നു പിന്മാറി.’’

എന്നാണ് സി. കെ. നമ്പൂതിരി ആ സന്ദർഭത്തെക്കുറിച്ചു പറഞ്ഞതു്. അന്നത്തെ ചൂടേറിയ രംഗത്തിന്നു് ഇതെഴുതുന്നാളും ഒരു ദൃക്സാക്ഷിയാണ്. മൂത്തിരിങ്ങോട്ട് അധ്യക്ഷനായി കാലാവധിവരെ തുടന്നില്ല. ഒരു ഭരണസഭയിൽമാത്രമേ പിന്നീടദ്ദേഹം ഹാജരായുള്ളൂ. അതിന്നുശേഷം രാജിവെച്ചു. പകരം ചേലൂർ ഇട്ടിരവിനമ്പൂതിരിയെ അധ്യക്ഷനായി തിരഞ്ഞെടുക്കുകയും ചെയ്തു. 1938-ൽ ഹരിപുരകോൺഗ്രസ് അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട സുഭാസ്ചന്ദ്രബോസ് പിന്നീടു രാജിവെച്ച സംഭവം ചരിത്രവിദ്യാത്ഥികൾക്കു് അപരിചിതമല്ലല്ലോ.

29-ാംവാർഷികംവരെ സിക്രട്ടറിയായിരുന്നയാൾ ഒരു വിമതനായിരുന്നു. അദ്ദേഹം റിക്കാട്ടുകളോ കണക്കുകളോ പുതിയ സിക്രട്ടറിയെ ഏല്പിച്ചുകൊടുക്കാൻ കൂട്ടാക്കിയില്ല. നീക്കിയിരിപ്പു സംഖ്യപോലും കൊടുത്തില്ല. കണക്കുപരിശോധനയിൽ പല കൃത്രിമങ്ങളും കണ്ടെത്തുകയും ചെയ്തു.

അടുത്ത സമ്മേളനാദ്ധ്യക്ഷനായി കുഞ്ഞൻനമ്പൂതിരിപ്പാടിനെത്തന്നെയാണു് തിരഞ്ഞെടുത്തതെന്നതു 'പരിവത്തന'ക്കാക്കനുകൂലമായിരുന്നു സമുദായം എന്നതിന്നു തെളിവായി വേണമെങ്കിൽ പറയാം. സഭാവേദിയിൽവെച്ചു് ഈ പ്രക്ഷുബ്ധരംഗങ്ങൾ നടന്നിട്ടും അതിൽ തൻെറ എതിരാളികളായിരുന്നവരോടു വ്യക്തിപരമായി ഒരു വൈരാഗ്യവും നമ്പൂതിരിപ്പാടിന്നുണ്ടായിരുന്നില്ലെന്നതിന്നു് എത്രയോ തെളിവുകളുണ്ടു്. അസാധാരണമായ ഈ സ്വഭാവവിശേഷം അദ്ദേഹത്തിൻെറ ഒരു പ്രത്യേകതയായി തോന്നാറുണ്ടു്.

## നമ്പൂതിരിബിൽ

"സമുദായത്തിലെ തിന്മകൾ നിർമ്മാജ്ജനംചെയ്യുക എന്ന കൃത്യത്തിൽ ഏപ്പെട്ടിരിക്കുന്നവർ, വ്യവസ്ഥാപിതമാഗ്ഗത്തിലൂടെ പ്രവത്തിക്കുകയും തങ്ങളുടെ യത്നം വിജയിക്കുന്നില്ലെങ്കിൽ നിരാശരാകാതിരിക്കുകയും വേണം" (ഗാന്ധിജി).

നമ്പൂതിരിമാരുടെ ജീവിതരീതിയെയും ആചാരാനുഷ്ഠാനങ്ങളെയും വഴക്കങ്ങളെയും പരിഷ്കരിക്കാനുതകുന്നതും സാമ്പത്തികഭദ്രതയ്ക്കു നിദാനവുമായ സമഗ്രമായ നിയമനിർമ്മാണത്തിന്നു വേണ്ടി യോഗക്ഷേമസഭ ആദ്യംമുതലേ മുറവിളികൂട്ടിവന്നിരുന്നു. സ്വജാതിയിൽനിന്നു വിവാഹംചെയ്യുക കനിഷ്ഠന്മാർക്കു് ആവശ്യമെങ്കിൽ ക്രയവിക്രയസ്വാതന്ത്ര്യത്തോടുകൂടി, ആളോഹരിഭാഗം അംഗീകരിച്ചുകൊണ്ടുള്ള ഒരു ബിൽ പാസ്സാക്കാൻ ബന്ധപ്പെട്ട ഗവമ്മേണ്ടുകളോടു 15-ാംവാർഷികം അഭ്യത്ഥിച്ചിരു

ന്നു. ഒരു വിഭാഗം തത്പരകക്ഷികൾ സദാ അതിനെ എതിത്തിരുന്നതുമൂലം ബിൽ പാസ്സാവുക അത്ര എളുപ്പമായിരുന്നില്ല—പ്രത്യേകിച്ചും കൊച്ചിയിൽ.

1102 ആയപ്പോഴേയ്ക്കും ബന്ധപ്പെട്ട നിയമസഭകളിൽ നമ്പൂതിരിമാർക്കുവേണ്ടി അനൗദ്യോഗികബില്ലുകൾ വന്നുകഴിഞ്ഞിരുന്നു. കൊച്ചിനിയമസഭയിൽ കുപ്പിങ്ങാട്ട ശങ്കരൻനമ്പൂതിരിയാണ് ബില്ലിനുവേണ്ടി യത്നംനടത്തിയതു്. തിരുവിതാംകൂറിൽ സി. എൻ. ഉപ്പൻനമ്പൂതിരിയും. കൊച്ചിയിൽ മൂന്നാംവായന കഴിഞ്ഞ ബിൽ മഹാരാജാവിന്റെ അനുമതിക്കായി കാത്തുകിടപ്പായി. നിക്ഷിപ്തതാത്പര്യക്കാരുടെ സമ്മർദ്ദംമൂലം അതവിടെ കിടന്നു.

സുപ്രസിദ്ധമായ എടക്കുന്നിവാഷികത്തിൽവെച്ചു (1105) ബിൽ പാസ്സാക്കുന്നതിന്നുവേണ്ടി സത്യഗ്രഹം നടത്തുവാൻ തീരുമാനിച്ചു. ഉടനെ പ്രക്ഷോഭത്തിന്റെ ആദ്യപടിയായി മഹാരാജാവിന്നു് ഒരു പ്രത്യക്ഷപത്രം സമപ്പിച്ചു. രാജാവിന്റെ പിറന്നാൾദിവസം തൃശ്ശൂരിൽ നമ്പൂതിരിയുവാക്കൾ കറുത്ത പൊട്ടുതൊട്ടു ക്ഷേത്രദശ്നം നടത്തി നിരാഹാരസത്യഗ്രഹം അനുഷ്ഠിച്ചു. അതിന്റെ പ്രത്യാഘാതമെന്നോണം മഹാരാജാവു ബിൽ 'വീറ്റോ'ചെയ്തു.

ഒരു നിയമനിമ്മാണം നടത്തിക്കിട്ടിയാൽ എല്ലാമായി എന്ന മിഥ്യാധാരണ സഭാപ്രവത്തകർക്കുണ്ടായിരുന്നില്ല. അതിന്നുള്ള പ്രവത്തനത്തോടൊപ്പം അന്തരീക്ഷം സജ്ജമാക്കാനുള്ള ഉഗ്രമായ പ്രചരണവും സമാന്തരമായി മുന്നോട്ടു കൊണ്ടുപോയി. നിയമനിമ്മാണം അതുറപ്പിക്കാനുള്ള ഒരുപാധിമാത്രമായാണു് കണക്കാക്കിയിരുന്നതു്.

കൊച്ചിനിയമസഭയിലംഗമായിരുന്ന കുപ്പിങ്ങാടിന്റെ കാലാവധി അവസാനിച്ചപ്പോൾ, അടുത്ത നിയമസഭയിലേ

ക്കു് ഒരു നിയമബിരുദധാരിയെ അയക്കണമെന്നു പ്രവത്തകർ തീരുമാനിച്ചു. പി. എസ്സ്. കേശവൻനമ്പൂതിരി (ഇപ്പോൾ റിട്ട: ഡി. ജഡ്ജി)യെയാണു് അതിന്നു പ്രവത്തകർ കണ്ടെത്തിയതു്. പക്ഷേ, എവിടെ നിർത്തി ജയിപ്പിക്കും? സ്വാധീനം ചെലുത്താവുന്ന നിയോജകമണ്ഡലം ഏതു്? എന്ന ചിന്തയായി. ഒടുവിൽ ചിറമർ കുഞ്ഞൻനമ്പൂതിരിക്കു സ്വാധീനമുള്ള കാട്ടൂർ നിയോജകമണ്ഡലത്തിൽ കേശവൻനമ്പൂതിരിയെ നിർത്താൻ നേതാക്കൾ തീരുമാനിച്ചു. അതനുസരിച്ചു ഭാരം കുഞ്ഞൻനമ്പൂതിരിപ്പാടിനെ ഏല്പിക്കുകയും ചെയ്തു. ആ തിരഞ്ഞെടുപ്പിനെക്കുറിച്ചു് ഇപ്പോൾ ഉദ്യോഗത്തിൽനിന്നു വിരമിച്ചു പാലക്കാട്ടു രാമനാഥപുരത്തു സ്വസ്ഥജീവിതം നയിക്കുന്ന പി. എസ്സ്. അനുസ്മരിക്കുന്നതിപ്രകാരമാണു്:

"അന്നത്തെ തിരഞ്ഞെടുപ്പിനെക്കുറിച്ചു് അത്ഭുതത്തോടുകൂടിയല്ലാതെ എനിക്കു സ്മരിക്കാൻ വയ്യാ. കാട്ടൂർനിയോജകമണ്ഡലത്തിൽനിന്നു മത്സരിക്കാൻ സമുദായനേതാക്കൾ എന്നോടാവശ്യപ്പെട്ടു. ഞാനനുസരിച്ചു. ആ നിയോജകമണ്ഡലത്തിലെ ഒരു വോട്ടറെപ്പോലും എനിക്കു പരിചയമില്ല. അവർക്കെന്നെയും. എതിരാളി ആ നാട്ടുകാരനായ ഒരു മാന്യൻ. സാമ്പത്തികമായും മറെറല്ലാതരത്തിലും സ്വാധീനം ചെലുത്താൻ കഴിയുന്നയാൾ. വാസ്തവത്തിൽ ചിറമർ കുഞ്ഞൻനമ്പൂതിരിപ്പാടുതന്നെയാണു് തിരഞ്ഞെടുപ്പിൻെറ മുഴുവൻചുമതലയും വഹിച്ചതു്. അതിസമത്ഥമായി അദ്ദേഹം അതു നിറവേററി. അദ്ദേഹത്തിൻെറ സഹായമില്ലായിരുന്നുവെങ്കിൽ ഞാൻ അന്നു നിയമസഭ കാണുമായിരുന്നില്ല. കാട്ടൂർനിയോജകമണ്ഡലത്തിലെ ജനങ്ങൾ കുഞ്ഞൻനമ്പൂതിരിപ്പാടിനോടു കാണിച്ച സ്നേഹബഹുമാനാദരങ്ങൾ കണ്ടു ഞാനമ്പരന്നുപോയിട്ടുണ്ടു്........"

നിരവധി ഉദാഹരണങ്ങളും അദ്ദേഹം നിരത്തിവെച്ചു. അന്നത്തെ സ്ഥിതിയെക്കുറിച്ചു കുഞ്ഞൻനമ്പൂതിരിപ്പാടും ചിലതു പറഞ്ഞു:

"വാസ്തവത്തിൽ അന്നു ഞാൻ വലിയ ഒരു ധർമ്മസങ്കടത്തിൽ പെട്ടു. പി. എസ്സ്. കേശവൻനമ്പൂതിരിയെ കാട്ടൂരിൽ നിർത്തണമെന്നു മഹാസഭാനേതാക്കന്മാരുടെ തീരുമാനമുണ്ടായതു് അവസാനനിമിഷത്തിലാണു്. അവർ അതിൻെറ ചുമതല എന്നിലർപ്പിച്ചു. യോഗക്ഷേമസഭയുടെ ഒരു പ്രവർത്തകനെന്ന നിലയിൽ ആ ചുമതല ഞാൻ വഹിച്ചേ തീരൂ. മറുവശത്തു് എതിരാളി എല്ലാവിധത്തിലും ശക്തനും സ്വാധീനശക്തിയുള്ളയാളും. ഒരു കോളേജുപ്രൊഫസർ. വളരെ നല്ല മനുഷ്യൻ. ജനസമ്മതൻ. എന്നുതന്നെയല്ല മൂന്നു മാസം മുമ്പുതന്നെ അദ്ദേഹം പ്രവർത്തനം ആരംഭിച്ചിരുന്നു. ചുമതല എന്നിലർപ്പിച്ചിരിക്കയാണു്. അതു പരാജയപ്പെട്ടാൽ .......എൻെറമാത്രമല്ല, യോഗക്ഷേമസഭയുടെയും അന്തസ്സിനെ അതു പ്രതികൂലമായി ബാധിക്കും.......ഏതായാലും രംഗത്തിറങ്ങി.......വിജയിച്ചു.

ഒരു കാര്യം വ്യക്തമാക്കട്ടെ: വാസ്തവത്തിൽ ആ വിജയത്തിന്നു് കാരണം അച്ഛൻ ചെയ്തുവെച്ച നല്ല കാര്യങ്ങളാണു്. കാട്ടൂരിലെ വോട്ടർമാർ എനിക്കുവേണ്ടിയല്ല, ചിറവർ ആറാമനെ ഓർത്താണു്, അദ്ദേഹത്തിൻെറ പുത്രൻ പറഞ്ഞതനുസരിച്ചു് വോട്ടുചെയ്തതു്. അച്ഛൻെറ ധവളയശസ്സാണു് ആ വിജയത്തിന്നു വഴി തെളിയിച്ചതു്.......അദ്ദേഹത്തിൻെറ സത്പ്രവർത്തനങ്ങളുടെ ഫലഭോക്താവായിത്തീന്നു ഞാൻ. അതുമാത്രമല്ല; എനിക്കു പ്രവർത്തനമണ്ഡലത്തിൽ എന്തെങ്കിലും നേട്ടം അവകാശപ്പെടാനുണ്ടെങ്കിൽ, അതിൻെറയെല്ലാം കാരണം അച്ഛൻ തുടങ്ങിവെച്ച നല്ല കാര്യങ്ങളുടെ പരിപൂർത്തിക്കുവേണ്ടി ഞാൻ ശ്രമിച്ചു എന്നതാണു്

.......പ്രവൎത്തനത്തിൻെറ പ്രചോദനം അദ്ദേഹമാണു്........ അദ്ദേഹത്തിൻെറ വ്യക്തിവൈശിഷ്ട്യമാണു്........"

അവസാനഭാഗം പറഞ്ഞപ്പോൾ, അദ്ദേഹം വികാരവിവശനായി കാണപ്പെട്ടു. ബില്ലിന്നുവേണ്ടിയുള്ള പ്രവൎത്തനത്തിൻെറ ഭാഗമായതുകൊണ്ടാണു് ഈ സംഭവം ഇത്രയും വിശദമായി പ്രതിപാദിച്ചതു്. നിയമസഭയിലെത്തിയ കേശവൻ നമ്പൂതിരി ഒരു ബിൽ അവതരിപ്പിച്ചു. സഭയുടെ അംഗീകാരം നേടി. ആളോഹരിഭാഗം തുടങ്ങിയവ അതിലുൾപ്പെട്ടിരുന്നു. ഇക്കാലത്തുതന്നെ ഗൗരീപവിത്രൻ ആരംഭമിട്ടിരുന്ന അധിവേദനനിരോധനബിൽ അമ്പാട്ടു് ഈശ്വരമേനോൻ വീണ്ടും നിയമസഭയിലവതരിപ്പിച്ചു. നമ്പൂതിരിനിയമങ്ങളെക്കുറിച്ചു വിദഗ്ദ്ധാഭിപ്രായം ലഭിക്കുന്നതിന്നുവേണ്ടി പാൎവ്വതീനെന്മിനിമംഗലം, തൈക്കാട്ടു മൂസ്സ് എന്നിവരെ നിയമസഭയിലേയ്ക്കു് നോമിനേററുചെയ്യുകയുണ്ടായി. എന്നിട്ടും അതിന്നു രാജാനുമതി ലഭിക്കുകയുണ്ടായില്ല. അതങ്ങിനെ നീണ്ടുപോയി.

കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ടു് (എം. എ. ബി. എൽ) തിരുവിതാംകൂറിലും രാജകീയനിയമത്തിന്നുവേണ്ടിയുള്ള പരിശ്രമം തുടന്നു. മലബാറിലും തിരുവിതാംകൂറിലും—അപൂൎണ്ണമെങ്കിലും—ഓരോ ബിൽ പാസ്സായി. ഒരുൾക്കടൽപോലെ കൊച്ചിമാത്രം അവശേഷിച്ചു.

നാലഞ്ചുവൎഷത്തിന്നുശേഷം കുഞ്ഞൻനമ്പൂതിരിപ്പാടു കൊച്ചിനിയമസഭാസാമാജികനായിരുന്ന കാലത്താണു് നിരന്തരമായ സമ്മൎദ്ദത്തിൻെറയും ശക്തിയായ പ്രചരണത്തിൻെറയും പ്രക്ഷോഭണത്തിൻെറയും ഫലമായി കൊച്ചിക്കാർക്കു് ഒരു രാജകീയനിയമം ലഭിച്ചതു്—അതും പൂൎണ്ണമല്ലായിരുന്നു. ഒരു വ്യാഴവട്ടത്തിലധികം നീണ്ടുനിന്ന നിരന്തരപ്രവൎത്തനത്തിൻെറ അന്ത്യം. സമുദായപ്രസ്ഥാനചരിത്രത്തിൽ അതു പ്രധാനസംഭവമാണുതാനും.



നമ്പൂതിരിബില്‍പ്രചരണജാഥ

ചെറുതുരുത്തിയില്‍നിന്നും പുറപ്പെടുന്നു

നിയമനിർമ്മാണത്തെ അവസാനഘട്ടം വരുമ്പോൾ 'വീറേറാ'ചെയ്യുന്ന പ്രവണതയിൽ പ്രതിഷേധിക്കാൻ ചെറുതുരുത്തിമുതൽ തൃപ്പൂണിത്തുറ കനകക്കുന്നു കൊട്ടാരംവരെ ഒരു പ്രവരണജാഥ നടത്തി. കുഞ്ഞൻ നമ്പൂതിരിപ്പാട്ട് (എം. എൽ. സി.) നേതൃത്വം വഹിച്ച ആ ജാഥയിൽ കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാട്ട്, സി. കെ. നമ്പൂതിരി, ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാട്ട്, കവർ അഷ്ടമൂർത്തിനമ്പൂതിരിപ്പാട്ട് (എം. എൽ. സി.) ചേലൂർ ഇട്ടിരവിനമ്പൂതിരി; എൻ. കേശവൻ നമ്പൂതിരി (ബി. എ. ബി. എൽ), മാടമ്പു നാരായണൻ നമ്പൂതിരി (ബി. എ. ബി. എൽ.) തുടങ്ങി നിരവധി പേർ സംബന്ധിച്ചിരുന്നു. അതു് ഒരു വമ്പിച്ച വിജയമായി കലാശിച്ചു.

ജാഥ ചെറുതുരുത്തിയിൽനിന്നു പുറപ്പെട്ട പിറേറന്നുതന്നെ പല കിംവദന്തികളും പരന്നു. മഹാരാജാവിനെതിരായതുകൊണ്ടു കുഞ്ഞൻനമ്പൂതിരിപ്പാടിനെയും മററും അറസ്ററു ചെയ്യും. ജാഥ പിരിച്ചുവിടും....മററും....മററും....

പക്ഷെ ഉജ്ജ്വലമായ ആദർശവാദ്യിൻെറയും ധർമ്മബോധോപലബ്ധമായ ധീരതയുടെയും ഒരു പ്രവാഹംപോലെ, ശാന്തമെങ്കിലും പ്രതിബന്ധങ്ങളെ കൂസാതെ, ബിൽജാഥ കനകക്കുന്നു കൊട്ടാരത്തെ ലക്ഷ്യമാക്കി നീങ്ങി.

ജാഥാംഗങ്ങൾ അവിടവിടെ നടത്തിയിരുന്ന പൊതുയോഗങ്ങളിൽ ആവേശഭരിതരായ ചില ചെറുപ്പക്കാർ മഹാരാജാവിനെ വ്യക്തിപരമായി ആക്ഷേപിച്ചതു് ആദ്യം പറഞ്ഞ കിംവദന്തികൾക്കു കാരണമായിട്ടുണ്ടാവാം. നിയമവിധേയമായ ഒരു പ്രക്ഷോഭമായതിനാൽ, കുഞ്ഞൻനമ്പൂതിരിപ്പാടു യുവാക്കളുടെ ഉച്ഛൃംഖലതത്വത്തെ കർശനമായി നിയന്ത്രിച്ചു. രാജാധികാരത്തെ ചോദ്യംചെയ്യലല്ല, ഒരു രാജകീയനിയമം നേടുകയാണു് ലക്ഷ്യമെന്നും അതിനപ്പുറം പോകരുതെന്നും താക്കീതുചെയ്തു ജാ

ഥാനേതാവിൽ പരിപക്വഹൃദയനായ ഒരു പടനായകൻെറ ക്രാന്തദർശിത്വവും ആത്മസംയമനവും കാണാം.

ബിൽപ്രചരണജാഥ നിശ്ചിതപരിപാടിയനുസരിച്ചു് 1114 കന്നി 24-ാംനു- തൃപ്പൂണിത്തുറയെത്തി. പിറേറന്നു പുലച്ചെ കോട്ടയ്ക്കകത്തുനിന്നു കുളിച്ചു ശുഭ്രവസ്ത്രധാരികളായ 200-ൽ പരം നമ്പൂതിരിമാർ, കൊടികളൊന്നുംകൂടാതെ, മുദ്രാവാക്യങ്ങളൊന്നും മുഴക്കാതെ, മൗനമായി കനകക്കുന്നുകൊട്ടാരത്തിലേയ്ക്കു് അച്ചടക്കത്തോടെ മാർച്ചുചെയ്തതു് അവിസ്മരണീയമായ കാഴ്ചയായിരുന്നു.

മഹാരാജാവു കൂടിക്കാഴ്ചയ്ക്കു് അനുമതി നല്കി. ജാഥയെ അദ്ദേഹം സ്വീകരിച്ചു. ആവശ്യം ആരാഞ്ഞു. മുൻനിശ്ചയമനുസരിച്ചു്, നമ്പൂതിരിമാർക്കു സമഗ്രമായ ഒരു നിയമം ആവശ്യമാണെന്ന കാര്യം കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാടു ഹൃദയസ്പൃക്കായ ഭാഷയിൽ ഉദാഹരണങ്ങൾ ഉദ്ധരിച്ചുകൊണ്ടു മഹാരാജാവിനു വിവരിച്ചുകൊടുത്തു. അധിവേദനം, വൃദ്ധവിവാഹം, എന്നിവമൂലം നമ്പൂതിരിസ്ത്രീകൾ അനുഭവിച്ചുവരുന്ന കഷ്ടപ്പാടുകളുടെ ഒരു ചിത്രം കാണിപ്പയ്യൂർ അവതരിപ്പിച്ചു. ഒരു നിയമനിർമ്മാണംവഴി അവശതകൾ പരിഹരിച്ചുതരുവാനഭ്യർത്ഥിക്കുകയും ചെയ്തു.

“കാണിപ്പയ്യൂരിൻെറ വിവരണങ്ങൾ ശ്രദ്ധിച്ചു കേട്ടിരുന്ന മഹാരാജാവിൻെറ കണ്ണുകൾ നിറഞ്ഞു. സാത്വികനും നിഷ്കളങ്കനും വയോധികനുമായ മഹാരാജാവു പറഞ്ഞു: ‘ഇങ്ങനെയൊക്കെയാണോ കഥ? ഞാനിത്രയൊന്നും ധരിച്ചിട്ടില്ല. ഷൺമുഖംചെട്ടി വരട്ടെ. നിങ്ങളുടെ കാര്യം ഞാൻ നേരെയാക്കാം.’ എന്നെ പേരെടുത്തു വിളിച്ചുകൊണ്ടാണിത്രയും പറഞ്ഞതു്. (അന്നു ദിവാൻ ഷൺമുഖംചെട്ടി ഏതോ കാര്യാർത്ഥം യൂറോപ്പിലേയ്ക്കു പോയിരിക്കയായിരുന്നു.) പിന്നെയും മഹാരാജാവു പലതും പറഞ്ഞു........ഞങ്ങൾ സംതൃപ്തിയോടെ മടങ്ങുകയും ചെയ്തു........”

എന്നാണു് ആ രംഗത്തെക്കുറിച്ചു ജാഗ്രാകൃപാപ്ടനായിരുന്ന കുഞ്ഞൻനമ്പൂതിരിപ്പാട്ടു പറഞ്ഞതു്. 'ധർമ്മോസ്മൽകുലദൈവതം' എന്ന മുദ്രാവാക്യം അംഗീകരിച്ച മാടമഹീശകുലത്തിലെ നിഷ്കളങ്കനായ ഒരു ഭരണാധികാരിയിൽനിന്നു മററൊരു തരത്തിലുള്ള പ്രത്യാഖ്യാനമുണ്ടായാലേ അത്ഭുതമുള്ളൂ.

അടുത്ത നിയമസഭയിൽത്തന്നെ ഗവമ്മേണ്ടു നമ്പൂതിരിമാർക്കുവേണ്ടി ഒരു ബിൽ അവതരിപ്പിക്കുകയും അതു യഥാസമയം നിയമപുസ്തകത്തിൽ കയറുകയും ചെയ്തു.

ഗവമ്മേണ്ടുഭാഗത്തുനിന്നു് അവതരിപ്പിച്ച നമ്പൂതിരിബിൽ അപൂൎണ്ണമായിരുന്നു. നിയമസഭാസാമാജികനായിരുന്ന നമ്പൂതിരിപ്പാട്ടു നിയമസഭാവേദിയിൽ വ്യക്തമാക്കിയതുപോലെ അതിന്നു പല പോരായ്മകളും ഉണ്ടായിരുന്നു:

"സമ്മിശ്രവികാരങ്ങളോടുകൂടിയാണു് ഞാനിവിടെ നില്ക്കുന്നതു്. ഞങ്ങൾ (നമ്പൂതിരിമാർ) വളരെക്കാലമായി നിരന്തരമായി മുറവിളികൂട്ടിയ ഒരു കാര്യം, അധികാരസ്ഥാനത്തുനിന്നു തുടരെത്തുടരെ നിരസിച്ച ഒരു കാര്യം, സ്ഥിതിഗതികളുടെ ഗൗരവം അറിഞ്ഞപ്പോൾ, ഗവമ്മേണ്ടിൽനിന്നു ഒരു ബിൽ അവതരിപ്പിച്ചതിലുള്ള സന്തോഷം ഒരു വശത്തു്, ഞങ്ങളുടെ അവശതാപരിഹാരത്തിന്നു് അത്യാവശ്യമായ പല വ്യവസ്ഥകളും അടങ്ങിക്കാണാത്തതിലുള്ള ഖേദം മറുവശത്തു്........ഞങ്ങളുടെ ആശയങ്ങൾക്കനുയോജ്യമായ ബില്ലായിട്ടില്ല ഇതു്........എന്നിരുന്നാൽക്കൂടി ഞങ്ങൾ (നമ്പൂതിരിയോഗക്ഷേമസഭ) ഇതിനെ സ്വാഗതംചെയ്യുന്നു........നമ്പൂതിരിക്കു് ഒരു നിയമം നിഷിദ്ധമാണു് എന്ന ചിലരുടെ വാദഗതി നിരൎത്ഥകമാണെന്നു തെളിഞ്ഞുവല്ലോ........ഞാൻ വീണ്ടും പറയുന്നു, ഇതപൂൎണ്ണമാണു്........ബില്ലിനെക്കുറിച്ചു് എന്റെ വ്യക്തിപരമായ അഭിപ്രായംമാത്രമല്ല, യോഗക്ഷേ

മസഭയുടെ, സമുദായത്തിന്റെ, അഭിപ്രായമാണു് ഞാൻ പ്രകടിപ്പിക്കുന്നതു്........

കഴിഞ്ഞ കന്നി 25-ാംനു- തൃപ്പൂണിത്തുറയിൽവെച്ചു് ഒരു പ്രചരണജാഥയുടെ അന്ത്യത്തിൽ മഹാരാജാവിന്നു സമപ്പിച്ച ഒരു മെമ്മോറാണ്ടമാണിതിന്റെ പ്രേരണയെന്നു തോന്നുന്നു.... സമുദായത്തിന്റെ മുഴുവൻ പ്രാതിനിധ്യമുള്ള ആ മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൽ പലതും ഇതിൽ വിട്ടുകളഞ്ഞിട്ടുണ്ടു്........ഗവമ്മേണ്ടിന്റെ ഈ നയം അപലപനീയമാണു്........ഇതുമൂലം പ്രക്ഷോഭണത്തിന്നു ഞങ്ങൾ വിരാമമിടുമെന്നു ഗവമ്മേണ്ടു പ്രതീക്ഷിക്കേണ്ട. അതു പൂവ്വാധികം ശക്തമാക്കുകയാണു് ചെയ്യുക.......

ഞങ്ങളുടെ പ്രധാനആവശ്യമായ ആത്ഥികസ്വാതന്ത്ര്യം—ഭാഗവ്യവസ്ഥ—ഈ ബില്ലിലില്ല......അതിൽ ശക്തിയായ പ്രതിഷേധമുണ്ടു്. നമ്പൂതിരിക്കു സംഭവിച്ച നാശത്തിന്റെ പ്രധാനകാരണം കൂട്ടുകുടുംബസമ്പ്രദായമാണു്....ഇതു നമ്പൂതിരിയെ അലസനാക്കി. അയാൾക്കിന്നൊരു ജീവിതലക്ഷ്യമില്ല. കമ്മശക്തിയുമില്ല.....സ്വപ്രയത്നംകൊണ്ടു ജീവിച്ച ആ പഴയ കാലത്താജ്ജിച്ചുവെച്ച അപൂവ്വഗുണങ്ങളെല്ലാം ഇന്നു കഥാവശേഷമാണു്. ഇന്നു് ഒരു നമ്പൂതിരികുടുംബം ഒരുപക്ഷേ, കക്കശനായ ഒരു കുടുംബനാഥന്റെ ധ്വംസനശീലത്തിന്നു വിധേയമാവാം. ബാക്കിയുള്ളവർ പുറന്തട്ടാണു്. ഈ ദയനീയസ്ഥിതിയാണു്, ഈ അലഞ്ഞുതിരിയലാണു്, അഭിമാനം കെടുത്തുന്ന സംബന്ധസമ്പ്രദായത്തിലേയ്ക്കു് അയാളെ വലിച്ചിഴയ്ക്കുന്നതു്........ഇതിന്റെ അടിസ്ഥാനം കൂട്ടുകുടുംബമാണു്........ആളോഹരി ഭാഗത്തിന്നു വ്യവസ്ഥ ചെയ്യുകയാണിതിന്നു പോംവഴി........മററു സമുദായങ്ങൾക്കനുവദിച്ചിട്ടുള്ള ഈ വ്യവസ്ഥ നമ്പൂതിരിക്കുമാത്രം നിഷേധിക്കുന്നതു വിവേചനാപരംകൂടിയാണു്........

അധിവേദനത്തെ തടയുന്ന ഭാഗം കുറെക്കൂടി കൎക്കശമാക്കണം. അതില്ലെങ്കിൽ അതുകൊണ്ടുദ്ദേശിച്ച ഫലം കിട്ടില്ല.... ഈ അപൂൎണ്ണതകളെല്ലാം പരിഹരിക്കാൻ ഗവൎമ്മേണ്ടു മുന്നോട്ടു വരണം....അവ സമുദായത്തിൻെറ ഒഴിച്ചുകൂടാത്ത ആവശ്യമാണ്....ഒരു പ്രാരംഭമെന്ന നിലയിൽ, അപൂൎണ്ണതയിലും, അപര്യാപ്തതയിലും, സ്വല്പം വൈമനസ്യത്തോടെയാണെങ്കിലും, ബില്ലിനെ സ്വാഗതം ചെയ്യുന്നു........"

ബില്ലിനെക്കുറിച്ചു നിയമസഭാവേദിയിൽ കുഞ്ഞൻനമ്പൂതിരിപ്പാടു ചെയ്ത പ്രസംഗത്തിൻെറ പ്രസക്തഭാഗമാണ് മുകളിലുദ്ധരിച്ചതു്. ഇതോടൊപ്പം അതിനടുത്ത ദിവസം തൃശ്ശൂർ നമ്പൂതിരിവിദ്യാൎത്ഥിനീസദനത്തിൽവെച്ചു കൂടിയ അന്തൎജ്ജനസമാജത്തിൻെറ ഒരു തീൎപ്പുകൂടി നിയമസഭയിൽ അദ്ദേഹം ഹാജരാക്കി. നമ്പൂതിരിസ്ത്രീകളുടെ അവശതാപരിഹാരത്തിനുതകുമാറു് ബില്ലിൽ അധിവേദനം ശിക്ഷാൎഹമാക്കിയതിൽ ഗവൎമ്മേണ്ടിനെ അഭിനന്ദിക്കുന്നതോടൊപ്പം അതു കുറേക്കൂടി കൎക്കശമാക്കണമെന്നു് അന്തൎജ്ജനങ്ങൾ ആവശ്യപ്പെട്ടിരുന്നു.

**യോഗക്ഷേമംപത്രം**

നമ്പൂതിരിയോഗക്ഷേമസഭയുടെ പരിഷ്കരണസംരംഭങ്ങളിൽ പ്രമുഖമായ ഒരു പങ്കു വഹിച്ചിട്ടുള്ള ഘടകമാണ് യോഗക്ഷേമംപത്രം. മൂന്നു ദശകത്തിലധികം കാലം യോഗക്ഷേമം സമുദായപുരോഗതിയെ ത്വരിതപ്പെടുത്താൻ അതിൻെറ പങ്കു വഹിച്ചു. കൊല്ലവൎഷം 1084ൽ, യോഗക്ഷേമസഭ ഉദയം ചെയ്ത അടുത്ത വൎഷംതന്നെ എ. കെ. ടി. കെ. എം. ചെറിയനാരായണൻനമ്പൂതിരിപ്പാടു ദേശമംഗലം പ്രസ്സ് ആരംഭിച്ചു. ആ വൎഷംതന്നെ 'മംഗളോദയം' മാസികയാരംഭിച്ചു. രണ്ടു വൎഷത്തിനുശേഷം 1086ൽ യോഗക്ഷേമം ഒരു മാസികയായി തുടങ്ങി. നാലുവൎഷത്തോളം അങ്ങനെ കഴിഞ്ഞതിനുശേഷം

1090-ൽ യോഗക്ഷേമം ആഴ്ചപ്പത്രമായും 1098-ൽ ആഴ്ചയിൽ രണ്ടു വീതമായും അതു പ്രസിദ്ധീകരിച്ചുതുടങ്ങി. നമ്പൂതിരിമാരുടെ പരിഷ്ക്കരണപ്രസ്ഥാനത്തെ ശാസ്ത്രീയമായും പ്രാമാണികമായും അപഗ്രഥിച്ചു് അതിന്റെ ന്യായാന്യായതകളെ ശക്തിയുക്തം സമുദായമദ്ധ്യത്തിലെത്തിക്കാൻ പത്രം വളരെയേറെ സഹായകമായിരുന്നു.

വി. എസ്സ്. നാരായണൻനമ്പൂതിരി(വേന്ത്രക്കാട്ടു്)യായിരുന്നു പത്രാധിപർ. ഒരു കവിയും പരിശ്രമശീലനുമായിരുന്ന അദ്ദേഹം പത്രത്തിന്നുവേണ്ടി അക്ഷീണം യത്നിച്ചു. 1096-98 കാലത്താണെന്നു തോന്നുന്നു, പശ്ചിമൻരാമൻനമ്പൂതിരിക്കപമാനകരമായ മുഖക്കുറിപ്പെഴുതി എന്നതിന്നു പശ്ചിമൻ യോഗക്ഷേമത്തിന്റെ പേരിൽ മാനനഷ്ടക്കേസ്സു കൊടുത്തു. അതിൽ 25ക. നഷ്ടം കെട്ടേണ്ടിവന്നു. ഈ സംഭവം വി. എസ്സിനെ കൂടുതൽ കർമ്മോന്മുഖനാക്കുകയാണുണ്ടായതു്. കേരളം മുഴുവൻ സഞ്ചരിച്ചു യോഗക്ഷേമത്തിന്നു മൂവ്വായിരത്തിൽപ്പരം വരിക്കാരെ ചേർത്തു. കടങ്ങളെല്ലാം ഒരുവിധം തീർത്തു. ഒരു ദിനപത്രമാക്കാനുള്ള എല്ലാ ഏർപ്പാടുകളുമായി. ആഴ്ചയിൽ രണ്ടുവീതമാക്കി. ഈ ഘട്ടത്തിലാണു് ഉത്സാഹശാലിയായ അദ്ദേഹം അപ്രതീക്ഷിതമായി ചരമം പ്രാപിച്ചതു്.

മാനനഷ്ടക്കേസ്സു ഫയൽചെയ്തു നഷ്ടം വാങ്ങിയ പശ്ചിമൻ തന്റെ ഒരു സുഹൃത്തിനോടു പറഞ്ഞതിങ്ങനെയായിരുന്നു:

"എന്തഭിപ്രായവ്യത്യാസമുണ്ടായിരുന്നാലും വേന്ത്രക്കാടിനെപ്പോലെ നിസ്സ്വാർത്ഥനും പരിശ്രമശാലിയുമായ ഒരാളുടെ പേരിൽ കേസ്സുകൊടുത്തു നഷ്ടം വാങ്ങിയതിൽ ഞാനിപ്പോൾ പശ്ചാത്തപിക്കുന്നു. താൻ വിശ്വസിക്കുന്ന കാര്യത്തിന്നുവേണ്ടി അവസാനംവരെ പ്രതിഫലേച്ഛകൂടാതെ അദ്ദേഹം യത്നിച്ചു."

KOTTAYAM PUBLIC LIBRARY KOTTAYAM.

സാമുദായികകാര്യങ്ങൾക്കു പുറമെ രാഷ്ട്രീയവും അന്താരാഷ്ട്രീയവുമായ പ്രശ്നങ്ങളും സമഗ്രമായും സത്യസന്ധമായും ക്രോഡീകരിച്ചു പൊതുതാത്പര്യത്തിന്നനുഗുണമായവിധം യോഗക്ഷേമം പ്രസിദ്ധീകരിച്ചിരുന്നു. ദേശീയനവോത്ഥാനത്തെ പത്രം തികച്ചും ഉൾക്കൊണ്ടു. പിന്നീടു എ. കെ. പിള്ളയെ 'കേരളവും കോൺഗ്രസ്സും' എന്നസുപ്രസിദ്ധമായ ഗ്രന്ഥം രചിക്കാൻ സഹായിച്ചതിൽ യോഗക്ഷേമത്തിന്റെ പഴയ ലക്കങ്ങൾക്കു ഗണ്യമായ പങ്കുണ്ടു്. ആ ചരിത്രഗ്രന്ഥത്തിൽ യോഗക്ഷേമത്തിൽനിന്നുള്ള ഉദ്ധരണങ്ങൾ സുലഭമായിക്കാണാം. അക്കാലത്തു നിലവിലുണ്ടായിരുന്ന പത്രങ്ങളിൽ ഉന്നതനിലവാരം പുലർത്തിയിരുന്നതാണു് യോഗക്ഷേമം.

ഇതിനിടയിൽ കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിന്റെ സ്മാരകമായി 1095ൽ 'ഉണ്ണിനമ്പൂതിരി' മാസിക ആരംഭിച്ചിരുന്നു. വി. എസ്സ് നാരായണൻനമ്പൂതിരിയുടെ നിര്യാണത്തിനുശേഷം യോഗക്ഷേമം ദിനപത്രമാക്കാനുള്ള പരിപാടികൾ ഉപേക്ഷിക്കപ്പെട്ടു. ലക്ഷ്യത്തെസ്സംബന്ധിച്ചു് അക്കാലത്തു ശക്തിയായ ഭിന്നതകൾ തലപൊക്കി. നമ്പൂതിരിബില്ൽപ്രവൎത്തനം ശക്തിയായ വിമൎശനത്തിന്നു വിധേയമായി. നമ്പൂതിരിക്കു നിയമം ആവശ്യമില്ലെന്നൊരു വിഭാഗം. ബില്ല് വേണമെങ്കിലും ഉള്ളടക്കത്തെച്ചൊല്ലി ഭിന്നാഭിപ്രായം. ആധുനികവിദ്യാഭ്യാസം അനൎത്ഥമാണെന്ന തനിയാഥാസ്ഥികവിഭാഗം. മിതവാദികൾ, ഉൽപതിഷ്ണുക്കൾ, അത്യുൽപതിഷ്ണുക്കൾ—അങ്ങനെ പല ഘടകങ്ങളും സമുദായ പ്രസ്ഥാനത്തിന്റെ പേരിൽ വാക്സമരങ്ങളും സിരാസമരങ്ങളും ആരംഭിച്ചു. പ്രധാനപ്രശ്നങ്ങൾ പിൻതള്ളപ്പെട്ടു.

ഇതിന്റെ ഫലമായാണു് സുദൎശനം എന്ന ഒരു പത്രം ഒരു വിഭാഗം വിമതന്മാർ ആരംഭിച്ചതു്. പശ്ചിമൻ രാമൻനമ്പൂതിരിയെപ്പോലുള്ളവർ അതിന്റെ പിന്നിലുണ്ടായിരുന്നു. സുദൎ

നത്തിനെതിരായി 'പാശുപതം' എന്ന മറെറാരു പത്രം ഉടനെ പുറപ്പെട്ടു. താമസമുണ്ടായില്ല, പാശുപതത്തിനെതിരെ 'കുഠാര'വും പുറത്തുവന്നു. അങ്ങനെ കലങ്ങി മറിഞ്ഞ അന്തരീക്ഷത്തിൽ യോഗക്ഷേമം ദിനപത്രമാക്കുക എന്ന പരിപാടി നടക്കാതെ പോയി.

സുദർശനവും പാശുപതവും കുഠാരവും അല്പായുസ്സുകളായിരുന്നു. എങ്കിലും അവ പരത്തിവിട്ട ആശയക്കുഴപ്പം കുറേക്കാലത്തേയ്ക്കു സമുദായത്തിൽ തങ്ങിനിന്നു. ഈ സിരാസമരത്തിന്റെ ഒരു ഭാഗമായാണു് യോഗക്ഷേമംകമ്പനി പത്രം നടത്താനുള്ള കരാറിൽനിന്നു് ഒഴിഞ്ഞു കൈകഴുകിയതു്. പത്രം നടത്താനാളില്ലാതായി. പിൻബലമില്ലാതായി. പത്രം നിന്നു. ഉണ്ണിനമ്പൂതിരി ഒരാഴ്ചപ്പത്രമാക്കിയെങ്കിലും മേല്പറഞ്ഞ കരിനിഴൽ അതിനെയും ബാധിച്ചു. അതും നിന്നു.

അഞ്ചെട്ടുവർഷം അങ്ങനെ കഴിഞ്ഞു. പ്രചരണത്തിന്നു് ഒരു പത്രമില്ലാത്തതിന്റെ കോട്ടം വമ്പിച്ചതായിരുന്നു. വീണ്ടും എം. എൻ. ശങ്കരൻനമ്പൂതിരിയുടെ പത്രാധിപത്യത്തിൽ 1113 ചിങ്ങത്തിൽ യോഗക്ഷേമം പ്രസിദ്ധീകരിച്ചുതുടങ്ങി. അന്നു് യോഗക്ഷേമസഭാധ്യക്ഷനായിരുന്ന ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാടായിരുന്നു അതു നടത്തിക്കൊണ്ടുപോയതു്. ഒന്നൊന്നരക്കൊല്ലം അതു നല്ല നിലയിൽ നടന്നു. സമുദായപ്രവർത്തനത്തിന്നു ചൂട്ടും ചൈതന്യവും ഉളവായി. കുത്തഴിഞ്ഞ പുസ്തകംപോലെ കിടന്നിരുന്ന ഉപസഭകൾ വീണ്ടും സജീവങ്ങളായി. അക്കാലത്തു യോഗക്ഷേമംപത്രത്തിൽ പ്രത്യക്ഷപ്പെട്ടിരുന്ന രാഷ്ട്രീയലേഖനങ്ങൾ സാർവ്വത്രികമായ പ്രശംസയാർജ്ജിച്ചു. മാതൃഭൂമി പലപ്പോഴും അവയെടുത്തു പ്രസിദ്ധീകരിച്ചിരുന്നതുതന്നെ അതിന്റെ തെളിവാണു്.

അഭിപ്രായഭിന്നതകൾ വീണ്ടും തലപൊക്കി. ഭ്രഷ്ടസഹകരണം, വിധവാവിവാഹം, കുറൂർ, പൂന്താനം എന്നിവരുടെ

പ്രായശ്ചിത്തങ്ങൾ—അങ്ങനെ പല കാര്യങ്ങളെക്കുറിച്ചും വിവാദം സമുദായമദ്ധ്യത്തിലുണ്ടായി. വാക്ശരംമൂത്തു പത്രം വീണ്ടും നിന്നു. ഒരു വ്യക്തി സ്വന്തം നിലയിൽ പിന്നീടതു കുറേക്കാലംകൂടി നടത്തി. ഇതിന്നിടയിലാണു് ഓങ്ങല്ലൂർവാർഷികം. അതിന്നുശേഷം പത്രം മഹാസഭ ഏറെറടുത്തുവെങ്കിലും വീണ്ടും കഥാവശേഷമായ കാര്യം മുമ്പുപറഞ്ഞിട്ടുണ്ടല്ലോ. ഓങ്ങല്ലൂർസ്ലിരിററിനെ നഖശിഖാന്തം എതിർത്തുകൊണ്ടു പതാക എന്ന ഒരു പത്രവും കുറച്ചുകാലം നടന്നു. യോഗക്ഷേമംനിന്നപ്പോൾ അതും നിർത്തി. ഓങ്ങല്ലൂരിന്നുശേഷമുള്ള യോഗക്ഷേമസഭയുടെയും അതിൻെറ ജിഹ്വയായ യോഗക്ഷേമംപത്രത്തിൻെറയും പ്രവർത്തനസരണി സമുദായദ്രോഹമാണെന്നും അതിനെ എതിർക്കാനാണു് 'പതാക' ആരംഭിച്ചതെന്നും അതിൻെറ പത്രാധിപരായ ടി. എസ്സ്. ഭട്ടതിരിപ്പാടു പ്രഖ്യാപിച്ചിരുന്നു. യോഗക്ഷേമം നിന്നു. പതാക നിർത്തി.

## കേരളോത്പന്നഭാഷാവൻകാട്ടിൽ

പഴമയും പുതുമയും തമ്മിലും മിതവാദികളും ഉത്പതിഷ്ണുക്കളും തമ്മിലും നടന്ന സിരാസമരങ്ങളുടെയും തുറന്ന യുദ്ധങ്ങളുടെയും ഫലമായി നിരവധി സാഹിത്യകൃതികൾ വാർന്നുവീണിട്ടുണ്ടു്. സമുദായപ്രസ്ഥാനത്തെ മുന്നോട്ടു നയിച്ച ഘടകങ്ങളിൽ ആ കൃതികൾ വഹിച്ചിട്ടുള്ള പങ്കു് അവഗണിക്കാൻ വയ്യ. സാമൂഹ്യജീവിതത്തിലെന്നപോലെ സാഹിത്യരംഗത്തിലും കുറേക്കാലം നമ്പൂതിരി മരവിച്ചുനിന്നു. സമൂഹത്തിൻെറ പ്രതിഫലനമാണു് സാഹിത്യം എന്നതിനാൽ അതിൽ അസാധാരണത്വമൊന്നുമില്ല. സാമൂഹ്യചലനങ്ങളോടൊപ്പം സൃഷ്ട്യുന്മുഖമായ ഏതാനും സാഹിത്യകൃതികളുമുണ്ടായി. സാന്ദർഭികമായി ചിലതെല്ലാം ഇതിന്നുമുമ്പുതന്നെ പരാമർശിക്കപ്പെട്ടിട്ടുമുണ്ടു്.

വി. ടി. രാമൻഭട്ടതിരിപ്പാടിൻെറ രജനീരംഗം, എം. ആർ. ബി. യുടെ വാൽക്കണ്ണാടി (ചെറുകഥകൾ) അടുക്കളയിൽ

നിന്നരങ്ങത്തേക്കു്, മറക്കുടക്കുള്ളിലെ മഹാനരകം എന്നിവ തികച്ചും സോദ്ദേശകൃതികളായിരുന്നു,

മൂത്തിരിങ്ങോടിന്റെ 'അപ്ഫന്റെ മകൾ' ഒരു സാമുദായിക നോവലാണെങ്കിലും അതിന്നു കേരളത്തിൽ മുഴുവൻ അഭൂതപൂർവ്വമായ പ്രചാരം ലഭിച്ചു. കലാത്മകമായ അതിലെ പ്രതിപാദനം വികാരമധുരവും ഹൃദയദ്രവീകരണക്ഷമവുമായിരുന്നു. അദ്ദേഹത്തിന്റെ ആത്മാഹുതിയും ഒരു മികച്ച കലാസൃഷ്ടിയാണു്:

യാഥാസ്ഥിതികത്വം ചെങ്കോൽ ചുഴററിയിരുന്ന കാലഘട്ടത്തിലാണെങ്കിലും ഒരു പ്രത്യേകസാഹചര്യത്തിൽ വളന്ന എൻ. ലളിതാംബിക അന്തർജ്ജനം ഒരു കവിയിത്രിയും കാഥികയുമായി ഉയന്നു. അന്തർജ്ജനത്തിന്റെ കഥകൾ സമുദായത്തിന്റെ ഇരുളടഞ്ഞ നാലുകെട്ടിൽ തപ്പിത്തടയുന്ന അന്തർജ്ജനങ്ങളുടെ ഹൃദയാരുന്തുദമായ ചിത്രം വരച്ചുകാട്ടി. 'പ്രതിധ്വനി', 'മനുഷ്യൻമാത്രം', 'പ്രതികാരദേവത', വിധിബലം', 'മൂടുപടം' തുടങ്ങിയ അവരുടെ കഥകൾ വികാരൊൽബണക്ഷമങ്ങളാണു്. ഒമ്പതുദശകങ്ങൾക്കുമുമ്പു നമ്പൂതിരിസമുദായത്തിൽ നടന്ന ഒരു 'സ്മാത്തവിചാര' (കുറിയെടത്തുതാത്രി) ത്തെ കഥാതന്തുവാക്കി, അതിന്റെ പശ്ചാത്തലത്തിൽ ഉള്ള സ്ത്രീയുടെ മാനസിക വിക്ഷോഭത്തെ അതിസമത്ഥമായി ആവിഷ്കരിച്ചിരിക്കയാണു് 'പ്രതികാരദേവത'യിൽ. സമകാലീനസാമൂഹ്യജീർണ്ണതകളുടെയും തകച്ചകളുടെയും പ്രതികരണങ്ങൾ, വികാരതീക്ഷ്ണവും കാവ്യമയവുമായ അവരുടെ കഥകളിൽ പ്രതിബിംബിച്ചു. നമ്പൂതിരിഗൃഹങ്ങളുടെ പശ്ചാത്തലത്തിൽ മാനുഷികഭാവനിർഭരമായ കഥകൾ അനുഭവരസികതത്വത്തോടെ ആവിഷ്കരിച്ച ആ കഥകളിൽ മലയാളത്തിലെ റൊമാൻറിക്പ്രസ്ഥാനം റിയലിസത്തിലേയ്ക്കു നീങ്ങുന്നതായിക്കാണാം. ലളിതാംബികാഅന്തർജ്ജനത്തിന്റെ സാഹിത്യസേവനത്തെ 1110ൽ ഹരിപ്പാട്ടു 'ഭാഗ്ഗവനഗറി'ൽവെച്ചു നടന്ന യോഗക്ഷേമസഭയുടെ 27-ാം വാഷികം

ബഹുമാനിക്കുകയുണ്ടായി. അന്നത്തെ അധ്യക്ഷനായ കുഞ്ഞൻ നമ്പൂതിരിപ്പാട് ഒരു സമ്മാനം നല്കിക്കൊണ്ടു സമുദായത്തിന്റെ അഭിനന്ദനം പ്രകടിപ്പിക്കുകയുണ്ടായെന്നു സാന്ദർഭികമായി പ്രസ്താവിച്ചുകൊള്ളട്ടെ.

യോഗക്ഷേമപ്രസ്ഥാനത്തിന്റെ ഉത്പന്നങ്ങളെന്നു വിശേഷിപ്പിക്കാവുന്ന ഏതാനും പേർ പിന്നീടു സാഹിത്യരംഗത്തു പ്രത്യക്ഷപ്പെട്ടു. കാലത്തിന്റെ പ്രവാഹത്തിന്നനുസൃതമായി അവർ നീങ്ങി. ഒ. എം. സി. നാരായണൻനമ്പൂതിരിപ്പാട്, അക്കിത്തം, ഒളപ്പമണ്ണ, ഒ. എം. അനുജൻ, വിഷ്ണുനാരായണൻനമ്പൂതിരി, എം. പി. ഭട്ടതിരിപ്പാടു (പ്രേംജി), എൻ. എൻ. കക്കാട്, എ. പി. പി. നമ്പൂതിരി, എം. എൻ. പാലൂർ, എന്നിവർ ആ ഗണത്തിൽപെടുന്നു. സാമുദായികതലത്തിന്നപ്പുറവും കാവ്യമണ്ഡലത്തിൽ വിഹരിച്ചവരാണവർ. വന്നേരി കെ. സാവിത്രി അന്തർജ്ജനമെന്ന തൂലികാനാമത്തിൽ എം. പി. ഭട്ടതിരിപ്പാടു വിരചിച്ച കവിതകളും ഋതുമതിയെന്ന നാടകവും പ്രശസ്തിയാർജ്ജിച്ചവയാണ്, 'തീത്തൈലം' 'പാഞ്ചാലി,' 'നങ്ങേമക്കുട്ടി,' തുടങ്ങിയ ഖണ്ഡകാവ്യങ്ങളുടെയും 'ഇലത്താളം,' 'ഏഹി സൂനരി' തുടങ്ങിയ കവിതാസമാഹാരങ്ങളുടെയും കർത്താവായ ഒളപ്പമണ്ണ അനുഭൂതികളുടെ അഗാധതകളിൽ ആണ്ടുമുങ്ങി അനർഘരത്നങ്ങൾ തപ്പിയെടുത്തു കൈരളിക്കു കാഴ്ചവെച്ച സാധകനാണ്. വാമൊഴിയിലൊതുങ്ങിക്കഴിയുന്ന പദങ്ങളെ അസാധാരണമായ ചങ്കൂററത്തോടെ കാവ്യശൈലിയിലെക്കുയർത്തിയ കവിയാണ് ഒളപ്പമണ്ണ. 'നങ്ങേമക്കുട്ടി' എന്ന ഒളപ്പമണ്ണയുടെ ഖണ്ഡകാവ്യം നമ്പൂതിരിസമുദായത്തിൽ നിഷിദ്ധമെന്നു വെച്ചിട്ടുള്ളതും അസാധാരണവുമായ ഒരവിഹിതബന്ധത്തിന്റെ കരളലിയിക്കുന്ന കഥയാണ്. 'ഇരുപതാംനൂററാണ്ടിന്റെ ഇതിഹാസം' ചമച്ച അക്കിത്തം, 'കടമ്പിൻപൂക്കൾ'കൊണ്ടു കൈരളിക്കു മാല്യം ചാർത്തുന്നു; 'സാഗരസംഗീതം' എന്ന 'അനശ്വര

ഗാനം' ആലപിച്ചു് അനുവാചകർക്കു 'വെണ്ണക്കല്ലിന്റെ കഥ' പറഞ്ഞുകൊടുക്കുന്നു; മധുരമായ 'മുന്തിരിക്കുല' കുട്ടികൾക്കു സമ്മാനിക്കുന്നു. 'ഒരു കുടന്ന നിലാവു്'കൊണ്ടു നമ്മെ ആനന്ദിപ്പിക്കുന്നു. 'പേടിത്തൊണ്ട' നായി കാവ്യമണ്ഡലത്തിലേയ്ക്കു കയറിവന്ന എം. എൻ. പാലൂർ പരിശ്രമശാലിയാണു്; ഒരിക്കലും തോല്ക്കാൻ കൂട്ടാക്കാത്ത ആളാണു്. വൈശദ്യവും വർണ്ണപ്പകിട്ടുമുള്ള വാങ്മയകാവ്യചിത്രങ്ങൾ മിനഞ്ഞെടുക്കുന്ന ഒ. എം. അനുജൻ കാവ്യലോകത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയിരിക്കുന്നു. പുതിയ മേച്ചിൽ സ്ഥലങ്ങളിൽ കാവ്യരചന നടത്താൻ ശ്രമിക്കുന്ന കവിയാണു് വിഷ്ണുനാരായണൻനമ്പൂതിരി. അന്തർമ്മുഖത്വം അദ്ദേഹത്തിന്റെ പല കവിതകളെയും ഭാവോജ്ജ്വലമാക്കുന്നു. നടുവത്തു ശങ്കരൻനമ്പൂതിരി, താമരശ്ശേരി കൃഷ്ണൻഭട്ടതിരി, വെളുത്താട്ടു നാരായണൻനമ്പൂതിരി, മഠം പരമേശ്വരൻനമ്പൂതിരി, ഭക്തദാസനായ ഓട്ടൂർഉണ്ണിനമ്പൂതിരിപ്പാടു തുടങ്ങി വളരെപ്പേർ കാവ്യലോകത്തിൽ സഞ്ചരിക്കുന്നവരാണു്. സംസ്കൃതമലയാളനിഘണ്ടു നിർമ്മിച്ച കാണിപ്പയ്യൂർശങ്കരൻനമ്പൂതിരിപ്പാടു് ആര്യന്മാരുടെ കുടിയേററം തുടങ്ങി ഗവേഷണഗ്രന്ഥനിർമ്മാണം ഇപ്പോഴും തുടരുന്നു. നിഷ്പക്ഷവും വസ്തുനിഷ്ഠവുമായ സാഹിത്യവിമർശനങ്ങൾവഴി വികസ്വരമായ അനുവാചകരുടെ ആസ്വാദനക്ഷമതയെ സംപുഷ്ടമാക്കിക്കൊണ്ടിരിക്കുകയാണു് എ. പി. പി. നമ്പൂതിരി. ഇ. എം. എസ്സ് നമ്പൂതിരിപ്പാടു കേരളചരിത്രം രചിച്ചു ചരിത്രവിദ്യാർത്ഥികളെ അനുഗ്രഹിച്ചിട്ടുണ്ടു്. എം. സി. നമ്പൂതിരിപ്പാടും ഡോ: പരമേശ്വരനും നിരവധി ശാസ്ത്രീയലേഖനങ്ങളുടെ കർത്താക്കളാണു്. ഒ. പി. നമ്പൂതിരിപ്പാടു ബാലസാഹിത്യശാഖയിൽ പ്രശസ്തി നേടിയിരിക്കുന്നു. അകാലത്തിൽ മൃത്യു തട്ടിയെടുത്ത ക്യാപ്ററൻ വി. എൻ. പി. നമ്പൂതിരി സുപ്രസിദ്ധമായ 'പ്രിയ' എന്ന നോവലിന്റെ കർത്താവാണു്.

ഇവർക്കുപുറമെയും പല എഴുത്തുകാരും രംഗത്തുണ്ടു്. വിസ്തരഭയത്താൽ ചുരുക്കുന്നു. ഇവരാരും നമ്പൂതിരിസമുദായത്തിനു വേണ്ടിമാത്രം സാഹിത്യരചനയിൽ ഏർപ്പെട്ടവരല്ല. പക്ഷേ കഴിഞ്ഞ നാലു ദശകങ്ങളായി സമുദായത്തിൽ വന്ന വിപ്ലവകരമാററത്തിൻെറ ഫലഭോക്താക്കളായി ഉരുത്തിരിഞ്ഞുവന്ന സാഹിത്യകാരന്മാരാണിവർ എന്ന കാര്യം വിസ്മരിച്ചുകൂടാ.

## "ഞങ്ങൾ അന്ന്യൻ ഭാരമാവില്ല."

നിരന്തരമായ പ്രചാരണത്തിൻെറ ഫലമായി നമ്പൂതിരി സ്ത്രീകളുടെ വിദ്യാഭ്യാസത്തിനു ഗണ്യമായ പുരോഗതിയുണ്ടായി. 1105 മുതൽ വിദ്യാലയത്തിൽ വിരലിലെണ്ണാവുന്നത്ര പെൺകുട്ടികൾ ചേൎന്നു പഠിക്കാനാരംഭിച്ചതു ക്രമമായി വൎദ്ധിച്ചു. ഭാഗ്യക്കുറിഫണ്ടിൽനിന്നു വിദ്യാൎത്ഥിനികളുടെ സൗകര്യാൎത്ഥം ഒരു സദനം തൃശ്ശൂരിൽ ആരംഭിച്ചതു് ആ പുരോഗതിയെ ത്വരിതപ്പെടുത്തി. പാഞ്ഞാൾ നമ്പൂതിരിബാലികാവിദ്യാലയവും ഇക്കാര്യത്തിൽ ഗണ്യമായ പങ്കു വഹിച്ചു.

1105ൽ എടക്കുന്നിവാൎഷികത്തിൽ ആദ്യമായി ഒരന്തൎജ്ജനം ഘോഷ ഉപേക്ഷിച്ചു് പൊതുരംഗത്തേയ്ക്കു പ്രത്യക്ഷപ്പെട്ടതു് ഒരത്ഭുതമായിരുന്നു. തുടൎന്നു പലരും അതനുകരിച്ചു. കാറൽമണ്ണ വെച്ചു മഹാസഭയുടെ രജതജൂബിലി ആഘോഷിച്ചപ്പോഴയ്ക്കു അത്തരക്കാരുടെ സംഖ്യ 75ൽ അധികമായി. പാൎവ്വതീനെന്മിനിമംഗലം, ആൎയ്യാപള്ളം, ദേവകീനിലയങ്ങോട്ടു്, ദേവകീനരിക്കാട്ടിരി തുടങ്ങിയവർ അക്കാലത്തു രംഗത്തു പ്രവൎത്തിച്ചിരുന്നെങ്കിലും സംഘടിതമായ ഒരു രൂപം പ്രവൎത്തനത്തിന്നു കൈവന്നില്ല. പക്ഷേ വിദ്യാസമ്പന്നകളായ തലമുറ വളൎന്നുവരുന്നുണ്ടായിരുന്നു.

"യോഗക്ഷേമസഭയുടെ ഉദ്ദേശങ്ങളെല്ലാം സാധിച്ചുകഴിഞ്ഞു. ഇനിയും അതിനെ താലോലിക്കണമെന്നു പറയുന്നതു

മൃതദേഹത്തെ ആലിംഗനംചെയ്യണമെന്നു പറയുന്നതുപോലെയാണ്. നമ്പൂതിരിത്വത്തെച്ചൊല്ലിയുള്ള എല്ലാം കെട്ടിവെയ്ക്കാം........" ഇത്യാദികളായ ചിന്താഗതിയും ഗ്രൂപ്പുവടംവലികളും 'വിപ്ലവ-പരിവർത്തന'വിതണ്ഡാവാദങ്ങളും സർവ്വോപരി കർമ്മകുശലമായ നേതൃത്വത്തിന്റെ അഭാവവും കാരണം അന്തർജ്ജനങ്ങൾ സംഘടിക്കാനുള്ള പരിശ്രമങ്ങളെല്ലാം പരാജയപ്പെട്ടു. ഓങ്ങല്ലൂരിന്നുശേഷം ഒരന്തർജ്ജനസമാജം രൂപം പ്രാപിച്ചു. ശുകപുരം, പാഴൂർ, ചെപ്പ് എന്നീ വാർഷികങ്ങളൊടൊപ്പം സമ്മേളനങ്ങൾ നടന്നെങ്കിലും ഓങ്ങല്ലൂർസ്പിരിററു നശിച്ചു രംഗം വിട്ടതോടെ അന്തർജ്ജനസമാജവും ചലനരഹിതമായി.

പിന്നീട് 1137ൽ, ഒരു വ്യാഴവട്ടത്തിന്നുശേഷം തൃശ്ശൂർ നമ്പൂതിരിവിദ്യാലയത്തിൽവെച്ചു നടന്ന യോഗക്ഷേമസഭയുടെ 54-ാം വാർഷികത്തോടനുബന്ധിച്ചു വീണ്ടും അന്തർജ്ജനങ്ങളുടെ ഒരു യോഗം കൂടി.

"വിദ്യാഭ്യാസം നമ്മുടെ ജീവൻ, അന്യനുഞങ്ങൾ ഭാരമാവില്ല; പണിയെടുത്തു ജീവിക്കും, സ്ത്രീധനം ഞങ്ങളുടെ ഓഹരി" തുടങ്ങിയ മുദ്രവാക്യങ്ങളോടുകൂടി പുതിയ തലമുറയിലെ ചെറുപ്പക്കാരികളായ എതാനും നമ്പൂതിരിസ്ത്രീകൾ അതിൽ പങ്കെടുത്തു. മിസിസ് ടി. എം. പി. നമ്പൂതിരിപ്പാടിന്റെ അദ്ധ്യക്ഷതയിൽ നടന്ന ആ യോഗം പി. വി. ശ്രീദേവി (ബി. എ. ബി. ടി.—ഇപ്പോഴത്തെ നിയമസഭാസ്പീക്കർ ദാമോദരൻപോററിയുടെ പത്നി) ഉദ്ഘാടനംചെയ്തു. വടക്കേടം സി. കെ. പാർവ്വതി (എം. എ. ബി. ടി.) മിസിസ് ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാട്, മിസിസ് കുറൂർശങ്കരൻനമ്പൂതിരിപ്പാട്, കൂടലാററുപുറം ടി. എം. ശ്രീദേവി (ബി. എ.), മിസിസ് എം. പി. ഭട്ടതിരിപ്പാട്, ഒളപ്പമണ്ണ ശ്രീദേവി അന്തർജ്ജനം, നെന്മിനിമംഗലംപാർവ്വതി, ചെറുപ്പൊയിലം സി. സാവിത്രിഅന്തർജ്ജനം, കെ. സി. സാവിത്രി, സി. സതീദേവി, എൻ. എം. ശാന്ത, മങ്ങാട്ടു സര

സ്വാതിഅന്തൎജ്ജനം, മിസിസ് പനയിൽസുബ്രഹ്മണ്യൻനമ്പൂതിരിപ്പാട്, മടങ്ങർളി എം. പി ശ്രീദേവി, എം. ആർ. സാവിത്രി, പി. ദേവകി, പടിഞ്ഞാറെടത്തു ശ്രീദേവി, തൃക്കടീരിഗൗരി, മിസിസ് മങ്കോരുനാരായണൻനമ്പൂതിരി തുടങ്ങി ധാരാളം അന്തൎജ്ജനങ്ങൾ അതിൽ പങ്കെടുത്തു. യോഗക്ഷേമസഭാപ്രവൎത്തകരായിരുന്ന ചിററൂർകുഞ്ഞൻനമ്പൂതിരിപ്പാട്, സി. കെ. നമ്പൂതിരി, എൻ. എം. ദാമോദരൻനമ്പൂതിരി എന്നിവർ അവൎക്ക് ആവശ്യമായ നിൎദ്ദേശങ്ങൾ നല്കിയിരുന്നു.

ആ യോഗം സജീവമായിരുന്നു. "അന്തൎജ്ജനത്തിന്റെ ഇന്നത്തെ സ്ഥിതി" എന്ന വിഷയത്തെ പുരസ്കരിച്ച് ടി. എം. ശ്രീദേവി (ബി. എ.) ചൎച്ചാപ്രബന്ധം അവതരിപ്പിച്ചു. സി. കെ. പാൎവ്വതി (എം. എ ബി. ടി.) യോഗത്തിൽ വായിച്ച ഉജ്ജ്വലമായ പ്രബന്ധം നമ്പൂതിരിസ്ത്രീകളുടെ താല്ക്കാലികനിലയിലേയ്ക്കു വെളിച്ചം വീശുന്നതായിരുന്നു.

നമ്പൂതിരികന്യകമാൎക്കു വിദ്യാഭ്യാസം നിഷിദ്ധമല്ലാതായി. പരിഷ്കൃതവേഷംധരിക്കൽ ഒരു പ്രശ്നമല്ലാതായി. പക്ഷേ അതോടൊപ്പം മററു പല ദൗൎബ്ബല്യങ്ങളും കടന്നുകൂടി. പഠിക്കുന്നതും പഠിപ്പിക്കുന്നതും ഒരലങ്കാരമെന്ന നില വന്നു. ഒരു വരനെ സമ്പാദിക്കാനുള്ള പ്രയത്നത്തിന്റെ ഭാഗം. വല്ലവിധവും 10-ാം ക്ലാസുവരെ ഉന്തിക്കയററും. കഴിഞ്ഞു. പിന്നെ രക്ഷിതാക്കൾ കമ്പോളത്തിൽ കറങ്ങലായി. "എന്തായാലെന്താ, അടുക്കളയിൽ കൊള്ളിയുന്തലല്ലേ ഭാവിയിൽ........പിന്നെന്തിനു കൂടുതൽ പഠിപ്പിക്കണം?...." ഇതാണ് മനോഭാവം. പിന്നെ ബിരുദധാരികളും ഇടത്തരക്കാരുമായ യുവാക്കൾക്കു ബിരുദസമ്പാദിച്ച വധുവിനെ അത്ര നോട്ടമില്ലത്രേ. അപ്പോൾ കമ്പോളത്തിൽ മെച്ചം പോരാ........ഇതെല്ലാം കാരണം വിദ്യാഭ്യാസം സ്വാശ്രയശീലത്തിലേയ്ക്കു നയിക്കുന്നതാണെന്ന ബോധംതന്നെയില്ല. ഉപരിവിദ്യാഭ്യാസം നേടാനും സ്വന്തംകാലിൽ മററുള്ളവൎക്കു

ഭാരമാവാതെ നില്ക്കാനും ഉള്ള മനോഭാവമില്ല........നമ്പൂതിരി സ്ത്രീ തൊഴിലിൻെറ മാഹാത്മ്യം ഉൾക്കൊള്ളണം. കുടിൽവ്യവ സായങ്ങളിൽ വ്യാപൃതരാവണം, തുടങ്ങി ചില പരിപാടികൾ യോഗം ആവിഷ്കരിച്ചു. പ്രവത്തനത്തിന്നു് ഒരു കമ്മിററിയും രൂ പീകരിച്ചു.

ഒ. എം. സി. ഉമഅന്തർജ്ജനത്തിൻെറ അധ്യക്ഷതയിൽ അടുത്ത വഷം ഗുരുവായൂർവെച്ചു് അന്തർജ്ജനസമാജവാഷികം എറണാകുളം മഹാരാജാസ് കോളേജ് കെമിസ്ട്രി ലക്ചറർ ടി ജി. ഭാർഗ്ഗവിഅന്തർജ്ജനം ഉദ്ഘാടനം ചെയ്തു. സി. കെ. പാർവ്വ തി (എം. എ. ബി. ടി.) എം. എ. ലീലഅന്തർജ്ജനം, മള്ളി യൂർ ഉമഅന്തർജ്ജനം തുടങ്ങിയവർ അതിൽ സജീവമായി പ ങ്കെടുത്തു. എൻ. ഇ. എസ്സ്. ബ്ലോക്കുകളുടെയും മററും സഹകര ണത്തോടെ അംബർചക്രാകേന്ദ്രങ്ങൾ ആരംഭിക്കാനും മററും പരിപാടികൾ ആവിഷ്കരിച്ച റിപ്പോട്ട് സി. കെ. പാർവ്വതി അ വതരിപ്പിച്ചു. നമ്പൂതിരിസ്ത്രീകളുടെ അഭിവൃദ്ധിക്കായുള്ള അഞ്ചി നപരിപാടികളിൽപ്പെട്ടതായിരുന്നു അതു്. 1962ൽ ലക്കിടി യിലും തോട്ടറയിലും നീലമംഗലത്തും ഈശപരമംഗലത്തും വെ ള്ളിനേഴിയും കാറൽമണ്ണയും ഒററപ്പാലത്തും കുമാരനെല്ലൂരും തിരുവില്വാമലയിലും രായിരനെല്ലൂരും ശ്രീകൃഷ്ണപുരത്തും അ ന്തർജ്ജനസമാജത്തിൻെറ ശാഖകൾ സ്ഥാപിച്ചു. തൊഴിൽജീവി തം ആരംഭിക്കാനുള്ള പല പരിപാടികളും നടപ്പാക്കി. ബി രുദധാരിണികളും ജോലിക്കാരുമായ പലരും യോഗങ്ങളിൽ പങ്കെടുത്തു. മള്ളിയൂർവിനോദം (ഒരു നമ്പൂതിരിസ്ത്രീ) എഴുതിയ 'സ്ത്രീധനം' എന്ന പ്രഹസനം ഗുരുവായൂർസമ്മേളനത്തിൽ അന്തർജ്ജനങ്ങൾ തന്നെ അവതരിപ്പിച്ചു. അന്തർജ്ജനസ മാജം നടത്തിയ ഒരു നാടകമത്സരത്തിൽ സമ്മാനാർഹമാ യതായിരുന്നു പ്രസ്തുതപ്രഹസനം. സ്ത്രീധനത്തെ ഒരു ലേലം വിളിയാക്കുന്ന പ്രവണതയ്ക്കെതിരെ പെൺകുട്ടികൾതന്നെ ശബ്ദമുയർത്തുന്നതായിരുന്നു അതു്.

അങ്ങനെ യോഗക്ഷേമസഭ നിത്തിയേടത്തുനിന്നു് അന്തർജ്ജനങ്ങൾ ആരംഭിച്ചു. അവർക്കു ഗണ്യമായ പലതും ചെയ്യാൻ കഴിഞ്ഞു. നമ്പൂതിരിസ്ത്രീകളുടെ വിവാഹപ്രശ്നം ഇന്നും ഒരു കീറാമുട്ടിയായിക്കിടക്കുന്നുണ്ടെങ്കിൽ അതിനു കാരണം സാമ്പത്തികമാണു്. മാനസികദൗർബല്യം അവളെ കൈവെടിയാത്തിടത്തോളം, ജീവിതാവലംബം വിവാഹംമാത്രമാണെന്ന ബോധത്തിൽനിന്നു മുക്തമാവാത്തിടത്തോളം, അതവശേഷിക്കും. തൊഴിലെടുത്തു മററുള്ളവർക്കു ഭാരമാവാതെ ജീവിക്കാനുള്ള ചങ്കുറപ്പ് അവൾ നേടിയേതീരൂ. ഈ വഴിക്കാണു് അന്തർജ്ജനസമാജത്തിന്റെ പ്രവർത്തനം.

ജീവിതകാലംമുഴുവൻ സമുദായപ്രവർത്തനത്തിനും ചരിത്രഗവേഷണത്തിന്നുമായി ഉഴിഞ്ഞുവെച്ച വിദ്യാസമ്പന്നരായ നമ്പൂതിരിമാരുടെ (അന്തർജ്ജനങ്ങളുടെയും) സി. കെ. മാഷ്ഷായ സി. കെ. നമ്പൂതിരിയുടെ സന്ദർഭോചിതമായ സഹകരണവും ഉപദേശവും അന്തർജ്ജനസമാജത്തിന്റെ പ്രവർത്തനങ്ങളെ മുന്നോട്ടു കൊണ്ടുപോകാൻ വളരെ സഹായിക്കുന്നുണ്ടു്. സമാജപ്രവർത്തനത്തിന്നു മുന്നോട്ടുവരുന്ന സ്ത്രീകൾ നമ്പൂതിരിവിദ്യാലയത്തിന്റെയും വിദ്യാർത്ഥിനീസദനത്തിന്റെയും പടികൾ കടന്നു വിദ്യാസമ്പന്നകളായവരാണെന്നതു യോഗക്ഷേമസഭയുടെയും വിദ്യാലയത്തിന്റെയും പ്രവർത്തകർക്കു് അഭിമാനാവഹമാണു്—വിദ്യാലയം നിലനിർത്താൻ ത്യാഗപൂർവ്വം യത്നിച്ചവർക്കു പ്രത്യേകിച്ചും.

## ചൈതന്യധന്യമായ പൊതുജീവിതം

സമുദായപ്രവർത്തനം ഒരതിർത്തിവരെ പൊതുപ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു. വിശാലാശയനായ ഒരു സമുദായപ്രവർത്തകനു പൊതുപ്രവർത്തനത്തിൽനിന്നു് ഒഴിഞ്ഞുനില്ക്കുക അശക്യമാണു്. മററുസമുദായങ്ങളുമായി സൗഹാർദ്ദം പുലർത്തി,

അവരുടെ താത്പര്യങ്ങളുമായി ഒരിക്കലും സംഘഷത്തിനിടവ ത്താതെ, വിശാലമായ ഒരടിസ്ഥാനത്തിലാണു് യോഗക്ഷേമസഭ പ്രവത്തിച്ചിരുന്നതു്.

1113-ൽ കൊച്ചിനിയമസഭയിലേയ്ക്കു് ഊരകംനിയോജ കമണ്ഡലത്തിൽനിന്നു് എതിരില്ലാതെയാണു് കുഞ്ഞൻനമ്പൂതി രിപ്പാടു തിരഞ്ഞെടുക്കപ്പെട്ടതു് എന്ന കാര്യംതന്നെ അദ്ദേഹത്തി ൻെറ പൊതുപ്രവത്തനവ്യഗ്രതയ്ക്കു തെളിവാണു്. തുടന്നു 6 വ ഷം അദ്ദേഹം നിയമസഭാസാമാജികനായിരുന്നു. സമുദായപ്ര സ്ഥാനത്തിന്നു വീറും ചൈതന്യവും നല്കാൻ ആ സ്ഥാനം ഉപയോ ഗപ്പെടുത്തിയെങ്കിലും തന്നെ സാമാജികനാക്കിയുയത്തിയ നി യോജകമണ്ഡലത്തോടും കൊച്ചുകൊച്ചിയോടും അദ്ദേഹം നീതി പ്രവർത്തിച്ചു. എത്ര ഉദാഹരണങ്ങൾ വേണമെങ്കിലുമുണ്ടു്. രാജാ ധികാരം നിലവിലുണ്ടായിരുന്ന അക്കാലത്തു ചെയ്യാവുന്നതി ൻെറ പരമാവധി ചെയ്തു എന്നുതന്നെ പറയാം.

1938-ൽ കൊച്ചിയിൽ ഒരു ഭരണപരിഷ്കാരം പ്രഖ്യാപി ച്ചിരുന്നു. 1919-ലെ ഇന്ത്യാഗവമ്മേണ്ടുനിയമമനുസരിച്ചു ബ്രി ട്ടീഷിന്ത്യൻസംസ്ഥാനങ്ങളിൽ നടപ്പാക്കിയ ദ്വിഭരണസമ്പ്ര ദായത്തിൻെറ മാതൃകയിലായിരുന്നു അതു്. നിയമസഭയിൽ ഭൂ രിപക്ഷത്തിൻെറ പിന്തുണയുള്ളാളെ ഗ്രാമോദ്ധാരണമന്ത്രിയാ ക്കും. നിരുപദ്രവമായ ചില വകുപ്പുകളും ആ മന്ത്രിക്കു നല്കും.

തിരഞ്ഞെടുപ്പിൽ കൊച്ചിൻകോൺഗ്രസ്സ്, സ്റ്റേററ്കോൺ ഗ്രസ്സ് എന്നീസംഘടനകൾ സ്ഥാനാത്ഥികളെ നിത്തി മത്സരി ച്ചു. കൊച്ചിൻകോൺഗ്രസ്സിന്നു 13 സ്ഥാനങ്ങൾ കിട്ടി. ഏററ വും വലിയ ഒററക്കക്ഷി. 1938 ജൂൺമാസത്തിൽ ഒന്നാമത്തെ 'ജനകീയഗ്രാമോദ്ധാരണമന്ത്രി'യായി കൊച്ചിൻകോൺഗ്രസ്സ് നേതാവു് അമ്പാട്ടു ശിവരാമമേനോൻ നിയമിതനായി. രണ്ടു മാസത്തിന്നുശേഷം അദ്ദേഹം നിര്യാതനായപ്പോൾ, ഡോ: എ.

ആർ. മേനോൻ മന്ത്രിയായി. 1942 ഫെബ്രുവരിയിൽ അദ്ദേഹം രാജിവെച്ചു. പിന്നീടു ടി. കെ. നായർ മന്ത്രിയായി. 1945 ജൂലായി 11-ാംനു-വരെ തുടൎന്നു. (അന്നു യുദ്ധപരിതസ്ഥിതിയിൽ നിയമസഭയുടെ കലാവധി നീട്ടിയിരുന്നു).

നിയമസഭാസാമാജികനായിരുന്ന ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാടു കൊച്ചിൻകോൺഗ്രസ്സ് അംഗമായിരുന്നു. ചേപ്പിൽ സ്ഥാപിച്ച ഗ്രമോദ്ധാരണകേന്ദ്രം ഇന്ത്യയിൽത്തന്നെ അത്തരത്തിൽ ഒന്നാമത്തെയാണെന്നു പറയാം. ഇപ്പോൾ സംസ്ഥാനത്തിൻെറ വിവിധഭാഗങ്ങളിൽ രൂപംകൊണ്ടിട്ടുള്ള വ്യവസായഎസ്റ്റേററുകളുടെ മാതൃകതന്നെ ആ ഗ്രാമോദ്ധാരണകേന്ദ്രമായിരുന്നു. ചെറുകിടകുടിൽവ്യവസായസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനുതകുന്ന ഗ്രാമോദ്ധാരണകേന്ദ്രം ചേപ്പിൽ സ്ഥാപിച്ചതിൻെറ പിന്നിലുള്ള കൎമ്മശക്തി കുഞ്ഞൻനമ്പൂതിരിപ്പാടിൻേറതായിരുന്നു. കേന്ദ്രം സ്ഥിതിചെയ്യുന്ന 15 ലധികം ഏക്കർ വരുന്ന സ്ഥലം നമ്പൂതിരിപ്പാടിൻെറ വകയായിരുന്നു. അതിന്നു വൃക്ഷ-ചമയാദികളുടെ വിലയടക്കംനാമമാത്രമായ ഒരു സംഖ്യ വാങ്ങി അദ്ദേഹംകേന്ദ്രത്തിന്നു വിട്ടുകൊടുത്തു—ഏകദേശം ഏക്രക്കു 100കഇന്നു് അത്രയും സ്ഥലത്തിന്നു 5 ലക്ഷത്തിലധികം ഉറുപ്പിക സാധാരണനിരക്കനുസരിച്ചു വില വരും.

ഗ്രാമോദ്ധാരണകേന്ദ്രം ചേപ്പിൻെറ സാമൂഹിക-സാമ്പത്തികജീവിതത്തിൽ ഗണ്യമായ മാററം വരുത്തി. ഗ്രാമീണ-കുടിൽവ്യവസായികളെ ഏകോപിപ്പിച്ചു പരിഷ്കൃതരീതിയിൽ അവ സംഘടിപ്പിച്ചു. നിരവധിപേർക്കു ജീവിതമാൎഗ്ഗമായ തൊഴിൽപരിശീലനം ലഭിച്ചു. കാർഷികജീവിതത്തിന്നുതന്നെ നവ്യമായ ഉത്തേജനം സിദ്ധിച്ചു. കൊച്ചിരാജ്യത്തിൻെറ അന്നത്തെ സ്ഥിതി വെച്ചുകൊണ്ടു വിലയിരുത്തുമ്പോൾ വമ്പിച്ച ഒരു നേട്ടമായിരുന്നു അതു്.

തുടൎന്നു 1944-ൽ ചേപ്പ്ഗ്രാമോദ്ധാരണകേന്ദ്രത്തിൽവെച്ചു് ഒരു അഖിലകൊച്ചിവ്യവസായിക-കാർഷിക-വിദ്യാഭ്യാസപ്രദൎശനവും ഒരു കന്നുകാലിപ്രദൎശനവും മത്സരവും സംഘടിപ്പിച്ചു. അതിന്റെ സംഘാടകനും പ്രദൎശനക്കമ്മിററിപ്രസിഡണ്ടും എം. എൽ. സി. യായിരുന്ന കുഞ്ഞൻനമ്പൂതിരിപ്പാടായിരുന്നു. ഇന്നു ജില്ലകൾതോറും അത്തരം പ്രദൎശനങ്ങൾ സംഘടിപ്പിക്കുന്നുണ്ടു്, ബ്ളോക്കുകൾതോറും കന്നുകാലിമത്സരങ്ങൾ നടക്കുന്നുണ്ടു് എന്നതുകൊണ്ടു് അതു സൎവ്വസാധാരണമായി തോന്നാം. പക്ഷേ അന്നു് ഇത്തരം ഒരു പ്രദൎശനം അഭൂതപൂൎവ്വമായിരുന്നു. ഇന്നത്തെ ബ്ളോക്കുപ്രവൎത്തനങ്ങളുടെ പ്രാരംഭരൂപം അതിൽ കാണാം.

ഇന്നു ചേപ്പിന്നു ചുററും ഒരു കുടിൽവ്യവസായനഗരം അനുക്രമമായി രൂപംകൊണ്ടുവരുന്നുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനമിട്ടതു കാൽനൂററാണ്ടിന്നുമുമ്പു സ്ഥാപിച്ച ഗ്രാമോദ്ധാരണകേന്ദ്രമാണു്. പുറമേ ഒരാശുപത്രി, രജിസ്ട്രാഫീസ്, പോസ്റ്റ് സബ്ബ്ഓഫീസ്, മൃഗാശുപത്രി തുടങ്ങിയവയെല്ലാം അവിടെയുണ്ടു്. ഇതെല്ലാം നമ്പൂതിരിപ്പാടു നിയമസഭാസാമാജികനായിരുന്ന കാലത്താണു്.

അഖിലകൊച്ചിറോഡുകമ്മിററിയിലംഗമായിരുന്ന അദ്ദേഹം കൊച്ചിയിൽ പിന്നീടു തെളിഞ്ഞുവന്ന നിരവധി റോഡുകൾക്കു രൂപംകൊടുക്കുന്നതിൽ നിൎണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ടു്. നിരവധി കൃഷിക്കാർക്കു സഹായകമായി തീൎന്നിട്ടുള്ള ചേനംറോഡ്, വളരെ ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്ന കോന്തിപുലംറോഡ്, എറണാകുളം ജില്ലയിലെ നിരവധി റോഡുകൾ—ഇവ അന്നു രൂപം പ്രാപിച്ചതാണു്. ഉദാഹരണത്തിന്നു വേണ്ടി ചിലതു പറഞ്ഞതാണു്.

അയിത്തം കുററകരമാക്കാനാവശ്യപ്പെട്ടുകൊണ്ടു് അന്നു നിയമസഭയിൽ കെ. ആർ. വിശ്വംഭരൻ അവതരിപ്പിച്ച ഒരനൗ

ദ്യോഗികബില്ലിനെ അനുകൂലിച്ചുകൊണ്ടു കുഞ്ഞൻനമ്പൂതിരിപ്പാടു പുരോഗമനവാദികളെപ്പോലും അത്ഭുതപ്പെടുത്തിയിട്ടുണ്ട്.

ചേപ്പിൽ 1103-ൽ സ്ഥാപിച്ച ഭഗവതിവിലാസം കമ്പനി (ലിമിററഡ്)യുടെ മാനേജിങ്ഡയരക്ടരായി 15 വർഷവും പെരിങ്ങോട്ടുകരവ്യവസായബാങ്കുഡയരക്ടരായും ബോർഡുചെയർമാനായും 12 വർഷവും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പിന്നീട് അതു തൃശ്ശൂർധനലക്ഷ്മിബാങ്കിൽ ലയിച്ചു. ഇപ്പോൾ ധനലക്ഷ്മിബാങ്കുഡയരക്ടറാണ്.

കേരളത്തിലെ അച്ചടിശാലകളിൽ പഴക്കത്തിലും പ്രശസ്തിയിലും മുൻപന്തിയിൽ നില്ക്കുന്ന മംഗളോദയ(പ്രൈവററ്) ലിമിററഡിന്റെ അസ്തിത്വത്തിൽ പ്രമുഖമായ പങ്കു നമ്പൂതിരിപ്പാടു വഹിച്ചിട്ടുണ്ടെന്ന കാര്യം അധികമാരും ശ്രദ്ധിച്ചിട്ടുണ്ടാവില്ല. യോഗക്ഷേമംകമ്പനിയുടെ കീഴിലായിരുന്ന ആ സ്ഥാപനം നാമാവശേഷമാകുമെന്ന ഘട്ടം വന്നപ്പോൾ എ. കെ. ടി. കെ. എം. വാസുദേവൻനമ്പൂതിരിപ്പാട്, ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാട്, ചേലൂർ ഇട്ടിരവിനമ്പൂതിരി എന്നിവർ ചേന്നു് എല്ലാ ആസ്തിബാധ്യതകളോടുംകൂടി, യോഗ്യഭാഗ്യസഹിതം കോടതിയിൽനിന്നു ലേലംവഴി ഏറെറടുക്കുകയും 1116-ൽ (1941) മംഗളോദയം ലിമിററഡ് എന്ന സ്ഥാപനം പുനരാരംഭിക്കുകയും ചെയ്തു. തുടന്നു 25 വർഷം അതിന്റെ ഡയറക്ടരുമായിരുന്നു.

വിപുലമായ അദ്ദേഹത്തിന്റെ പ്രവൎത്തനമണ്ഡലത്തിൽ ഇത്തരം നിരവധി കാര്യങ്ങൾ നിരത്തിവെയ്ക്കാനുണ്ട്. കാർഷികമേഖലയിലും അതു വ്യാപിച്ചുകിടക്കുന്നു. 'പണിയെടുത്തു ജീവിക്കുക' എന്ന യോഗക്ഷേമസഭയുടെ മുദ്രാവാക്യം അദ്ദേഹം സ്വയം പ്രാവൎത്തികമാക്കിയെന്നൎത്ഥം. ശാസ്ത്രീയരീതിയിൽ സ്വന്തമായി കൃഷിചെയ്തിരുന്നതിന്നുപുറമെ 450-ൽ അധികം

ഏക്കർവരുന്ന ചേനംകോൾപടവിൽ കൃഷിക്കാർക്കുവേണ്ടി വമ്പിച്ച സേവനമാണദ്ദേഹം ചെയ്തിട്ടുള്ളതു്. ഇന്നും നിർവ്വഹിച്ചു വരുന്നതു്. കോൾവെള്ളംവററിക്കൽ, മാട്ടംമാടൽ തുടങ്ങിയ പണികൾ മുൻകൂറായി അദ്ദേഹമാണു് നിർവ്വഹിച്ചിരുന്നതു്. 1141 മുതൽ അവിടെ ഇരുപ്പൂ കൃഷിയും (കട്ടംകൃഷി) ശാസ്ത്രീയ രീതിയിൽ വിജയകരമായി നടത്തിവരുന്നു.

1957-ൽ അന്നത്തെ കേരളസർക്കാർ കാർഷികബന്ധബിൽ അവതരിപ്പിച്ചപ്പോൾ ഉളവായ അനിശ്ചിതത്വത്തെ മുൻനിത്തി 'കേരളത്തിൽ ഭൂവുടമാവകാശങ്ങൾക്കു സമൂലമായ ഒരു പരിവത്തനത്തിൻെറ ആവശ്യകത' എന്ന ഒരു ലഘുലേഖ കുഞ്ഞൻനമ്പൂതിരിപ്പാട്ട ഗവമ്മെണ്ടിൻെറ പരിഗണനയ്ക്കായി അടിച്ചിറക്കുകയുണ്ടായി. ഭൂപരിഷ്കരണത്തിന്നു സമഗ്രവും സമാധാനപരവുമായ ഒരു പദ്ധതിയെന്ന നിലയിൽ കേരളത്തിലെ മിക്ക പത്രങ്ങളും അതു പ്രസിദ്ധീകരിച്ചു. 'ചിററവർപ്ലാൻ' എന്നു് അന്നു പ്രസിദ്ധിയാജ്ജിച്ച ആ പദ്ധതി തികച്ചും പ്രായോഗികവും പരിഗണനാഹ്വുമാണെന്നു 'മാതൃമി'യും മററു പല പത്രങ്ങളും മുഖപ്രസംഗങ്ങളെഴുതുകയുണ്ടായി. പാട്ടവ്യവസ്ഥ നിശ്ശേഷം അവസാനിപ്പിച്ചു് ഉത്പാദനം വർദ്ധിപ്പിക്കാനുതകുന്ന സമഗ്രവും സമാധാനപരവുമായ നിർദ്ദേശങ്ങൾ അതിലടങ്ങിയിരുന്നു. അന്നത്തെ ഗവമ്മേണ്ടു് അതു പരിഗണിക്കുകയുണ്ടായില്ലെങ്കിലും പിന്നീട്ട പി. ടി. ചാക്കോ അവതരിപ്പിച്ചു പാസ്സാക്കിയ ഭൂപരിഷ്കരണനിയമത്തിൽ താത്വികമായി 'ചിററവർപ്ലാനി'ലെ ചില വശങ്ങൾ ഉൾക്കൊള്ളിച്ചതായിക്കാണാം.

1945-ൽ കൊച്ചിയിൽ നടന്ന തിരഞ്ഞെടുപ്പിൽ പ്രജാമണ്ഡലം സ്വന്തം സ്ഥാനാത്ഥികളെ നിത്തി മത്സരിച്ചു. 19സ്ഥാനാത്ഥികളെ നിത്തിയതിൽ 12 പേർ വിജയിച്ചു. 1938-ലെ ഹരിപുരപ്രമേയത്തിൻെറ വെളിച്ചത്തിൽ 1941 ജനുവരി

26-ാംനു തൃശ്ശൂർവെച്ചു സി. കുട്ടൻനായരുടെ അധ്യക്ഷതയിൽ 'കൊച്ചിരാജ്യപ്രജാമണ്ഡലം' രൂപംകൊണ്ടിരുന്നു. എസ്സ്. നീലകണ്ഠയ്യർ പ്രസിഡണ്ടും വി. ആർ. കൃഷ്ണനെഴുത്തച്ഛൻ ജനറൽസിക്രട്ടറിയും ജി. എസ്സ്. ധാരാസിങ്ങ് ജോ: സിക്രട്ടറിയുമായിരുന്നു. 1942-ലെ 'ക്വിററിന്ത്യാ'പ്രമേയത്തെ തുടർന്നു നേതാക്കളെല്ലാം തടവിലായി. അന്നു ഗ്രാമസേവാസംഘം എന്ന പേരിലാണ് പ്രവത്തിച്ചതു്.

ഈ പരിതസ്ഥിതിയിലാണ് ജയിൽവിമോചിതരായ പ്രജാമണ്ഡലംനേതാക്കൾ 12 സ്ഥാനങ്ങൾ നേടിയതു്. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ, പനമ്പിള്ളിഗോവിന്ദമേനോൻ, പുഴങ്കര ശങ്കരമേനോൻ, പി. കുമാരനെഴുത്തച്ഛൻ, പൂത്തൂർ അച്യുതമേനോൻ, എം. കെ. രാജാ, പി. കെ. പോൾ, സി. എസ്സ്. പണിക്കർ, പി. ടി. ജെയ്ക്കബ്, ജി. എസ്സ്. ധാരാസിങ്ങ്, എം. ഐ. പോൾ, പി. മാണി എന്നിവർ അന്നു പ്രജാമണ്ഡലംടിക്കററിൽ നിയമസഭയിൽ പ്രവേശിച്ചു. സ്ഥാപിതതാത്പര്യക്കാരുടെയും പിന്തിരപ്പൻമാരുടെയും ശക്തിയായ എതിൎപ്പിനെ നേരിടേണ്ടിവന്ന പ്രജാമണ്ഡലത്തെ, മുന്നണിയിൽനിന്നല്ലെങ്കിലും, കറകളഞ്ഞ ദേശാഭിമാനിയായ നമ്പൂതിരിപ്പാടു സഹായിച്ചിരുന്നു. പ്രജാമണ്ഡലത്തിൻെറ ഒരു എളിയ പ്രവത്തകനായിരുന്ന എനിക്ക് അതു വ്യക്തമായി അറിയാം. പൂത്തൂർ അച്യുതമേനോൻെറ വിജയത്തിന്നു പ്രധാനകാരണക്കാരൻ നമ്പൂതിരിപ്പാടായിരുന്നു എന്നു ഞാൻ പറയുമ്പോൾ അതാരെയും താഴ്ത്തിക്കെട്ടാനല്ല, ഒരു സത്യം പറഞ്ഞു എന്നേയുള്ളു. വിനോബായുടെ ഭൂദാനപ്രസ്ഥാനത്തിലേയ്ക്കു 50-ൽപരം എക്കർ ഭൂമി അദ്ദേഹം സംഭാവനചെയ്തിട്ടുണ്ടു്.

കൊച്ചിയിൽ ഖാദിപ്രസ്ഥാനം ആദ്യമായി ഉടലെടുത്തതും ഉത്പാദനമാരംഭിച്ചതും അവണിശ്ശേരിയിലാണ്. 1930-ലാണെന്നാണോൎമ്മ, ഖാദിപ്രചരണത്തിന്നു കൊച്ചിഖാദിട്രസ്റ്റ് എ

എന്ന ഒരു സംഘടന രൂപം പ്രാപിച്ചു. കൊച്ചിഖാദിട്രസ്റ്റിന്റെ സ്ഥാപകാംഗങ്ങളിൽ ഒരാളാണു് കുഞ്ഞൻനമ്പൂതിരിപ്പാടു്. കെ. പി. മാധവൻനായർ, ആർ. കൃഷ്ണയ്യർ (ടാററാമാനേജർ), കുറൂർ നീലകണ്ഠൻനമ്പൂതിരിപ്പാടു്, വി. ആർ. കൃഷ്ണനെഴുത്തച്ഛൻ എന്നിവരായിരുന്നു മററംഗങ്ങൾ. പിന്നീടു Kerala-Khadi & Village Inpustries association എന്ന സംഘടനയിൽ അതു ലയിച്ചു. ഇന്നും അതിലെ ഒരു സജീവാംഗമാണദ്ദേഹം.

ഔദാര്യപൂർവ്വമായ സഹകരണം പ്രതീക്ഷിച്ചു് ആത്മാർത്ഥതയോടുകൂടി തന്നെ സമീപിക്കുന്നവരെയൊന്നും അദ്ദേഹം നിരാശരാക്കാറില്ല. തന്റെ കഴിവിന്റെ പരമാവധി ചെയ്യും. നമ്പൂതിരിസ്ത്രീകളുടെ അഭിവൃദ്ധിയെ സാരമായി ബാധിക്കുന്നതാണു് അവരുടെ വിവാഹപ്രശ്നം. വിദ്യാഭ്യാസം കുറെയൊക്കെ സാർവ്വത്രികമായിട്ടുള്ള ഇന്നും അതൊരു കീറാമുട്ടിയായി അവശേഷിക്കുന്നു. ഒരുപക്ഷേ അതുകൊണ്ടാവാം, വൈവാഹികവിഷമതകളുമായി സമീപിക്കുന്ന രക്ഷിതാക്കളെ അവരുടെ പ്രശ്നങ്ങൾ ലഘൂകരിക്കാൻ പ്രത്യേകിച്ചും അദ്ദേഹം മുന്നോട്ടു വരാറുണ്ടു്. ഒരു സുഹൃത്തു തന്റെ അനുഭവം വിവരിച്ചതിങ്ങനെയാണു്:

"എന്റെ ഒരു പുത്രിയുടെ വിവാഹം തീരുമാനിച്ചു. സ്ത്രീധനമായി നല്ലൊരു സംഖ്യ വേണം. എങ്ങനെയും ഉണ്ടാക്കാമെന്ന പ്രതീക്ഷ ഫലിച്ചില്ല. ദിവസം അടുത്തപ്പോൾ ഞാൻ പരിഭ്രാന്തനായി. എന്തു ചെയ്യും? വിവാഹം മുടങ്ങുമോ? വാക്കു മാററാമോ? ഞാൻ നമ്പൂതിരിപ്പാടിനെ കണ്ടു വിഷമസ്ഥിതി വിവരിച്ചു. 'സ്ത്രീധനം കൊടുക്കാനില്ലാത്തതുകൊണ്ടു വിവാഹം മുടങ്ങില്ല. അതുണ്ടാക്കാം." തന്റെ ജീവിതത്തിൽ മറക്കാനാവാത്ത നിമിഷമാണിതെന്നാണദ്ദേഹം പറഞ്ഞതു്.

മധുര, തൃച്ചിനാപ്പിള്ളി, ശ്രീരംഗം തുടങ്ങി തമിഴ്നാട്ടിലെ പ്രധാനസ്ഥലങ്ങളിൽ നടത്തിയ ഒരു യാത്രയിൽ അദ്ദേഹത്തോ

ടൊപ്പമുണ്ടായിരുന്ന അമ്പലപ്പിള്ളി ആര്യൻനമ്പൂതിരി ഒരു സംഭവം വിവരിക്കുകയുണ്ടായി: അഞ്ചാറുപേരുണ്ടായിരുന്നു യാത്രയിൽ, പൊതുവായ ചെലവിനുള്ള പണം തന്റെ കൈയിലായിരുന്നു. കാവേരിയണക്കെട്ടിൽവെച്ചാണെന്നു തോന്നുന്നു, അണക്കെട്ടിന്റെ ചെങ്കുത്തായ ഒരു ഭാഗത്തു് ഇറങ്ങിനിന്നു സ്വല്പം വെള്ളം മുക്കി മുഖം കഴുകാൻ താൻ ഇറങ്ങി. അണക്കെട്ടിലെ ജലം അടിയിലൂടെ കുത്തിപ്പാഞ്ഞൊഴുകുകയാണു്. അവിടെ കുനിഞ്ഞുനിന്നു വെള്ളമെടുക്കുന്നതാപത്കരമാണെന്നു മററുള്ളവർ താക്കീതുചെയ്തു. അതവഗണിച്ചുകൊണ്ടു വെള്ളം മുക്കാൻ താൻ കുനിഞ്ഞു. പെട്ടന്നതാ പോക്കററിലുണ്ടായിരുന്ന മടിശ്ശീല വെള്ളത്തിൽപ്പതിച്ചു. പതഞ്ഞൊഴുകുന്ന വെള്ളത്തിൽ അപ്രത്യക്ഷമാവുകയും ചെയ്തു. അതിൽ അത്ര ചെറിയ തുകയല്ലായിരുന്നു. മററുള്ളവരുടെ താക്കീതിനെ വകവെയ്ക്കാതെ പ്രവർത്തിച്ചതിന്നുള്ള ശിക്ഷ! ആ സമയത്തനുഭവപ്പെട്ട വിഷമം പറഞ്ഞറിയിക്കാൻ വിഷമമാണു്. തന്റെ മാനസികവിഷമം ഏരട്ടിപ്പിക്കുമാറു കൂടെയുണ്ടായിരുന്നവരിൽ ചിലർ പരിഹസിച്ചു; അശ്രദ്ധയെ അപലപിച്ചു. എന്തു വേണ്ടൂ എന്നറിയാതെ മൂകനായി യാത്ര തുടരുകയും ചെയ്തു. പക്ഷേ കുഞ്ഞൻനമ്പൂതിരി ഒരക്ഷരം ഉരിയാടിയില്ല. ഒരു സുഹൃത്തിന്നു പിണഞ്ഞ അബദ്ധത്തിൽ സഹതപിക്കുന്ന ഭാവം ആ മുഖത്തുണ്ടായിരുന്നു. കളഞ്ഞുപോയ സംഖ്യ കുഞ്ഞൻനമ്പൂതിരിയുടേതായിരുന്നു. എന്നിട്ടും അന്നോ അതിൽപ്പിന്നീടോ അതിനെക്കുറിച്ചൊരു സൂചനപോലും അദ്ദേഹത്തിൽനിന്നുണ്ടായില്ല. ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ യാത്ര തുടന്നു.

ഇതത്ര വലിയൊരു കാര്യമല്ലായിരിക്കാം. പക്ഷേ സുഹൃത്തുക്കളോടുള്ള പെരുമാററം വ്യക്തമാക്കാൻവേണ്ടി എടുത്തുപറഞ്ഞുവെന്നുമാത്രം.

## കലാരസികത്വവും

സാമുദായികമേഖലയിൽ പ്രവത്തനം കേന്ദ്രീകരിച്ചിരുന്ന കുഞ്ഞൻനമ്പൂതിരിപ്പാട്ടു് ഒരു കലാരസികൻകൂടിയാണു്. ജീവിതംതന്നെ ഒരു കലയാണു് എന്നു് ആലങ്കാരികമായി പറയാറുണ്ടെങ്കിലും വിശാലാശയനായൊരു വ്യക്തിക്കുമാത്രമേ കലാമമ്മജ്ഞനാകാൻ കഴികയുള്ളൂ.

ക്ഷേത്രങ്ങളുടെ നാടായ കേരളത്തിൽ അവയെ ചുററിപ്പററിയാണു് കലകൾ പരിപുഷ്ടിപ്രാപിച്ചതു്. മറെറാരു വിധത്തിൽ പറഞ്ഞാൽ ക്ഷേത്രങ്ങളാണു് കലകളെ വളത്തിയെടുത്തതു്. നൃത്ത-ഗീത-വാദ്യാദികൾ സമഞ്ജസമായി സമ്മേളിച്ചിട്ടുള്ള സങ്കേതജടിലമായ കഥകളി, കൂത്തു്, പാഠകം, തുള്ളൽ, പഞ്ചാരി,-പാണ്ടിമേളങ്ങൾ, പഞ്ചവാദ്യം—അങ്ങനെ കേരളത്തിൻെറ തനതായ കലകളെല്ലാം ദേവപ്രീതിക്കായി സമപ്പിക്കപ്പെട്ടിട്ടുള്ളവയാണു്. അതു നശിക്കാതിരിക്കുവാൻ ക്രാന്തദശികളായ പൂവ്വികാചാര്യന്മാർ അവയെ ക്ഷേത്രങ്ങളുമായി ബന്ധിച്ചതാവാം. അനുക്രമം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, കലകൾക്കു ക്ഷേത്രങ്ങളുമായുള്ള ബന്ധങ്ങൾക്കും ശൈഥില്യം സംഭവിച്ചു എന്നുമാത്രം.

മഹാകവിവള്ളത്തോൾ കേരളകലാമണ്ഡലം രൂപീകരിച്ചതുമുതൽ കുഞ്ഞൻനമ്പൂതിരിപ്പാട്ടു് അതിൻെറ പ്രവത്തനത്തിൽ ഉത്സുകനായിരുന്നു. വള്ളത്തോൾ, മുകുന്ദരാജാവു് എന്നിവരൊപ്പം അതിൽ സഹകരിച്ചു. ഗവമ്മേണ്ടംഗീകാരവും സഹായവും നേടുന്നതിന്നു പല നിവേദനങ്ങളും അദ്ദേഹം അവരോടൊപ്പം നടത്തിയിട്ടുണ്ടു്. പിന്നീടു ഗവമ്മേണ്ടു കലാമണ്ഡലംകമ്മിററിയിലംഗമായി അദ്ദേഹത്തെ നോമിനേററുചെയ്തു.

1955-ൽ കലാമണ്ഡലം അതിൻെറ രജതജൂബിലിയാഘോഷിച്ചു. പ്രധാനമന്ത്രിയായിരുന്ന പണ്ഡിററ്ജവാഹർ

ലാൽനെഹറു ഉദ്ഘാടനംചെയ്ത അതിവിപുലമായ ആ ജൂബിലിയാഘോഷത്തിൽ കെ. എം. പണിക്കരാണദ്ധ്യക്ഷതവഹിച്ചതു്. കമ്മിററിസിക്രട്ടറിമാർ ചിററർ കുഞ്ഞൻനമ്പൂതിരിപ്പാടും ഒ. എം. സി. നാരായണൻനമ്പൂതിരിപ്പാടുമായിരുന്നു.

കഥകളിയുടെ സാങ്കേതികവശത്തെക്കുറിച്ച കുറെയെല്ലാം പിടിയുള്ള അദ്ദേഹം തൃശ്ശൂർകഥകളിക്ലബ്ബിൻെറ ആരംഭംതൊട്ടു് അതിൻെറ വൈസ്പ്രസിഡണ്ടും ഇപ്പോൾ പ്രസിഡണ്ടുമാണു്.

ശാസ്ത്രീയകർണ്ണാടകസംഗീതത്തിൽ അഭിരുചിയും താത്പര്യവുമുണ്ടായിരുന്ന അദ്ദേഹം സ്വന്തം ചെലവിൽ എത്രയോ പേരെ സംഗീതം അഭ്യസിപ്പിച്ചിട്ടുണ്ടു്. ചലച്ചിത്രവേദിയിലെ ഹാസ്യനടനായ എസ്. പി. പിള്ള തുടങ്ങിയ പല പ്രശസ്ത കലാകാരന്മാരെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്. പെരുവനത്തു നടവഴിയിലെ സുപ്രസിദ്ധമായ പഞ്ചാരിമേളംവഴി മേളകലാനിധി എന്ന ബിരുദം നേടിയ പരേതനായ പെരുവനത്തു നാരായണമാരാരെ ആ നിലയിലേക്കു വളത്തിയെടുത്തതിൽ കലാരസികനായ കുഞ്ഞൻനമ്പൂതിരിപ്പാടു കാര്യമായി പങ്കു വഹിച്ചിട്ടുണ്ടു്.

നമ്പൂതിരിപ്പാടിൻെറ വക തായംകുളങ്ങരസുബ്രഹ്മണ്യക്ഷേത്രത്തിൽ മകരമാസത്തിലെ തൈപ്പൂയം സുപ്രസിദ്ധമാണു്. പഞ്ചവാദ്യം, മേളം, നാഗസ്വരം എന്നീ വിശിഷ്ടകലകളിൽ പ്രശസ്തരായ നിരവധികലാകാരന്മാർ അതിൽ പങ്കെടുക്കുക സാധാരണമാണു്. ഉത്സാഹശാലികളായ നാട്ടുകാരും അതിൽ സവ്വാത്മനാ സഹകരിക്കുന്നു.

## ഉപസംഹാരം

വളരെ ചെറുപ്പത്തിൽത്തന്നെ കുടുംബഭരണകാര്യങ്ങളിൽ ഏറ്റപ്പെടേണ്ടിവന്ന കുഞ്ഞൻനമ്പൂതിരിപ്പാടു 18-ാംവയസ്സിൽ

ത്തന്നെ വിവാഹിതനായി. അകവൂർ വാസുദേവൻനമ്പൂതിരി പ്പാടിൻെറ പുത്രിയായ പാർവ്വതി അന്തർജ്ജനമാണു് സഹധർമ്മി ണി. പറയത്തക്ക വിദ്യാഭ്യാസമൊന്നുമില്ലെങ്കിലും നമ്പൂതിരി പ്പാടിൻെറ പൊതുപ്രവർത്തനത്തിൽ സഹകരിക്കാനും സന്ദർഭ ത്തിനൊത്തുയൎന്നു മാറിവരുന്ന സാഹചര്യങ്ങൾ ഉൾക്കൊള്ളാനു മുള്ള സഹൃദയത്വം അവർ എപ്പോഴും പ്രകടമാക്കിയിരുന്നു. അഞ്ചു പുത്രന്മാരും നാലു പുത്രിമാരും അവർക്കുണ്ടു്.

മൂത്ത പുത്രൻ സി. കെ. നാരായണൻനമ്പൂതിരിപ്പാട്ടു് (ബി. എസ്സ്സി. ബി. എൽ) തൃശ്ശൂർ ബാറിൽ ഒരഡ്വക്കേററാ ണു്. ഇപ്പോൾ ബാർ അസോസിയേഷൻ ഖജാഞ്ചിയാണു്. സാഹിത്യകാരനായ ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാ ടിൻെറ പുത്രിയെയാണദ്ദേഹം വിവാഹം കഴിച്ചിരിക്കുന്നതു്. ഡിപ്ലോമാ ബിരുദധാരിയായ ദ്വിതീയപുത്രൻ വാസുദേവൻ നമ്പൂതിരിപ്പാട്ടു് എറണാകുളത്തു് ഒരു ജോലിയിൽ പ്രവേശിച്ചു വെങ്കിലും അതു രാജിവെച്ചു് ഇപ്പോൾ കുടുംബകാര്യങ്ങളിൽ പി താവിനെ സഹായിച്ചുകൊണ്ടിരിക്കുന്നു. വീണ എന്ന സംഗീ തോപകരണത്തിൽ അസാമാന്യവൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള കാഞ്ഞൂർ (ചുനങ്ങാട്ടു്) അച്ഛൻനമ്പൂതിരിപ്പാടിൻെറ പുത്രി യാണദ്ദേഹത്തിൻെറ പത്നി. മെഡിക്കലിനു പഠിച്ചിരുന്ന ശങ്ക രൻനമ്പൂതിരിപ്പാട്ടു് (മൂന്നാമത്തെ പുത്രൻ) കോഴ്സു പൂർത്തി യാക്കിക്കഴിഞ്ഞിരിക്കുന്നു. നാലാമത്തെയും അഞ്ചാമത്തെയും മക്കളായ ശ്രീകുമാരനും കൃഷ്ണനും കോളേജിൽ പഠിച്ചുകൊണ്ടി രിക്കുന്നു.

നാലു പുത്രിമാരും വിവാഹിതരാണു്. മൂത്ത പുത്രി ലീല പൂമുള്ളി നീലകണ്ഠൻ (കുഞ്ഞപ്പൻ) നമ്പൂതിരിപ്പാടിൻെറ പത്നി യാണു്. ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാടാ (കവി ഒളപ്പമണ്ണ) ണു് ദ്വിതീയപുത്രി ശ്രീദേവിയെ വിവാഹം കഴി



കുഞ്ഞൻനമ്പൂതിരിപ്പാടും കുടുംബവും.

ച്ചിരിക്കുന്നതു്. ശാന്ത, സുമ എന്നീ പുത്രിമാരെ യഥാക്രമം ഡോക്ടർമാരായ കുറൂർ ദാമോദരൻനമ്പൂതിരിപ്പാടു്, കാഞ്ഞൂർ കൃഷ്ണൻ നമ്പൂതിരിപ്പാടു് എന്നിവരും. ഡോക്ടർമാർ രണ്ടുപേരും ഗവമ്മെണ്ടു സർവീസിലാണ്. 1102 മുതൽ (അന്നു 17 വയസ്സാണ്) 1117ൽ കുടുംബത്തിലെ ഭാഗം കഴിയുന്നതുവരെ സി. എൻ. എൻ. ഹൈസ്കൂളിന്റെയും മാനേജരായിരുന്നു അദ്ദേഹം. അതിന്നുശേഷം ചിററൂർ ശങ്കരൻനമ്പൂതിരിപ്പാടാണു് സ്കൂൾമാനേജർ. അന്തരിച്ച അനുജൻ നമ്പൂതിരിപ്പാടിന്റെ മക്കളായ ശങ്കരൻനമ്പൂതിരിപ്പാടും നാരായണൻനമ്പൂതിരിപ്പാടും ചേപ്പിലും കുഞ്ഞൻനമ്പൂതിരിപ്പാടു തായംകുളങ്ങരക്ഷേത്രോപാന്തത്തിൽ പുതിയതായി നിമ്മിച്ച ഇല്ലത്തുമായി 1117ലെ ഭാഗത്തിനുശേഷം താമസം മാററി.

ഉച്ചസ്ഥനായി വത്തിക്കുന്ന സ്വപുത്രന്റെയും പൌത്രപ്രപൌത്രന്മാരുടെയും പരിലാളനയിൽ പരിതുഷ്ടയായ നമ്പൂതിരിപ്പാടിന്റെ മാതാവു നീലിഅന്തജ്ജനത്തിന്റെ ധന്യവും സഫലവുമായ ജീവിതയാത്ര ഏഴുവഷം മുമ്പു് അവസാനിച്ചു.

## രണ്ടു വാക്കുകൂടി

നമ്പൂതിരിസമുദായത്തിന്റെ പുരോഗതി പൂണ്ണമായോ? ഇല്ല. ഒരിക്കലുമില്ല. പുരോഗതി ഒരിക്കലും പൂണ്ണമാവില്ല. പൂണ്ണതയ്ക്കുള്ള ദാഹം സമൂഹത്തെ അലട്ടിക്കൊണ്ടിരിക്കും. ലക്ഷ്യനിദ്ദേശം നല്കുന്ന പ്രകാശഗോപുരം സദാ ചക്രവാളത്തിൽ ജ്വലിച്ചുകൊണ്ടിരിക്കും. പുതിയ സാഹചര്യങ്ങളും മൂല്യങ്ങളുമായി താദാത്മ്യം പ്രാപിക്കുമ്പോൾ പുതിയ പ്രശ്നങ്ങളും ഉത്ഭവിക്കുന്നു. മേഖലകൾ വിസ്തൃതമായിക്കൊണ്ടിരിക്കുകയാണു്. അതങ്ങനെ ആയിരിക്കുകയും ചെയ്യും. വഷങ്ങളുടെ ശവക്കല്ലറകളിൽനിന്നു് അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളു

ടെയും ആത്മാവുകൾ എഴുന്നേററുവന്നു് ആത്മാർത്ഥതയോടെയാണെങ്കിലും, ഇന്നും നമ്മോടു കുശലം ചോദിക്കാറുണ്ടു്. വിദ്യാഭ്യാസകാര്യങ്ങളിൽ നമ്പൂതിരി വളരെ പുരോഗമിച്ചു. ആചാരസംബന്ധമായി കാലാനുസൃതമായ പല വ്യതിയാനങ്ങളും സംഭവിച്ചു. പക്ഷേ സാമ്പത്തികരംഗത്തു് ഇന്നും അയാൾ പിന്നണിയിലാണു്. വ്യാവസായികരംഗത്തു് അഭികാമ്യമായ പുരോഗതിയൊന്നും സംഭവിച്ചുവെന്നു പറഞ്ഞുകൂടാ. പിടിച്ചുകയറാനുള്ള ഏണിയിൽ പലരും തൂങ്ങിനില്ക്കുന്നു എന്നുമാത്രം.

അപ്പോൾ സാമൂഹ്യജീവിതത്തിന്റെ ഇരുളടഞ്ഞ പെരുവഴികളിലും ഇടവഴികളിലും വിദ്യുച്ഛക്തിവിളക്കുകൾ കൊളുത്തി എന്ന അഹങ്കാരമൊന്നും യോഗക്ഷേമസഭ ഭാവിക്കുന്നില്ല. വഴി തിരിച്ചറിയാൻ ഓരോ തിരി കൊളുത്തി. അത്രമാത്രം. വെളിച്ചം അപൂർണ്ണമാണെന്നറിയാം. എങ്കിലും ആ മങ്ങിയ വെളിച്ചത്തിൽത്തന്നെ പല നേട്ടങ്ങളുമുണ്ടായിട്ടുണ്ടു്.

വിദ്യാഭ്യാസം സാർവ്വത്രികമായി. അധിവേദനം, വൃദ്ധവിവാഹം എന്നിവ തീരെ നിലച്ചു. അധ്വാനത്തിന്റെ വില മനസ്സിലാക്കി. സംബന്ധമെന്ന ദൂഷിച്ച ഏർപ്പാടു് അപ്രത്യക്ഷമായി. അന്യന്നു ഭാരമാവാതെ ജോലിയെടുത്തു ജീവിക്കുമെന്നു സ്ത്രീകളും പ്രതിജ്ഞയെടുക്കുന്നു. മൺമറഞ്ഞ 'ഭൂദേവത്വ'ത്തിന്റെ ശവപ്പറമ്പിൽ ആധുനികരീതിയിൽ കൂട്ടംകൃഷിയിറക്കാൻ നമ്പൂതിരി ശ്രമിച്ചുകൊണ്ടിരിക്കയാണു്.

ഇന്നു കോളേജുലക്ചററർമാരും സബ്കലക്റ്റർമാരുമായ അന്തർജ്ജനങ്ങളുണ്ടു്. അമേരിക്ക തുടങ്ങിയ വിദേശരാഷ്ട്രങ്ങളിൽ വിദഗ്ദ്ധപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന നമ്പൂതിരി സ്ത്രീകളുണ്ടു്; നെഴ്സുകളുണ്ടു്; ഡോക്ടർമാരുണ്ടു്. ദെൽഹിയിലെ എ. ഐ. ആറിൽ അസിസ്റ്റണ്ടു് എഡിററർമാരും പ്രമുഖപത്രങ്ങളുടെ പത്രാധിപസമിതികളിലും അറേറാമിക് എ

നർജി, ഭിലായ് ഉരുക്കുനിർമ്മാണശാല, ഡെൽഹി സിക്രട്ടേറിയററ് തുടങ്ങി വിവിധമണ്ഡലങ്ങളിലും ഇന്നു നമ്പൂതിരിമാരുണ്ടു്. കേന്ദ്രഗവൎമ്മേണ്ടിൻെറ ലാസിക്രട്ടറിതന്നെ ഇന്നു് ഒരു നമ്പൂതിരിയാണു്. അദ്ധ്യാപകന്മാർ ജഡ്ജിമാർ, ഡോക്ടർമാർ പ്രഫസർമാർ, എസ്റ്റേററ് മാനേജർമാർ, ഡി. എസ്സ്. പി.മാർ, ശാസ്ത്രജ്ഞന്മാർ, അഞ്ചുകോടി വൎഷംമുമ്പുണ്ടായിരുന്ന ചില ചെടികളെക്കുറിച്ചു ഗവേഷണം നടത്തി പി. എച്ച്. ഡി. ബിരുദം നേടിയ ഗവേഷകന്മാർ—എല്ലാം ഇന്നു നമ്പൂതിരിമാരിലുണ്ടു്. 1500 ഓളം ഉന്നതബിരുദധാരികൾ ഇന്നു വിവിധ മണ്ഡലങ്ങളിലായിട്ടുണ്ടെന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ. ക്ലാക്കുമാർ, L. P. സ്കൂൾ അധ്യാപകർ തുടങ്ങിയ മററു ചെറിയ തുറകളിൽ നിരവധിപേർ വേറെയുമുണ്ടു്. അമ്പതു വൎഷംമുമ്പ് ഇംഗ്ലീഷ്ഭാഷ കൈകാര്യംചെയ്യാവുന്ന നമ്പൂതിരിമാരുടെ എണ്ണം 44 ആയിരുന്നു എന്ന കാര്യംക്കൂടി ഇതോടുക്കൂടി വായിക്കുക.

എല്ലാററിലും ഉപരിയായി, നമ്പൂതിരിസമുദായത്തിന്നു് അഭിമാനിക്കാവുന്ന വിധത്തിൽ ശക്തനും ബുദ്ധിമാനുമായ ഒരു മുഖ്യമന്ത്രിയെക്കൂടി നേടാൻ കഴിഞ്ഞിട്ടുണ്ടു്.

നമ്പൂതിരിയുടെ അമ്പതുവൎഷത്തെ പുരോയാനചരിത്രത്തെയാണു് കഴിഞ്ഞ പേജുകളിൽ അവലോകനം ചെയ്തതു്. അതിൽ പ്രാമുഖ്യം വഹിച്ച വ്യക്തികളുടെ പ്രവൎത്തനവും അതുൾക്കൊള്ളുന്നു. അതിൽ അപൂൎണ്ണതകളുണ്ടാവാം. നമ്പൂതിരിമാർ എവിടെ നിന്നിരുന്നു? ഇന്നെവിടെയെത്തി? ഇനി എങ്ങോട്ടു പോകണം? എന്നീ കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാൻ ഒരു പക്ഷേ ഈ അവലോകനം പ്രേരിപ്പിക്കും. അത്രയുമായാൽ തന്നെ ഈ അവലോകനം സഫലമായി. ഈ ചരിത്രത്തിൽ സ്പൃശിക്കുന്ന ചിററൂർ കുഞ്ഞൻനമ്പൂതിരിപ്പാടു സംഭവബഹുല

മായ സ്വജീവിതത്തിന്റെ അദ്ധ്യായസ്സിലേയ്ക്കു പ്രവേശിച്ചിരിക്കുന്നു. അതാണു് ഈ അവലോകനത്തിന്റെ പ്രേരണ.

ഇന്നത്തെ സ്ഥിതിവിശേഷത്തിലേയ്ക്കുള്ള ത്വരിതപ്രയാണത്തിന്നു സഹായിച്ച ഘടകം നമ്പൂതിരിയോഗക്ഷേമമഹാസഭയാണു്. ഇന്നത്തെ തലമുറയ്ക്കു് അതുൾക്കൊള്ളാൻ കഴിയുമോ എന്നറിഞ്ഞുകൂടാ. പക്ഷേ അതു സത്യമാണു്. യുവവിഭാഗം അതറിയണം; അറിഞ്ഞേ തീരൂ. മറിച്ചുള്ളതു കൃതഘ്നതയായിരിക്കും.

യോഗക്ഷേമസഭയ്ക്കും അതിന്റെ ആത്മാർത്ഥപ്രവർത്തകർക്കും തികച്ചും അഭിമാനിക്കാം—ആത്മാർത്ഥതയും സത്യസന്ധതയും ദൗർബ്ബല്യമായി വ്യാഖ്യാനിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണു് നാം ജീവിക്കുന്നതെങ്കിലും.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M301·153 Acc. No. 76909

This book should be returned on or before the date last stamped below.

30 AUG 1978
7 MAY 1980
7 SEP 1983
29 AUG 1987
16 OCT 1989
13 DEC 1989
17 DEC 1990
11 NOV 1999

നമ്പൂതിരി

M301 76909

ആര്യൻ നമ്പൂതിരി. പി. കെ.

നാലുകെട്ടിൽനിന്നു നാട്ടിലേക്കു

ആത്മ നന




Indic Digital Archive Foundation
gpura.org